# ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

## ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം

**Title:** Theology of Divine Revelation
**Published by:** The Director, Alpha Institute, Archdiocese of Tellicherry, Sandesa Bhavan, Tellicherry, 670 101, Kannur, Kerala
Ph: 0490 - 2344727, 2343707
**Published on:** 2019 July 3 (*St. Thomas Day*)
**Office Assistance:** Br. Paul Mundackal
Mr. Nidhin Reji
Mrs. Jeshitha Vijesh
Mrs. Vimmi N.K
**Language Mentor:** Fr. Mathew Edamula
**Design & Layout:** Midhun Thomas
**Printing:** Vimala Offset Press, Thalassery
**Copy Right:** © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher

# ഉള്ളടക്കം

1. ദൈവാന്വേഷിയായ മനുഷ്യൻ ........ 05
2. ദൈവാവിഷ്കരണവും ക്രിസ്തുമതവും ........ 23
3. തത്വപ്രധാനമായ ദൈവിക വെളിപാട് സങ്കല്പം ........ 34
4. ദൈവിക വെളിപാട് ഒരാന്തരികാനുഭവം ........ 44
5. ദൈവിക വെളിപാടിന്റെ ചരിത്രമാനങ്ങൾ ........ 51
6. വെളിപാടിന്റെ വൈരുദ്ധ്യാധിഷ്ഠിത ദൈവസാന്നിധ്യം ........ 62
7. ദൈവിക വെളിപാട്: നൂതനാഭിമുഖ്യങ്ങൾ ........ 71
8. ദൈവവചനം ആവിഷ്കരണത്തിൽ ........ 84
9. നിരീശ്വരത്വം: ദൈവിക വെളിപാടിന്റെ നിഷേധം ........ 101
10. ക്രിസ്തീയ ആവിഷ്ക്കരണം ഭാരതീയ ദൃഷ്ടിയിൽ ........ 141
11. ക്രൈസ്തവേതര മതങ്ങളിലെ ദൈവാവിഷ്കരണം ........ 154
12. യേശുക്രിസ്തു: ദൈവിക വെളിപാടിന്റെ പൂർണ്ണത ........ 160

Published for the use of the students of Alpha Institute of Theology and Science

# 01

## ദൈവാന്വേഷിയായ മനുഷ്യൻ

### 1. അന്വേഷണരീതി

മനുഷ്യനെ ദൈവാന്വേഷിയാക്കുന്നത് ദൈവം തന്നെയാണ്. ദൈവാസ്തിത്വത്തിലേയ്ക്കും ദൈവാവിഷ്ക്കരണത്തിലേയ്ക്കും അവനെ തട്ടിയുണർത്തുന്നതും ദൈവമത്രേ. മനുഷ്യാസ്തിത്വത്തിലൂടെത്തന്നെ ദൈവം മനുഷ്യജീവിതത്തിലേയ്ക്ക് കടന്നുവരുകയും തുടർന്നു പ്രപഞ്ചസംവിധാനത്തിലൂടെ ആന്തരികമായും ബാഹ്യമായും അവനിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ആത്മാവിഷ്ക്കാരത്തിലൂടെ സ്വയം നൽകുന്ന ദൈവമാണ് മനുഷ്യന്റെ ദൈവോന്മുഖതയ്ക്ക് എപ്പോഴും മുൻകൈയെടുക്കുന്നത്. ഈ വസ്തുത എല്ലാ മതങ്ങളിലും ദൃശ്യമാണ്. ഏതു മനുഷ്യന്റേയും ദൈവാന്വേഷണയത്നത്തിലെ ആദ്യചലനം ദൈവത്തിൽനിന്നാണ്. ദൈവത്തെ അന്വേഷിക്കാൻ ദൈവം മനുഷ്യനെ ആന്തരികമായി നിരന്തരം നിർബന്ധിക്കുന്നു.

തന്നെ ക്ഷണിക്കുന്ന ദൈവത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം. ഇതുവഴി അവൻ സ്വയം മുഴുവനും അടിസ്ഥാനപരമായി ദൈവത്തിനു തുറന്നു കൊടുക്കുന്നു. സ്വയം ദൈവോന്മുഖനാക്കുകയും അസ്തിത്വത്തിന്റെ തലംമുതൽ ജീവി

തത്തെ മുഴുവൻ ഉൾക്കൊള്ളിക്കുന്ന ദൈവാന്വേഷണം ആരംഭിക്കുകയും ചെയ്യുന്നു.

ആയിരിക്കുന്നവൻ മാത്രമല്ല ആയിത്തീരേണ്ടവനുമാണ് മനുഷ്യൻ. വികാസത്തിനും പൂർണ്ണതയ്ക്കുംവേണ്ടിയുള്ള അവന്റെ അസ്തിത്വപരമായ ദാഹത്തിൽ ഏറ്റവും പൂർണ്ണമായതിലേയ്ക്കുള്ള വസ്തുനിഷ്ഠമായ അന്തരുന്മുഖത അന്ത:സ്ഥിതമാണ്. മൃഗത്തിൽ നിന്നും മറ്റുജീവികളിൽനിന്നും വിഭിന്നമായ രീതിയിൽ, വർത്തമാനത്തോടൊപ്പം ഭൂതകാലത്തെ അനുസ്മരിക്കാനും ഭാവിയെ ദർശിക്കാനും മനുഷ്യനു കഴിയും. ഇന്നലെയിൽനിന്ന് ഇന്നിലൂടെ നാളെയിലേയ്ക്ക് അവൻ ബോധപൂർവ്വം വളരുകയാണ്. അവൻ ആയിത്തീർന്നുകൊണ്ടിരിക്കുകയാണ്. താൻ ജീവിക്കുന്ന, ജീവിക്കേണ്ട, യഥാർത്ഥ ലോകത്തെ സ്വാഗതം ചെയ്തുകൊണ്ട്, അതിലൂടെ അനുഭവപ്പെടുന്ന ആഹ്വാനങ്ങൾക്കും, ക്ഷണങ്ങൾക്കും പ്രത്യുത്തരം നൽകിക്കൊണ്ട്, സത്യാനുസൃതം സ്നേഹത്തിൽ ജീവിക്കുന്ന മനുഷ്യൻ (എഫേ 4:15) ഒരേസമയം പൂർണതയിലേയ്ക്കു വളരുകയും, ദൈവത്തെ വസ്തുനിഷ്ഠമായി അന്വേഷിക്കുകയും പ്രാപിക്കുകയുമാണ്. താൻ ആയിത്തീരേണ്ടത് ആയിത്തീരുമ്പോഴാണ് മനുഷ്യാസ്തിത്വത്തിന് അർത്ഥവും പ്രസക്തിയുമുള്ളത്. താൻ ആഗ്രഹിക്കുന്നത് ആയിത്തീരാമെന്നുള്ള പ്രതീക്ഷയാണ് മനുഷ്യനെ മുന്നോട്ടു നയിക്കുന്നത്. ആകേണ്ടതാകാനുള്ള ആന്തരികദാഹമത്രേ അവനെ കർമ്മോന്മുഖനാക്കുന്നത്.

മനുഷ്യൻ നിരർത്ഥകമായ ജീവിതത്തിന് അർഥം നൽകാൻ ശ്രമിക്കുകയല്ല, സാർത്ഥകമായ ജീവിതത്തിന്റെ അർത്ഥത്തിലെത്തിച്ചേരാൻ ശ്രമിക്കുകയാണ്. ജീവിതം നിരർത്ഥകമെന്ന് തോന്നുന്ന നിമിഷങ്ങളും കാലങ്ങളും പലവിധം ഏറ്റക്കുറച്ചിലുകളോടെ എല്ലാവർക്കുമുണ്ടാകും. എന്നാൽ ജീവിതം അർത്ഥശൂന്യമെന്ന് പ്രഖ്യാപിക്കുന്നവർ പോലും ആത്മഹത്യയ്ക്കൊരുമ്പെടാതെ തുടർന്നു ജീവിക്കാനുള്ള ലക്ഷ്യങ്ങളും പ്രചോദനങ്ങളും പ്രേരണകളും കാണുന്നു.

സ്വന്തം അപര്യാപ്തതയേക്കുറിച്ചുള്ള അവബോധമാണ് മനുഷ്യനെ വളരാനും വികസിക്കാനും നിർബന്ധിക്കുന്നത്. 'വളർച്ചയെത്തിയ മനുഷ്യൻ' 'തികവിലെത്തിയ മനുഷ്യവംശം' എന്ന ചിന്താഗതി വളരുന്നതിന്റെ ലക്ഷണമല്ല; മുരടിക്കുന്നതിന്റെ അടയാളമാണ്. തങ്ങിനിൽക്കാതെ മുന്നോട്ടുപോകാൻ നിർബന്ധിക്കുന്ന ഒരാന്തരികാഹ്വാനം അനുഭവപ്പെടുന്നിടത്തോളമേ മനുഷ്യനുജീവിക്കാനും പ്രവർത്തിക്കാനും കഴിയൂ; അവൻ ജീവിക്കുന്നതിന്റെ അർത്ഥം ഈ ആഹ്വാനം അനുഭവപ്പെടുമെന്നും, അതിന് സ്വന്തം





വളർച്ചയിലൂടെ ഉത്തരം നൽകുന്നു എന്നുമാണ്. ഇതുതന്നെയാണ് അസ്തിത്വതലത്തിലുള്ള ദൈവാന്വേഷണം.

ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യൻ അവിടുത്തെ കണ്ടെത്തുന്നത് ലോകത്തിലൊരിടത്തുമല്ല, ആകാശത്തുമല്ല, റഷ്യൻ ബഹിരാകാശയാത്രികനായ യൂറി ഗഗാറിൻ പറയുകയുണ്ടായി, താൻ ബാഹ്യകാശത്തിൽ എങ്ങും ദൈവത്തെ കണ്ടില്ല എന്ന്. അങ്ങനെ കണ്ടെത്താവുന്ന ഒരു സാധനമല്ല ദൈവം. പ്രാതിഭാസികാനുഭവത്തിനു വിധേയനുമല്ല ദൈവം. ഇവയിൽനിന്നെല്ലാം തികച്ചും വ്യത്യസ്തനാണ് ദൈവം. അതുകൊണ്ട് ഈ പ്രപഞ്ചത്തിലെങ്ങും ഇല്ലാത്തവനെപ്പോലെയാണ് ദൈവം മനുഷ്യനനുഭവപ്പെടുക. അവൻ കാണുന്നതൊന്നും ദൈവമല്ല; ദൈവമാണെന്നു കരുതുന്നുവെങ്കിൽ അത് തെറ്റുമാണ്. പിന്നെ എങ്ങനെ ദൈവത്തെ കാണും? കാണുന്നവയുടെ നിദാനവും അർത്ഥവും അവയിൽതന്നെ പൂർണമായും കണ്ടെത്താത്ത മനുഷ്യൻ അവയ്ക്കപ്പുറമുള്ള ഒന്നിനെ അന്വേഷിക്കുകയും, സ്വജീവാനുഭവങ്ങളാകുന്ന മാധ്യമങ്ങളിലൂടെ അസ്തിത്വതലത്തിൽ കണ്ടെത്തുകയും ചെയ്യുന്നു.

ശാസ്ത്രയുഗത്തിലെ മനുഷ്യൻ പ്രപഞ്ച യാഥാർത്ഥ്യങ്ങൾ ദൈവമല്ലെന്നു പറയുന്നതുകൊണ്ടുമാത്രം നിരീശ്വരനല്ല. അവ ദൈവമല്ലെങ്കിലും ദൈവത്തെ സൂചിപ്പിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. അവയ്ക്കുതീതനായ ദൈവത്തെ ആന്തരികമായി എത്തിപ്പിടിക്കാൻ അവ കളമൊരുക്കുന്നു എന്ന ഉൾക്കാഴ്ചയില്ലാതെ വരുമ്പോഴാണ് അവൻ നിരീശ്വരനാകുന്നത്. ഈ ഉൾക്കാഴ്ച മനുഷ്യന് ജന്മസിദ്ധമാണ് (റോ 1:18). മനുഷ്യൻ എന്നും ദൈവാന്വേഷിയാണ് എന്ന വസ്തുതതന്നെ ഇതിനു തെളിവാണ്. നിരീശ്വരരെന്നവകാശപ്പെടുന്ന പ്രസിദ്ധരായ ചിന്തകർക്കുപോലും ഈ ദൈവാവബോധം ഇല്ലാതാക്കാൻ കഴിയുന്നില്ല. നീത്ഷേ പറയുകയാണ്: "ദൈവമില്ലാതായതിൽപിന്നെയുള്ള ഏകാന്തത അസഹ്യമാണ്... ശൂന്യതയുടെ ശ്വാസം നമ്മുടെ മുഖത്ത് അടിക്കുന്നില്ലേ?"

ദൈവമില്ലെന്നോ, എന്തെങ്കിലുമൊന്നാണെന്നോ പറഞ്ഞ് ആ അന്വേഷണ തൃഷ്ണയെ തൃപ്തിപ്പെടുത്താൻ അവൻ ശ്രമിക്കുന്നതായും കാണാം.

ദൈവത്തെ എന്തെങ്കിലുമൊരു വസ്തുവായി - ദൃശ്യമാകട്ടെ, അദൃശ്യമാകട്ടെ - സങ്കല്പിക്കുന്നിടത്തോളംകാലം മനുഷ്യൻ ദൈവത്തെ കണ്ടെത്തുന്നില്ല. മനുഷ്യന് അജ്ഞാതവും അഗ്രാഹ്യവുമായതിനെ ദൈവമെന്നു സങ്കല്പിക്കുന്നതും തെറ്റാണ്. ഇന്ന ജ്ഞാതമായത് നാളെ ജ്ഞാതമാകുമ്പോൾ അത്തരം ദൈവങ്ങൾ

അപ്രത്യക്ഷരാകും. മനുഷ്യൻ ചെയ്യേണ്ടതു ചെയ്യാതെ വരുമ്പോൾ ദൈവം അതു പൂർത്തിയാക്കുമെന്നു സങ്കല്പിക്കുന്നതും അബദ്ധമാണ്. നമ്മുടെ ആവശ്യങ്ങൾ സാധിച്ചു തരാൻ ശക്തനെന്ന നിലയിൽ ദൈവത്തെ തേടുന്നവനും യഥാർത്ഥദൈവത്തെ കണ്ടെത്തിയെന്നുവരികയില്ല. ആഗ്രഹങ്ങൾ നിവൃത്തിയാക്കാൻ കഴിവുള്ള ഒരു ശക്തിയെ സങ്കല്പിച്ച് അവയ്ക്ക് താൽക്കാലിക ശമനം തേടുകയായിരിക്കും അയാൾ ചെയ്യുക.

അന്വേഷിക്കാൻ പ്രേരിപ്പിച്ചുകൊണ്ടും സഹായിച്ചുകൊണ്ടും അന്വേഷിക്കുന്നവന് സംഭാഷണത്തിലൂടെ (വചനത്തിലൂടെ) സ്വയം വെളിപ്പെടുത്തിക്കൊണ്ടും, പ്രത്യുത്തരത്തിലൂടെ തന്നോടു ബന്ധപ്പെടാൻ മനുഷ്യനെ ദൈവം ശക്തനാക്കുന്നു. ദൈവത്തെ കണ്ടെത്തുന്നത് പ്രത്യുത്തരത്തിലൂടെ ദൈവത്തോടൊന്നിച്ചു ജീവിച്ചുകൊണ്ടാണ്. അങ്ങനെ ജീവിക്കുമ്പോൾ മനുഷ്യന് സ്വാതീതനും ലോകാതീതനുമാകാൻ കഴിയുന്നു. അവന്റെ ലോകബന്ധങ്ങൾക്കു തന്നെയും അവ ദൈവബന്ധത്തിലധിഷ്ഠിതമായതുകൊണ്ട് ദിവ്യമായ ഒരർത്ഥമുണ്ടാകുന്നു; ദൈവബന്ധം കൂടുതൽ ഗാഢവും നിരന്തരവുമാകുന്നതിനു സഹായിക്കുന്നു; ലോകബന്ധം, ദൈവമനുഷ്യബന്ധത്തിനുള്ള പശ്ചാത്തലമാകുന്നു.

ദൈവത്തെ സ്നേഹിക്കുന്നവനായും സ്നേഹിക്കേണ്ടവനായും സംഭാഷിക്കുന്നവനായും പ്രത്യുത്തരം നൽകേണ്ടവനായും വിശ്വസ്തനായും വിശ്വസ്തത പുലർത്തേണ്ടവനായും കണ്ടെത്തുമ്പോൾ മാത്രമേ മനുഷ്യന്റെ ദൈവാന്വേഷണം വഴി പിഴയ്ക്കാതെ പോകുന്നുവെന്ന് പറയാൻ പറ്റൂ.

മനുഷ്യൻ എന്തു തേടിയാലും പരോക്ഷമായി ദൈവത്തെ തേടുന്നുവെന്ന് പറയാൻ കഴിയും. ഇല്ലാത്തതുകൊണ്ട് ഉള്ളതിനെ തേടുകയാണ്. അപൂർണനായതുകൊണ്ട് പൂർണതയ്ക്കായി തേടുകയാണ്. തേടുന്നത് പ്രത്യക്ഷത്തിൽ പ്രാപഞ്ചികവസ്തുവിനേയോ വ്യക്തിയേയോ പ്രാപഞ്ചികസ്വഭാവമുള്ള ഒരനുഭവത്തേയോ ആകാം. പക്ഷേ അതു കിട്ടുന്നതുകൊണ്ട് മനുഷ്യൻ തൃപ്തിപ്പെടുന്നില്ല. പിന്നെയും അവൻ ദാഹിക്കുന്നു. അടങ്ങാത്ത ദാഹം, തീരാത്ത ഒന്നിനുവേണ്ടിയുള്ള തീരാത്ത ദാഹം, ഇതാണ് മനുഷ്യനെ അന്വേഷിയാക്കുന്നത്. അന്വേഷിക്കുന്നതു ലഭിക്കുമ്പോൾ ഭാഗികമായ, പലപ്പോഴും താല്ക്കാലികമായ, ഒരു സംതൃപ്തി അനുഭവപ്പെടുന്നു. അതോടൊപ്പം പൂർണവും ശാശ്വതവും സന്തതവുമായ സംതൃപ്തിക്കുവേണ്ടി ദാഹിക്കുകയും ചെയ്യുന്നു. അത് ദൈവത്തിൽ കണ്ടെത്തുമെന്ന പ്രത്യാശയ്ക്കു മനുഷ്യനോളം പഴക്കമുണ്ട്. അതു കണ്ടെത്തി എന്നവകാശപ്പെടുന്നവർ എക്കാലത്തും ലോകത്തിലുണ്ടായിരുന്നു, ഇന്നുമുണ്ട്. ആ അവകാശവാദത്തെ ചോദ്യം ചെയ്യാനുള്ള ശ്രമത്തിൽ പരാജയപ്പെട്ട് ദൈവത്തെ പിന്നീട് അംഗീകരിക്കുന്നവരുമുണ്ട്. ഭാഗികസംതൃപ്തി നൽകുന്നവയെ മാത്രം തേടുകയും അവയിൽനിന്നുമാത്രം സംപൂർണ സംതൃപ്തി ലഭിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്ത്, സംതൃപ്തിക്കായുള്ള ദാഹം കൃത്രിമമായി ശമിപ്പിക്കാൻ ശ്രമിക്കുന്ന മനുഷ്യനെ ധാരാളമായി കാണാറുണ്ട്. ചിലർ കാലക്രമത്തിൽ ആ വിഫലശ്രമത്തിൽ നിന്നു പിന്തിരിയുന്നു. ചിലർ അന്ത്യംവരെ അതു തുടരുന്നതായി തോന്നാറുണ്ട്. അവയ്ക്ക് തരാൻ കഴിവുള്ളതുമാത്രം അവയിലന്വേഷിക്കുകയും, അവയ്ക്കതീതമായതിനുവേണ്ടിയുള്ള അന്വേഷണം തുടരുകയും വേണം. അങ്ങനെ ഭാഗികസംതൃപ്തി സംപൂർണസംതൃപ്തിയിലേയ്ക്കു ക്രമാനുഗതവളർച്ചയാകും; മനുഷ്യൻ ദൈവത്തെ പ്രാപിച്ചുകൊണ്ടിരിക്കും. ഭാഗികമായതിനെ പൂർണമല്ലാത്തതുകൊണ്ടു പുറംതള്ളാൻ കഴിഞ്ഞാലേ, പിന്നിടാൻ കഴിഞ്ഞാലേ, മനുഷ്യന് മുന്നോട്ട് പോകാനും ലക്ഷ്യത്തിലേയ്ക്ക് നീങ്ങാനും സാധിക്കൂ. ഈ പ്രക്രിയയിൽ വേർപാടിന്റേയും വേദനയുടേതുമായ ഒരു വശമുള്ളതുകൊണ്ട് മനുഷ്യൻ പലപ്പോഴും പിന്നോക്കം പോകാറുണ്ട്. അങ്ങനെ ദൈവാന്വേഷണയത്നം വഴിമുട്ടിപ്പോകാറുണ്ട്. ഇനിയും ലഭിക്കാത്തതിനുവേണ്ടി ലഭിച്ചതിനെ ഉപേക്ഷിക്കാൻ തയ്യാറാവാതെ ദൈവപ്രാപ്തിക്കനുയോജ്യമായ ദൈവാന്വേഷണത്തിന്റെ പാതയിലൂടെ മുന്നോട്ടു നീങ്ങുവാൻ സാധ്യമല്ല.

**2. ദൈവം മാനവസംസ്കാരത്തിൽ**

മനുഷ്യവംശത്തിന്റെ ചരിത്രപരവും സംഹിതവുമായ ദൈവാന്വേഷണയത്നങ്ങളുടെ ചരിത്രം മതങ്ങളുടെ ചരിത്രത്തോട് അഭേദ്യമായി ബന്ധപ്പെട്ടത്രേ നില്ക്കുന്നത്. ചരിത്രപരമായിപ്പറഞ്ഞാൽ, ഈ യത്നങ്ങളുടെ സമ്പൂർണരൂപം ഇനിയും നമുക്കു വ്യക്തമായി ലഭിച്ചിട്ടില്ലതന്നെ. മനുഷ്യവംശത്തിന്റെ തുടക്കം മുതലുള്ള ഈശ്വരബോധത്തിന്റെ ആശയപരമായ രൂപഭാവങ്ങൾ എന്തായിരുന്നുവെന്ന് കൃത്യമായി നിർണയിക്കുക വിഷമമാണ്. ഏതായാലും ഒരു കാര്യത്തിൽ ഇന്നത്തെ മതചരിത്രപഠിതാക്കൾ കൂടുതലായി യോജിച്ചുവരുന്നതായി കാണുന്നു. അതിതാണ്: മനുഷ്യവംശത്തിന് ആരംഭത്തിൽ ബഹുദേവതാ വിശ്വാസമാണുണ്ടായിരുന്നതെന്നും, ബഹുദേവതാവിശ്വാസത്തിന്റെ സിദ്ധാന്തവത്കൃതരൂപമായിട്ട് കാലക്രമത്തിൽ പ്രത്യക്ഷപ്പെട്ടതാണ് ഏക ദൈവവാദമെന്നും. ഈ വാദത്തിന് ചരിത്രപരമായി പ്രത്യേകിച്ചൊരടിസ്ഥാനവുമില്ല. പ്രത്യക്ഷത്തിൽ ബഹുദേവതാവിശ്വാസികളായിരുന്ന പല പുരാതനസമൂഹ


ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം

ങ്ങളും, യഥാർത്ഥത്തിൽ ഏകദൈവവിശ്വാസികളായിരുന്നുവെന്ന് വില്യംഷ്മിഡ്റ്റ്, ഷെബെസ്റ്റോ റാഡിൻ തുടങ്ങിയ ആധുനിക നരവംശ ശാസ്ത്രജ്ഞന്മാർ തങ്ങളുടെ പഠനങ്ങളിലൂടെ സമർത്ഥിക്കുന്നു. അനേകരായ ദൈവങ്ങൾക്കുപരിയായി, ഏകവും അനന്തവും അമേയവും സർവസമാശ്ലേഷകവുമായ ഒരു സനാതനസത്തയെ അവരെല്ലാം അംഗീകരിച്ചിരുന്നു. ഈജിപ്ഷ്യൻ, സുമേറിയൻ, അസ്സീറോ – ബാബിലോണിയൻ തുടങ്ങിയ മതസംസ്കാരങ്ങളിലെല്ലാം ഈ ഏകീകരണപ്രവണത വളരെ പ്രകടമത്രേ. ഈജിപ്ഷ്യൻ മിത്തുകളിലേയും മെസപ്പൊട്ടേമിയൻ മിത്തുകളിലേയും മർദുക്, അസ്സർ എന്നീ മൗലികഭാവമുള്ള ദൈവങ്ങൾ ഇതിനുദാഹരണങ്ങളാണ്.

പ്രത്യക്ഷത്തിൽ അനേകം ദേവന്മാർക്കുള്ള മന്ത്രങ്ങളും സ്തുതികളുംകൊണ്ടു നിറഞ്ഞ വേദങ്ങളിൽപോലും കാണുന്ന ആത്യന്തികമായ ഈശ്വരസമീക്ഷ "ഏകം സദ് വിപ്രാ ബഹുധാ വദന്തി" (ഋഗ്വേദം 1.164.46) എന്നാണല്ലോ. യഥാർത്ഥത്തിൽ, ഹിന്ദുമതത്തിലെ ഈശ്വരദർശനത്തിന്റെ നിഷ്കൃഷ്ടരൂപം കാണുക ഉപനിഷത്തുകളിലാണെന്ന വസ്തുത പൊതുവേ അംഗീകൃതമാണ്. ബ്രഹ്മം, ബ്രഹ്മാണ്ഡം ഇവ തമ്മിലുള്ള ബന്ധത്തേക്കുറിച്ച് ദ്വൈതം, അദ്വൈതം തുടങ്ങിയ വിഭിന്നചിന്താരീതികൾ സമ്മതിക്കുന്നുണ്ടെങ്കിലും, ബ്രഹ്മത്തേക്കുറിച്ചു പറയുമ്പോൾ "ഏകം ഏവ അദ്വിതീയം" എന്ന പക്ഷം മാത്രമേ അംഗീകാര്യമായി ഉപനിഷത്തുക്കൾ കരുതുന്നുള്ളൂ. യഹൂദമതം, ക്രിസ്തുമതം, ഇസ്ലാംമതം എന്നിവ പ്രകടമായിത്തന്നെ ഏകദൈവവിശ്വാസം പുലർത്തുന്നവയാണ്. ബഹുദേവതാവാദം അംഗീകരിച്ചിരുന്ന ഗ്രീക്ക്മിത്തുകളെ അപഗ്രഥിക്കുമ്പോഴും, പ്രത്യേകവും മൗലികവും ഉന്നതവുമായൊരുസ്ഥാനം ത്സേവുസിന് (zeus) നല്കപ്പെട്ടിരുന്നതായിക്കാണാം. ഭുവനപ്രസിദ്ധ യവന ദാർശനികരായ പ്ലേറ്റോയുടേയും അരിസ്റ്റോട്ടിലിന്റേയും ഈശ്വരദർശനം, ദാർശനികമായി, ഏകദൈവവാദത്തോടു മാത്രമേ പൊരുത്തപ്പെടുത്താൻ പറ്റൂ.

### 3. ദൈവം – ആശയരൂപവൽകരണം

ചരിത്രപരമായി മതങ്ങളിലുള്ള ഏകദൈവവിശ്വാസത്തിന്റെ ഉല്പത്തി, വികാസം, പരിണാമം എന്നീവക കാര്യങ്ങളെപ്പറ്റി ഭിന്നാഭിപ്രായങ്ങളുണ്ടാകാം. എങ്കിലും ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാ മതങ്ങളും, ദാർശനികവും ആത്യന്തികവുമായ അപഗ്രഥനത്തിൽ, ഏകദൈവത്തിൽത്തന്നെയാണ് വിശ്വസിക്കുന്നതെന്ന സത്യം അംഗീകരിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അനന്തസത്തയെ





അനേകത്വവുമായി പൊരുത്തപ്പെടുത്തുവാൻ നിവൃത്തിയില്ലെന്നുള്ളതുതന്നെയാണ് ഇതിനുള്ള കാരണം.

ദാർശനികമായ ഏകത്വം, ദൈവത്തെ സംബന്ധിച്ചിടത്തോളം, എണ്ണത്തിലുള്ള ഏകത്വം മാത്രമല്ല; ദൈവികസത്തയുടെ സർവാതീതത്വംകൊണ്ടുള്ള അതുല്യതയുടെ ഏകത്വം കൂടിയാണത്. ദൈവികസത്തയെ നിഷ്കൃഷ്ടാർഥത്തിൽ അനിർവചനീയമാക്കിത്തീർക്കുന്നതും ഈ ഏകത്വവും സർവാതീതത്വവുമത്രേ. നമ്മുടെ ജീവിതത്തിന്റെ – അസ്തിത്വസാകല്യത്തിന്റെ – പരമമായ ഉറവിടം, അർത്ഥം, ആലംബം, അന്ത്യം ഇത്യാദി സങ്കേതങ്ങളിൽ ആപേക്ഷികമായി മാത്രമേ നമുക്കു ദൈവത്തെ നിർവചിക്കുവാൻ കഴിയൂ. ദൈവത്തെക്കുറിച്ചു നമ്മുടെ അവതരണത്തിലും ഭാഷാപ്രയോഗങ്ങളിലും അന്തർലീനമായിരിക്കുന്ന പ്രശ്നവും ഇതുതന്നെയാണ്. നമ്മുടെ അസ്തിത്വത്തിന്റെ ഉറവിടം, അർത്ഥം, ആലംബം, അന്ത്യം എന്നീ നിലകളിൽ ദൈവം വ്യക്തമായ ഗ്രഹണത്തിനും പരിചിന്തനത്തിനും അവതരണത്തിനുമുള്ള നമ്മുടെ ശ്രമത്തിനു വിഷയീഭവിച്ചേ പറ്റൂ. അതേസമയം നമുക്കു നേരിട്ടു പരിചിതമായ അസ്തിത്വസാകല്യത്തെ എല്ലാ വിധത്തിലും അതിലംഘിച്ചു നില്ക്കുന്ന ഈശ്വരയാഥാർത്ഥ്യം ചിന്താപരമായി അഗ്രാഹ്യവും അവതരണപരമായി അവാച്യവുമായി നിൽക്കുന്നു. പ്രപഞ്ചതത്ത്വം (G. Bruno), ആത്യന്തികമായ ചിദ്‌രൂപം (G. Whegal), ജീവിതപൂർണിമ (F.Nietzsche), പ്രപഞ്ചാതീതത്വം (M.Heideggar) തുടങ്ങിയ സങ്കല്പങ്ങൾപോലും – അവ ദൈവത്തെക്കുറിച്ചു മനസ്സിലാക്കാമെന്നു വച്ചാൽത്തന്നെയും – ആപേക്ഷികവും പദാർത്ഥബദ്ധവും പരോക്ഷവുമായ ധാരണകളേ നമുക്കു നൽകൂ. പ്രപഞ്ചത്തോടു ബന്ധപ്പെടുത്തിയോ പ്രപഞ്ചത്തെ നിഷേധിച്ചോ പ്രപഞ്ചത്തെ അതിലംഘിച്ചോ അല്ലാതെ മേൽപ്പറഞ്ഞ സങ്കേതങ്ങൾ ഒന്നുംതന്നെ നമുക്കു സുഗ്രഹമല്ല താനും.

ദൈവത്തിന്റെ അനിർവചനീയതയും അഗ്രാഹ്യതയും ദൈവത്തെക്കുറിച്ചുള്ള താത്ത്വികസമീപനങ്ങളുടെ അപര്യാപ്തയിലേക്കത്രേ ആത്യന്തികവിശകലനത്തിൽ, വിരൽചൂണ്ടുന്നത്. അനന്തസത്തയുടെ മുമ്പിൽ താത്ത്വികമായ കണക്കുകൂട്ടലുകളും യുക്തിസംവാദങ്ങളുമല്ല പ്രയോജകീഭവിക്കുക. സംഭാഷണപരമായ ആത്മാവിഷ്ക്കരണവും വ്യക്തിപരമായ ബന്ധസംസ്ഥാപനവും മാത്രമേ അനന്തസത്തയെ നിഷ്കൃഷ്ടമായറിയുവാൻ നമ്മെ സഹായിക്കൂ. സംഭാഷണപരമായ ആത്മാവിഷ്ക്കരണത്തിലൂടെയും വ്യക്തിപരമായ ബന്ധസംസ്ഥാപനത്തിലൂടെയും അനന്തസത്തയെ അറിയുന്ന ഈ രീതിയത്രേ മതങ്ങളുടെ ഈശ്വരദർശനത്തിലുള്ളത്.

**4. മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ**

മേല്പറഞ്ഞ സംഭാഷണപരമായ ആത്മാവിഷ്ക്കരണത്തെയും വൈയക്തികമായ ബന്ധസംസ്ഥാപനത്തെയും ദൈവത്തിന്റെയും മനുഷ്യന്റെയും ഭാഗത്തുനിന്നു നമുക്കു നോക്കിക്കാണേണ്ടതുണ്ട്. ദൈവത്തിന്റെ ഭാഗത്തുനിന്നാവുമ്പോൾ, അതിനെ നാം "അനന്തതയ്ക്കായുള്ള മനുഷ്യന്റെ ദാഹം", "പരിശുദ്ധമായതിനുവേണ്ടിയുള്ള വെമ്പൽ", "ദിവ്യമായതിന്റെ മുമ്പിലുള്ള അർപ്പണസന്നദ്ധത, തുടങ്ങിയ സങ്കേതങ്ങളിൽ അവതരിപ്പിക്കുന്നു. മതത്തിന്റെ പ്രാതിഭാസികമായ അപഗ്രഥനത്തിൽ ഇതിനെ "ദിവ്യാനുഭൂതി" (sense of the divine) അല്ലെങ്കിൽ റുഡോൾഫ് ഓട്ടോ (Rudolf otto) നിർദ്ദേശിച്ചിരിക്കുന്നതുമാതിരി, "പരിശുദ്ധസത്യാബോധം", (the idea of the holy, fascinating and tremendous) എന്നൊക്കെ വിവരിച്ചുപോരുന്നു. തോമസ് അക്വീനാസിനേപ്പോലുള്ള (Thomas Aquinas) മധ്യകാലദാർശികർ, ഈശ്വരാഭിമുഖ്യത്തെ മനുഷ്യന്റെ പ്രകൃതിസിദ്ധമായ പ്രവണതകളിൽ (natural appetites) ഒന്നായത്രേ വീക്ഷിച്ചിട്ടുള്ളത് (Summa Theol. I, II ac, 68.4) അനന്തസത്യത്തിലേയ്ക്കും അനന്തനന്മയിലേയ്ക്കും അനന്തസൗന്ദര്യത്തിലേയ്ക്കുമുള്ള മനുഷ്യപ്രതിഭയുടെ അപ്രതിഹതമായ ആഭിമുഖ്യമത്രേ ഈ ക്ഷണത്തിനുള്ള ദാർശനികമായ ആധാരമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്.

സംഭാഷണപരമായ ആത്മാവിഷ്ക്കരണത്തിലും വ്യക്തിപരമായ ബന്ധസംസ്ഥാപനത്തിലും ദൈവത്തിന്റെ മുമ്പിൽ നില്ക്കുന്ന മനുഷ്യനെ നമുക്കു പൂർണമായി മനസ്സിലാവണമെങ്കിൽ, മതാത്മകനായ മനുഷ്യനെ (homo religiosus) പ്രാതിഭാസികമായി അപഗ്രഥിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ മതാനുഭൂതി അതിന്റെ പ്രാകൃതദശയിൽപ്പോലും 'മാജിക്കി'ൽ നിന്നും മന്ത്രവാദത്തിൽനിന്നും വ്യത്യസ്തമത്രേ. മാജിക്കിലും മന്ത്രവാദത്തിലും പ്രകൃതിശക്തികൾക്കതീതമായ, വൈയക്തികസ്വഭാവവും സ്വതന്ത്രപ്രകൃതിയുമുള്ള, ഒരു സത്തയ്ക്കു സ്ഥാനമില്ല. സ്നേഹം, സ്വാതന്ത്ര്യം, വൈയക്തികത എന്നീ മതാത്മകമൂല്യങ്ങളല്ല അവിടെ പ്രവർത്തിക്കുന്നത്. മന്ത്രവാദിയുടെ ആത്മനിഷ്ഠയും പ്രകൃതിയുടെമേൽ അയാൾ ചെലുത്തുന്നതായിക്കരുതുന്ന ഹേമ (ഭേദ്യ)വുമത്രേ മാജിക്കിലേയും മന്ത്രവാദത്തിലേയും ചാലകശക്തികൾ. ദിവ്യമായതിനോടും ഉന്നതമായതിനോടും ആഭിമുഖ്യവും തുറന്ന മനോഭാവവും പുലർത്തുന്ന മനുഷ്യചേതനയല്ല അവിടെയുള്ളത്. പ്രകൃതിയിലെ ശക്തികളും സിദ്ധികളും തുറന്നുവിടുന്നതിന് മനുഷ്യപ്രയത്നസിദ്ധമായ സങ്കല്പങ്ങളത്രേ അവയുടെ ആധാരം.





ഈശ്വര യാഥാർത്ഥ്യത്തോടും ചൈതന്യത്തോടും മനുഷ്യസത്ത ആരംഭകാലം മുതൽ പുലർത്തിപ്പോന്നിട്ടുള്ള ആഭിമുഖ്യങ്ങളുടെയും തുറവിയുടെയും രൂപഭാവങ്ങൾ ഏതെല്ലാം തരത്തിലായിരുന്നാലും, അവയ്ക്കടിയിലുണ്ടായിരുന്ന മനോഭാവങ്ങളിൽ സമാനങ്ങളായ ചില അടിസ്ഥാനഭാവങ്ങൾ നമുക്ക് എടുത്തുകാട്ടുവാൻ കഴിയും. അവയിൽ പ്രധാനം താഴെപറയുന്നവയത്രേ.

**(i) പ്രാർത്ഥന:-** മനുഷ്യനെ ദൈവത്തോടുബന്ധപ്പെടുത്തുന്ന സംഭാഷണപരവും വൈയക്തികവുമായ ഒരുപാധിയെന്നനിലയിൽ, പ്രാർത്ഥന എല്ലാ മതങ്ങളിലും ഈശ്വാരാഭിമുഖ്യത്തിന്റെ മുഖ്യാംശമായി കരുതപ്പെടുന്നു. നമുക്കറിവുള്ള എല്ലാ മതഗ്രന്ഥങ്ങളിലും പ്രാർത്ഥനയേയും ആരാധനയേയുംകുറിച്ചുള്ള പരാമർശമുണ്ട്. ഋഗ്വേദമന്ത്രങ്ങളിൽ നല്ലൊരുഭാഗം പ്രാർത്ഥനാരൂപത്തിലുള്ളതാണ്. മാനുഷികരൂപത്തിലുള്ള ഈശ്വരാഭിമുഖ്യത്തിന്റെ മൗലികപ്രകടനമായി ബൈബിളും ഖുറാനും പ്രാർത്ഥനയെ അംഗീകരിക്കുന്നു. വ്യക്തിപരമായ ഈശ്വരസങ്കല്പം വ്യക്തമായി ഇല്ലാത്ത യോഗദർശനങ്ങളിൽപ്പോലും "ഈശ്വരപ്രണിധാനം" കൈവല്യസിദ്ധിക്കായുള്ള ഒരു സാധനയായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റേയും വികസിതരൂപങ്ങളിലെ സ്ഥിതിയും ഇതിൽനിന്ന് ഒട്ടും വിഭിന്നമല്ല.

**(ii) ബലി:-** മാനുഷിക ഈശ്വരാഭിമുഖ്യത്തിന്റെ കാര്യത്തിൽ പ്രാർത്ഥനയേക്കാളും മൗലികമായിക്കരുതേണ്ടത് ബലിയെയാണ്. പ്രാതിഭാസികമായി, ബലിപരമായ അർപ്പണം എല്ലാ മതരൂപങ്ങളിലും കാണാവുന്നതാണ്. ദൈവത്തോടുള്ള മനുഷ്യന്റെ ബന്ധം, സ്നേഹം, വിധേയത്വം എന്നിവ പ്രകടമാകാനും, ദൈവത്തിലുള്ള മനുഷ്യന്റെ ആത്മാർപ്പണം പ്രതീകാത്മകമായി അവതരിപ്പിക്കാനും, ദൈവത്തിൽനിന്ന് ഇഷ്ടദാനങ്ങൾ കൈക്കൊള്ളാനുംവേണ്ട ഉപാധിയായി ബലികൾ ആദ്യം മുതലേ കരുതപ്പെട്ടിരുന്നു. ബൈബിളിലെ ആബേലിന്റേയും കായേന്റേയും കഥ (ഉത്പ 4) മാനവമനസ്സിന്റെ മൗലികമായ ഈ മതധാരണയെ ഉദാഹരിക്കുന്നതാണ്. "യജ്ഞംകൊണ്ട് നിങ്ങൾ മേല്ക്കുമേൽ വർദ്ധിച്ചാലും; എന്തെന്നാൽ യജ്ഞം നിങ്ങൾക്ക് ഇഷ്ടഭോഗങ്ങളെ തരുന്നതായി ഭവിക്കട്ടെ." (അനേന പ്രസവിഷ്യധ്വമേഷവോസ്ത്വിഷ്ടകാമധുക് – ഗീത 3:10) പ്രജാപതി ആദികാലത്തിൽ മനുഷ്യരെ സൃഷ്ടിച്ചിട്ട് അവർക്കായി ഈ കല്പന നൽകിയെന്ന വിശ്വാസം ഈ ആശയത്തെ സ്ഥിരീകരിക്കുന്നതത്രേ.

**(iii) പൗരോഹിത്യം:-** ബലിയോട് അവശ്യം ബന്ധപ്പെട്ടുനില്ക്കുന്ന ഒന്നത്രേ പൗരോഹിത്യം. ഈശ്വരനും മനുഷ്യനും തമ്മിലുള്ള സംസർഗ്ഗം സാദ്ധ്യമാക്കുന്ന മാധ്യമമായാണ് പൗരോഹിത്യം വികസിത മതരൂപങ്ങളിൽ പരിഗണിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ പൗരോഹിത്യത്തെപ്പറ്റി ഹെബ്രായക്കാർക്കുള്ള ലേഖനത്തിൽക്കാണുന്ന മുഖ്യമായ കാഴ്ചപ്പാട് ഇതാണ്. ഗോത്രമതങ്ങളിൽ (tribal religions) പൗരോഹിത്യം ഈശ്വാരാഭിഖ്യത്തിനുവേണ്ട പ്രധാനമായൊരു വ്യവസ്ഥയായി കരുതപ്പെട്ടിരുന്നുവോ എന്ന കാര്യം വ്യക്തമല്ല. എന്നാൽ യഹൂദമതം തുടങ്ങിയ ദേശീയമതങ്ങളിൽ (national religions) ബലിയർപ്പണവും അതിനധികാരമുള്ള പൗരോഹിത്യവും മനുഷ്യന്റെ ഈശ്വരാഭിമുഖ്യത്തിന് (ആവ : 33:10) അവശ്യം വേണ്ട വ്യവസ്ഥകളായാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. ഹിന്ദുമതത്തിലെ സ്ഥിതിയും ഇതിൽനിന്ന് ഭിന്നമല്ല. ഋഗ്വേദത്തിലെ ആദ്യവാക്യം തന്നെ, "പുരോഹിതനും യാഗാധിപതിയും യാഗകർത്താവും ഹോതാവും ഐശ്വര്യദാതാവുമായ അഗ്നിയെ ഞാൻ സ്തുതിക്കുന്നു" (1,1:1) എന്നാണല്ലോ.

**(iv) പ്രവാചകദൗത്യം:-** ഈശ്വരനും മനുഷ്യനും തമ്മിലുള്ള സംസർഗ്ഗം സാദ്ധ്യമാക്കുന്ന മറ്റൊരു മാധ്യമമായി മിക്കവാറും എല്ലാ മതങ്ങളും അംഗീകരിക്കുന്നത് പ്രവാചകരെയാണ്. കാനാൻ ദേശത്തെ മതങ്ങളിലും ഗ്രീക്കുമതങ്ങളിലും ദൈവവെളിപാടുകൾ പ്രവാചകരിലൂടെയത്രേ നൽകപ്പെട്ടിരുന്നത്. യഹൂദമതത്തിൽ പ്രവാചകർക്കുണ്ടായിരുന്ന സ്ഥാനം പഴയനിയമത്തിൽനിന്ന് വ്യക്തമാണല്ലോ. "ദൈവത്തിന്റെ മനുഷ്യൻ" (1 സാമു 21:27; 1 രാജാ 12:22) "യാഹ്‌വെയുടെ വചനം സംസാരിക്കുന്നവൻ" (ജറ 5:13;28:8) എന്നു തുടങ്ങിയ അഭിധാനങ്ങളിലത്രേ പ്രവാചകൻ അവിടെ അറിയപ്പെട്ടിരുന്നത്. "യാഹ്‌വേ ഇങ്ങനെ സംസാരിക്കുന്നു" എന്ന വാക്കുകളിലാണ് പലപ്പോഴും പ്രവചനങ്ങൾ ആരംഭിക്കുന്നതുതന്നെ. പുതിയ നിയമത്തിൽ ക്രിസ്തു പ്രവാചകനായും (മത്താ 16:24, മർക്കോ 6:15) എല്ലാ പ്രവനങ്ങളുടേയും പൂർത്തീകരണമായും (ലൂക്കാ 24:17) അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമിൽ നബി ദൈവത്തിന്റെ പ്രവാചകനാണല്ലോ. നിത്യവും അപൗരുഷേയവുമായ നാദബ്രഹ്മം ഋഷിപ്രോക്തമായി മാത്രം നമുക്കു കേൾക്കാറാകുന്നു എന്നു സിദ്ധാന്തിക്കുന്ന ഹൈന്ദവദർശനവും മൗലികമായ അർത്ഥത്തിൽ മാനുഷികമായ ദൈവാഭിമുഖ്യത്തിന്റെ ഒരവശ്യഘടകമായി പ്രവാചകത്വത്തെ അംഗീകരിച്ചിരിക്കുന്നു.

**(v) ദിവ്യാവതാരം:-** മനുഷ്യനു മൂർത്തമായ രീതിയിൽ ഈശ്വരദർശനം സാദ്ധ്യമാകുന്നത് അവതാരത്തിലൂടെയാണെന്ന് പലമതങ്ങളും സിദ്ധാന്തിക്കുന്നു. ഹൈന്ദവ ദർശനപ്രകാരം അനേകം ഈശ്വരാവതാരങ്ങൾ ഇതിനകം കഴിഞ്ഞു പോയിട്ടുണ്ട്. (ഗീത, 4:5) ധർമ്മത്തിനു ക്ഷയവും അധർമ്മത്തിനു വർദ്ധനവും ഭവിക്കുമ്പോൾ, സാധുരക്ഷണത്തിനായും ദുഷ്ടശിക്ഷയ്ക്കായും ഭഗവാൻ എക്കാലവും അവതാരമെടുക്കുന്നുവെന്നാണല്ലോ ഹൈന്ദവസിദ്ധാന്തം (ഗീത, 4:7,8). പ്രത്യക്ഷത്തിൽ അവതാരസിദ്ധാന്തത്തെ അനുകൂലിക്കാത്ത ബൗദ്ധ ജൈമതങ്ങൾപോലും ബോധിസത്വൻ, തീർത്ഥങ്കരൻ എന്നീ സങ്കേതങ്ങളിലൂടെ അവതാരധർമ്മത്തെ അനുകൂലിക്കുന്നതായിക്കാണുന്നു. ക്രിസ്തുമതത്തിൽ ദൈവം പൂർണ്ണമായി മനുഷ്യന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളതും (യോഹ 1:18,14) മനുഷ്യനോട് നിർണ്ണായകമായി സംസാരിച്ചിട്ടുള്ളതും (ഹെബ്രാ 1:1.2) അവതീർണ്ണനായ ദൈവപുത്രനായ ക്രിസ്തുവിലൂടെയാണ്. ദൈവമനുഷ്യസമാഗമത്തിന്റെയും സംഭാഷണത്തിന്റെയും മൂർത്തരൂപമാണ് ക്രിസ്തു. ക്രിസ്തുവിൽ "ദൈവം നമ്മോടുകൂടി"യായിരിക്കുന്നു (മത്താ 1.23). ക്രിസ്തുവിൽ നമുക്കു ദൈവത്തെ കേൾക്കാനും കണ്ണുകൾകൊണ്ടു കാണാനും കരങ്ങൾകൊണ്ടു സ്പർശിക്കാനും കഴിഞ്ഞിരിക്കുന്നു (1 യോഹ 1:1) ചുരുക്കത്തിൽ, മൂർത്തമായ ഈശ്വരാനുഭവവും ഈശ്വരദർശനവും മനുഷ്യനു സാദ്ധ്യമാകുന്നത് അവതാരത്തിലാണ്. അതിനാലത്രേ ദൈവത്തെ മനുഷ്യരൂപത്തിൽ കണ്ടനുഭവിക്കാനുള്ള അപ്രതിഹതമായ അഭിവാഞ്ഛ എല്ലാ മതരൂപത്തിലും പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. അവികസിതവും പ്രാകൃതവുമായ മതങ്ങളിൽക്കാണുന്ന നിഷ്കൃഷ്ടാർത്ഥത്തിലുള്ള വിഗ്രഹപൂജക്കിടയിലുള്ള മനഃസ്ഥിതിയും ഇതുതന്നെ. ഹൈന്ദവരുടെ വിഗ്രഹപൂജയിൽ പതിവുള്ള "പ്രാണപ്രതിഷ്ഠ" "ആവാഹനം" തുടങ്ങിയ കർമ്മങ്ങളിൽ ഈശ്വരനെ ദൃശ്യവും മൂർത്തവുമായ രൂപത്തിൽ ദർശിക്കാനുള്ള അഭിനിവേശം വളരെ വ്യക്തമാണല്ലോ. നാരദഭക്തിസൂത്രങ്ങളിൽക്കാണുന്ന "രൂപാസക്തി"യുടേയും ചൈതന്യം ഇതുതന്നെയാണ്. (നാരദഭക്തിസൂത്രങ്ങൾ, 72).

**(vi) മുക്തി :-** ഈശ്വര - മനുഷ്യ സമാഗമത്തിന്റെയും സംസർഗ്ഗത്തിന്റെയും പൂർത്തിയായി മതങ്ങൾ കരുതുന്നതും പ്രതീക്ഷിക്കുന്ന മുക്തിയെയാണ്. കൺഫ്യൂഷ്യനിസം. താവോയിസം, ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും പ്രാരംഭരൂപങ്ങൾ എന്നിവയിലൊന്നും മുക്തിയേപ്പറ്റി വ്യക്തിഗതമായ ഈശ്വരസങ്കല്പത്തോടുകൂടിയ ധാരണകൾ ഇല്ലെന്നു സമ്മതിക്കാം. എങ്കിലും അവയും, മാനവവംശം മുഴുവനും ആത്യന്തികമായി ഒരുമിക്കുന്നതും ആസ്തിത്വ സാകല്യപരവുമായ ഒരു ജീവിതാവസ്ഥയെ വിവക്ഷി

ക്കുന്നുണ്ട്. ബുദ്ധമതത്തിന്റെ ചില പില്ക്കാലരൂപങ്ങൾ ശ്രീബുദ്ധന്റെ സംഭോഗകായദർശനത്തിലാണ് മുക്തി എന്നു കരുതുന്നു. ഹൈന്ദവദർശനപ്രകാരം മുക്തി പരമാത്മാവുമായുള്ള അനന്യത അഥവാ താദാത്മ്യം തന്നെയാണ്. മുക്തിസ്വരൂപമായിരിക്കുന്ന പരബ്രഹ്മത്തെപ്പറ്റി സഗുണവും നിർഗുണവുമായ സങ്കല്പങ്ങൾ ഉപനിഷദ്വീക്ഷണങ്ങളിൽക്കാണാം. ഭാരതീയ ഭക്തിസിദ്ധാന്തങ്ങളിൽ ഈശ്വരനോടുള്ള വ്യക്തിപരവും സ്നേഹരൂപവുമായ സായൂജ്യമായത്രെ മുക്തിയെ വീക്ഷിച്ചിരിക്കുന്നത്. സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നീ സ്ഥിതികളിലൂടെ ഭക്തൻ ഈശ്വരനുമായി നേടുന്ന പരമമായ അനന്യതതന്നെയാണത്. യഹുദമതം, ഇസ്ലാം, ക്രിസ്തുമതം എന്നിവയിൽ മോക്ഷത്തെക്കുറിച്ച് വൈയക്തികധാരണകളാണുള്ളത്. ദൈവവുമായുള്ള പരമമെങ്കിലും വൈയക്തികമായ ഐക്യം, മുഖാഭിമുഖമായ ഈശ്വരദർശനം, നിത്യമായ ആനന്ദം, ഉത്ഥാനംചെയ്ത വിശുദ്ധരുടെ സ്വർഗ്ഗീയമായ ഒരുമ എന്നിവയത്രെ ക്രൈസ്തവദർശനപ്രകാരമുള്ള മുക്തിയുടെ മുഖ്യാംശങ്ങൾ.

### 5. ഈശ്വര – മനുഷ്യസമാഗമം

മാനുഷികമായ ഈശ്വരാഭിമുഖ്യത്തിനും ഈശ്വരവചനത്തോടുള്ള മനുഷ്യ മനസ്സിന്റെ തുറവിക്കും പൂർണ്ണമായ ഉത്തരം ലഭിക്കുക മനുഷ്യനോടു തന്റെ വചനം മൊഴിഞ്ഞ്, മനുഷ്യനെ തന്റെ ഉള്ളറിയിക്കുന്ന ദൈവത്തിലത്രേ. ഈശ്വരൻ മനുഷ്യനോടുള്ള സ്നേഹത്തിൽ സംഭാഷിച്ചിട്ടുള്ള വചനങ്ങളെ ഈശ്വരപ്രേരിതരായ ഋഷികളും ശ്രോതാക്കളും നമുക്കായി എഴുതിവച്ചിട്ടുണ്ട്. മിക്കവാറും എല്ലാമതങ്ങളും ദൈവപ്രേരിതങ്ങളായ വിശുദ്ധഗ്രന്ഥങ്ങൾ നൽകാറുണ്ട്. അവയുടെ ഉത്ഭവം, ചരിത്രപരത, ആധികാരികത്വം തുടങ്ങിയ വിശദാംശങ്ങളെക്കുറിച്ച് പക്ഷാന്തരങ്ങളുണ്ടാകാമെങ്കിലും, അവയെല്ലാം ഈശ്വരവചനത്തിനു മുമ്പിൽ ശ്രവണോന്മുഖമായി നിന്നിട്ടുള്ള മനുഷ്യമനസ്സിന്റെ നൈസർഗ്ഗികമായ ഈശ്വരാഭിമുഖ്യത്തിനു തെളിവാണെന്ന കാര്യത്തിൽ പക്ഷാന്തരമുണ്ടാവില്ല. ഓരോ മതദർശനങ്ങളും സ്വീകരിച്ചിരിക്കുന്ന വെളിപാടിന്റെ ഉള്ളടക്കത്തേയും അവയുടെ പ്രത്യേകതകളേയുംപറ്റി ഇവിടെ പ്രത്യേകം പ്രത്യേകം പരിശോധിക്കുവാൻ ഉദ്ദേശമില്ല. ദൈവവചനത്തിന്റെയും ദൈവാവിഷ്ക്കരണത്തിന്റെയും മുമ്പിൽ ശ്രവണോജ്ജ്വലമായിനിന്ന് പ്രത്യുത്തരമേകിയിട്ടുള്ള പ്രാപഞ്ചിക മനുഷ്യന്റെ മൗലികമായ ഈശ്വരാഭിമുഖ്യത്തെ നിരീക്ഷിച്ചു മനസ്സിലാക്കുകയത്രേ ഇവിടെ നമുക്കാവശ്യമായിട്ടുള്ളത്. ക്രൈസ്തവ ദൈവവിജ്ഞാനീയത്തിൽ പ്രകൃത്യാവിഷ്കരണം (cosmic revelation)എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത്, പ്രകൃതിയിൽത്തന്നെ പ്രതിദ്ധ്വനിച്ചിട്ടുള്ള ഈശ്വര – മനുഷ്യസംഭാഷണത്തിന്റെ ഈ ആദ്യധ്വനികളാണ്.





നിയതമായ മതത്തിലൂടെ മനുഷ്യനോടു സംഭാഷിക്കുന്നതിനു മുമ്പുതന്നെ ദൈവം പ്രകൃതിയിലൂടെ മനുഷ്യനോടു സംഭാഷിച്ചിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ലെമനയും (Lemennai) ഈ നൂറ്റാണ്ടിൽ വില്യം ഷ്മിഡറ്റുമാണ് (William Schmudt) ഈ പ്രകൃതിവെളിപാടിനെ ഒരു മതസിദ്ധാന്തമായി അവതരിപ്പിച്ചിട്ടുള്ളത്. ഈ വെളിപാടിന്റെ ഉള്ളടക്കം, പ്രകൃതി, സാർവത്രികത തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് നമുക്കു വ്യകതമായൊന്നും പറയുവാൻ സാദ്ധ്യമല്ല. ബൈബിളിൽ അബ്രാഹത്തിന്റെ വിളിക്കുമുമ്പുള്ള ഭാഗങ്ങൾ (ഉത്പ 1-11) പ്രാപഞ്ചിക വെളിപാടിന്റെ സൂചനകളായി പരിഗണിക്കുന്ന പണ്ഡിതന്മാരുണ്ട്. ഈശ്വരാസ്തിത്വം, ധാർമ്മികബാദ്ധ്യത തുടങ്ങിയ കാര്യങ്ങൾ മനുഷ്യനു പ്രകൃതിയിൽനിന്ന് സ്വബുദ്ധി കൊണ്ടറിയാവുന്ന കാര്യങ്ങളാണെന്ന് വി. പൗലോസും (റോമാ 1:18–21) പ്രസ്താവിക്കുന്നു. പ്രകൃതിയിൽനിന്ന് പ്രപഞ്ചകർത്താവിലേയ്ക്ക് തിരിയുന്ന ചിന്താരീതി വേദോപനിഷത്തുകളിലും കാണാവുന്നതാണ്. "ഏതസ്യവാ അക്ഷരസ്യ പ്രശാസനേ.. സൂര്യാചന്ദ്രമസൗ വിധൃതൗ തിഷ്ഠത ; ഏതസ്യ വാ അക്ഷരസ്വ പ്രശാസനേ.. ദ്യാവാ പൃഥിവ്യൗ വിധൃതേ തിഷ്ഠതഃ.." (3.8.9) എന്ന ബൃഹദാരണ്യകോപനിഷദ്വാക്യപ്രകാരം സൂര്യചന്ദ്രന്മാരും ഭൂമിയുമൊക്കെ സ്വസ്ഥാനങ്ങളിൽ നില്ക്കുന്നത് ഈശ്വരശാസനത്താലാണല്ലോ.

മനുഷ്യന്റെ സ്വാഭാവികമായ മതബോധത്തെ ഈ പ്രപഞ്ചവെളിപാടിനുള്ള യുക്ത്യധിഷ്ഠിതവും ധാർമ്മികവുമായ ഉത്തരമായിക്കരുതാം. തന്റെ വചനത്തിലൂടെ സർവവും സൃഷ്ടിച്ച ദൈവത്തിലത്രേ മനുഷ്യൻ ഈ പ്രപഞ്ചാസ്തിത്വത്തിനുള്ള ന്യായം കണ്ടത് (ഉത്പ 1). ദൈവത്തിന്റെ സൃഷ്ടി അസ്തിത്വജനകമായൊരു കൃത്യം മാത്രമല്ല. പ്രപഞ്ചത്തിനസ്തിത്വം പകരുന്ന ഈശ്വരൻ പ്രപഞ്ചത്തിലൂടെ നമ്മോടു സംസാരിക്കുന്ന ഈശ്വരനുമാണ് (സങ്കീ 33:6.9). ദൈവത്തിന്റെ സാന്നിദ്ധ്യവും, മഹത്വവും ബുദ്ധിവൈഭവവും സ്നേഹവും ദൃശ്യമായി വായിക്കാവുന്ന സൂചികയും ഫലകവുമാണ് ഈ പ്രപഞ്ചം (സങ്കീ.9:2.5). ജ്വലിക്കുന്ന അഗ്നികുണ്ഡവും (ഉത് 15:17) പ്രകാശിക്കുന്ന മേഘച്ചുരുളും (പുറ 13:21) ഭയപ്പെടുത്തുന്ന ഇടിമുഴക്കവും (പുറ 19:16) പ്രശാന്തമായ ശീതളത്തെന്നലും (രാജാ 19:12) എല്ലാം ആദ്യകാല മനുഷ്യനിൽ ഈശ്വരബോധവും ഈശ്വരസാന്നിദ്ധ്യപ്രതീതിയും ഉണർത്താൻ പറ്റിയ മാദ്ധ്യമങ്ങളായി വർത്തിച്ചു. പ്രകൃതിയിലൂടെ മനുഷ്യനെ ഭരിക്കുന്ന ദൈവത്തെ (സങ്കീ.

46.7; 107:25) തിരിച്ചറിയാനും വണങ്ങാനും ആദ്യകാല മനുഷ്യർ അങ്ങനെ പ്രചോദിതരായി.

പ്രകൃതിപരവും പ്രാപഞ്ചികവുമായ ഈ വെളിപാട് വ്യക്തമായ വചനത്തിലൂടെയുള്ള ദൈവത്തിന്റെ ആത്മാവിഷ്ക്കാരമല്ലെന്നു സമ്മതിക്കാം. എങ്കിലും മനുഷ്യനോടു സംഭാഷിക്കുന്ന ദൈവത്തോടു മാനസികവും സ്വാഭാവികവുമായ ആഭിമുഖ്യം പുണ്ടുനില്ക്കുന്ന മനുഷ്യനെ നമുക്കിവിടെക്കാണാം. മിത്തുകളിലൂടെയും യാഗവിധികളിലൂടെയും സദാചാര സംഹിതകളിലൂടെയും ആദ്യമനുഷ്യ സമൂഹങ്ങൾ ശാശ്വതീകരിച്ച മതവീക്ഷണങ്ങളേയും ചിന്താരൂപങ്ങളേയും ദൈവത്തിന്റെ പ്രത്യക്ഷവും വാഗ്രൂപവുമായ ആത്മാവിഷ്ക്കാരത്തിനുള്ള ഉപാധികളായി എല്ലാ മതങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നുള്ളതിന്, അവയുടെ മതഗ്രന്ഥങ്ങളുടെ ചരിത്രംതന്നെ തെളിവാണ്.

### 6. ഈശ്വരനെ തേടുന്ന മനുഷ്യൻ

പ്രകൃതിയിലൂടെ തന്നോടു സംഭാഷിച്ച ഈശ്വരനെ അറിയാനും അവിടുത്തെ അസ്തിത്വം തെളിയിക്കാനും മനുഷ്യർ ദാർശനികവും ആത്മീയവും ആയ അനേകയത്നങ്ങൾ നടത്തിയിട്ടുണ്ട്. ഈശ്വരാസ്തിത്വം തെളിയിക്കുന്നതിനുള്ള ദാർശനികവും ശാസ്ത്രാധിഷ്ഠിതവുമായ ന്യായങ്ങളെല്ലാം ഇവിടെ വിശദീകരിക്കുവാനുദ്ദേശിക്കുന്നില്ല. ആധുനികശാസ്ത്രത്തിൽനിന്ന് ഈശ്വരാസ്തിത്വത്തിലേയ്ക്കു കടക്കുന്നതിനുള്ള ന്യായങ്ങളും സാദ്ധ്യതകളും ലെകോംത് ദുനോയി (Lecomte dunouy) യുടെ "മനുഷ്യഭാഗധേയം" Human Destiny, സി.ജി.യുങ്ങിന്റെ (C.G. Jung) "ആത്മാവിനെ തേടുന്ന ആധുനികമനുഷ്യൻ"(Modern Man in Search of a Soul) തുടങ്ങിയ ഗ്രന്ഥങ്ങളിൽക്കാണാം. ദാർശനികമായി ഈശ്വരാസ്തിത്വം തെളിയിക്കുന്നതിനായി അക്വീനസ് ഉന്നയിച്ചിട്ടുള്ള അഞ്ചു ന്യായങ്ങൾ 'പഞ്ചമാർഗ്ഗങ്ങൾ' എന്ന പേരിലറിയപ്പെടുന്നു. അദ്ദേഹത്തിന്റെ വിചാരത്തിൽ പ്രപഞ്ചത്തിന് ഈശ്വരനോടുള്ള കാര്യകാരണ ന്യായാധിഷ്ഠിതമായ സാപേക്ഷതയെ അഞ്ചു ശീർഷകങ്ങളിൽ ഉൾക്കൊള്ളിക്കാം. പ്രാപഞ്ചികചലനത്തിന്റെ ആദ്യകാരണവും, അസ്തിത്വത്തിന്റെ മൗലികഹേതുവും, ആനുഷംഗികമായ പ്രപഞ്ചാസ്തിത്വത്തിന്റെ അവശ്യംഭവമായ സമാധാനവും, പ്രപഞ്ചപൂർണ്ണിമയുടെ സ്രോതസ്സും, പ്രപഞ്ചസംവിധാനത്തിന്റെ ശില്പിയുമാണീശ്വരൻ, കാരണത്തിന്റെ അസ്തിത്വം കാര്യത്തിൽനിന്ന് അനുമിക്കാവുന്നതുപോലെ ഈശ്വരന്റെ അസ്തിത്വം പ്രപഞ്ചത്തിൽനിന്ന് അനുമിച്ചെടുക്കാമെന്ന് വാചസ്പതിമിശ്രൻ, ഉദയനൻ





തുടങ്ങിയ ഭാരതീയ ദാർശനികർ കരുതുന്നു. ഈശ്വരാസ്തിത്വം തെളിയിക്കുവാൻ കാര്യകാരണബന്ധത്തെ അവലംബിച്ച് ഉദയനൻ നിർദ്ദേശിച്ചിട്ടുള്ള ഒമ്പതു ന്യായങ്ങൾ പ്രസിദ്ധങ്ങളാണ്.

ഈവക ന്യായങ്ങൾ ദൈവത്തെക്കുറിച്ചുള്ള ബൗദ്ധികജ്ഞാനത്തിനുമാത്രം പര്യാപ്തമാകുന്നവയാകയാൽ അവയെ ഇവിടെ വിവരിക്കുന്നില്ല. മനുഷ്യമനസ്സിന്റെ നിഗൂഢവും (മിസ്റ്റിക്) ആത്മീയവുമായ ആഭിമുഖ്യങ്ങളുടെയും അഭിനിവേശങ്ങളുടെയും പൂർത്തിയായും സാക്ഷാത്ക്കാരമായും ഈശ്വരനെ ദർശിക്കുന്ന സമീപനരീതികളെപ്പറ്റി മാത്രമേ ഇവിടെപ്പറയുന്നുള്ളൂ. അവയെ മാത്രമാണല്ലോ നിഷ്കൃഷ്ടാർത്ഥത്തിൽ മതപരവും ആത്മീയവുമായ ഈശ്വര സമീപനങ്ങളായി ഗണിക്കാൻ പറ്റുക.

മനുഷ്യമനസ്സും ഇച്ഛയും അനന്തസത്യത്തിനും നന്മയ്ക്കുമായി നിരന്തരം ദാഹിച്ചുകൊണ്ടിരിക്കുന്നുവെന്നതത്രേ, മതപരമായ ഈശ്വരസമീപനത്തിനടിയിലുള്ള മൗലികസത്യം. മനുഷ്യമനസ്സിന്റേയും ഇച്ഛയുടേയും ഈ ദാഹത്തെ പാരമാർത്ഥികതലത്തിലെന്നപോലെ വ്യാവഹാരികതലത്തിലും തൃപ്തിപ്പെടുത്താനുള്ള കഴിവ് പരിമിതമായ സത്യത്തിനും നന്മയ്ക്കും ഇല്ല. അനന്തസത്യത്തിനും നന്മയ്ക്കുംവേണ്ടിയുള്ള മനുഷ്യമനസ്സിന്റെ ഈ നീക്കം, അവയ്ക്കുവേണ്ടിയുള്ള മനുഷ്യന്റെ കർതൃനിഷ്ഠമായ അഭിലാഷത്തെ മാത്രമല്ല സൂചിപ്പിക്കുന്നത്. മനുഷ്യമനസ്സ് അനന്തസത്യത്തിലേയ്ക്കും നന്മയിലേയ്ക്കുമുള്ള നീക്കത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു യഥാർത്ഥ സിദ്ധിയായി ഇപ്പോൾത്തന്നെ വ്യാപിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥമായൊരു ചലനം, നീക്കം, യഥാർത്ഥമായൊരു അന്ത്യത്തെ ആവശ്യപ്പെടുന്നു. ഈ അന്ത്യമില്ലാതെ, അതിലേയ്ക്കുള്ളൊരു ചലനം മാത്രമാണ് മനുഷ്യനെങ്കിൽ ഷാൻപോൾ സാർത്രിനോട് (Jean Paul Sartre) ഒപ്പം, മനുഷ്യൻ അർത്ഥരഹിതമായ വികാരങ്ങളുടെ ആകെത്തുകയാണെന്ന് നാമും പറയേണ്ടിവരും. പ്രകൃതിയിൽ എല്ലാറ്റിനും അർത്ഥം കല്പിക്കുകയും എല്ലാറ്റിന്റേയും അർത്ഥം കണ്ടെടുക്കുകയും ചെയ്യുന്ന മനുഷ്യൻ, ആത്യന്തികമായി, നിരർത്ഥകതയാണെന്നു പറയുന്നതിൽപരം നിരർത്ഥകമായി മറ്റെന്താണുള്ളത്?

അസ്തിത്വം, സത്യം, നന്മ തുടങ്ങിയ മൂല്യങ്ങളെ അവയുടെ വൈയക്തിക സ്വഭാവരൂപത്തിൽ ദർശിക്കാതെ, മനുഷ്യന് അവയോടു ആത്യന്തികമായി ബന്ധപ്പെടാനോ ആഭിമുഖ്യം പുലർത്താനോ കഴിയുകയില്ല. കാരണം മനുഷ്യൻ രൂപഭാവങ്ങളില്ലാത്തൊരു ചേതനയോ ആത്മീയതയോ അല്ല. അവൻ, ആത്യന്തി

കമായി, ഒരു 'വ്യക്തി'യത്രേ. അതിനാൽ അവന്റെ ബന്ധങ്ങൾ ആത്യന്തികമായി വൈയക്തികഭാവമുൾക്കൊണ്ടിട്ടുള്ള സത്തകളോട് വ്യക്തികളോട് മാത്രമേ ആകൂ. അതിനാൽ അസ്തിത്വം, സത്യം, നന്മ തുടങ്ങിയ അമേയമൂല്യങ്ങളോടുള്ള ഈശ്വരസ്വരൂപത്തോടുള്ള അവന്റെ ബന്ധത്തിനും, മാർട്ടിൻ ബൂബർ (Martin Buber) നിരീക്ഷിക്കുന്നതുമാതിരി, 'ഞാൻ നീ' എന്ന രീതിയിലുള്ള വ്യക്തഭാവമുണ്ടാകാതിരിക്കുക വയ്യ. അതിനാലത്രേ അസ്തിത്വം, സത്യം നന്മ എന്നീ അമേയ മൂല്യങ്ങളെ ആസ്പദിച്ച് നമ്മിലുണരുന്ന ആത്മീയാനുഭൂതി വളരെവേഗം ഈശ്വരനിലെ വ്യക്തിയോടുള്ള സ്നേഹം, സമ്പർക്കം, ആരാധന, പ്രാർത്ഥന എന്നീ വൈയക്തിക ഘടകങ്ങളുള്ള ആത്മീയാനുഭൂതിയായി പകരുന്നത്.

വൈയക്തിക ബന്ധങ്ങൾ എപ്പോഴും പരസ്പരാത്മകങ്ങളായിരിക്കും. നാം സ്നേഹത്തിലും സമർപ്പണത്തിലും വൈയക്തികമായി ബന്ധപ്പെടുന്ന ഈശ്വരൻ, നമ്മോടും വൈയക്തിബന്ധം പുലർത്താതിരിക്കുകവയ്യാ. സൃഷ്ടികർമ്മം തന്നെയും ഈശ്വരൻ നമ്മോടു വൈയക്തികബന്ധം സ്ഥാപിക്കാൻ ഇച്ഛിച്ച് നമുക്കു സ്വയം ആത്മദാനം ചെയ്തിട്ടുള്ളതിന്റെ ഫലമാണ്. സൃഷ്ടികർമ്മത്തിലൂടെ നമുക്ക് അസ്തിത്വം പകർന്നുകൊണ്ട് ഈശ്വരൻ നമ്മെ തന്നിലേയ്ക്ക് വിളിച്ചിരിക്കുന്നു. ഈശ്വരന്റെ ഈ വിളിയുടെ വ്യക്തിരൂപത്തിലുള്ള മൂർത്തീകരണമാണ് മനുഷ്യൻ. സാന്മാർഗ്ഗികതയുടെ ആത്യന്തികമായ അടിസ്ഥാനവും നൈതികതയുടെ ആധാരവും, അസ്തിത്വത്തിലേയ്ക്കും സത്യത്തിലേയ്ക്കും നന്മയിലേയ്ക്കും നാം സ്വീകരിച്ചിരിക്കുന്നത് ഈ വിളിയാണ്. അതിനു വ്യക്തിപരമായി പ്രത്യുത്തരമേകാൻ നമുക്ക് അസ്തിത്വപരമായ ബാദ്ധ്യതയുമുണ്ട്. എന്നാൽ ബൗദ്ധികതയുള്ളിടത്തുമാത്രമേ വിളി പ്രതികരണവും പ്രത്യുത്തരവും സൃഷ്ടിക്കൂ. അതുകൊണ്ട് സന്മാർഗ്ഗം, നൈതികത എന്നീ പ്രയോഗങ്ങൾ ബുദ്ധിജീവികളല്ലാത്ത മൃഗങ്ങളുടെ കാര്യത്തിൽ അപ്രസക്തവും അർത്ഥരഹിതവുമാണ്. അസ്തിത്വ പൂർണ്ണിമയോടുള്ള ഇത്തരം മാനുഷികപ്രതികരണത്തെ മാർട്ടിൻ ഹൈഡെഗ്ഗറിന്റെ (Martin Heideggar) ശൈലിയിൽ പ്രത്യുത്തര (redponse) മെന്നു വിളിക്കാം. ഉദ്യുക്തത (engagement) വിശ്വസ്തത (fidelity) എന്നും മറ്റും പറയുമ്പോൾ ഗബ്രിയേൽ മർസേൽ (Gabriel Marcel) തുടങ്ങിയ അസ്തിത്വവാദികൾ ഉദ്ദേശിക്കുന്നതും കാര്യത്തിൽ ഇതുതന്നെയാണ്.

വൈയക്തികബന്ധങ്ങൾ ബാഹ്യമായി നാം ആവിഷ്ക്കരിക്കുന്നത് സംഭാഷണത്തിലൂടെ അഥവാ 'ഡയലോഗി'ലൂടെയാണ്.





സംഭാഷണത്തിന്റെ ആന്തരസത്ത അപരന്റെ മുമ്പിലുള്ള നമ്മുടെ അസ്തിത്വപ്രദാനത്തിലുമാണ്. സംഭാഷണത്തിലൂടെ നാം എന്തായിരിക്കുന്നുവെന്ന് അപരന്റെ മുമ്പിൽ വെളിപ്പെടുത്തുന്നു; നമ്മെ നാം അപരനു പ്രദാനം ചെയ്യുന്നു. സൃഷ്ടികർമ്മത്തിലൂടെ ഈശ്വരൻ സ്വന്തം അസ്തിത്വത്തെ സത്യത്തേയും നന്മയേയും നമ്മിലേയ്ക്കുപകരുകയും നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അസ്തിത്വപരമായ ഇത്തരം ദർശനത്തിലും പ്രദാനത്തിലും പങ്കുചേരലിലുമാണ് ഈശ്വരനുമായുള്ള നമ്മുടെ സംഭാഷണത്തിന്റെ ഉല്പത്തിതന്നെ. ഈ സംഭാഷണം വളർന്നുവളർന്ന് അത്യുച്ചകോടിയിലെത്തുമ്പോൾ അതിനെ സമർപ്പണം. സായൂജ്യം എന്നൊക്കെ മതങ്ങൾ വിളിക്കുന്നു. മതത്തിന്റെ ആന്തരികസത്തതന്നെ ഇത്തരം വളർച്ചയിലും സമർപ്പണത്തിലുമാണ്. അതുകൊണ്ട് ആത്മീയാനുഭൂതി, മിസ്റ്റിസിസം തുടങ്ങിയ പ്രതിഭാസങ്ങൾ മതാനുഭൂതിയുടെ ആധികാരികരൂപങ്ങളെ തിരിച്ചെടുക്കാനുള്ള ഉരകല്ലായി ഹെൻറി ബർഗ്സണും (Hentry Bergson) മറ്റും നിർദ്ദേശിക്കുന്നത്.

**ഉപസംഹാരം**

മതം, ദൈവം, ഈശ്വരബോധം എന്നിവ മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ പ്രത്യക്ഷമായിട്ടുള്ള പ്രതിഭാസങ്ങളാണ്. അവയുടെ രൂപഭാവങ്ങളിൽ പ്രാകൃതത്വമോ സംസ്കൃതത്വമോ കണ്ടേക്കാമെങ്കിലും അവയെല്ലാംതന്നെ, ദൃശ്യമായ ഈ അസ്തിത്വ സാകല്യത്തിന്റെ ഉള്ളായി, ഹേതുവായി, അന്ത്യമായി നിൽക്കുന്ന ഒരു അനന്തസത്തയെ അറിയാനും, അതിനു തങ്ങളെത്തന്നെ സമർപ്പിക്കാനും, അതിനോടു സംഭാഷണത്തിലേർപ്പെട്ട് വൈയക്തികബന്ധത്തിൽ കഴിയാനുംവേണ്ടി മനുഷ്യൻ ചെയ്തിട്ടുള്ള യത്നങ്ങളത്രേ. പ്രാർത്ഥനയും ബലിയും പൗരോഹിത്യവും, മുക്തിയത്നവുമെല്ലാം മനുഷ്യമനസ്സിന്റെ മൗലികമായ ഈ ആവശ്യത്തെ സാക്ഷാത്കരിക്കാൻ മനുഷ്യൻ കൈക്കൊണ്ടിട്ടുള്ള  സാധനകളാണ്. ഈ സാധനകളിലൂടെ അനന്തസത്തയും സത്യവുമായി അവർ നേടിയിട്ടുള്ള ഐക്യത്തേയും ബന്ധത്തേയും മൂർത്തമായും ചരിത്രപരമായും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്ന ചില പ്രധാന ബിന്ദുക്കളാണ് അവതാരപുരുഷന്മാരും വേദഗ്രന്ഥങ്ങളും മിസ്റ്റിക്കുകളുമൊക്കെ. അതിനാൽ മതജീവിയായ മനുഷ്യന്റെ ആത്മീയമനസ്സിനെ ഈവക യാഥാർത്ഥ്യങ്ങളോടു ബന്ധപ്പെടുത്തി മാത്രമേ നമുക്ക് അപഗ്രഥിക്കുവാൻ കഴിയൂ. മതാനുഭൂതിയെ വെറും യുക്തിവാദമായി അപഗ്രഥിക്കാതെ, ആത്മീയമായി അപഗ്രഥിക്കേണ്ടതിന്റെ ആവശ്യം ഉത്ഭവിക്കുന്നത് ഇവിടെനിന്നാണ്.

അനന്തസത്തയുടേയും സത്യത്തിന്റേയും മുമ്പിൽ സംഭാഷണോന്മുഖമായി നില്ക്കുന്ന മനുഷ്യചേതനയുടെ ആത്മീയാഭിമുഖ്യത്തിന് തൃപ്തികരമായ പ്രതികരണം സിദ്ധിക്കുക, മനുഷ്യനോടു തന്റെ ഉള്ളുതുറന്ന് വൈയക്തികതലത്തിൽ സംഭാഷിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തിലാണ്. അതുകൊണ്ട് ചരിത്രത്തിലൂടെ തന്നോട് ഉള്ളു തുറന്നു സംഭാഷിക്കുന്നൊരു ദൈവത്തിന്റെ വചനങ്ങളോട് ഉള്ളു ചേർത്തുവച്ചുകൊണ്ടത്രേ മനുഷ്യൻ വളർന്നു വന്നിട്ടുള്ളത്. ദൈവം മനുഷ്യനോടു സംഭാഷിച്ചിട്ടുള്ളതും മനുഷ്യൻ ദൈവത്തോടു സംഭാഷിച്ചിട്ടുള്ളതുമായ ഹൃദയരഹസ്യങ്ങളുടെ ദൈവികവും മാനുഷികവുമായ ക്രോഡീകരണങ്ങളത്രേ മതങ്ങളും മതഗ്രന്ഥങ്ങളും. ഈ സംഭാഷണം ആത്യന്തികമായി വൈയക്തികമായിരിക്കണമല്ലോ. അതിനാൽ തങ്ങളുടെ മുമ്പിൽ വ്യക്തിരൂപം പൂണ്ട് തങ്ങളോട് സംഭാഷിച്ചിരിക്കുന്ന ചരിത്രകാരനും മാനുഷികനുമായ ഒരു ദൈവത്തെ കേൾക്കുകയും ആ ദൈവത്തോടു സംഭാഷിക്കുകയും ചെയ്യുക മനുഷ്യമനസ്സിന്റെ മൗലികാഭിമുഖ്യത്തിൽപ്പെട്ടതാണ്. ഇത് ക്രിസ്തുവിൽ സംഭവിച്ചിരിക്കുന്നുവെന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു.

**ഡോ. സിറിയക് കണിച്ചായ്,**
ക്രിസ്തുദർശനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1975



# 02

## ദൈവാവിഷ്കരണവും ക്രിസ്തുമതവും

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനമായി നിലനിൽക്കുന്ന ദൈവാവിഷ്ക്കരണം എന്ന ആശയം ഇന്ന് പല തലങ്ങളിലും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദൈവാവിഷ്കരണത്തെപ്പറ്റിയുള്ള സഭയുടെ വിശ്വാസവും ബോധ്യവും താഴെക്കാണുംവിധം സംഗ്രഹിക്കാം. "ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആരംഭമാണത്. ദൈവം അനന്തനും അഗ്രാഹ്യനുമാണ്. മനുഷ്യനോ, കേവലം അപൂർണ്ണൻ. അവനു ദൈവത്തെ ഗ്രഹിക്കുക സുസാദ്ധ്യമല്ല. അതുകൊണ്ട് ദൈവംതന്നെ സ്വയം അവനു വെളിപ്പെടുത്തിക്കൊടുത്തു. ആ വെളിപ്പെടുത്തലിനെ നാം ദൈവാവിഷ്ക്കരണമെന്നു പറയുന്നു. ഈ ദൈവാവിഷ്ക്കരണത്തിന്റെ പൂർത്തീകരണമായിരുന്നു ക്രിസ്തു. (ഹെബ്രാ 1, 1–5). ക്രിസ്തുശിഷ്യനായ യോഹന്നാൻ സുവിശേഷകന്റെ മരണത്തോടെ പരസ്യ വെളിപാടുകൾ സമാപിച്ചു. രണ്ടാം വത്തിക്കാൻ കൗൺസിൽ, ദൈവാവിഷ്കരണത്തെ സംബന്ധിച്ച് പുറപ്പെടുവിച്ച പ്രമാണരേഖയിൽ സഭയുടെ ദൈവാവിഷ്കരണവീക്ഷണം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ഏകദൈവ വിശ്വാസം ഏറ്റുപറയുന്ന മൂന്നു പ്രധാന ലോകമതങ്ങളും - യഹൂദമതം, ക്രിസ്തുമതം, ഇസ്ലാം മതം - ചരിത്രത്തിൽ നൽകപ്പെട്ട ദൈവാവിഷ്കരണത്തിൽ വിശ്വസിക്കുന്നു. പ്രപഞ്ച യാഥാർത്ഥ്യങ്ങളെയും മനുഷ്യനെയും ദൈവത്തെപ്പറ്റിത്തന്നെയുമുള്ള അടിസ്ഥാന കാഴ്ചപ്പാടുകൾ ഈ മൂന്നു മതങ്ങളും രൂപപ്പെടുത്തിയിരിക്കുന്നത് ചരിത്രത്തിൽ നൽകപ്പെട്ട ദൈവിക വെളിപാട് ആശ്രയിച്ചാണ്.

പൂർവ്വ പിതാക്കന്മാരിൽ ആരംഭിച്ച്, മോശയിലൂടെയും പ്രവാചകന്മാരിലൂടെയും തുടർന്ന്, യേശുക്രിസ്തുവിൽ പൂർണ്ണമാക്കപ്പെട്ട ദൈവാവിഷ്കരണം എല്ലാക്കാലത്തേക്കും അർത്ഥപൂർണമാണെന്ന വിശ്വാസമാണ് സഭയ്ക്കുള്ളത്. തനിക്കു ലഭിച്ച ഈ ദൈവിക വെളിപ്പെടുത്തൽ അഭംഗുരം കാത്തുസൂക്ഷിക്കുകയും, മനുഷ്യർക്ക് പറഞ്ഞുകൊടുക്കുകയുമാണ് സഭയുടെ ദൗത്യം. ഈ ദൈവാവിഷ്കരണത്തെ ജീവിതത്തിൽ സ്വീകരിക്കുകയും, അതിനു പ്രത്യുത്തരം നൽകുകയും ചെയ്യുമ്പോഴാണ് ഒരാൾ വിശ്വാസിയായിത്തീരുന്നത്. ദൈവശാസ്ത്രവിചിന്തനമാകട്ടെ, സഭയ്ക്ക് ലഭിച്ചിരിക്കുന്ന ദൈവിക വെളിപാടിന്റെ വിവിധവശങ്ങളെപ്പറ്റിയുള്ള വിചിന്തനവും. ഇതിൽനിന്നെല്ലാം മനസ്സിലാക്കാൻ കഴിയുന്ന കാര്യം ഇതാണ്. സഭയുടെ ജീവിതവും പ്രവൃത്തികളും ക്രിസ്തുശിഷ്യന്റെ വിശ്വാസ ജീവിതവും ദൈവശാസ്ത്ര വിചിന്തനങ്ങളുടെ അടിസ്ഥാനവും ദൈവാവിഷ്കരണം എന്ന ആശയത്തെ കേന്ദ്രീകരിച്ചുള്ളതാണ്.

എന്നാൽ "ദൈവാവിഷ്കണം" എന്ന ആശയം പഠനമർഹിക്കുന്ന ഒരു വിഷയമായി ദൈവശാസ്ത്രജ്ഞന്മാർ സമീപിക്കാൻ തുടങ്ങിയത് വളരെ വൈകിമാത്രമാണ്. പ്രോട്ടസ്റ്റന്റ് നവീകരണമാണ് അതിന് ആരംഭംകുറിച്ചത്. കത്തോലിക്കാ സഭയും പ്രോട്ടസ്റ്റന്റ് സഭകളും തങ്ങളുടെ വിശ്വാസസത്യങ്ങളെ നീതികരിക്കാൻ "ദൈവാവിഷ്കരണം" എന്ന തത്വം മുന്നോട്ടുവച്ചു. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം ദൈവാവിഷ്കരണമെന്ന് പറയുന്നത് വേദപുസ്തകം സഭാപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ, വിശ്വാസസത്യങ്ങളായി രൂപം പ്രാപിച്ച സംഗതിയാണ്. പ്രോട്ടസ്റ്റന്റുകാർക്കാകട്ടെ, ബൈബിൾ മാത്രമാണ് ദൈവാവിഷ്കരണത്തിന്റെ ഉറവിടം. പതിനേഴ്, പതിനെട്ട്, നൂറ്റാണ്ടുകളിൽ കേവലേശ്വരവാദം (Deism) മനുഷ്യബുദ്ധികൊണ്ട് ഗ്രഹിക്കാൻ പറ്റാത്തതോ വിശദീകരിക്കാൻ വയ്യാത്തതോ ആയി ദൈവാവിഷ്കരണത്തിൽ ഒന്നുമില്ല എന്ന വാദഗതിയുമായി മുന്നോട്ടുവന്നു. പത്തൊമ്പതാം നൂറ്റാണ്ടിലേക്ക് കടന്നപ്പോൾ, പരിണാമ വാദികൾ (Evolutionists), എല്ലാ മതവിശ്വാസങ്ങളും അന്തിമ വിശകലനത്തിൽ മനുഷ്യചിന്തയുടെ പരിണിത ഫലമാണെന്ന ആശയം പ്രചരിപ്പിച്ചു. അതേസമയം പ്രകൃതി തത്വജ്ഞാനികൾ (Positivists), ദൈവികതലത്തെപ്പറ്റിയുള്ള യാതൊരു വക അറിവിനും മനുഷ്യമനസ്സ് അശക്തമാണെന്ന് പഠിപ്പിച്ചു. ഈ വിധ ചിന്താധാരകളുടെ സാഹചര്യത്തിൽ കത്തോലിക്കാസഭ ദൈവാവിഷ്കരണത്തെപ്പറ്റി കൃത്യമായ ഒരു കാഴ്ചപ്പാട് വികസിപ്പിച്ചെടുത്തു. ബൈബിളിൽനിന്ന് ഉരുത്തിരിയുന്ന ഒരു കൂട്ടം നിത്യസത്യങ്ങളുടെ സമാഹാരമാണ് ദൈവാവിഷ്കരണം. അതിനാൽ വിശ്വാസമെന്ന് പറയുന്നത് വെളിപ്പെടുത്തപ്പെട്ട സത്യങ്ങളോട് മനുഷ്യർ നൽകുന്ന പ്രത്യുത്തരമാണ്. ഒന്നാം വത്തിക്കാൻ കൗൺസിൽ വിശ്വാസത്തെ നിർവ്വചിക്കുന്നത് ഈവിധമത്രേ.





ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ വിശ്വാസത്തിന് വിഷയമോ അടിസ്ഥാനമോ ഉണ്ടായിരിക്കുകയില്ല. ദൈവത്തിന്റെ വെളിപ്പെടുത്തലിന്റെ ഫലമായിട്ടാണ് സഭ രൂപം കൊണ്ടിരിക്കുന്നത്. അങ്ങനെ രൂപം കൊണ്ടിട്ടുള്ള സഭ, ദൈവത്തിന്റെ നാമത്തിൽ ലോകത്തോട് സംസാരിക്കുന്നു. വിവിധ ക്രൈസ്തവ സഭകൾ തമ്മിൽ വിശ്വാസത്തിന്റെ കാര്യത്തിൽ ദൃശ്യമാകുന്ന വ്യത്യാസങ്ങൾ പരിഹരിക്കുന്നതിനുള്ള വസ്തുനിഷ്ഠമായ മാനദണ്ഡവും ദൈവാവിഷ്ക്കരണത്തിന്റെ സമാഹാരമായി ലഭിച്ചിട്ടുള്ള സത്യങ്ങളാണെന്ന് കത്തോലിക്കാസഭ പഠിപ്പിക്കുന്നു. ചുരുക്കത്തിൽ ക്രിസ്തുമതം നിലനിൽക്കുന്നതും തകരുന്നതും ദൈവാവിഷ്ക്കാരം എന്ന വസ്തുതയെ ആശ്രയിച്ചാണ്. ദൈവം യേശുക്രിസ്തുവിലൂടെ തന്റെ ഹിതം വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ പിന്നെ ക്രിസ്തുമതത്തിന് നിലനിൽപ്പില്ല.

### പരമ്പരാഗത കാഴ്ചപ്പാട് ചോദ്യം ചെയ്യപ്പെടുന്നു

ദൈവം പഴയനിയമത്തിലും പുതിയനിയമത്തിലുമായി തന്നെത്തന്നെ വെളിപ്പെടുത്തി. അതിന്റെ സാക്ഷ്യമാണ് വി. ഗ്രന്ഥം. ഈ വെളിപ്പെടുത്തലിന്റെ ആധികാരികമായ പഠിപ്പിക്കലാണ് സഭ നൽകുന്നത്. മിക്കവാറും എല്ലാ ക്രൈസ്തവ വിഭാഗങ്ങളും വച്ചുപുലർത്തുന്ന ഈ സാമാന്യധാരണ ഇന്ന് പലതലങ്ങളിലും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദാർശനികവും, സാമൂഹ്യശാസ്ത്രപരവും, മനഃശാസ്ത്രപരവും ഭാഷാപരവുമായ ഉൾക്കാഴ്ചകളും പഠനങ്ങളും പരമ്പരാഗതമായ ചിന്താഗതിയെ നിരാകരിക്കുന്നതിൽ പങ്കുവഹിച്ചിട്ടുണ്ട്. ഏതെല്ലാമാണ് ഈ ഘടകങ്ങൾ എന്നു പരിശോധിക്കാം.

### 1. അജ്ഞേയതാവാദം (agnosticism)

ഭൗതികവും അനുഭവപ്രദവുമായ തലങ്ങൾപ്പുറം കടന്നുചെല്ലാനുള്ള മനുഷ്യമനസ്സിന്റെ കഴിവിനെ ചോദ്യം ചെയ്യുന്ന ദാർശനിക നിലപാടാണ് അജ്ഞേയതാവാദം. ഇക്കൂട്ടരുടെ വാദഗതിയിങ്ങനെയാണ്. ദൈവം ഉണ്ടെന്നുതന്നെയിരിക്കട്ടെ. അങ്ങനെയാണെങ്കിൽത്തന്നെ മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാൻ കഴിയാത്ത ഒരു സത്തയാണത്. ദൈവം അഗ്രാഹ്യനാണെന്ന് ക്ലാസിക്കൽ ദൈവശാസ്ത്രംതന്നെ അംഗീകരിക്കുന്നുണ്ടല്ലോ. അതാണു സത്യമെങ്കിൽ ദൈവത്തേയും ദൈവത്തിന്റെ പ്രവർത്തനങ്ങളെയും കുറിച്ചുള്ള ഏതൊരു പ്രസ്താവനയും അറിവിന്റെ ഉള്ളടക്കം ഉള്ളതായിരിക്കയില്ല. ദൈവത്തെക്കുറിച്ചുള്ള വെറും വാചകക്കസർത്തുകൾ മാത്രമാണ് ഈ പ്രസ്താവനകൾ. ഈ പശ്ചാത്തലത്തിൽ, ദൈവാവിഷ്കരണമെന്നു പറയുന്നത് വാച്യാർത്ഥത്തിൽ എടുക്കാൻ പറ്റാത്ത അലങ്കാര പ്രയോഗം മാത്രമാണ്.

### 2. ഭാഷാപഗ്രഥനം (linguistic analysis)

ദൈവത്തെക്കുറിച്ചുള്ള ഏതു പ്രസ്താവനയും വിരോധഭാഷാത്മകമാണ്. തന്മൂലം ക്ലാസിക്കൽ ദൈവശാസ്ത്രത്തിൽ ദൈവാവിഷ്കരണം സംബന്ധമായി പറഞ്ഞിരിക്കുന്ന സംഗതികൾ പ്രതീകാത്മകമായ ഭാഷാപ്രയോഗം മാത്രമാണ്. ഭാഷതന്നെയും പ്രതീകങ്ങളുടെ സഹായത്താലുള്ള ആശയസംവേദനമാർഗമാണ്. പ്രതീകങ്ങൾ ഉരുത്തിരിയുന്നതും അവയ്ക്ക് അർത്ഥം കൈവരുന്നതും അനുഭവത്തിൽനിന്നുമാണ്. പഞ്ചേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട അനുഭവങ്ങളിൽനിന്നാണ് ആശയങ്ങൾ രൂപം കൊള്ളുന്നത്. എന്നാൽ ദൈവമാകട്ടെ, ഇന്ദ്രിയങ്ങൾക്ക് വിഷയമാകുന്ന സംഗതിയല്ല.

### 3. ആധുനിക ജ്ഞാനമീമാംസ (epistemology)

എല്ലാത്തരം അറിവുകളും ഏതെങ്കിലും വിധത്തിൽ നേടിയെടുത്ത അറിവുകളാണ്. തന്മൂലം ക്രൈസ്തവസഭകളുടെ ദൈവാവിഷ്കരണസങ്കൽപത്തിലുള്ള 'വെളിപ്പെടുത്തപ്പെട്ട അറിവ്' എന്ന ആശയം ആധുനിക ജ്ഞാനമീമാംസയ്ക്ക് സ്വീകാര്യമല്ല. നേടിയെടുത്ത അറിവും ആവിഷ്കൃത അറിവും എന്ന് അറിവുകളെത്തമ്മിൽ വേർതിരിക്കുന്നതിൽ അർത്ഥമില്ല. ദൈവിക തലത്തിൽനിന്ന് ചില തരം അറിവുകൾ നിശ്ശേഷ്ടമായ അവസ്ഥയിൽ മനുഷ്യർക്ക് ലഭിക്കുന്നു എന്ന ധാരണ ഇന്ന് പൊതുവേ നിരാകരിക്കപ്പെട്ടിരിക്കയാണ്. എല്ലാത്തരം അറിവുകളും മനുഷ്യമനസ്സിന്റെ ഏതെങ്കിലും തരത്തിലുള്ള സൃഷ്ടിയാണെങ്കിൽ, അതിൽ മനുഷ്യമനസ്സിന്റെ പരിമിതികൾ ഉൾക്കൊണ്ടിരിക്കും. ഈ തിരിച്ചറിവ് ഗൗരവമായി കണക്കിലെടുക്കുമ്പോൾ, ദൈവാവിഷ്കരണത്തിന്റെ ആധികാരികതയ്ക്ക് അടിസ്ഥാനമായി കണക്കാക്കപ്പെടുന്ന ദൈവത്തിന്റെതന്നെ ആധികാരികത എന്ന കാര്യം ചോദ്യം ചെയ്യപ്പെടുകയാണ്.





### 4. ആധുനിക മനഃശാസ്ത്രം

മതസ്ഥാപകരും പ്രവാചകന്മാരും തങ്ങൾക്കു ലഭിച്ച ദർശനങ്ങളുടെയും വെളിപ്പെടുത്തലുകളുടെയും ഉള്ളടക്കമായിട്ടാണ് മതതത്വങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്. പഴയനിയമത്തിലെ പ്രവാചകന്മാർ പലപ്പോഴും പ്രയോഗിക്കുന്ന വാക്യങ്ങളാണ് "കർത്താവ് എനിക്ക് കാട്ടിത്തന്നു" (ജെറ 1, 11–13; 24,1), 'കർത്താവിന്റെ വാക്കുകൾ' (ജെറ 1:4, 2:1, 3:1, 4:1) തുടങ്ങിയവ. അതിസ്വാഭാവികമായ ദൈവിക തലത്തിൽനിന്ന് തങ്ങൾക്കു ലഭിച്ച വെളിപ്പെടുത്തലുകൾ ആയിട്ട് മതാചാരന്മാർ അക്കാര്യങ്ങൾ അനുയായികളെ പഠിപ്പിക്കുന്നു. മരുന്നുകൾകൊണ്ടും, ഹിപ്നോട്ടിസംകൊണ്ടും ഹർഷപാരവശ്യത്തിന്റെ അവസ്ഥ ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്ന് മനഃശാസ്ത്രജ്ഞന്മാർ പരീക്ഷണ സഹിതം തെളിയിച്ചിട്ടുണ്ട്. ചിലതരം മതിഭ്രമങ്ങൾ വ്യക്തിയുടെ രോഗാവസ്ഥയിൽനിന്ന് ഉരുത്തിരിയുന്നതാണെന്നും തെളിയിക്കപ്പെട്ടിട്ടുണ്ട്. രോഗാതുരമായ മനസ്സിന് ഈത്തലങ്ങളിൽ അസാധാരണ ഭാവങ്ങൾ കാണിക്കാനാകും. മനുഷ്യന്റെ വികാസ പ്രക്രിയയിൽ തികച്ചും പ്രാചീനമായ ഒരു ഘട്ടത്തിൽക്കൂടി അവൻ കടന്നുപോന്നപ്പോഴുണ്ടായ അനുഭവങ്ങളാണ് ദൈവിക വെളിപ്പെടുത്തലുകൾപോലുള്ള കാര്യങ്ങളെന്നും അതിനൊന്നും ബൗദ്ധിക വികാസം കൈവന്നിട്ടുള്ള ആധുനിക യുഗത്തിൽ വലിയ പ്രസക്തിയില്ലെന്നും വാദിക്കുന്ന വ്യക്തികളും ചിന്താധാരകളും ഇന്ന് സുലഭമാണ്. മതങ്ങളുടെ ഉത്ഭവത്തെപ്പറ്റിയുള്ള കാഴ്ചപ്പാടുകളുമായി ബന്ധപ്പെട്ടതാണ് ഈ ആശയഗതികൾ.

### 5. ആധുനിക ബൈബിൾ പഠനം

ബൈബിളിന്റെ രൂപീകരണത്തെപ്പറ്റിയുള്ള ഉൾക്കാഴ്ചകൾ പണ്ടുണ്ടായിരുന്നതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. ഒരു തരത്തിലുള്ള കേട്ടെഴുത്ത് പ്രക്രിയയായി ബൈബിൾ വചനങ്ങളെയും വിവരണങ്ങളെയും കണക്കാക്കിയ കാലമുണ്ടായിരുന്നു. അതനുസരിച്ച് വി. ഗ്രന്ഥകർത്താക്കൾ ദൈവാത്മാവിന്റെ കരങ്ങളിലെ വെറും ഉപകരണങ്ങൾ മാത്രമായിരുന്നു. അവർ എഴുതിയ സംഗതികളാകട്ടെ,

ദൈവാത്മാവ് അവരോട് പറഞ്ഞുകൊടുത്ത സംഗതികൾ മാത്രവും. വാചിക ദൈവനിവേശനം എന്ന് വിളിക്കാവുന്ന ഈ സമീപനരീതി അപൂർവ്വം ചില ക്രൈസ്തവ മൗലികവാദികൾ ഒഴികെ മറ്റെല്ലാവരും കൈവെടിഞ്ഞിരിക്കുകയാണ്.

ആധുനിക ബൈബിൾ വിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ ബൈബിൾ പാഠങ്ങൾ വാചിക പാരമ്പര്യമായി നിന്നിരുന്ന അനുഭവസാക്ഷ്യങ്ങൾ ലിഖിത രൂപം പ്രാപിച്ചവയാണ്. അനുഭവതലം (level of experience), പ്രഘോഷണ തലം (level of proclamation); ലിഖിത രൂപം എന്നീ ത്രിവിധ ഘട്ടങ്ങളാണ് ബൈബിൾ പാഠങ്ങൾക്കു പുറകിലുള്ളത്. പ്രവാചകന്മാരും, അപ്പസ്തോലന്മാരും തങ്ങൾക്കു ലഭിച്ച അനുഭവത്തെ ബോധപൂർവ്വം സാഹിത്യസങ്കേതങ്ങളുടെ സഹായത്താൽ ലിഖിതരൂപത്തിലാക്കുകയാണുണ്ടായത്. തങ്ങൾക്ക് ലഭ്യമായ ആശയാവിഷ്കരണ മാർഗങ്ങൾ, പ്രയോജനപ്പെടുത്തിക്കൊണ്ട്, അവരുടെ ചിന്തകളെ അവർ ലിഖിത രൂപത്തിൽ കൈമാറി.

പ്രവചനങ്ങളും അത്ഭുതങ്ങളും ദൈവിക വെളിപാടിന്റെ തെളിവുകളും ആധികാരികതയും നൽകുന്ന ഘടകങ്ങളായി ഒരുകാലത്ത് ദൈവശാസ്ത്രജ്ഞന്മാർ പഠിപ്പിച്ചിരുന്നു. എന്നാൽ മതങ്ങളുടെ താരതമ്യപഠനം അത്ഭുങ്ങൾ മിക്കവാറും എല്ലാ മതങ്ങളും മതാചാര്യന്മാരുമായി ബന്ധപ്പെട്ടു കാണുന്ന ഒരു പ്രതിഭാസമാണെന്ന വസ്തുത ചൂണ്ടിക്കാണിക്കുന്നു. ഇവിടെയും ക്രിസ്തീയ മതത്തിന് എന്തെങ്കിലും പ്രത്യേകത അനുഭവപ്പെടാനില്ല എന്ന് വരുന്നു. തന്നെയുമല്ല, അത്ഭുതങ്ങൾപോലുള്ള പ്രതിഭാസങ്ങളെ സംശയാതീതമായി തെളിയിക്കുക എന്നതും എളുപ്പമുള്ള കാര്യമല്ല.

**6. ക്രിസ്തീയ വിശ്വാസ പ്രമാണങ്ങളുടെ ചരിത്രം**

ക്രിസ്തീയസഭകൾ മൗലികമെന്ന് വിശ്വസിക്കുന്ന ചില വിശ്വാസപ്രമാണങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യമുണ്ട്. അപ്പസ്തോലന്മാരുടെ കാലഘട്ടത്തിനു ശേഷമാണ് അവയിൽ പലതും നമുക്ക് ഇന്ന് ലഭിച്ചിരിക്കുന്ന തരത്തിൽ രൂപപ്പെട്ടത്. പരിശുദ്ധ ത്രിത്വം, ക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിക്കുന്ന വിശദമായ പ്രബോധനങ്ങൾ സഭയുടെ പഠനസംബന്ധമായ കാര്യങ്ങൾ തുടങ്ങിയവ ഇതിനുദാരഹരണങ്ങളാണ്. സഭയുടെ ചരിത്രത്തിൽ രൂപപ്പെടുന്നവയാണ് ഈ വിശ്വാസപ്രമാണങ്ങളെങ്കിൽ ദൈവികവെളിപാടുമൂലം ലഭിച്ചവയാണ് ഈ സത്യങ്ങളെന്ന് പറയാൻ കഴിയുമോ എന്ന് ചിലർ ചോദിക്കുന്നു.





തന്നെയുമല്ല, ശാസ്ത്രത്തിന്റെ ചില നിഗമനങ്ങളെയും കാഴ്ചപ്പാടുകളെയും ക്രൈസ്തവ സഭകൾ എതിർത്തു വന്നിരുന്നത് അവ ബൈബിൾ വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾക്ക് വിരുദ്ധമാണ് എന്ന വാദഗതിയുടെ അടിസ്ഥാനത്തിലാണ്. ഉദാഹരണമായി ഭൂമി സൂര്യനെ ചുറ്റുന്ന എന്ന കോപ്പർനിക്കസിന്റെ കണ്ടുപിടുത്തവും. ഡാർവിന്റെ പരിണാമവാദവുമെല്ലാം അവ ബൈബിളിന് എതിരാണ് എന്ന ന്യായം പറഞ്ഞുകൊണ്ടാണ് സഭ എതിർത്തത്. എന്നാൽ ഇന്നാകട്ടെ, ശാസ്ത്രീയ കാര്യങ്ങൾ പഠിപ്പിക്കുകയായിരുന്നില്ല ഗ്രന്ഥകാരന്റെ ലക്ഷ്യം എന്നുള്ള തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ ഈവക കാര്യങ്ങളോടുള്ള സഭയുടെ സമീപനത്തിന് മാറ്റം വന്നിരിക്കുന്നു. അതിനും പുറമേ വി.ഗ്രന്ഥകാരന് മാനുഷികമായ പരിമിതികൾ ഉണ്ടായിരുന്നുവെന്നും തന്റെ രചനാരീതിയിൽ അത് പ്രതിഫലിക്കുന്നു എന്നും സഭ പഠിപ്പിക്കുന്നു.

**7. മതാന്തരസംവാദം**

മതങ്ങൾ തമ്മിൽ ചർച്ചകളും ആശയസംവാദങ്ങളും ഇന്ന് ധാരാളമായി നടക്കുന്നുണ്ട്. ലോക സമാധാനത്തിനും സാമൂഹ്യ സുസ്ഥിതിയ്ക്കും ജനങ്ങൾ തമ്മിലുള്ള ധാരണയ്ക്കും, മതങ്ങൾ തമ്മിലുള്ള മത്സരമല്ല, ഡയലോഗാണ് ആവശ്യമെന്ന് മനുഷ്യരാശി പഠിച്ചു കഴിഞ്ഞു. ഒരു മതം മാത്രം പൂർണ്ണ സത്യം ഉൾക്കൊള്ളുന്നതാണെന്നും മറ്റെല്ലാ മതങ്ങളും അബദ്ധങ്ങളോ അർദ്ധസത്യങ്ങളോ മാത്രം പഠിപ്പിക്കുന്നവയാണെന്നുള്ള ചിന്താഗതി ആധുനിക മനുഷ്യന് സ്വീകാര്യമല്ല. 2000 സെപ്തംബറിൽ പ്രസിദ്ധീകരിക്കപ്പെട്ട 'കർത്താവായ ക്രിസ്തു' എന്ന വത്തിക്കാൻ രേഖയോട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുണ്ടായ പ്രതികരണങ്ങൾ ആധുനികമനുഷ്യന്റെ ചിന്താഗതിയെ പ്രതിഫലിപ്പിക്കുന്നു. സത്യം തേടിയുള്ള മനുശ്യരാശിയുടെ അന്വേഷണത്തിന്റെ ഫലമാണ് എല്ലാ മതങ്ങളെന്നും എല്ലാ മതങ്ങളിലും സത്യമുണ്ടെന്നും, സത്യത്തിന്റെ കുത്തക ഏതെങ്കിലും ഒരു മതത്തിനു മാത്രമായി അവകാശപ്പെടാൻ കഴിയില്ലെന്നും ചിന്തിക്കാനാണ് ഇന്ന് അധികംപേരും ആഗ്രഹിക്കുന്നത്. ഇങ്ങനെയുള്ള ഒരു ചിന്താഗതി വഴി മതങ്ങൾക്കിടയിലുള്ള കിടമത്സരവും ഒരു മതത്തിൽനിന്ന് വേറൊരു മതത്തിലേക്ക് മാറുന്നതുമൂലമുള്ള അസ്വസ്ഥതകളും ഒഴിവാക്കുവാൻ കഴിയും. എല്ലാ മതങ്ങളിലും സത്യമുണ്ടെങ്കിൽ ഒരാൾ ഒരു മതത്തിൽ നിന്ന് മാറി വേറൊന്ന് സ്വീകരിക്കേണ്ട ആവശ്യമില്ല. തന്നെയുമല്ല, മതങ്ങളെപ്പറ്റി ഉദാരമായ ഒരു സമീപനം സ്വീകരിക്കുന്ന പക്ഷം സെക്കുലർ ചിന്താഗതിക്കാരുമായി ഒരുമിച്ചു പ്രവർത്തിക്കാനുള്ള

ഒരു വേദിയും തുറന്നുകിട്ടും. ഇന്ന് സംഭവിക്കുന്നത് മതങ്ങൾ അവയുടെ വഴിക്കും, മാനവികാശയങ്ങൾ പഠിപ്പിക്കുന്ന സെക്കുലർ ചിന്താഗതികൾ തങ്ങളുടെ വഴിക്കും കാര്യമായിട്ട് പരസ്പര ബന്ധമില്ലാതെ മുമ്പോട്ടു പോകുന്നു എന്ന അവസ്ഥയാണ്. അതുകൊണ്ടാണ് ദൈവാവിഷ്കാരത്തിന്റെ പൂർണ്ണത യേശുക്രിസ്തുവിലാണെന്നും, കത്തോലിക്കാസഭ ഈ ദൈവികവെളിപാടിന്റെ പ്രബോധകയാണെന്നും സഭയ്ക്ക് പുറമേയുള്ളവർ പൂർണ്ണസത്യത്തിൽ നിന്നും വിദൂരതയിലാണെന്നുമുള്ള കാഴ്ചപ്പാട് വിശ്വാസികളായിട്ടുള്ള ചിലർക്കുപോലും അസ്വീകാര്യമായിട്ടുള്ളത്.

### 8. സമൂഹങ്ങളുടെ വിമർശനാത്മക പഠനം

സമൂഹങ്ങളുടെ ചരിത്രവും അവയുടെ വിശ്വാസാചാരങ്ങളുടെ വളർച്ചയും സൂക്ഷ്മമായി പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യമുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളും താൽപര്യങ്ങളും അവയ്ക്കു പുറകിൽ പ്രവർത്തിച്ചിട്ടുണ്ട്. സതി, പർദ്ദ തുടങ്ങിയ ആചാരങ്ങൾ സമൂഹത്തിൽ മതവിശ്വാസങ്ങളുടെ പേരിൽ നടപ്പിലാക്കുമ്പോൾ ഒരു പ്രത്യേക വിഭാഗത്തിന്റെ താൽപര്യ സംരക്ഷണമാണ് അവിടെ നടക്കുന്നത്. ദൈവഹിതമായി അവതരിപ്പിക്കപ്പെടുന്ന കാര്യങ്ങൾ യഥാർത്ഥത്തിൽ ദൈവഹിതം തന്നെയാണോ, അതോ, മനുഷ്യരുടെ നിക്ഷിപ്ത താല്പര്യങ്ങളുടെ പ്രകാശനമോ? ബൈബിളിന്റെ കാര്യത്തിൽ അടുത്ത കാലത്തു ദൃശ്യമായിരിക്കുന്ന സ്ത്രീവ്യാഖ്യാന രീതി (Feminine interpretation of the Bible) ഈ ചിന്താഗതി വച്ചുപുലർത്തുന്നുണ്ട്. അതുകൊണ്ട് മതങ്ങളിലെ ആവിഷ്കൃത സത്യം എന്ന ആശയത്തെ ചിലർ എതിർക്കുന്നു.

### ദൈവാവിഷ്കാരമില്ലാത്ത ക്രിസ്തുമതം

പരമ്പരാഗതമായി ദൈവാവിഷ്ക്കരണത്തെപ്പറ്റി ക്രൈസ്തവസഭകൾക്കുണ്ടായിരുന്ന കാഴ്ചപ്പാടുകളെ അംഗീകരിക്കാൻ ആധുനിക കാലഘട്ടത്തിൽ ഒരു വലിയ വിഭാഗം ആളുകൾ തയ്യാറാകുന്നില്ല. അതിനുള്ള കാരണങ്ങളാണ് നമ്മൾ ഇതുവരെ കണ്ടത്. ഈവക കാരണങ്ങൾ നിമിത്തം ദൈവാവിഷ്കരണം എന്ന ആശയമില്ലാത്ത ഒരു ക്രിസ്തുമതത്തെപ്പറ്റിയാണ് ചിലർ സംസാരിക്കുന്നത്. അതനുസരിച്ച് ക്രിസ്തുമതമെന്നു പറയുന്നത്. ഇസ്രായേലിലെ ഋഷികൾ മുതൽ നസ്രായനായ യേശുവരെയുള്ള മഹത്വ്യക്തികളുടെ മനസ്സുകളിൽ രൂപംകൊണ്ട് ഉന്നതാശയങ്ങളുടെ ചരിത്രത്തിലുള്ള ആവിഷ്ക്കാരമാണ്. ഇവിടെ, ദൈവാവിഷ്ക്കാരം കൊണ്ടുദ്ദേശിക്കുന്നത് മനസ്സിന്റെ ഒളിഞ്ഞിരിക്കുന്ന ശക്തികളെ പ്രവർത്തക്ഷമമാക്കിയിട്ടുള്ള ചില വ്യക്തികൾക്ക് പെട്ടെന്ന് ലഭിക്കുന്ന ഉൾക്കാഴ്ചകളാണ്. ബൈബിളാകട്ടെ, ധന്യരായ ഒരുകൂട്ടം മനുഷ്യരുടെ ആത്മീയ അന്വേഷണങ്ങളുടെയും ഉൾക്കാഴ്ചകളുടെയും ചരിത്രം പറയുന്ന ലിഖിത രേഖകളാണ്. യേശു അവിടെ ദൈവപുത്രനല്ല; പിന്നെയോ, തന്റെ അനുയായികളെ സംബന്ധിച്ചിടത്തോളം ദൈവത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകിയിട്ടുള്ള അസാധാരണ വൈഭവമുള്ള ഒരു ആത്മീയ നേതാവുമാത്രം. സഭയെന്നു പറയുന്നത് യേശുവിന്റെ പഠനങ്ങളുടെയും ഉൾക്കാഴ്ചകളുടെയും സജീവമായ ഓർമ്മ ചരിത്രത്തിൽ കാത്തുസൂക്ഷിക്കാൻ സഹായിക്കുന്ന ഒരു സംവിധാനവും.

കാൾ ജാസ്പേഴ്സിനെപ്പോലുള്ള ചിന്തകർ രണ്ടുതരം ക്രൈസ്തവരെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ആദ്യത്തെ കൂട്ടരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ ചരിത്രത്തിലുള്ള വെളിപ്പെടുത്തലിന്റെ ഫലമായി രൂപം കൊണ്ടിട്ടുള്ളതാണ് ക്രിസ്തുമതം. ദൈവത്തിന്റെ പദ്ധതികളെല്ലാം മുഴുവനായും യേശുക്രിസ്തുവിൽ വെളിവാക്കപ്പെട്ടു കഴിഞ്ഞു. രണ്ടാമത്തെക്കൂട്ടർ ദൈവവാവിഷ്കരണത്തെക്കാണുന്നത് തികച്ചും വ്യത്യസ്തമായിട്ടാണ്. പ്രവാചകന്മാരും അപ്പസ്തോലന്മാരും മനുഷ്യ ചരിത്രത്തിലെ ചില പ്രധാന ബിന്ദുക്കൾ ആണ്. ഇവർ വഴി കൈവന്നിട്ടുള്ള പ്രബോധനങ്ങളും ഉൾക്കാഴ്ചകളും മനുഷ്യജീവിതത്തെ പ്രകാശമാനമാക്കാൻ ഉപയുക്തമാണ്. ദൈവികതയുടെ നിഗൂഢതലങ്ങളിലേക്ക് എത്തി നോക്കാൻ ഇവരുടെ ഉൾക്കാഴ്ചകൾ നമ്മെ സഹായിക്കും. “ജീവിതം പോലെ തന്നെ സമ്പന്നവും വൈവിധ്യമാർന്നതുമാണ് ബൈബിൾ. ഒരു വിശ്വാസം മാത്രമല്ല, ബൈബിൾ അവതരിപ്പിക്കുന്നത്. ദൈവികതയുടെ ആഴങ്ങൾ ഗ്രഹിക്കാൻ വ്യത്യസ്തങ്ങളായ വിശ്വാസങ്ങൾ പരസ്പരം മത്സരിക്കുന്ന ഒരവസ്ഥയാണ് ബൈബിളിലുള്ളത്.” ദൈവാവിഷ്കരണത്തിന്റെ സാധ്യതകൾ പോലും ജാസ്പേഴ്സ് തള്ളിക്കളയുകയാണ്. ചരിത്രത്തിൽ ദൈവം സംസാരിക്കുന്നു; പ്രവർത്തിക്കുന്നു' എന്നെല്ലാം പറയുന്നത് ഒരുതരം കഥാകഥന രീതിയാണ്. ദൈവത്തിന്റെ മനുഷ്യാവതാരം, ദാർശനികമായ അസാദ്ധ്യതയും.

ദൈവം എന്ന ആശയത്തിന് ജാസ്പേഴ്സിനെപ്പോലുള്ളവർ “അത്യുത്തമത്വം” എന്ന പദമാണുപയോഗിക്കുന്നത്. ദൈവാവിഷ്കരണത്തെപ്പറ്റി കത്തോലിക്കാസഭ പഠിപ്പിക്കുന്ന കാര്യങ്ങൾ ജാസ്പേഴ്സിനെപ്പോലുള്ള ചിന്തകർ ശരിക്കും മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. അദ്ദേഹത്തിന്റെ ആശയങ്ങൾ അതേപടി സ്വീകരി

ക്കാൻ നമുക്കു സാധ്യമല്ല. അതേസമയം അപ്രാപ്യനും അപരിമേയനുമെന്ന് നമ്മൾ വിശ്വസിക്കുന്ന ദൈവംതന്നെ വെളിപ്പെടുത്തിയിട്ടുള്ളത് ഗ്രഹിക്കുന്നതിലും ഗ്രഹിച്ചകാര്യങ്ങൾ വാക്കുകൾ കൊണ്ട് അവതരിപ്പിക്കുന്നതിലും പരമ്പരാഗതമായി ക്രൈസ്തവ സഭകൾ സ്വീകരിച്ചുപോന്നിട്ടുള്ള ചില കാഴ്ചപ്പാടുകളുടെ വിശദാംശങ്ങളെപ്പറ്റി ചിന്തിക്കാനും ദൈവമെന്ന മഹാരഹസ്യത്തിന്റെ "രഹസ്യസ്വഭാവം" (Sense of mystery) കാത്തു സൂക്ഷിക്കാനും അദ്ദേഹത്തിന്റെ നിലപാട് സഹായകമാണ്.

ദൈവാവിഷ്ക്കരണം എന്ന ആശയത്തെ സംശയത്തോടെ വീക്ഷിക്കുന്ന വേറൊരു ചിന്തകനാണ് ജെറാൾഡ് ഡൗണിംഗ്. ഒരു പ്രത്യേക രീതിയിൽ ജീവിക്കുവാനുള്ള മനുഷ്യന്റെ സന്നദ്ധതയാണ് ക്രൈസ്തവ വിശ്വാസം എന്നു പറയുന്നത്. നസ്രായനായ യേശുവിൽ ദൃശ്യമായ ദൈവത്തിന്റെ സ്നേഹത്തിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരം. യേശുവിലൂടെ ദൈവത്തിന്റെ സ്നേഹം വെളിവാക്കപ്പെട്ടു എന്നു പറയുമ്പോഴും ഈ ദൈവത്തെപ്പറ്റി നമുക്ക് എന്തെങ്കിലും കാര്യമായി അറിയാം എന്നു വിചാരിക്കരുത്. ഡൗണിങ്ങിന്റെ ഈ വാദഗതിയിൽ വൈരുദ്ധ്യങ്ങൾ കുടിയിരിപ്പുണ്ട് എന്ന കാര്യം പറയേണ്ടിയിരിക്കുന്നു. ദൈവം ആരാണെന്നോ അവിടുത്തെ ഹിതം എന്താണെന്നോ, അവിടുന്ന് വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ ദൈവത്തെ എങ്ങനെ അനുസരിക്കാൻ കഴിയും? ദൈവത്തിന്റെ സ്നേഹം എന്തെന്ന് അറിഞ്ഞില്ലെങ്കിൽ അവിടുത്തെ സ്നേഹിക്കുക എന്നു പറയുന്നതിലും അർത്ഥമില്ല.

ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയിരിക്കുന്നു എന്നു പറയുമ്പോൾ ദൈവത്തെപ്പറ്റിയുള്ള എല്ലാ അറിവും മനുഷ്യന് കൈവന്നു എന്നല്ല നമ്മൾ അർത്ഥമാക്കുന്നത്. സഭയുടെ വിശ്വാസമനുസരിച്ച് ദൈവം ആരാണെന്നും അവിടുത്തേക്ക് മനുഷ്യരെപ്പറ്റിയുള്ള പദ്ധതി എന്താണെന്നും യേശുക്രിസ്തു വഴി വെളിപ്പെടുത്തിക്കിട്ടിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ദൈവത്തെപറ്റി ഒന്നും അറിയാൻ മനുഷ്യനു കഴിയുകയില്ല എന്നു പറയുന്നത് സ്വീകാര്യമല്ല. അതേസമയം ദൈവത്തെപ്പറ്റിയള്ള അറിവ് സാദൃശ്യംകൊണ്ട് വ്യാഖ്യാനിക്കാവുന്ന അറിവാണെന്ന് പരമ്പരാഗത ദൈവശാസ്ത്രം പഠിപ്പിച്ചിരുന്ന കാര്യവും ഓർക്കേണ്ടതാണ്.

**ഉപസംഹാരം**

ക്രിസ്തീയവിശ്വാസമനുസരിച്ച് ദൈവം ഒരു ശക്തിയെന്നതിലുപരി ഒരു  വ്യക്തിയാണ്. ദൈവത്തിന്റെ സ്വഭാവവും പദ്ധതിയും





ചരിത്രത്തിൽ അവിടുന്ന് വെളിപ്പെടുത്തിയിട്ടുണ്ട്. ഇസ്രായേൽ ജനതയുടെ ചരിത്രത്തിൽ ആരംഭിച്ച് യേശുക്രിസ്തുവിൽ പൂർണ്ണമായ ഈ വെളിപ്പെടുത്തൽ ലിഖിത രൂപത്തിൽ നമുക്ക് ലഭിച്ചിരിക്കുന്നത് ബൈബിളിലൂടെയാണ്. എന്നാൽ ബൈബിൾ തന്നെയും വിശ്വസിക്കുന്ന ഒരു സമൂഹത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ടാണ് മനസ്സിലാക്കേണ്ടത്. ഈ മനസ്സിലാക്കൽ പ്രക്രിയയിൽ വിവിധ ഘടകങ്ങൾ സ്വാധീനം ചെലുത്തുന്നുണ്ട്. മനുഷ്യന്റെ ചരിത്രവും സമൂഹങ്ങളുടെ വളർച്ചയും മനുഷ്യ മനസ്സിന്റെ പ്രവർത്തനങ്ങളും കൂടുതലായി മനസ്സിലാക്കുന്തോറും, ദൈവത്തിന്റെ വെളിപ്പെടുത്തലിനെപ്പറ്റി കൂടുതൽ ഉൾക്കാഴ്ചകൾ നമുക്ക് ലഭിക്കുന്നു. ഈതലങ്ങളിലുള്ള പുതിയ അറിവുകൾ ദൈവാവിഷ്കരണം എന്ന ആശയം ഇല്ലാതാക്കുകയില്ല. അതിന്റെ വിവിധ വശങ്ങളെപ്പറ്റിയുള്ള ആഴമേറിയ ഉൾക്കാഴ്ചകൾ നമുക്ക് പ്രദാനം ചെയ്യുകയാണ് ചെയ്യുന്നത്.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ,**
*മതവും ചിന്തയും*, ജനുവരി – ഫെബ്രുവരി, 2004.

# 03

## തത്വപ്രധാനമായ ദൈവിക വെളിപാട് സങ്കല്പം

ദൈവിക വെളിപാടുകളെക്കുറിച്ചുള്ള വ്യത്യസ്ത സങ്കൽപങ്ങളിൽ ഒന്നാണ് തത്വപ്രധാനമായ ദൈവിക വെളിപാട്. ദൈവം സ്വയം വെളിപ്പെടുത്തുന്നത് ചില സൈദ്ധാന്തിക പ്രസ്താവനകളിലൂടെയാണ് എന്ന് വിശ്വസിക്കുന്ന ഒരുപറ്റം ദൈവശാസ്ത്രജ്ഞരുണ്ട്. ദൈവം നേരിട്ട് ചില പ്രസ്താവനകളിലൂടെ വെളിപ്പെടുത്തിയിരിക്കുന്ന ഇത്തരം കാര്യങ്ങളിൽ മാറ്റം വരുത്തുകയോ, സാഹചര്യങ്ങൾക്കനുസൃതമായി ഇവയെ വ്യാഖ്യാനിക്കുകയോ ചെയ്യുന്നതിനെ ഇക്കൂട്ടർ എതിർക്കുന്നു. തികഞ്ഞ യാഥാസ്ഥിതികരായി ഇത്തരം വെളിപാടുവാദികൾ ചിത്രീകരിക്കപ്പെടുന്നുണ്ട്. യുക്തിബദ്ധമായി കാര്യവിചാരം നടത്തുന്നവർക്ക് തത്വപ്രധാനവെളിപാട് സങ്കല്പത്തെ അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ദൈവനിവേശനത്തെക്കുറിച്ചുള്ള റബ്ബീനിക് സിദ്ധാന്തങ്ങളാണ് ഇത്തരം വെളിപാട് സങ്കല്പത്തിന് അടിത്തറയാകുന്നത്. വെളിപാടുകളെ അക്ഷരാർത്ഥത്തിൽ സ്വീകരിക്കുകയും മൗലികവാദത്തിന് കളമൊരുക്കുകയും ചെയ്യുന്ന ഈ വെളിപാട് സങ്കല്പത്തിലെ മുഖ്യധാരകൾ വിവേചിച്ചറിയാനും





അതിലെ നെല്ലും പതിരും വേർതിരിക്കാനുള്ള ഒരു ശ്രമമാണീ ലേഖനത്തിൽ നടത്തുക. തത്വപ്രധാനമായ വെളിപാട് വീക്ഷണം രണ്ടുതലങ്ങളിൽ ദൃശ്യമാകുന്നുണ്ട്. പ്രൊട്ടസ്റ്റന്റ് സഭകളിലെ യഥാസ്ഥിതിക ഏവഞ്ചേലിക്കലിസവും കത്തോലിക്കാസഭയിൽ കരുത്താർജ്ജിക്കുന്ന അഭിനവസ്കൊളാസ്റ്റിസിസവും.

**യഥാസ്ഥിതിക ഏവഞ്ചേലിക്കലിസം**

19-ാം നൂറ്റാണ്ടുകളിൽ പ്രഗത്ഭരായ പ്രെസിബിറ്ററൻ ദൈവശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ പ്രിൻസ്റ്റൻ സെമിനാരിയിലാണ് ഇത്തരം സമീപനം ഉരുത്തിരിയുന്നത്. ബഞ്ചമിൻ വാർഫിൽസ്, ഹോർഡൻ ക്ലാർക്ക്, ജെയിംസ് പെക്കാ, ജോൺ വാർവിൾ, കാൾ ഹെൻട്രി തുടങ്ങിയവരാണിതിന്റെ പ്രേണാതാക്കൾ. International council on biblical innerrancy എന്ന സംഘടനകളിലൂടെ ഈ യാഥാസ്ഥിതിക കാഴ്ചപ്പാട് ശക്തമായി പ്രചരിപ്പിച്ചു. ഇവരുടെ ചിന്താധാരയുടെ അന്തസത്ത ഇതാണ്.

പ്രകൃതിയിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ് ഈ അർത്ഥത്തിൽ എല്ലായിടത്തും എല്ലാക്കാര്യങ്ങളിലും ദൈവത്തിന്റെ സ്വഭാവികവെളിപാടുകൾ സംലഭ്യമാണ്. ഇത്തരം വെളിപാടുകൾ ഉള്ളതുകൊണ്ട് ദൈവത്തെ അറിയാത്തവർക്കും ആരാധിക്കാത്തവർക്കും ഒഴിവുകഴിവില്ല (റോമ 1,20) എന്നാൽ ഉത്ഭവപാപത്തിന്റെ പരിണിതഫലമായി ദൈവത്തെക്കുറിച്ച് വ്യക്തവും രക്ഷാകരവുമായ അറിവ് സ്വായത്തമാക്കുന്നതിൽ മനുഷ്യൻ പരാജയപ്പെടുന്നു. രക്ഷാകരസത്യങ്ങൾ ഫലപ്രദമായി അറിയാൻ അതിസ്വാഭാവിക വെളിപാടുകൾ അനിവാര്യമാണ്. ഇത്തരം അതിസ്വാഭാവികവെളിപാടുകൾ ആദ്യം പ്രത്യക്ഷീകരണ പ്രതിഭാസങ്ങളിലൂടെയും പ്രവാചക ദർശനങ്ങളിലൂടെയും നൽകപ്പെട്ടു. ദൈവാവിഷ്കാരം പുരോഗമിക്കുന്നതോടെ തത്വരൂപത്തിലാകുന്നു വെളിപാടുകൾ. പരിശുദ്ധാത്മാവ് മനുഷ്യശക്തിയെ പ്രചോദിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തുകൊണ്ടാണ് ഇതു സുസാധ്യമാക്കുന്നത്.

അതിസ്വാഭാവിക വെളിപാടുകളെ അതിന്റെ എല്ലാ തലങ്ങളിലും പൂർണ്ണതയിലെത്തിക്കുന്നത് യേശുക്രിസ്തുവാണ്. അവൻ ദൈവത്തിന്റെ പ്രത്യക്ഷീകരണമാണ്. അവനിൽനിന്നും ഒരു രഹസ്യവും മറച്ചുവയ്ക്കുന്നില്ല. പൂർണ്ണതയിൽ നൽകപ്പെട്ട ആത്മാവിന്റെ ശക്തിയാൽ അവൻ സംസാരിക്കുകയും യുക്തിസഹമായി കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ പഠനങ്ങളിലൂടെ വെളിപാട് ശിഷ്യർക്കു ലഭിക്കുന്നു. പന്തക്കുസ്താദിനത്തിൽ നൽകപ്പെട്ട പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഈ പഠനങ്ങളെ വ്യാഖ്യാനിക്കാൻ ശിഷ്യർ പ്രാപ്തരാകുന്നു. ഇന്ന് ക്രിസ്തുവിലൂടെയോ, പ്രവാചകരിലൂടെയോ, അപ്പസ്തോലന്മാരിലൂടെയോ നമ്മൾ വെളിപാടുകൾ സ്വീകരിക്കുന്നില്ല. എന്നാൽ ഇതുമൂലം വെളിപാടുകൾ ഇല്ലാത്ത ഒരു സാഹചര്യമാണിവിടെ എന്നർത്ഥമില്ല. പ്രവാചക അപ്പസ്തോലപഠനങ്ങളെല്ലാം വേദപുസ്തകത്തിൽ സഞ്ചയിപ്പിച്ചിരിക്കുന്നു. എവഞ്ചേലിക്കൽ ദൈവശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ ബൈബിൾ എല്ലാ വെളിപാടുകളെയും ഉൾക്കൊള്ളുന്നു. അതുപോലെതന്നെ ദൈവത്തിന്റെ അവസാനത്തെ വെളിപാടും ബൈബിൾ ആണ്.

ബൈബിളിന്റെ ദൈവനിവേശനം വെളിപാടുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. വെളിപാട് ഒരു സംഭവമാണെങ്കിൽ ദൈവനിവേശനം ദൈവികമായ ഒരു പ്രേരണയും സഹായവുമാണ്. ലഭിച്ചിരിക്കുന്ന വെളിപാടുകൾ കൃത്യമായും ലിഖിതരൂപത്തിലാക്കാനുള്ള ദൈവികസഹായമാണ് ദൈവനിവേശനം. വാർഫിൽസിന്റെ അഭിപ്രായത്തിൽ, തെറ്റുകൂടാതെ അവ രേഖപ്പെടുത്തുന്നില്ലെങ്കിൽ അവ പകുതി മാത്രമേ കൈമാറുന്നുള്ളൂ. ബൈബിൾ പൂർണ്ണമായും ദൈവനിവേശിതമാണ്. തന്മൂലം തെറ്റുകളിൽനിന്ന് വിമുക്തമാണ്. ദൈവത്തിന്റെ എഴുതപ്പെട്ട വചനമായ ബൈബിൾ സ്വയം വ്യാഖ്യാനിക്കുന്നു. ബൈബിൾ വ്യാഖ്യാനിക്കാൻ മാനദണ്ഡങ്ങളുടെ ആവശ്യമില്ല.

ബൈബിളിൽ കാണുന്ന പ്രസ്താവനകളാണ് ദൈവത്തിന്റെ വെളിപാടുകൾ. ഈ വചനങ്ങൾ എക്കാലത്തും എല്ലായിടത്തും സത്യമാണ്. കാരണം ദൈവം വെളിപ്പെടുത്തിയിരിക്കുന്നതെല്ലാം സത്യമാണ്. ഇത് നിയതരൂപത്തിലാക്കി മനുഷ്യമനസ്സുകളിലേക്ക് സംവേദിപ്പിക്കാൻ സാധിക്കും. ഫ്രാൻസിസ് ഷേഫർ യാഥാസ്ഥിതിക വീക്ഷണത്തെക്കുറിച്ച് ഇപ്രകാരം വിലയിരുത്തുന്നു. "ദൈവം തന്നെക്കുറിച്ചും മനുഷ്യനെക്കുറിച്ചും പ്രകൃതിയെക്കുറിച്ചുള്ള സത്യം സംസാരിക്കുന്നത് ബൈബിളിലെ വചനങ്ങളിലൂടെയാണ്. തന്മൂലം ബൈബിൾ ദൈവികസത്യങ്ങൾ വെളിപ്പെടുത്തുന്ന പ്രമാണങ്ങളുടെ രേഖയാണ്. ക്രിസ്തീയ വിശ്വാസത്തിനും പ്രവർത്തനത്തിനുമുള്ള അപ്രമാദിത്വമാർഗ്ഗരേഖ ബൈബിൾ മാത്രമാണ് എന്നതാണ് ഈ യാഥാസ്ഥിതികരുടെ അഭിപ്രായം.

ബൈബിളിന്റെ തെറ്റാവരത്തെക്കുറിച്ചുള്ള വീക്ഷണങ്ങൾ ഇവിടെ പ്രസക്തമാണ്. അഞ്ചുതരം വ്യത്യസ്തമായ അഭിപ്രായങ്ങളാണ്





ബൈബിളിന്റെ തെറ്റാവരത്തെക്കുറിച്ച് പ്രൊട്ടസ്റ്റന്റ് ഏവഞ്ചേലിക്കൽ തലങ്ങളിൽ കാണുന്നത്. ബൈബിളിന്റെ കൈയ്യെഴുത്തുപ്രതികൾ രേഖപ്പെടുത്തുന്നതിലും അവ സംരക്ഷിക്കുന്നതിലും യാതൊരു തെറ്റും ഭവിക്കാതെ പരിശുദ്ധാത്മാവ് സംരക്ഷിക്കുന്നു എന്നാണ് ഹാരോൾഡ് ലിൻഡ്ഡെലിന്റെ അഭിപ്രായം. കാൾ ഹെൻട്രിയുടെ വീക്ഷണത്തിൽ ബൈബിളിന്റെ ആദ്യത്തെ കൈയ്യെഴുത്തു പ്രതിയിൽ യാതൊരു തെറ്റും സംഭവിക്കാതെ സംരക്ഷിക്കപ്പെട്ടുവെങ്കിലും കൈമാറ്റ പ്രക്രിയയിൽ അപൂർവ്വം ചില തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. ക്ലാർക്ക് പിന്നക്ക് പ്രതിനിധാനം ചെയ്യുന്ന ഒരുവിഭാഗം ബൈബിളിന്റെ അപ്രമാദിത്വത്തെ കുറെക്കൂടി വിശാലമായി മനസ്സിലാക്കുന്നു. ബൈബിളിന്റെ നിയോഗത്താൽ തെറ്റുപറ്റിയിട്ടില്ലെങ്കിലും അവ രേഖപ്പെടുത്തുന്നതിൽ തെറ്റാവരം അവകാശപ്പെടുന്നില്ല. നാലാമത്തെ വിഭാഗത്തിപ്പെടുന്ന ബർണാർഡ് റാം രക്ഷാകരമായ അറിവ് സംവേദനം ചെയ്യുന്നതിലാണ് തെറ്റാവരം എന്ന് വാദിക്കുന്നു. ചരിത്രപരവും ശാസ്ത്രീയവുമായ കാര്യങ്ങളിലല്ല ഈ വരം പ്രവർത്തിക്കുന്നത്. ദൈവശാസ്ത്ര നിഗമനങ്ങളിൽ മാത്രമാണ് ബൈബിളിന് തെറ്റു സംഭവിക്കാത്തത് എന്ന അഭിപ്രായക്കാരാണ് അഞ്ചാമത്തെ ഗണത്തിൽപ്പെടുന്ന ഡൊണാൾഡ് ബോഷ്, പോൾ ജെവെറ്റ് തുടങ്ങിയവർ. ധാർമ്മികവും മതപരവുമായ കാര്യങ്ങളിൽപ്പോലും തെറ്റാവരം ഇല്ല എന്നു വാദിക്കുന്ന ഇവർ യാഥാസ്ഥിതിക വീക്ഷണത്തിൽ അതിർത്തിക്കു വെളിയിലാണ്. ഈ അഞ്ചു നിലപാടുകളിലും ദൈവം നേരിട്ട് പറഞ്ഞുകൊടുത്ത് എഴുതിക്കുന്നതാണ് ദൈവനിവേശനം എന്നവകാശപ്പെടുന്നില്ല.

ബൈബിളിന്റെ തെറ്റാവരത്തെക്കുറിച്ച് വിവിധങ്ങളായി ദർശനങ്ങൾ വച്ചു പുലർത്തുമ്പോഴും വേദപുസ്തകത്തിൽനിന്നാണ് ദൈവിക വെളിപാടുകൾ ലഭിക്കുന്നത് എന്ന് ഏവഞ്ചേലിക്കൽ ദൈവശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. എഴുതപ്പെട്ട നിയതമായ ചില പ്രസ്താവനകളിലാണ് ദൈവികവെളിപാടുകൾ നൽകപ്പെടുന്നത്. ബൈബിളിനെ മാറ്റിനിർത്തികൊണ്ട് ഇക്കൂട്ടർക്ക് വെളിപാടിനെക്കുറിച്ച് ചിന്തിക്കാനാവില്ല.

### അഭിനവ സ്കൊളാസ്റ്റിക് സമീപനങ്ങൾ (Neo scholasticism)

പ്രൊട്ടസ്റ്റന്റ് സഭയിലെ യാഥാസ്ഥിതിക എവഞ്ചേലിക്കലിസത്തിനു സമാനമായി 1850 മുതൽ കത്തോലിക്കാ സഭയിലും ഒരു വെളിപാട് സിദ്ധാന്തം ഉടലെടുത്തു. അഭിനവ സ്ക്കൊളസ്റ്റിസിസം എന്നാണ് അവരിഡള്ളസ് ഇതിനെ വിശേഷിപ്പിക്കുന്നത്. റെജിനാൾഡ് ലെഗ്രാൻഷ്, ക്രിസ്ത്യൻ പേഷ്. ഹെർ മാൻഡിക്മാൻ തുട

ങ്ങിയവരുടെ വിശകലനത്തിൽ ഇത്തരം ആഭിമുഖ്യങ്ങൾ പ്രകടമാണ്. ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളിലും 1907-10 കാലഘട്ടത്തിൽ പുറപ്പെടുവിച്ച റോമൻ രേഖകളിലും പന്ത്രണ്ടാം പീയൂസിന്റെ ഹുമാനി ജേനരിസി (Human Generis) ഇതിന്റെ പ്രതിഫലനം ദൃശ്യമാണ്.

വെളിപാടുകളെ സ്വാഭാവികവും അതിസ്വാഭാവികവുമായി ഇവർ വേർതിരിക്കുന്നു. സ്വാഭാവിക വെളിപാടുകൾ പ്രവർത്തികളിലൂടെയും (per facta)അതിസ്വാഭാവിക വെളിപാടുകൾ വാക്കുകളിലൂടെയും നൽകപ്പെടുന്നു. പ്രവൃത്തികളിലൂടെ വസ്തുക്കൾക്കു പോലും സ്വയം വെളിപ്പെടുത്താൻ സാധിക്കും, എന്നാൽ വാക്കുകളിലൂടെ വ്യക്തികൾക്കു മാത്രമേ വെളിപ്പെടുത്താൻ കഴഇയുകയുള്ളൂ. വെളിപാട് എന്ന വാക്ക് ഉപയോഗിക്കുമ്പോൾ അതിസ്വാഭാവിക വെളിപാടുകളാണിവിടെ വിവക്ഷ.

പ്രകൃതിയുടെ താളവും ക്രമവും ധ്യാനിക്കുമ്പോൾ പാപാവസ്ഥയിലും മനുഷ്യർക്ക് എല്ലാത്തിന്റേയും സൃഷ്ടാവും അന്ത്യവുമായ ഒരു വ്യക്തിഗത ദൈവത്തെ അറിയാൻ സാധിക്കും. എന്നാൽ ദൈവത്തെയും മതത്തെയുംകുറിച്ച് സുവ്യക്തവും കൃത്യവുമായ അറിവു നേടാൻ അതിസ്വാഭാവിക വെളിപാടുകൾ അനിവാര്യമാണ്. ത്രിത്വം, മനുഷ്യാവതാരം തുടങ്ങിയ രഹസ്യങ്ങളെക്കുറിച്ചറിയാൻ അതിസ്വാഭാവിക വെളിപാടുകൾ നിർബന്ധമായും ഉണ്ടാകണം. വെളിപാടുകൾ നൽകപ്പെടുന്നില്ലെങ്കിൽ ലക്ഷ്യത്തെക്കുറിച്ചുള്ള അജ്ഞതയിലായിരിക്കും മനുഷ്യകുലം. ഈ അർത്ഥത്തിൽ മനുഷ്യരക്ഷയ്ക്ക് വെളിപാട് ആവശ്യമാണ്.

ഒരു വ്യക്തി സ്വന്തം ചിന്തകൾ മറ്റുള്ളവർക്ക് പങ്കുവയ്ക്കുന്നത് വാക്കുകകളിലൂടെയാണ്. ദൈവിക ചിന്തകൾ (Mentis chiviane) വെളിപ്പെടുന്നതും വാക്കുകളിലൂടെയാണ്. അതുകൊണ്ട് "മനുഷ്യരോടുള്ള ദൈവത്തിന്റെ സംസാരമാണ് വെളിപാട് (Locutio Dei ad homines). ദൈവം ആധികാരിക സാക്ഷിയും അധ്യാപകനുമായിട്ടാണ് ഇവിടെ വർത്തിക്കുന്നത്. ഈ ആധികാരികതയുടെ അടിസ്ഥാനത്തിൽ ഈ വചനത്തെ സ്വീകരിക്കാൻ ദൈവം ആഗ്രഹിക്കുന്നു. സുഗ്രാഹ്യമായ സംസാരത്തിലൂടെ വെളിപ്പെടുത്തുന്ന അപരന്റെ ആശയത്തെ സ്വീകരിക്കുന്നതിലുമാണ് വെളിപാട് അടങ്ങിയിരിക്കുന്നത്. ഒന്നാം വത്തിക്കാൻ കൗൺസിൽ ദൈവവചനത്തെക്കുറിച്ച് നൽകുന്ന പഠനം മേൽപ്പറഞ്ഞ ആശയത്തിന്റെ പ്രതിഫലനമാണ്. "എഴുതപ്പെട്ടതോ കൈമാറ്റം ചെയ്യുന്നതോ ആയ ദൈവവചനത്തിലൂടെ (in verbo Dei svripto vel traditio) അറിയിക്കുന്ന





എല്ലാ കാര്യങ്ങളും ദൈവം വെളിപ്പെടുത്തിയതാണെന്ന് സഭ പ്രബോധനാധികാരമോ സാധാരണധികാരമോ ഉപയോഗിച്ച് പഠിപ്പിച്ചാൽ അവ ദൈവികവും കത്തോലിക്കാ വിശ്വാസവുമായി എല്ലാവരും വിശ്വസിക്കേണ്ടതാണ്."

വെളിപ്പെടുത്തപ്പെട്ട കാര്യങ്ങളെക്കുറിച്ച് എപ്രകാരം നമുക്ക് ഉറപ്പ് ലഭിക്കുന്നുവെന്ന കാര്യവും ഇക്കൂട്ടർ വിശകലനം ചെയ്യുന്നുണ്ട്. വിശ്വസിക്കുന്നത് യുക്തിസഹമാണ്. വെളിപ്പെടുത്തപ്പെട്ട വചനത്തിലെ എല്ലാ കാര്യങ്ങളും വ്യക്തമായി തെളിയിക്കാൻ സാധിക്കുന്നില്ലെങ്കിലും അത്ഭുതങ്ങളും പൂർത്തീകരിക്കപ്പെട്ട പ്രവചനങ്ങളും ഈ വിശ്വാസ്യതയുടെ അടയാളങ്ങളാണ്.

വെളിപാടിന്റെ ബാഹ്യ അടയാളങ്ങൾക്ക് ധാർമ്മിക ഉറപ്പ് (Moral certitude) മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. ഇതിന് ജ്ഞാനവും ബുദ്ധിയും ആവശ്യമാണ്. എന്നാൽ വലിയ വിദ്യാഭ്യാസമില്ലാത്ത വിശ്വാസിക്ക് ദൈവിക വെളിപാടുകളെക്കുറിച്ച് ഉറപ്പ് ലഭിക്കുന്നതെങ്ങനെയാണ് എന്ന പ്രശ്നത്തിൽ സ്കൊളാസ്റ്റിക് ദൈവശാസ്ത്രജ്ഞനായ തോമസ് അക്വിനാസിന്റെ പഠനങ്ങളെയാണാശ്രയിക്കുക. വിശ്വാസിയുടെ ആത്മാവിൽ ദൈവത്തിന്റെ കൃപ പ്രവർത്തിക്കുന്നു. ദൈവികതയിലേക്കുള്ള സ്വാഭാവികമായ ആകർഷണം മനുഷ്യന്റെ ഇച്ഛാശക്തിക്ക് ദൈവം നൽകിയിട്ടുണ്ട്. ഏതാണ് ദൈവം നൽകുന്ന വെളിപാടുകൾ എന്ന് തിരിച്ചറിയാൻ വേണ്ട വിശ്വാസ വെളിച്ചം നൽകുന്നത് ഈ ശക്തിയാണ്. ഈ വിശ്വാസവെളിച്ചം വെളിപാടല്ല.

വെളിപാടിനെ സജീവവും വസ്തുനിഷ്ഠവുമായിട്ടാണ് ഇവിടെ പരിഗണിക്കുന്നത്. വേദപുസ്തക കാലഘട്ടത്തിൽ വിശ്വാസനിക്ഷേപം (Deposit of faith) രൂപം കൊള്ളുന്ന സമഗ്രപ്രക്രിയയാണ് സജീവമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ വെളിപാട് നിക്ഷേപം അപ്പസ്തോലകാലഘട്ടത്തിനുശേഷം വിശ്വാസികൾക്കു കൈമാറുന്ന പ്രക്രിയയും വെളിപാടിന്റെ സജീവസ്വഭാവം പ്രകടിപ്പിക്കുന്നു. ബൈബിളിലും അപ്പസ്തോലിക പാരമ്പര്യത്തിലും അടങ്ങിയിരിക്കുന്ന സത്യങ്ങളാണ് വെളിപാടുകളെ വസ്തുനിഷ്ഠമാക്കുന്നത്. ഈ സത്യങ്ങൾ സഭയ്ക്ക് ഏൽപ്പിച്ചു തന്നിരിക്കുന്നു.

സഭയിലെ ഇടയന്മാർ ക്രിസ്തുവിന്റെ നാമത്തിൽ ആധികാരികമായി ഇവ പഠിപ്പിക്കുന്നു. ഇവരുടെ പഠനങ്ങളെ വിശ്വസിക്കാൻ വിശ്വാസിക്കു കടമയുണ്ട്. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു" (ലൂക്ക 10:10). വെളിപാടുകൾ തിരിച്ചറിയാനുള്ള മാനദണ്ഡം സഭയുടെ പ്രബോധനാധികാരമാണ്. വിശ്വാസസത്യമായി

സഭ പഠിപ്പിക്കുന്നത് പൂർണ്ണമായും ശരിയാണ്. അപ്പസ്തോലന്മാരെ ഉപേക്ഷിക്കില്ലെന്ന് വാക്കുകൊടുത്ത ക്രിസ്തുതന്നെയാണ് വിശ്വാ സസത്യങ്ങളിലൂടെ പഠിപ്പിക്കുന്നത്. സഭയുടെ വിശ്വാസ പ്രഖ്യാപ നങ്ങൾ (dogmas) ദൈവിക വെളിപാടുകളോട് സമാനമായി കാണുന്ന ഈ അഭിനവ സ്കൊളാസ്റ്റിക് സമീപനം തത്വപ്രധാന വെളിപാട് സങ്കല്പത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.

ബൈബിളിലും വിശുദ്ധ പാരമ്പര്യത്തിലും അടങ്ങിയിരിക്കുന്ന വിശ്വാസനിക്ഷേപമാണ് സഭ പ്രബോധനാധികാരമുപയോഗിച്ച് ആധികാരികമായി പഠിപ്പിക്കുന്നത്. അതുകൊണ്ട് അതിന്റെ സത്യ സന്ധതയെ പരിശോധിക്കേണ്ട ആവശ്യമില്ല. നിർവ്വചനങ്ങളായി സഭ നൽകുന്ന വെളിപാടുകളെ അതേപടി അംഗീകരിക്കുന്നതോ ടൊപ്പം വേദപുസ്തകത്തേയും ഇതേ കാഴ്പ്പാടിലൂടെയാണ് കാണു ന്നത്.

ബൈബിളിനെക്കുറിച്ചുള്ള വീക്ഷണം ഏറെക്കുറേ യാഥാസ്ഥി തിക എവഞ്ചേലിക്കൽ ദൈവശാസ്ത്രജ്ഞന്മാരുടേതാണ്. ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപനമാണ് ഇവർ ഇതിന് അടി സ്ഥാനമാക്കുന്നത്. പഴയനിയമത്തിലേയും പുതിയനിയമത്തിലേയും എല്ലാ പുസ്തകങ്ങളും അതിന്റെ എല്ലാ ഭാഗങ്ങളും വിശുദ്ധവും കാനോനികവുമാണ്. പരിശുദ്ധാത്മാവിന്റെ നിവേശനത്താൽ എഴു തപപ്പെട്ടതുകൊണ്ട് ദൈവമാണ് അതിന്റെ രചയിതാവ്. ദൈവത്തിന് തെറ്റില്ലാത്തതുകൊണ്ട് ദൈവം നിവേശിപ്പിച്ചെഴുതിയ വേദപുസ്ത കത്തിലും തെറ്റുകളില്ല. ഇത് അതേരീതിയിൽ സഭക്ക് ഏല്പിച്ചു തന്നിരിക്കുന്നു. ബൈബിൾ ദൈവത്തിന്റെ വെളിപാടാണ്. സഭ യോടും അതിന്റെ അംഗങ്ങളോടും ലിഖിതമായ വചനത്തിലൂടെ ദൈവം സംസാരിക്കുന്നു.

ബൈബിൾ സ്വയം വ്യാഖ്യാനിക്കുന്നു എന്ന ആശയത്തെ ഇവർ നിരാകരിക്കുന്നു. ബൈബിളും അപ്പസ്തോലിക പാരമ്പര്യവും ഒരു പോലെ പ്രാധാന്യമർഹിക്കുന്നു. ബൈബിൾ സത്യങ്ങളെ പൂർണ്ണ മാക്കുന്നതും വ്യക്തമാക്കുന്നതും പാരമ്പര്യമാണ്. ബൈബിൾ വ്യക്തമായി നിർവ്വചിക്കാത്ത സത്യങ്ങളെ പാരമ്പര്യത്തെയും വേദ പുസ്തകത്തെയും അടിസ്ഥാനമാക്കി വിശ്വാസസത്യമായി നിർവ ചിക്കാൻ സഭയുടെ പ്രബോധനാധികാരത്തിന് സാധിക്കുമെന്ന് ഇവർ സമർത്ഥിക്കുന്നു. ബൈബിളിലേയും സഭയുടെ വിശ്വാസ നിർവചനങ്ങളിലേയും വെളിപാടുകൾക്ക് ഊന്നൽ നൽകുന്ന തത്വ പ്രധാനമായ വെളിപാടു സങ്കൽപമാണ് അഭിനവ സ്കൊളിസ്റ്റിസി സത്തിൽ തെളിയുന്നത്.





## വീക്ഷണങ്ങളിലെ സമാനതകൾ

അതിസ്വാഭാവിക വെളിപാടുകൾ തത്വപ്രധാനമായ ഉള്ളടക്ക ത്തോടെ വാക്കുകളിൽ നൽകപ്പെട്ടിരിക്കുന്നു. ഇത്തരം വെളിപാട് രക്ഷയ്ക്ക് ആവശ്യമാണ്.കാരണം യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതി അറിയാനും ജീവിതത്തിന്റെ ആത്യ ന്തിക ലക്ഷ്യത്തെ സ്വീകരിക്കാനും മനുഷ്യനെ പ്രാപ്തനാക്കുന്നതും ഇത്തരം വെളിപാടുകളാണ്.

'വിശ്വാസ നിക്ഷേപം' ബൈബിളിലെ കാനോനിക ഗ്രന്ഥങ്ങ ളിൽ മാത്രമാണ് എന്ന പ്രൊട്ടസ്റ്റന്റ് വീക്ഷണത്തോടുകൂടി പാരമ്പ ര്യത്തെ ഈ വിശ്വാസനിക്ഷേപത്തിന്റെ ഉറവിടമായി കത്തോലിക്കാ ദൈവശാസ്ത്രജ്ഞർ പരിഗണിക്കുന്നു. സജീവമായ പാരമ്പര്യ ത്തിന്റെ സഹായത്തോടെ ബൈബിളിൽ വ്യക്തമായി നിർവ്വചി ക്കാത്ത രക്ഷാകരസത്യങ്ങളെ സഭയുടെ പ്രബോധനാധികാരമുപ യോഗിച്ച് വ്യാഖ്യാനിക്കാൻ അധികാരമുണ്ടെന്നും ഇവർ വിശ്വസി ക്കുന്നു.

വെളിപാടുകൾക്കുള്ള പ്രത്യുത്തരം രണ്ടു വീക്ഷണങ്ങളിലും വിശ്വാസമാണ്. ആധികാരിക ഉറവിടങ്ങളിലൂടെ വെളിപ്പെടുത്തുന്ന സത്യങ്ങളെ സ്വീകരിക്കുന്നതാണ് വിശ്വാസം. പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ് വിശ്വാസം. വിശ്വാസം അന്ധമെന്നതിനേക്കാൾ, ബാഹ്യമായ അടയാളത്തിൽ അധിഷ്ഠിതമായ ഒരു ബൗദ്ധിക പ്രവൃ ത്തിയാണ്.

## തത്വപ്രധാന സങ്കൽപത്തിന്റെ മേന്മകൾ

ബൈബിളിനെ അതിൽത്തന്നെ ദൈവത്തിന്റെ വെളിപാടുക ളായി കാണുന്ന തത്വപ്രധാന സങ്കൽപം വേദപുസ്തകാധിഷ്ഠിത മാണ്. ഈ ചിന്ത ബൈബിളിൽതന്നെയുണ്ട്. പഴയനിയമത്തിലെ നിയമവും പ്രവാചകന്മാരും ദൈവത്തിന്റെ വചനമായിട്ടാണ് പരിഗ ണിച്ചിരുന്നത്. പുതിയനിയമത്തിൽ ഉദ്ധരിക്കപ്പെടുന്ന പഴയനിയമ ഭാഗങ്ങൾ ദൈവത്തിന്റെ വചനം തന്നെയായിട്ടാണ് അവതരിപ്പി ക്കുന്നത്.

തത്വപ്രധാന സങ്കല്പത്തിന് സഭയുടെ പാരമ്പര്യത്തിലും വേരു കളുണ്ട്. സഭാപിതാക്കന്മാരും പ്രബോധകരും ബൈബിൾ ഉദ്ധരി ക്കുമ്പോൾ അവയെ ദൈവിക വെളിപാടുകൾ തന്നെയായിട്ടാണ് മനസ്സിലാക്കുന്നത്.

ദൈവശാസ്ത്ര നിയമങ്ങളുടെ സത്യസന്ധത വിവേചിച്ചറിയാൻ

തത്വപ്രധാന സങ്കല്പത്തിൽ എളുപ്പമാണ്. വേദപുസ്തകത്തിന് നിരക്കാത്തതും സഭയുടെ പ്രബോധനാധികാരത്തെ നിരാകരിക്കുന്നതും വ്യാജമാണെന്ന് തിരിച്ചറിയാൻ സഹായിക്കുന്നു.

ഈ വെളിപാട് സങ്കൽപം സഭയുടെ ഐക്യത്തിനും വളർച്ചയ്ക്കും സഹായകരമാണ്. അടിസ്ഥാനസത്യങ്ങളോടുള്ള വിധേയത്വം സഭാംഗങ്ങളുടെ തനിമ കണ്ടെത്തുവാൻ സഹായിക്കുന്നു. ഒരേ കാര്യത്തിൽ എല്ലാവരും ഒരുപോലെ വിശ്വസിക്കുമ്പോൾ ഐക്യം സുദൃഢമാകുന്നു. സഭയുടെ ശരിയായ പഠനങ്ങൾ സംരക്ഷിക്കുവാൻ ഇത് സഹായകരമാണ്. യഥാർത്ഥ വെളിപാടുകളിൽ നിന്നും വ്യതിചലിക്കുന്നവരെ എളുപ്പത്തിൽ തിരിച്ചറിഞ്ഞ് സഭയുടെ ഐക്യം നിലനിർത്താനും സഭയെ വളർത്താനും തത്വപ്രധാനമായ വെളിപാട് സമീപനത്തിൽ എളുപ്പമാണ്.

സഭയുടെ പ്രേഷിതദൗത്യത്തെ ഈ വീക്ഷണം സജീവമാക്കുന്നു. ക്രൈസ്തവികതയുടെ തനിമ കണ്ടെത്താനും പ്രഘോഷിക്കപ്പെടേണ്ട സത്യം ഏതെന്ന് നിസ്സംശയം മനസ്സിലാക്കുവാനും ഈ വെളിപാടു സങ്കൽപത്തിലൂടെ എളുപ്പം സാധിക്കും. ബൈബിളിന്റെയും സഭയുടെയും പഠനങ്ങളോട് നൂറുശതമാനം വിശ്വസ്തത പുലർത്തി പ്രേഷിത ദൗത്യം നിറവേറ്റാൻ ഈ സമീപനത്തിന് സാധിക്കുന്നു.

**അപര്യാപ്തതകൾ**

ധാരാളം മേന്മകൾ അവകാശപ്പെടാമെങ്കിലും അതുപോലെ തന്നെ പോരായ്മകളും തത്വപ്രധാന വെളിപാട് സങ്കൽപത്തിന്റെ ഭാഗമാണ്.

ബൈബിളിന്റെ എല്ലാ ഭാഗങ്ങളും അക്ഷരാർത്ഥത്തിൽ ദൈവത്തിന്റെ വെളിപാടുകൾ ഉൾക്കൊള്ളുന്ന പ്രസ്താവനകളായി പരിഗണിക്കുന്നത് ആധുനിക ബൈബിൾ പഠനങ്ങളുടെ പശ്ചാത്തലത്തിൽ സ്വീകാര്യമല്ല. ചരിത്രപരമെന്നു വിശേഷിപ്പിക്കുന്ന ഗ്രന്ഥങ്ങളിൽപ്പോലും മിത്തും ഭാവനയും എല്ലാം ഉൾച്ചേർന്നിട്ടുണ്ട് എന്നത് ഒരു സത്യമാണ്. ശാസ്ത്രീയവും ചരിത്രപരവുമായ അറിവുകൾക്ക് ബൈബിൾ ആധികാര ഉറവിടവുമല്ല എന്നതും അംഗീകരിക്കപ്പെടുന്ന കാര്യമാണ്. ഈ അർത്ഥത്തിൽ ബൈബിളിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും ഒരേപോലെയുള്ള വെളിപാട് പ്രസ്താവനകളായി അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.





പാരമ്പര്യത്തിന്റെയും പ്രബോധനാധികാരത്തിന്റേയും കാര്യത്തിലും ഒരു വിശാലവീക്ഷണം പ്രകടമാകേണ്ടിയിരിക്കുന്നു. മാർപാപ്പമാരുടെ പ്രബോധനങ്ങളും, കൗൺസിൽ രേഖകളും, ആഘോഷപൂർവ്വകമായ വിശ്വാസനിർവ്വചനങ്ങളും കാഘട്ടത്തിന്റെ പ്രത്യേകതകൾകൂടി ഉൾക്കൊള്ളുന്നുണ്ട്. വിശ്വാസ പ്രഖ്യാപനങ്ങളെ അംഗീകരിക്കുമ്പോൾതന്നെ അതിലെ വാക്കുകളെ വ്യാഖ്യാനിക്കാൻ കാലഘട്ടവും പരിഗണിക്കേണ്ടിയിരിക്കുന്നു. തത്വപ്രധാന വെളിപാട് സങ്കൽപത്തിന്റെ അപര്യാപ്തത ഇവിടെയാണ്. നിർവ്വചിക്കപ്പെട്ട സത്യങ്ങളെ വ്യഖ്യാനിക്കുന്നതിന് അവരുടെ കാഴ്ചപ്പാടിൽ പ്രസക്തിയില്ല.

അറിവിനെക്കുറിച്ചുള്ള ആധുനിക സിദ്ധാന്തങ്ങൾക്ക് എതിരായ നിലപാടാണ് തത്വപ്രധാന വെളിപാട് വീക്ഷണം വച്ചുപുലർത്തുന്നത്.

**ഡോ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ,**
*മതവും ചിന്തയും*, ജനുവരി - ഫെബ്രുവരി, 2004.

# 04

# ദൈവിക വെളിപാട് ഒരാന്തരികാനുഭവം

**ആമുഖം**

മനുഷ്യന്റെ മതാത്മക ജീവിതത്തേയും അനുഭവങ്ങളേയും മനസ്സിലാക്കാൻ സഹായിക്കുന്ന ലളിതമായ ഒരു അപഗ്രഥന പദ്ധതി Niniay Smart തന്റെ The Religious Experience of mankind എന്ന പുസ്തകത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. മതത്തിന് ആറ് മാനങ്ങൾ ഉണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. അനുഷ്ഠാനപരം, ഐതിഹാസികം (mythical), സൈദ്ധാന്തികം, സന്മാർഗികം, സാമുദായികം, അനുഭവപരം. ഈ ആറ് മാനങ്ങളിൽ വൈയക്തീകാനുഭവങ്ങളെ ഉപാധികളായി സ്വീകരിക്കുന്ന അനുഭവപരമായ സമീപനമാണ് മതത്തെയും മതാത്മകതയേയും മനസ്സിലാക്കാനുള്ള പരിശ്രമങ്ങളിലെ നിർണ്ണായക ഘടകം എന്നത്രേ അദ്ദേഹത്തിന്റെ വിലയിരുത്തൽ. എന്നാൽ മതാത്മകതയുടെ പ്രഭവകേന്ദ്രങ്ങളായ ദൈവികവെളിപാടുകളേയും (Revelation) വിശ്വാസികളുടെ പ്രത്യുത്തരങ്ങളേയും (Faith) അനുഭവപരമായ സമീപനങ്ങളിലൂടെ അപഗ്രഥിക്കാനാകുമോ എന്ന് അദ്ദേഹം ചോദിക്കുന്നുണ്ട്.





അതായത് മതത്തിന് ഒരു അനുഭവതലമുണ്ടെന്നതും, അത് താരതമ്യേന നിർണ്ണായകമായ ഒരു മാനമാണെന്നതും തത്ത്വത്തിലും പ്രയോഗത്തിലും സത്യമാണെന്നിരിക്കെത്തന്നെ, മതങ്ങൾക്ക് ജന്മം നൽകുകയും നിലനിർത്തുകയും വളർത്തുകയും ചെയ്യുന്ന ദൈവികവെളിപാടുകളെ മനുഷ്യന്റെ അനുഭവങ്ങളായി വ്യാഖ്യാനിക്കാമോ എന്ന്. 1969-ൽ Niniay Smart ഉന്നയിച്ച ഈ ചോദ്യം ഏതാണ്ട് ഒരു പതിറ്റാണ്ട് കഴിഞ്ഞപ്പോഴേക്കും മതവിജ്ഞാനിയത്തിന്റെ രീതിശാസ്ത്രത്തിലെ സങ്കീർണ്ണമായ ഒരു പ്രശ്നമായി വളർന്നു. ദൈവികവെളിപാടുകളായി വ്യാഖ്യാനിക്കപ്പെടുന്ന മനുഷ്യന്റെ അനുഭവങ്ങളെ (Human Experience) ആന്തരികാനുഭവങ്ങൾ (Inner Experience) എന്ന് ക്ലിപ്തപരിധിനൽകി അവതരിപ്പിച്ചതാണ് ആധുനിക മതവിജ്ഞാനീയത്തിൽ ദൈവാവിഷ്ക്കാര സംബന്ധമായ ചിന്തകളെ കൂടുതൽ സങ്കീർണ്ണമാക്കിയത്. ചോദ്യങ്ങൾക്ക് കൃത്യതയും ക്ലിപ്തതയും കൈവരുമ്പോൾ ഉത്തരങ്ങൾ നാവിനും മനസ്സിനും വഴങ്ങാത്തവിധം സങ്കീർണ്ണമാകുന്ന അനുഭവങ്ങൾ നമുക്ക് ധാരാളമുണ്ട്, ജീവിതത്തിലും, ചരിത്രത്തിലും. "എന്താണ് സത്യം?" "മനുഷ്യൻ ആരാണ്?" തുടങ്ങിയ ലളിതമായ ചോദ്യങ്ങൾക്കാണല്ലോ ഇനിയും കൃത്യമായ ഉത്തരങ്ങളില്ലാത്തത്. വിഷയത്തിന്റെ പരിധിയിലേക്ക് തിരിച്ചുവരിക; ദൈവിക വെളിപാടുകൾക്ക് ആന്തരികാനുഭവങ്ങളുടെ രീതിയുണ്ടോ? ഉണ്ടെങ്കിൽ അത്തരം വെളിപാടുകളുടെ രൂപമെന്ത്? അവയെ വിലയിരുത്താനുള്ള മാനദണ്ഡങ്ങളെന്ത്? ഇതുപോലുള്ള ഏതാനും ആമുഖപഠനങ്ങളാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യം.

### 1. ആന്തരികാനുഭവം, വെളിപാടിന്റെ ഒരു അനന്യരൂപം

ഒരു നിർവ്വചനത്തിന്റെ കൃത്യതയ്ക്ക് എളുപ്പം വഴങ്ങുന്ന ഒരു സങ്കീർണ്ണസംജ്ഞയാണ് 'ആന്തരികാനുഭവങ്ങൾ' എന്ന് അംഗീകരിക്കുമ്പോഴും, അവയെ 'അനിർവ്വചനീയം' എന്ന് പറഞ്ഞ് പൊതുവിൽ അവഗണിക്കാതെ, ഈശ്വരാന്വേഷികളായ മനുഷ്യരുടെ അത്തരം അനുഭവങ്ങളിലൂടെ അനാവൃതമാകുന്ന ദൈവിക സത്യങ്ങളെ ഗൗരവമായ പഠനത്തിനും പരിചിന്തനത്തിനും വിഷയമാക്കാൻ ഇരുപതാം നൂറ്റാണ്ടിലും ഒട്ടനവധി ദൈവശാസ്ത്രജ്ഞരും തത്ത്വശാസ്ത്രജ്ഞരും തയ്യാറായിട്ടുണ്ട്. പ്രൊട്ടസ്റ്റന്റ് ചിന്തകരായ Friedrich Schleiemacher, Albert Ritschl. Wilhelm Herrman, Auguste Sabatier, കത്തോലിക്കാ ദൈവശാസ്ത്രജ്ഞരായ George Tyrrel, Baron Friedrich Von Hugel, ആംഗ്ലിക്കൻ ചിന്തകരായ Evelyn Underhill, Dean W.R.Inge തത്ത്വചിന്തകരായ William Ernest Hock-

ing, John Hick, ബൈബിൾ പണ്ഡിതരായ H.Wheeler Robinson, C.H.Dodd എന്നിവർ ദൈവികവെളിപാടുകളോട് പുലർത്തിപ്പോരുന്ന അനുഭവപരമായ സമീപനത്തിൽ വ്യക്തിപരതയ്ക്ക് പ്രാമുഖ്യം നൽകുന്നവരാണ്.

എന്നാൽ ദൈവാന്വേഷണത്തിന്റെ വിശുദ്ധപടവുകൾ ഒന്നും കടന്നിട്ടില്ലാത്ത സാധാരണ വിശ്വാസികളുടേയും, ദൈവനിഷേധത്തിന്റെ എതിർവഴിയിലൂടെ നീങ്ങുന്ന നിരിശ്വരരുടേയും, സ്വന്തം തെറ്റുകളാലും അല്ലാതെയും അശരണരായിത്തീർന്ന അനേകകോടി പാവങ്ങളുടേയും ആന്തരികാനുഭവങ്ങളിൽ ദൈവികസത്യങ്ങളുടെ നിലാവെളിച്ചമുണ്ടോ എന്ന് അധികമാരും അന്വേഷിച്ച് കണ്ടിട്ടില്ല. അത്തരമൊരു വേറിട്ട ദൈവശാസ്ത്രാന്വേഷണത്തിന് മുതിർന്നവരായി ഈ ലേഖകന് പരിചയമുള്ളവരിൽ ചിലർ 'ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള' ചില എഴുത്തുകാരും, സ്വജീവിതം കൊണ്ടല്ലാതെ ഒരു ചെറുപ്രബന്ധം പോലും രചിച്ചിട്ടില്ലാത്ത ഏതാനും അജപാലകരും, മിഷനറിമാരും, കുടുംബിനികളും ഒക്കെയാണ്. ദൈവാനുഭവത്തിന്റെ ക്ഷേത്രഭൂമിക വ്യവസ്ഥാപിത മതവിജ്ഞാനീയത്തിന്റെ  അതിർത്തികൾക്കപ്പുറത്തുള്ള പുറമ്പോക്കുകളിലേക്കുകൂടെ വ്യാപിച്ച് കിടക്കുന്നുവെന്ന വാദം അന്വേഷണത്തിന്റെ രീതിശാസ്ത്രസംബന്ധമായ ഒരു പ്രശ്നം മാത്രമാണെന്ന് ഒരുപക്ഷേ നാം വിശദീകരിച്ച് തള്ളുമ്പോഴും, ഓരോ മനുഷ്യനോടും അവന്റെ/അവളുടെ സ്വജീവിതാനുഭവങ്ങളുടെ സംവാദത്തിലേർപ്പെടുന്ന ദൈവം, താൻ അനുസ്യൂതം തുടർന്നു കൊണ്ടിരിക്കുന്ന സ്വയം വെളിവാക്കലിന്റെ അനന്യമായ ഒരു രീതിയും രൂപവും ആവിഷ്ക്കരിച്ചെടുക്കുകയല്ലേ എന്ന് അത്ഭുതപ്പെടുകതന്നെ വേണം.

ദൈവാവിഷ്ക്കാരത്തിന് ഇങ്ങനെയും ഒരു രീതിയുള്ളതിനാൽ, മനുഷ്യർക്ക് തങ്ങളുടെ ആന്തരികാനുഭവങ്ങളിലൂടെ ദൈവസാന്നിദ്ധ്യമറിയാൻ കഴിയുന്നു. ദൈവികവെളിപാടിന്റെ ഈ സവിശേഷരീതിക്കും രൂപത്തിനും ബൗദ്ധിക ലോകത്തിലെ സങ്കേതങ്ങളോ, ബാഹ്യലോകത്തിലെ വസ്തുക്കളോ അനിവാര്യമല്ല. ചിലപ്പോൾ ദൈവം തന്റെ ഭക്തരിലുണർത്തുന്ന ധർമ്മനിഷ്ഠയിലൂടെ സ്വയം വെളിപ്പെടുത്തും. തികച്ചും ആന്തരികവും വ്യക്തിപരവുമായ ഒരു പ്രവൃത്തിയാണത്. മനുഷ്യാത്മാവിൽ ഇവ്വിധം ആന്തരികമായി നടക്കുന്ന ദൈവിക സ്വയം പ്രകാശനത്തെ തടസ്സപ്പെടുത്താതെ, ത്വരിതപ്പെടുത്താനും സ്ഥിരപ്പെടുത്താനുമുതകുമാറുള്ളൊരു മാനസിക ക്രമസംവിധാനം ഒരുക്കുകയെന്ന ബാഹ്യപ്രവൃത്തി മാത്രമേ മനുഷ്യൻ ചെയ്യേണ്ടതുള്ളൂ.





### 2. ഉള്ളിൽ നിറയുന്ന ദൈവസാന്നിദ്ധ്യം – വെളിപാടിന്റെ ഉള്ളടക്കം

മതവിജ്ഞാനീയത്തിലെ അഭേദ്യമാംവിധം ബന്ധപ്പെട്ട് കിടക്കുന്ന രണ്ട് ആശയങ്ങളാണ് മതം, വെളിപാട് എന്നിവ. ആയതിനാൽ വെളിപാടിനെക്കുറിച്ചുള്ള വ്യത്യസ്ത വീക്ഷണങ്ങളെല്ലാം നിലനിൽക്കുന്ന മതയാഥാർത്ഥ്യങ്ങളുമായി ചേർത്തിണക്കി കൊണ്ടുപോകേണ്ടത് കുറഞ്ഞപക്ഷം ആശയപരമായ ഒരു ആവശ്യം തന്നെയാണ്. "ബാഹ്യമായ ക്രിയാത്മക പ്രവർത്തനങ്ങളിൽ സദാനിരതമായിരിക്കുന്ന മതമെന്ന യാഥാർത്ഥ്യത്തിന്റെ നിഷ്ക്രിയ തത്ത്വമാണ് വെളിപാടുകൾ" എന്ന അനുഭവപരമായ സമീപനത്തിന്റെ മുഖ്യപ്രചാരകരിൽ ഒരാളായ Tyrrellന്റെ വിശദീകരണം ഇവിടെ പ്രസ്താവാർഹമാണ്. ശ്രദ്ധേയമായ മറ്റൊരു വസ്തുത, വ്യക്തികൾക്ക് ലഭിക്കുന്ന സവിശേഷമായ വെളിപാടുകൾ (Special Revelations) സാവധാനം മുഴുവൻ സമൂഹത്തിന്റേയും മതാവബോധത്തിന്റെ മുഖ്യധാരയിലേക്ക് സംക്രമിച്ച്  കയറുന്നുവെന്നതാണ്. അങ്ങനെ നോക്കുമ്പോൾ മതവിജ്ഞാനീയം അവതരിപ്പിക്കുന്ന വെളിപാടുകളുടെ സാരസംഗ്രഹത്തിന് വൈയക്തിക ജീവിതാനുഭവപാഠങ്ങളുമായി നേർക്കുനേർ ബന്ധമുണ്ടെന്ന് മനസ്സിലാവുന്നു. കൂടാതെ, അനുഭവങ്ങളെല്ലാം 'ഇന്ന്' 'ഇപ്പോൾ' 'ഇവിടെ' എന്നീ ഭേദക അഭിലക്ഷങ്ങളുള്ള വൈക്തിക സംഭവങ്ങളാകയാൽ. ദൈവാവിഷ്ക്കാരപഠനങ്ങളിൽ സാധാരണമായികാണുന്ന, പൊതുവെളിപാടുകൾ, സവിശേഷവെളിപാടുകൾ എന്ന വിഭജനം അനുഭവപരമായ സമീപനത്തെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ ഒരു ഭേദചിന്തയാണ്.

വെളിപാടുകളുടെ ഉള്ളടക്കം വെളിപ്പെടുത്തുന്ന ദൈവം തന്നെയാണ്. സാധാരണയായി മനുഷ്യർ ചിന്തിക്കുന്നതുപോലെ ലോകത്തിന്റെ അന്ത്യമോ, വ്യക്തികളുടെ ചരിത്രമോ, ബൗദ്ധികസമസ്യകളുടെ ഉത്തരമോ ഒന്നുമല്ല വെളിപാടുകളുടെ ഉള്ളടക്കം. ആന്തരികാനുഭവങ്ങളായിഭവിക്കുന്ന വെളിപാടുകളുടെ ഉള്ളടക്കം ദൈവമാണ്, ദൈവം മാത്രമാണ്. എന്നാൽ ദൈവത്തെക്കുറിച്ചുള്ള കേവലജ്ഞാനം ജീവിതത്തിന്റെ എല്ലാ മേഖലകളേയും പ്രകാശിതമാക്കുമെന്നത് സത്യമാണ്. കാൾറാണറുടെ അഭിപ്രായത്തിൽ, ആന്തരികാനുഭവങ്ങളിൽ നടക്കുന്ന ദൈവത്തിന്റെ ആത്മ – സംവേദനം ഫലത്തിൽ മനുഷ്യനെ ദൈവീകരിക്കുന്ന ഒരു കൃപാവരമത്രേ. ഇത്തരം അനുഭവങ്ങൾ മനുഷ്യനെ മാറ്റിമറിക്കുന്നു.

വെളിപ്പെടുത്തുന്നത് ദൈവമാണെങ്കിൽ, ദൈവം മാത്രമാണെങ്കിൽ, "വെളിപ്പെടുത്തപ്പെട്ട തത്ത്വങ്ങൾ" എന്നൊന്ന് ഉണ്ടോ എന്ന ചോദ്യം ഇവിടെ പ്രസക്തമാകുന്നു. ഈ പ്രശ്നത്തെ വിശദീകരി

ക്കാൻ മതജീവിതത്തിൽ വിശ്വാസവും (Faith) ധാരണയും (Belief) തമ്മിലുള്ള അന്തരം വ്യക്തമായി മനസ്സിലാക്കണം എന്ന് Schleiermacher അഭിപ്രായപ്പെടുന്നുണ്ട്. വിശ്വാസം എന്നത് വെളിപാടുകളെ സ്വീകരിക്കുന്ന മനുഷ്യന്റെ പ്രതികരണമാണ്. ധാരണയാകട്ടെ മറ്റൊരാൾക്കുള്ള അനുഭവങ്ങളെയും ബോധ്യങ്ങളെയും സ്വന്തജീവിതത്തിൽ അനുഭവിക്കാനും ബോധ്യപ്പെടാനും ശ്രമിക്കുന്ന ഒരു ദ്വിതീയ പ്രതികരണമാണ് (Secondary Response). ധാരണകളുടെ സങ്കലനംവഴി സംലബ്ദമാകുന്ന തത്ത്വങ്ങൾ, അവയുടെ ആധാരമെന്ന നിലക്ക് ധാരണകളുടെ വിദൂരസ്രോതസ്സായ വെളിപാടുകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെങ്കിലും, "വെളിപ്പെടുത്തപ്പെട്ടവ"എന്ന വിശേഷണത്തിന് അർഹമല്ല. ആധുനിക മതജീവിതം നേരിടുന്ന പ്രതിസന്ധി വിശ്വാസത്തിന്റെ അഭാവമാണ്. മതതത്ത്വങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുള്ളവർ അനേകരാണ്. വിശ്വാസത്തിന്റെ ആഴമുള്ളവരുടെ എണ്ണം തുലോം തുച്ഛവും. വെളിപ്പെടുത്തുന്ന ദൈവത്തിലുള്ള വ്യക്തിപരമായ വിശ്വാസത്തിന് ആനുപാതികമല്ലാത്ത മതവിജ്ഞാനവിപ്ലവം അപകടകരമായ ആത്മീയ അരാജകത്വത്തിലേക്കും അപഹാസ്യമായ വ്യക്തിത്വവൈകല്യങ്ങളിലേക്കുമായിരിക്കും മതാനുയായികളെ നയിക്കുക. ധാരണകളുടെ സമ്പാദകർ എന്നതിനേക്കാൾ വെളിപാടുകളുടെ വാഹകരായിരിക്കണം മതാനുയായികൾ.

### 3. രൂപാന്തരപ്പെടുത്തുന്ന അനുഭവം വെളിപാടിന്റെ മാനദണ്ഡം

പിഴവുകളും പാളിച്ചകളുമുള്ള മനുഷ്യരുടെ ഇനിയും പൂർണ്ണമാകാത്ത ചിന്തകളിലൂടെയും, വികാരങ്ങളിലൂടെയും, വാക്കുകളിലൂടെയും, പ്രവൃത്തികളിലൂടെയും നിത്യനായദൈവം പൂർണ്ണമായ ദൈവികസത്യങ്ങളെ ചാലനം ചെയ്ത് വെളിവാക്കുന്നുവെന്നത് ഒരു മഹാരഹസ്യംതന്നെയാണ്. വ്യക്തികളുടെ ആന്തരികാനുഭവങ്ങളിലൂടെ നൽകപ്പെടുന്നതിനാൽ, വെളിപാടുകൾക്ക് ചരിത്രത്തിൽ ഒരു സാന്തത്യസ്വഭാവം കൈവരുന്നു. ദൈവാവിഷ്ക്കാരത്തിന്റെ ക്രമികതസ്വഭാവത്തിന് ഉത്തമോദാഹരണമാണ് യേശുവെന്ന വ്യക്തിയുടെ പ്രബോധനങ്ങളിലൂടെയും ജീവിതത്തിലൂടെയും പൂർത്തിയാവുന്ന ബൈബിളിലെ ദൈവികവെളിപാട്. ഇതുപോലെ ഓരോ മനുഷ്യന്റെയും വൈയക്തിക ജീവിതത്തിൽ ക്രമിക പ്രാരംഭ, പരിണാമ, പൂർത്തീകരണ നിമിഷങ്ങളിലൂടെ നടക്കുന്ന ദൈവിക വെളിപാടിനെ തിരിച്ചറിയാനും സ്ഥിരീകരിക്കാനുമുള്ള മാനദണ്ഡങ്ങളേത് എന്ന ചോദ്യമാണ് അനുഭവപരമായ സമീപനത്തിൽ ഏറ്റവും നിർണ്ണായകമായിട്ടുള്ളത്.





ആന്തരികാനുഭവത്തിന്റെ വ്യാപകവൈശിഷ്ട്യമാണ് ഏറ്റവും പ്രധാനപ്പെട്ട മാനദണ്ഡം. അനുഭവത്തിന്റെ ഗുണനിലവാരത്തെ സംബന്ധിക്കുന്ന ഈ മാനദണ്ഡം നിർദ്ദേശിച്ചത് പൊട്ടസ്റ്റന്റ് ചിന്തകനായ Sabatier ആണ്. എല്ലാ ആന്തരികാനുഭവങ്ങളും അവ അനുഭവിക്കുന്ന വ്യക്തിയുടെ ആത്മാവിനെ ഉദ്ധരിച്ച് പരിപോഷിപ്പിക്കുന്നവയാവണം. കൂടാതെ, അവ അമൂർത്തമായ ആശയങ്ങളായി തുടരാതെ, വ്യക്തിയുടെ ജീവിതത്തിലും ബോധമണ്ഡലത്തിലും ആവർത്തിച്ചനുഭവവേദ്യമാകുന്ന യഥാർത്ഥവെളിപാടുകളാവണം. ആന്തരികാനുഭവം ഉൾപേറുന്ന വ്യക്തിയുടെ ജീവിതത്തെ മുൻനിർത്തിപ്പറയുമ്പോൾ, അനുഭവത്തിന്റെ വൈശിഷ്ട്യമറിയുന്നത് ജീവിതത്തിൽനിന്നാണ്, ആ ജീവിതം പുറപ്പെടുവിക്കുന്ന ആത്മീയ ഫലങ്ങളിൽനിന്നാണ്.

വെളിപാടിന്റെ സന്ദേശം അത് സ്വീകരിക്കുന്നയാളിന്റെ ആത്മാവിൽ ഏതുവിധമാണ് പ്രതികരണങ്ങൾ ഉണ്ടാക്കുന്നത് എന്ന് പരിശോധിച്ചിട്ടാണ് Dean Inge, C.H.Dodd തുടങ്ങിയവർ ആന്തരികാനുഭവങ്ങളുടെ സാധുതയും സത്യവും നിർണ്ണയിക്കുന്നത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ, ആന്തരികാനുഭവങ്ങളിൽ വ്യക്തിയുടെ പ്രതികരണത്തിന്റെ ഹേതുകസ്രോതസ്സ് ഏതെന്ന് കൃത്യമായി നിർണ്ണയിക്കാൻ കഴിഞ്ഞാൽ അനുഭവത്തിന്റെ സ്വഭാവം വ്യക്തമാകും എന്ന്. യഥാർത്ഥമായ വെളിപാടുകൾക്കുള്ള സത്യസന്ധമായ പ്രത്യുത്തരത്തിന്റെ ഹേതുകസ്രോതസ്സ് ആന്തരികാനുഭവത്തിൽ തന്നെ അന്തർഭവിച്ചിരിക്കുന്ന ദൈവസാന്നിദ്ധ്യവും ദൈവിക ജീവനുമാണ്. അങ്ങനെ നോക്കുമ്പോൾ, ആന്തരികാനുഭവത്തിന്റെ ആധികാരികത അളക്കാനുള്ള മാനദണ്ഡം അനുഭവിക്കുന്ന വ്യക്തിയിൽ തന്നെയുണ്ട്.

### ഉപസംഹാരം

വെളിപാടുകളോടുള്ള അനുഭവപരമായ സമീപനം കത്തോലിക്കസഭയുടെ ദൈവശാസ്ത്ര പരിചിന്തനങ്ങളിൽ പ്രത്യേകിച്ചും, തത്ത്വശാസ്ത്ര - മനഃശാസ്ത്ര അന്വേഷണങ്ങളിൽ പൊതുവിലും, ഒട്ടേറെ ചർച്ചകൾക്കും വിലയിരുത്തലുകൾക്കും വിധേയമായിട്ടുണ്ട്. അറിവിന്റെ സാധ്യതകളേയും അതിരുകളേയുംകുറിച്ചുള്ള കാന്റിയൻ നിരൂപണങ്ങളോടുള്ള ഒരു ഭാവാത്മക പ്രതികരണമായി ക്രൈസ്തവ ദാർശനികലോകം ഈ സമീപനത്തെ സ്വീകരിക്കുമ്പോൾ, ദൈവാവിഷ്ക്കാരത്തിന്റെ മുഴുവൻ മാനങ്ങളും മനസ്സിലാക്കാൻ ഈ സമീപനം അപര്യാപ്തമാണെന്ന് ഭൂരിപക്ഷം ദൈവശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നു. ഭക്തിപ്രധാനമായ ക്രിസ്തീയ ജീവിതശൈ

ലിക്ക് ഈ സമീപനം വഴിതെളിച്ചു എന്ന് സന്തോഷിക്കുമ്പോഴും, ദൈവികവെളിപാടുകളെ ഭക്തരുടെ ആന്തരികാനുഭവങ്ങളുടെ അച്ചിൽ ഒതുക്കാൻ ശ്രമിക്കുന്നത് അടിസ്ഥാന ദൈവ ശാസ്ത്ര തത്ത്വങ്ങൾക്കുനിരക്കാത്തതാണെന്ന് മറന്നുകൂടാ. ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ, അനുഭവങ്ങളെ ആന്തരികാനുഭവങ്ങൾ എന്ന് ക്ലിപ്തപ്പെടുത്തിയത് വഴി അന്വേഷണ വിഷയമായ സാർവ്വത്രിക ദൈവികത സത്യങ്ങൾക്ക് ആനുപാതികമല്ലാത്ത ഒരു കേവല മാനുഷിക സങ്കേതമായി അവ മാറിപ്പോയി എന്നത് രീതിശാസ്ത്രപരമായ ഒരു വലിയ പാളിച്ചയാണ്. 'ആന്തരികാനുഭവങ്ങൾ' എന്ന സങ്കേതത്തിന്റെ സമഗ്രതയിലുള്ള കുറവ് സ്വീകരിക്കപ്പെടുന്ന ദൈവികവെളിപാടിന്റെ സമ്പൂർണ്ണതയെ ബാധിക്കും. ഇവ്വിധത്തിൽ ഉപയോഗിക്കപ്പെടുന്ന സങ്കേതത്തിന്റെ സമഗ്രത ചോദ്യം ചെയ്യപ്പെടാവുന്നതാണെങ്കിലും ഇത്തരത്തിലുള്ളൊരു സമീപനത്തിന്റെ സാധുതയും സാംഗത്യവും അനന്യതയും വിമർശനങ്ങൾക്കതീതമാണ്.

**ഫാ. മാർട്ടിൻ കല്ലുങ്കൽ,**
*മതവും ചിന്തയും*, ജനുവരി - ഫെബ്രുവരി, 2004.



# 05

# ദൈവിക വെളിപാടിന്റെ ചരിത്രമാനങ്ങൾ

മനുഷ്യ ജീവിതത്തെക്കുറിച്ചുള്ള ആത്യന്തിക ചോദ്യങ്ങൾക്ക് സൃഷ്ടാവിനു മാത്രമേ ഉത്തരം നൽകാനാവുകയുള്ളൂ. ജീവന്റെ ഉത്ഭവം. ഉദ്ദേശ്യം, ലക്ഷ്യം എന്നീ രഹസ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം ദൈവത്തിൽനിന്നുള്ള വെളിപാടിൽനിന്നു മാത്രമേ ലഭിക്കുകയുള്ളൂ. ദൈവത്തിന്റെ വിജ്ഞാനം മനുഷ്യാസ്തിത്വ ത്തിന്റെ സാഹചര്യങ്ങളോടും പരിമിതികളോടും ഇഴചേർന്ന് വിശുദ്ധഗ്രന്ഥത്തിൽ നമുക്ക് കണ്ടെത്താനാവും.

അനന്തനും അഗ്രാഹ്യനുമായ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനെ നാം ദൈവാവിഷ്കരണമെന്ന് പറയുന്നു. ഈ ദൈവാവിഷ്കരണംവഴി അദൃശ്യനായ ദൈവം അവിടുത്തെ സ്നേഹത്തിന്റെ പാരമ്യത്തിൽനിന്നു മനുഷ്യരോട് സ്നേഹിതരോടെന്നപോലെ സംസാരിക്കുകയും, അവരുടെ മധ്യേ വസിക്കുകയും ചെയ്യുന്നു. തന്റെ സഹവർത്തിത്വത്തി

ലേക്ക് മനുഷ്യരെ ക്ഷണിക്കുകയും കൊണ്ടുവരികയു മാണ് ഇതിൽ ദൈവത്തിന്റെ ഉദ്ദേശ്യം. ദൈവാവിഷ്ക രണം ഉൾക്കൊള്ളുന്ന പദ്ധതിയും ഇതുതന്നെ. ഈ പദ്ധതിയുടെ പൂർത്തീകരണം സാധിക്കുന്നത് പരസ്പരം ആന്തരികമായി ബന്ധിതങ്ങളായ പ്രവൃത്തികളും വാക്കു കളും വഴിയാണെന്ന് സഭ പഠിപ്പിക്കുന്നു. വാക്കുകൾ കാണിക്കുന്ന തത്വങ്ങളേയും യാഥാർത്ഥ്യങ്ങളേയും രക്ഷയുടെ ചരിത്രത്തിൽ ദൈവം ചെയ്ത പ്രവൃത്തികൾ പ്രകാശിപ്പിച്ചുറപ്പിക്കുന്നു. അതേ സമയം ഈ വാക്കുകൾ പ്രവൃത്തികളെ വ്യാഖ്യാനിക്കുകയും അവ യിൽ ഉൾക്കൊണ്ടിരിക്കുന്ന രഹസ്യം വിശദീകരിക്കുകയും ചെയ്യുന്നു.

പരമ്പരാഗത ദൈവശാസ്ത്ര വീക്ഷണത്തിൽ ദൈവാവിഷ്ക രണമെന്നാൽ ഏതാനും ദൈവനിവേശിത സത്യങ്ങളും തത്വങ്ങ ളുമാണ്. അത്യന്താധുനിക ദൈവശാസ്ത്രജ്ഞരിൽ പലരും യോജിക്കുന്ന ഒരു വസ്തുതയുണ്ട്. അവരുടെ വീക്ഷണത്തിൽ ദൈവാവിഷ്കരണത്തിന്റെ രീതി വി.ഗ്രന്ഥത്തിലെ പ്രവാചക ന്മാർക്കും അപ്പസ്തോലന്മാർക്കും തത്വങ്ങളോ സത്യങ്ങളോ പറഞ്ഞു കൊടുക്കലല്ല; മറിച്ച് ദൈവാവിഷ്കരണത്തിന്റെ ദിവ്യമായ രീതി പ്രകൃതിയിലും, ചരിത്രത്തിലും, മനുഷ്യഹൃദയത്തിലും, എല്ലാറ്റിനുമുപരി യേശുക്രിസ്തുവിലുമുള്ള ദൈവത്തിന്റെ ശക്തമായ പ്രവർത്തനങ്ങളാണ്.

ദൈവശാസ്ത്രജ്ഞനായ ജോൺ ബെയ്‌ലിയുടെ വീക്ഷണ ത്തിൽ 'ദൈവാവിഷ്കരണത്തെക്കുറിച്ച് അടുത്തകാലത്ത് നടന്ന ചർച്ചകളിൽ ഐക്യത്തിലെത്തിച്ചേർന്ന ഘടകങ്ങളിൽ ഒന്ന് ദൈവം സ്വയം വെളിപ്പെടുത്തുന്നത് പ്രവൃത്തികളിലൂടെയാണ് എന്നതാണ്. തന്റെ ഉദാരമായ പ്രവർത്തനങ്ങൾ മനുഷ്യാസ്ഥിത്വത്തിന്റെയും ചരിത്രത്തിന്റെയും മേഖലകളിലേയ്ക്ക് അവിടുന്ന് കടന്നു വന്ന് അവർക്ക് അർത്ഥം നൽകുന്നു. അതിനാൽ വി.ഗ്രന്ഥം ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ ചരിത്രം രേഖപ്പെടുത്തിയതാകുന്നു. വി.ഗ്രന്ഥത്തിൽ ദൈവികവെളിപാടിന്റെ ഈ ചരിത്രമാനങ്ങൾ കണ്ടെത്താനുള്ള പരിശ്രമമാണ് ഈ ലേഖനം.

## ചരിത്രവും വെളിപാടും

സൃഷ്ടിയിലൂടെ വെളിപ്പെടുത്തിയ ദൈവം എന്നും വാക്കിലൂടെ വെളിപ്പെടുത്തിയ ദൈവം എന്നുമുള്ള ആശയം ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ ഉയർന്നുവന്ന ദൈവശാസ്ത്ര ചിന്താശാഖ ശക്തമായി എതിർത്തു. അതിന്റെ പ്രണേതാക്കളുടെ വീക്ഷ





ണത്തിൽ മനുഷ്യചരിത്രത്തിന്റെ വ്യത്യസ്ത മേഖലയിൽ ഇടപെടുന്നവനാണ് ദൈവം. തുടർച്ചയായ സംഭവങ്ങളിലൂടെ ദൈവം നേരിട്ട് ഇടപെട്ട് സ്വയം വെളിപ്പെടുത്തുന്നു. അതിനാൽ വെളിപാട് എന്നത് മനുഷ്യചരിത്രത്തിലെ ദൈവത്തിന്റെ പ്രവൃത്തിയാണ്. ജി.ഇ.റൈറ്റ് പ്രസ്താവിക്കുന്നു. വി.ഗ്രന്ഥം പ്രാഥമികമായി ദൈവത്തിന്റെ വാക്കല്ല. ദൈവത്തിന്റെ പ്രവൃത്തി യുടെ വിവരണമാണ്.

പഴയ - പുതിയ നിയമങ്ങളിലെ ദൈവം മനുഷ്യ ചരിത്ര മേഖലയിലേയ്ക്ക് കടന്നുവന്നവനാണ്. അവിടെ നിർവ്വഹിച്ച വലിയ പ്രവൃത്തികളിലൂടെ അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തി. പഴയനിയമം തന്റെ ജനത്തിനുവേണ്ടി ദൈവം ചെയ്ത അത്ഭുതകരമായ പ്രവർത്തനങ്ങൾ വിവരിക്കുന്നു. പ്രവാചകന്മാർ ഈ പ്രവൃത്തികൾ പലപ്പോഴും പരാമർശിക്കുന്നുണ്ട്. സങ്കീർത്തന ങ്ങൾ അവയെ പ്രകീർത്തിക്കുന്നു. ആരാധനക്രമത്തിലെ തിരു നാളുകൾ അവയെ അനുസ്മരിക്കുന്നു. പുതിയനിയമം യേശു ക്രിസ്തുവിലൂടെ ആഗതമായ സദ്‌വാർത്തയാണ്. അതിനാൽ വെളിപാടിന്റെ ചരിത്രസ്വഭാവം നമുക്ക് നിരസിക്കാനാവില്ല. കത്തോ ലിക്കാ ദൈവാശാസ്ത്രവും ഇത് തറപ്പിച്ചു പറയുന്നുണ്ട്. ഇവിടെ നമ്മുടെ മനസ്സിൽ ഉയർന്നുവരുന്ന രണ്ട് ചോദ്യങ്ങൾ ഉണ്ട്. വെളി പാടും ചരിത്രവും തമ്മിലുള്ള ബന്ധമെന്താണ്? ചരിത്രവും വിശ്വാസ സത്യങ്ങളും തമ്മിൽ എന്തെങ്കിലും വിരോധഭാവം ഉണ്ടോ?

## ചരിത്രം വെളിപാടിനുള്ള ചട്ടക്കൂട്

സമയത്തെക്കുറിച്ചുള്ള ചക്രേയ (cyclic) സങ്കല്പത്തിൽനിന്ന് രേഖീയ (linear) സങ്കല്പത്തിലേക്ക് മാറുന്നതിൽ യഹൂദരാണ് പ്രധാന പങ്ക് വഹിച്ചത്. ചരിത്രത്തെ ദൈവത്തിന്റെ വെളിപാടായി ആദ്യം വീക്ഷിച്ചതും അവരാണ്. ഇസ്രായേലിലാണ് വെളിപാടും ചരിത്രവും തമ്മിലുള്ള സമാഗമം ആദ്യമായി നാം കാണുന്നത്. ഭൂത - വർത്തമാന ഭാവികാലങ്ങളെ ഉൾക്കൊണ്ട് തുടർച്ചയായും ക്രമാനുക്രമവുമായുള്ള ബാഹ്യസംഭവങ്ങൾ ഇസ്രായേലിനു പുറമേ മറ്റൊരിടത്തും ഇല്ല. എല്ലാ സംഭവങ്ങളും ഒരു പ്രത്യേക മാർഗ്ഗദർശനമനുസരിച്ചും. ഒരു ലക്ഷ്യത്തിലൂന്നിക്കൊണ്ടുമാണ് സംഭവിക്കുന്നത്.

ഇന്ത്യ, ചൈന, പേർഷ്യ തുടങ്ങിയ രാജ്യങ്ങളിലെ മതങ്ങൾ ചരിത്രത്തെ എന്നതിനേക്കാൾ വിജ്ഞാനത്തെ കേന്ദ്രീകരിച്ചുള്ള വയാണ്. ഇന്ത്യൻ സമയം ചക്രേയമാണ്. ഈ സമയ സങ്കല്പത്തിൽ മൂന്നു തലങ്ങൾ ഉണ്ട്.

1. വ്യക്തിയുടെ സമയം: നിരന്തരം ഒഴുകുന്ന കൃത്രിമ നിമിഷങ്ങളാണത്.
2. പ്രപഞ്ച സംബന്ധിയായ സമയം: ഒരു പോലുള്ള താളത്തിൽ എന്നേക്കുമുള്ള ആവർത്തനം: സൃഷ്ടി, സംഹാരം, പുനർജ്ജന്മം ഇവ ആവർത്തിക്കപ്പെടുന്നു.
3. സമയത്തിനതീതമായ ശാശ്വതകാലം: ഇതിൽ പ്രധാനപ്പെട്ടത് മനുഷ്യൻ പ്രപഞ്ചസമയത്തെ അതിജീവിക്കണം. അതിൽ നിന്ന് മോചിതനാകണം. അനന്തതയുമായി തുലനം ചെയ്യുമ്പോൾ സമയത്തിനു വിലയില്ല. സ്വതന്ത്രമാകേണ്ടതും തരണം ചെയ്യപ്പെടേണ്ടതുമായ ഒരു പ്രതിബന്ധമായാണ് സമയത്തെ കാണുന്നത്. അതിനൊരു കേന്ദ്രബിന്ദുവില്ല. ഈ ലോകസമയം വ്യർത്ഥവുമാണ്.

സമയത്തെക്കുറിച്ചുള്ള ചക്രേയ സങ്കല്പത്തിൽ കുരുങ്ങിക്കിടന്ന പ്രാചീനലോകത്തെ മോചിപ്പിച്ച് രേഖീയ സങ്കൽപത്തിലേക്കു കൊണ്ടുവന്നപ്പോൾ സമയത്തിനു കൂടുതൽ അർത്ഥമുണ്ടായി. അതിനൊരു തുടക്കവും അന്ത്യവുമായി. രക്ഷതന്നെ പൂർത്തിയാക്കപ്പെടുന്നത് കാലികചരിത്രത്തിലാണ്. ദൈവിക പദ്ധതിയനുസരിച്ച് അനാവരണം ചെയ്യപ്പെടുന്ന ക്രമാനുക്രമ സംഭവങ്ങളോട് അഭേദ്യമായി ബന്ധപ്പെട്ടതാണ് ചരിത്രം. ക്രിസ്തുവിന്റെ മരണവും ഉത്ഥാനവും എന്ന അതുല്യസത്യത്തിലേക്കാണ് അതുനയിക്കപ്പെടുന്നത്.

ഇസ്രായേൽക്കാർക്ക് ജീവൻ രൂപപ്പെടുന്നത് ഈ ലോകത്തിന്റെ പശ്ചാത്തലത്തിലാണ്. അതിന്റെ ശ്രദ്ധാകേന്ദ്രം ചരിത്രമാണ്. സമയത്തെക്കുറിച്ചുള്ള രേഖീയ സങ്കൽപത്തിൽ വാഗ്ദാനവും പൂർത്തീകരണവുമാണ് അതിന്റെ മൂന്നുമാനങ്ങൾക്ക് ചലനാത്മകത നൽകുന്നത്. വർത്തമാനം ഭാവിയുടെ മുന്നോടിയും, അതു ഭൂതകാലത്തിൽ പ്രഖ്യാപിക്കപ്പെട്ടതും വാഗ്ദാനം ചെയ്യപ്പെട്ടതുമാണ്.

സമയത്തെക്കുറിച്ചുള്ള ചക്രേയസങ്കൽപത്തെ മാറ്റിയെഴുതുവാൻ ഇസ്രായേലിന് സാധിച്ചത് അവർ ദൈവത്തെ ചരിത്രത്തിൽ തിരിച്ചറിഞ്ഞതുകൊണ്ടാണ്. ദൈവം തങ്ങളുടെ ചരിത്രത്തിൽ ഇടപെട്ടു എന്ന് അവർ വിശ്വസിക്കുന്നു. ഈ സമാഗമം നടന്നത് ദൈവം തന്നെ തെരഞ്ഞെടുത്ത ഒരു ദിവസമാണ്. അത് അവരുടെ നിലനിൽപുതന്നെ കീഴ്മേൽ മറിച്ചു. ദൈവം പ്രകൃതിയിൽ ലയിച്ചില്ല.





അവിടുന്നു പരമസ്വാതന്ത്ര്യത്തോടെ ജീവിക്കുന്ന വ്യക്തിയായി നിലകൊണ്ടു. ഈ സ്വതന്ത്ര്യം എവിടെ പ്രകടിപ്പിക്കാനാവുന്നുവോ അവിടെയാണ് തന്നെത്തന്നെ അവിടുന്ന് വെളിപ്പെടുത്തുന്നത്. അതായത് ചരിത്രത്തിലെ സംഭവങ്ങളിലൂടെ യാണ് അവിടുന്ന് വെളിപ്പെടുത്തുന്നത്.

പഴയനിയമ വെളിപ്പെടുത്തലുകൾ ഏതെങ്കിലും സാങ്കൽപിക സമയത്തല്ല സംഭവിച്ചത്. സമയത്തിനതീതമായ 'ആദിയിൽ' അല്ല, ചരിത്രത്തിലെ അനുസ്യൂതത്വത്തിന്റെ ചട്ടക്കൂട്ടിലാണത് ഉണ്ടായത്. മോശ നിയമം സ്വീകരിച്ചത് ഒരു പ്രത്യേക സ്ഥലത്തുവച്ചും നിശ്ചിത ദിവസവുമാണ്. അത് ഇനി മാറ്റാനാവാത്ത ഒരു സംഭവമാണ്. ദൈവത്തിന്റെ മറ്റുവെളിപ്പെടുത്തലുകൾപോലെ അതും ഇനി ആവർത്തിക്കാനാവില്ല. ചരിത്രം എന്നത് വെളിപാടിനുള്ള ചട്ടക്കൂടാണ്. യഹൂദ, ക്രിസ്തീയ, ഇസ്ലാം മതങ്ങൾ, ചരിത്രത്തെ ആധാരമാക്കിക്കൊണ്ടു വെളിപാട് അവകാശപ്പെടുന്നവയാണ്. ജീവിക്കുന്ന ദൈവം ചരിത്രത്തിൽ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ഇതുമായി ആഴത്തിൽ ബന്ധപ്പെട്ടതാണ് ഇസ്രായേൽ ജനതയുടെ ദൈവവിശ്വാസത്തിന്റെ സത്ത.

ദൈവം ചരിത്രത്തിലിടപെട്ട് നൽകുന്ന വെളിപാടിനെക്കുറിച്ചുള്ള സങ്കൽപത്തിന് രണ്ട് പ്രധാന ഗുണങ്ങൾ ഉണ്ട്. ഒന്നാമതായി, ചരിത്രത്തിന് അത് മൂല്യം നൽകുന്നു. ദൈവം ചരിത്രത്തിൽ ഇടപെടുകയും തന്റെ മനസ്സ് വ്യക്തമാക്കുകയും ചെയ്യുന്നതിലൂടെ ചരിത്രസംഭവങ്ങൾക്ക് അതിനാൽതന്നെ ഒരു പുതിയ മാനം ലഭിക്കുന്നു. അവ ദൈവത്തിന്റെ ഉദ്ദേശ്യങ്ങൾ അനുസരിച്ച് നീങ്ങുന്നു; ചരിത്രത്തിന് നവദർശനവും അർത്ഥവും നൽകുന്നു. അതിനൊരു ലക്ഷ്യബോധവും ഉണ്ടാകുന്നു. ചരിത്രത്തിൽ പ്രവർത്തിച്ച ദൈവത്തെ അറിയാത്തവർക്ക് ചരിത്രത്തെ ഉചിതമായി വ്യഖ്യാനിക്കാനാവില്ല. ചരിത്രസംഭവങ്ങളുടെ ധർമ്മമെന്തെന്ന് അവർക്ക് ഗ്രഹിക്കാനാവില്ല. പ്രതിസന്ധിഘട്ടങ്ങളിൽ അതിനാൽ എവിടേയ്ക്ക് ശ്രദ്ധതിരിക്കണമെന്ന് അറിയാതെ അവർ പതറിപ്പോകും. രണ്ടാമതായി, ചരിത്രത്തിലുള്ള വെളിപാട് ദൈവാവിഷ്കരണത്തിന് ഒരു തീവ്രഭാവം നൽകുന്നു. ദൈവം ഏതു നിമിഷവും ഇടപെടാൻ കഴിയുന്നവനും സംഭവങ്ങളുടെ ഗതിമാറ്റാൻ കഴിയുന്നവനുമാണ്. അവിടുന്ന് നമുക്ക് സമീപസ്ഥനാണ്. എങ്കിലും തന്റെ ഇടപെടലുകളിലും ഉദ്ദേശ്യങ്ങളിലും നമുക്ക് മുൻകൂട്ടി കാണാൻ കഴിയാത്തവനാണ്. നാം എപ്പോഴും അവിടുത്തെ ഇടപെടലുകൾ പ്രതീക്ഷിച്ചിരിക്കണം.

### വെളിപാടിന്റെ ചരിത്രം

ദൈവത്തിന്റെ ചരിത്രത്തിലുള്ള ഇടപെടലുകളെപ്പറ്റി നമുക്കെന്തെങ്കിലും പറയുവാനോ പ്രവചിക്കാനോ സാധിക്കില്ല. എല്ലാം സംഭവിക്കുന്നത് അവിടുത്തെ സ്വതന്ത്ര തീരുമാനമനുസരിച്ചാണ്. ദൈവത്തിന്റെ ഇടപെടലുകൾ നൂറ്റാണ്ടുകൾ നീണ്ടുനിൽക്കുന്നതാണ്. ഒറ്റ പ്രത്യക്ഷപ്പെടലിൽതന്നെ ദൈവം എല്ലാം വെളിപ്പെടുത്തുന്നില്ല. സന്ദർഭോചിതമായും അവിടുന്ന് തെരഞ്ഞെടുത്ത നിമിഷങ്ങളിലുമാണ് ഇടപെട്ടിട്ടുള്ളത്. പഴയനിയമകാലം അർത്ഥപൂർണ്ണ ഇടപെടൽ നിമിഷങ്ങളുടെ ഒരു പരമ്പരയാണ്. രക്ഷാചരിത്രത്തെ രൂപപ്പെടുത്തുന്നത് സമയത്തെക്കുറിച്ചുള്ള രേഖീയസങ്കൽപത്തിലെ ഓരോ അംശവുമല്ല. നിശ്ചിത സമയത്തിൽ മുഴുവനുമുള്ള ഒറ്റപ്പെട്ട സംഭവങ്ങളാണ് പ്രധാനപ്പെട്ടത്. ഈ സംഭവങ്ങളാണ് ചരിത്രമായി മാറുന്നത്. അതിനാൽ വെളിപാടിന്റെ ഒരു ചരിത്രമുണ്ട്. ഈ ചരിത്രം സാർവ്വത്രിക ചരിത്രവുമായി യോജിച്ചുപോകില്ല.

ദൈവാവിഷ്കരണം ക്രമേണ ക്രമേണയായി എണ്ണത്തിലും ഗുണമേന്മയിലും വളരുന്നു (ഹെബ്രാ 1,1) സാർവ്വത്രിക ചരിത്രത്തിലുള്ള ഇത്തരം ഇടപെടലുകൾ സമയത്തിന്റെ മേലുള്ള അവിടുത്തെ സ്വാധീനം വിളിച്ചറിയിക്കുന്നു. ഓരോ ഇടപെടലും ഒറ്റപ്പെട്ടവയല്ല, പരസ്പരം ബന്ധപ്പെട്ട സംഭവങ്ങളാണ്. അവയെല്ലാം തമ്മിൽ ആഴമായ പൊരുത്തമുണ്ട്. അബ്രാഹം മുതൽ യേശുവരെ ഒരൊറ്റ രേഖയേ ഉള്ളൂ. ക്രമേണ വെളിവാക്കപ്പെട്ട ഈ ദൈവികപദ്ധതി രക്ഷാകര പദ്ധതിയാണ്. ദൈവത്തിന്റെ ഓരോ ഇടപെടലിലും രക്ഷാപദ്ധതിയുടെ ഒരുഭാഗമേ ഉൾപ്പെടുന്നുള്ളൂ. ആദ്യം ഇസ്രായേലിനു മാത്രമായി പരിമിതപ്പെടുത്തിയിരുന്ന ഈ പദ്ധതി, പിന്നീട് മനുഷ്യവംശത്തെമുഴുവൻ ഉൾപ്പെടുത്തിയുള്ളതായി, തുടർന്ന് സഭയിലൂടെ അത് എല്ലാകാലത്തുമുള്ള എല്ലാ മനുഷ്യരേയും ഉൾക്കൊള്ളുന്നതായി മാറും.

ദൈവം ചില നിശ്ചിത സമയങ്ങളിൽ ഇടപെട്ടിട്ടുള്ളതിനാൽ, നമുക്ക് വെളിപാടിന്റെ ഒരു ചരിത്രമുണ്ട്. ദൈവത്തിന്റെ ക്രമാനുക്രമമായ ഇടപെടലുകളുടെ ചുവടുപിടിച്ച് നമുക്ക് മുന്നോട്ട് പോകാനാവും. ഈ ചരിത്രം, കൃത്യമായി പറഞ്ഞാൽ രക്ഷാചരിത്രം എന്താണ്?

### ചരിത്രത്തിലെ ദൈവത്തിൽനിന്ന് സൃഷ്ടിയുടെ ദൈവത്തിലേയ്ക്ക്

ഇസ്രായേൽക്കാർ ദൈവത്തെ കണ്ടെത്തിയത് സൃഷ്ടിയിൽ നിന്നാരംഭിക്കുന്ന അതിഭൗതിക ചിന്തകളിലൂടെയല്ല മറിച്ച്, അവരുടെ ചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലിലൂടെയാണ്. ചരിത്രത്തിന്റെ ദൈവത്തിൽനിന്നാണ് സൃഷ്ടിയുടെ ദൈവത്തിലേക്ക് അവർ തിരിഞ്ഞത്. രക്ഷകനായ ദൈവത്തിൽനിന്ന് സൃഷ്ടാവായ ദൈവത്തിലേയ്ക്ക് അവർ എത്തി. സൃഷ്ടാവായ ദൈവത്തിനുമുമ്പ് ഉടമ്പടിയുടെ ദൈവത്തെ അറിഞ്ഞു.

ആകാശവും ഭൂമിയും സൃഷ്ടിച്ചവനായല്ല യാഹ്വേ ആദ്യം തന്നെത്തന്നെ വെളിപ്പെടുത്തിയത്. ഇസ്രായേൽ ജനതയുമായി ഉടമ്പടി സ്ഥാപിക്കാൻ അടിമത്തത്തിൽനിന്നു മോചിപ്പിച്ചു. കൈപിടിച്ചുനടത്തിയ രക്ഷകനായാണ് ദൈവത്തെ അവർ അനുഭവിച്ചത്. പുറപ്പാട്, ഉടമ്പടി എന്നീ ആദ്യാനുഭവങ്ങളിലൂടെ ദൈവം രക്ഷകനായി. ഈ ആവിഷ്ക്കരണത്തിലൂടെ ഇസ്രായേലിന്റെ ദൈവവിശ്വാസം ഉടലെടുത്തു. സർവ്വശക്തിയോടുംകൂടെ അവിടുന്ന് ജനത്തിനു സന്നിഹിതനായി. ചരിത്രത്തിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ ഭൂതകാലപ്രവൃത്തികൾ ഒന്നുമാത്രമാണ് സൃഷ്ടി. ക്രിസ്തീയ പാരമ്പര്യത്തിൽ സൃഷ്ടി മുതൽ ഉത്ഥാനംവരെ പരിപൂർണ്ണമായ അനസ്യൂതത്വമുണ്ട്. സൃഷ്ടി, തിരഞ്ഞെടുപ്പ്, നിയമം, പ്രവാചകന്മാർ, മനുഷ്യാവതാരം, ഉത്ഥാനം ഇതാണ് രക്ഷയുടെ ഘട്ടങ്ങൾ. അതിനാൽ രക്ഷാചരിത്രം ആരംഭിക്കുന്നത് അബ്രാഹത്തിന്റെ വിളിയോടെയല്ല. ദൈവം സൃഷ്ടി നടത്താൻ തീരുമാനിച്ചതോടെയാണ്. ചരിത്രത്തിന്റെ ദൈവത്തെ, സൃഷ്ടിയുടെ ദൈവത്തിൽ ഇസ്രായേൽ കണ്ടെത്തി. മനുഷ്യാവതാരം ചെയ്ത വചനമായ ക്രിസ്തുവിന്റെ ഈ ലോകത്തിലെ പ്രവർത്തനങ്ങളെപ്പറ്റി ധ്യാനിക്കുന്ന വിശ്വാസിക്ക് എല്ലാറ്റിന്റേയും അസ്തിത്വവും, നിലനിൽപും, രക്ഷയും അവനിലൂടെയാണെന്ന് ബോധ്യപ്പെടും (യോഹ 1, 13; കൊളോ 1,16).

### 2. രക്ഷകനായ ദൈവം

"യാഹ്വേയുടെ ഇടപെടലിലൂടെ രക്ഷിക്കപ്പെട്ട ജനം" എന്ന വിശേഷണം ഇസ്രായേൽ അവരുടെ ചരിത്രത്തിൽ ഒരിക്കലും മറക്കില്ല. പുറപ്പാട്, ഉടമ്പടി, വാഗ്ദാനനാട്ടിലേക്കുള്ള പ്രവേശനം എന്നീ സംരംഭങ്ങളിലൂടെ ദൈവം തന്നെത്തന്നെ ചരിത്രത്തിന്റെ ദൈവമായി, ചരിത്രത്തിൽ പ്രവർത്തിക്കുന്നവനായി വെളിപ്പെടുത്തി. ഇസ്രായേലിന്റെ മനഃസാക്ഷിയിൽ ദൈവവുമായി ആഴമായൊരു ബന്ധം സ്ഥാപിതമായി. അന്നുമുതൽ ദൈവാവിഷ്കരണത്തെ ചരിത്രപരമായി ഇസ്രായേൽക്കാർ വീക്ഷിച്ചു.

ദൈവം തനിക്കായിത്തന്നെ ജനത്തോടുള്ള സ്നേഹബന്ധം സൂചിപ്പിക്കാൻ തന്റെ നാമം, തന്റെ ഉൺമ, അവർക്കു വെളിപ്പെടു

ത്തി. ജനത്തിനു വിളിച്ചപേക്ഷിക്കാനും, അവരുടെ വിളിക്കു പ്രത്യുത്തരിക്കുവാനുമായി ദൈവം തന്നെത്തന്നെ ഒരു വ്യക്തി എന്ന നിലയിൽ അവർക്കു വെളിപ്പെടുത്തി. ഉടമ്പടി ദൈവവും ജനവുമായുള്ള വ്യക്തിബന്ധം ഉദ്ഘാടനം ചെയ്തു 'ദൈവം രക്ഷിച്ച ജനത' എന്ന നിലയിൽ ഈ ബന്ധത്തിലെ എല്ലാ കടപ്പാടുകളും വിശ്വസ്തതാപൂർവ്വം കാത്തുകൊള്ളാമെന്ന് അവർ പ്രതിജ്ഞ ചെയ്തു (പുറ 19, 3-6; നിയ 7, 7-14). പ്രവാചകരിലൂടെ ലഭിച്ച വെളിപാട് ഉടമ്പടി നിയമങ്ങളുടെ വിവക്ഷിതാർത്ഥങ്ങൾ മനുഷ്യചരിത്രത്തിനു മുഴുവനായി വീണ്ടും വ്യാഖ്യാനിച്ചു കൊടുക്കുകയും ഉറപ്പിച്ചു പറയുകയും, പ്രയോജനപ്പെടുത്തുകയും ചെയ്തു. അക്കാലത്തെ സംഭവങ്ങളിൽ ദൈവത്തിന്റെ ഹിതം ഉടമ്പടിയുടെയും പരിശുദ്ധരൂപിയുടെയും വെളിച്ചത്തിൽ വ്യക്തമാക്കുന്നതിനും, ദൈവത്തെക്കുറിച്ചുള്ള അറിവ് കൂടുതൽ ആഴമാക്കുന്നതിനും വിപുലമാക്കുന്നതിനും അവർ സഹായിച്ചു. ദൈവവും തെരഞ്ഞെടുക്കപ്പെട്ട ജനതയും തമ്മിലുള്ള ആദ്യത്തെ സമാഗമമാണ് അവർ എപ്പോഴും ശ്രദ്ധയിൽ കൊണ്ടുവന്നത്. എസെക്കിയേൽ, രണ്ടാം ഏശയ്യാ, പ്രവാചകന്മാർ, ഇസ്രായേലിന്റെ അടിമത്ത കാലത്ത് പ്രധാനമായും 'പുറപ്പാട്, വാഗ്ദാനഭൂമി' വിഷയങ്ങൾ പറഞ്ഞു. ബാബിലോൺ അടിമത്തത്തിൽ നിന്നുള്ള മോചനഫലമായി പുതിയ പുറപ്പാടും, പുതിയ ഉടമ്പടിയും വാഗ്ദാനം ചെയ്തു. ഇപ്രകാരം ചരിത്രത്തിൽ ഇടപെട്ട് സ്വയം വെളിപ്പെടുത്തിയ രക്ഷകനായ ദൈവത്തെയാണ് ഇസ്രായേലിന്റെ വിശ്വാസ പ്രഖ്യാപനത്തിൽ നാം കാണുക.

**ചരിത്രത്തിലൂടെയുള്ള വെളിപാട്**

ദൈവം ചരിത്രത്തിൽ പ്രവർത്തിക്കുന്നു; അവിടുന്നു ചരിത്രത്തിലൂടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ചരിത്രത്തെ ഏതർത്ഥത്തിൽ നമുക്ക് 'വെളിപാട്' എന്ന് പറയാം? ചരിത്രം എന്നതുകൊണ്ട് നമ്മൾ വിവക്ഷിക്കുന്നത് സാധാരണ മനുഷ്യസംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതല്ല. യഹൂദജനതയ്ക്ക് അവരുടെ ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നതും, കാത്തുസൂക്ഷിക്കപ്പെടാൻ യോഗ്യവുമായ സംഭവങ്ങളാണ്. ചരിത്രത്തിലൂടെയുള്ള ദൈവികവെളിപാടിനെക്കുറിച്ചു പറയുമ്പോൾ രണ്ടു യാഥാർത്ഥ്യങ്ങൾ കൂടി ശ്രദ്ധയിൽപ്പെടണം. സംഭവവും, വാക്കും. ഈ രണ്ടു ഘടകങ്ങളും പരസ്പരം വേർപെടുത്താൻ പറ്റാത്തവയാണ്.

ചരിത്രത്തിൽ ദൈവപരിപാലനയിലുള്ളതും അത്ഭുതകരവുമായ ദിവ്യപ്രവൃത്തികൾ ഉണ്ട്. ഇവയിലുള്ള ദൈവാവിഷ്കരണത്തെ പൂർണ്ണാർത്ഥത്തിൽ ഗ്രഹിക്കാൻ നമുക്കാവില്ല. അതുകൊണ്ട് അവയുടെ അർത്ഥം വ്യക്തമാക്കിത്തരുന്ന വ്യാഖ്യാനങ്ങൾ വേണ്ടിവന്നു. ഒരേസമയം ദൈവം രക്ഷ സ്ഥാപിക്കുന്നു, അതിന്റെ അർത്ഥം രൂപപ്പെടുത്തുന്നു; ദൈവം ചരിത്രത്തിലിടപെടുന്നു. ഈ ഇടപെടലിന്റെ അർത്ഥം വിശദമാക്കുന്നു; ദൈവം പ്രവർത്തിക്കുന്നു, അതിനെ വ്യാഖ്യാനിക്കുന്നു.



ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം

നേരത്തെ സൂചിപ്പിച്ചതുപോലെ, ഇസ്രായേൽക്കാർ അവരുടെ ചരിത്രത്തിന്റെ ആരംഭം മുതലേ ചില സംഭവങ്ങളിലൂടെയാണ് ജീവിച്ചത്. അടിമത്തത്തിൽനിന്നുള്ള മോചനം, മരുഭൂമിയിലൂടെയുള്ള യാത്ര, വാഗ്ദാനദേശത്തേക്കുള്ള പ്രവേശനം എന്നിവ. ദൈവം മോശയോടു രഹസ്യമായി സംസാരിച്ചവാക്കുകൾ (പുറ 3-4; 6,1) ഇല്ലായെങ്കിൽ ഈ സംഭവങ്ങളുടെയെല്ലാം അർത്ഥം എന്താണ്? ഈ ചരിത്രത്തിന്റെ അർത്ഥം വ്യക്തമാക്കിക്കൊടുക്കാനും,അതിന്റെ അതിസ്വാഭാവികമാനം വിശദമാക്കാനും മോശ ദൈവനാമത്തിൽ സംസാരിച്ചില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കാം?

ദൈവം ചരിത്രത്തിൽ സ്വയം വെളിപ്പെടുത്തുന്നു. പ്രവാചകന്മാരാൽ ദൈവികമായി വ്യാഖ്യാനിക്കപ്പെടുന്നതിനനുസരിച്ച് അത് രക്ഷാചരിത്രമാകുന്നു. ദൈവത്തിന്റെ ഇടപെടലിന്റെ ചരിത്രം രക്ഷാചരിത്രമായി തീരുന്നത് പ്രവാചകന്മാരുടെ ആധികാരികമായ വ്യാഖ്യാനത്തിലൂടെയാണ്. ചരിത്ര സംഭവത്തിൽ ഒളിഞ്ഞുകിടക്കുന്ന ദൈവികപദ്ധതി അവർ സുഗ്രാഹ്യമാക്കുന്നു. ദൈവത്തിന്റെ വെളിപാടായ ചരിത്രസംഭവത്തിന്റെ പൊരുൾ പ്രവാചകന്മാരുടെ വാക്കുകളിലൂടെ സ്പഷ്ടമായി.

ചരിത്രസംഭവത്തേയും അതിനെ വ്യക്തമാക്കിത്തരുന്ന വ്യാഖ്യാനത്തേയും നമ്മൾ വേർതിരിച്ചു കാണണം... ചരിത്രസംഭവത്തെ വെളിപാട്സംഭവം പോലെ പവിത്രമാക്കുന്നത്, സംഭവത്തെ തുടർന്നു വരുന്ന വിശദീകരണങ്ങളാണ്. ദൈവത്താൽ സാക്ഷ്യപ്പെടുത്തിയ സംഭവത്തെ ഇസ്രായേലിന്റെ വിശ്വാസത്തിൽ ഒരു രക്ഷാകരസംഭവമാക്കി പകർത്തുന്നത് പ്രവാചകരുടെ വാക്കുകളാണ്. ഇസ്രായേലിന്റെ ചരിത്രത്തിലെ വെളിപാടു നിമിഷങ്ങൾ അതിനാൽ പ്രവാചകരുടെ രംഗപ്രവേശവുമായി ബന്ധപ്പെട്ടു കിടക്കുന്നു. അവരുടെ സാന്നിധ്യം അർത്ഥമാക്കുന്നത് ദൈവം ചരിത്രത്തിൽ പ്രവർത്തനനിരതനാണ് എന്നതാണ്.

പുതിയനിയമത്തിലെ ദൈവാവിഷ്കരണത്തിന്റെ ഘടന, പഴയനിയമത്തിലേതുമായി സത്താപരമായി വലിയ വ്യത്യാസമില്ല. പിതാവിന്റെ ഹിതപ്രകാരം യേശു ഈ ഭൂമിയിലേയ്ക്ക് അവരോഹണം

ചെയ്യുന്നതും മുപ്പത്തിമൂന്ന് വർഷം ജീവിച്ച് മരണ-ഉത്ഥാനങ്ങളിലൂടെ പിതാവിന്റെ പക്കലേയ്ക്ക് ആരോഹണം ചെയ്തതുമായ ചരിത്രസംഭവങ്ങളും രക്ഷാപദ്ധതിയിലുള്ള അവയുടെ പ്രാധാന്യവും ആണ് ക്രിസ്തുമതത്തിന്റെ വിശ്വാസപ്രമാണം. അപ്പസ്തോലന്മാരാൽ പ്രഘോഷിക്കപ്പെട്ടത്, പ്രവാചകന്മാരാൽ പ്രഖ്യാപിക്കപ്പെട്ട സമയത്തിന്റെ പൂർണ്ണത ക്രിസ്തുവിലൂടെ ഉൽഘാടനം ചെയ്യപ്പെടുന്നതും, യേശുവിന്റെ ജീവിത-മരണ-ഉത്ഥാനങ്ങളിലൂടെ സാക്ഷാത്കൃതവുമായ രക്ഷയുടെ ചരിത്രമാണ്. ഈ ചരിത്രത്തിന്റെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. യേശു നമ്മുടെ ചരിത്രത്തിലേയ്ക്ക് ഇറങ്ങിവന്ന്, അവിടെ ജീവിച്ച് പ്രവർത്തിച്ചതിലൂടെ ഈ ലോകചരിത്രത്തെത്തന്നെ വിശുദ്ധമാക്കി.

ചുരുക്കത്തിൽ, പഴയനിയമത്തിലും പുതിയനിയമത്തിലും വെളിപാട്, ചരിത്രത്തിലും ചരിത്രത്തിലൂടെയുമാണ് അവതരിപ്പിക്കുന്നത്. ചരിത്രത്തിലെ സംഭവങ്ങളെ വിശദീകരിക്കുന്ന വാക്കുകളിലൂടെ മാത്രമേ ഈ ചരിത്രം അതിന്റെ പൂർണ്ണാർത്ഥത്തിൽ നമുക്ക് ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ. കുരിശിന്റെ സംഭവം പുറപ്പാട് സംഭവംപോലെ പൂർണ്ണമായ വെളിപാട് ആകണമെങ്കിൽ അതിനെ നമ്മുടെ വിശ്വാസത്തിന്റെ ഭാഗമാക്കാൻ സഹായിക്കുന്ന വ്യാഖ്യാനങ്ങളും നിർദ്ദേശങ്ങളും ഉണ്ടാകണം. ഏതൊരു സംഭവത്തെക്കുറിച്ചും രക്ഷാപദ്ധതിയിലുള്ള അതിന്റെ പ്രസക്തിയേയും അർത്ഥത്തെയുംകുറിച്ചും ഉചിതമായ സാക്ഷ്യവും വ്യാഖ്യാനവുമില്ലെങ്കിൽ ദൈവാവിഷ്ക്കരണം അതിന്റെ പൂർണ്ണഫലത്തിലും ആശയത്തിലും നമുക്ക് ഉൾക്കൊള്ളാനാവില്ല.

**ഉപസംഹാരം**

ചരിത്രസംഭവങ്ങളിലാണ് വെളിപാട് പ്രാഥമികമായും സംഭവിക്കുന്നത്. സമയത്തിൽ ഉണ്ടാകുന്ന വെളിപാടിലൂടെ ദൈവം മനുഷ്യചരിത്രത്തിൽ തന്റെ ഭാഗം അഭിനയിക്കുന്നു. ഫലപ്രദമായ വെളിപാടിന് സർവ്വപ്രധാനമായ വ്യവസ്ഥ ഒരേസമയം ദൈവത്താൽ നിയന്ത്രിക്കപ്പെട്ട സംഭവവും അതേസമയം അതു ഗ്രഹിക്കാൻ ദൈവത്താൽ പ്രകാശിതമായ മനസ്സുകളും വേണം”

ദൈവാവിഷ്കരണമാണ് വി. ഗ്രന്ഥം. അതിൽ ദൈവത്തിന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ അനന്യസാധാരണമായ ഒരു പരമ്പര നമുക്കു കാണാം. ഓരോ ഒറ്റപ്പെട്ട സംഭവത്തിലും വർദ്ധമാനമായ വെളിപാടിന്റെ ചരിത്രത്തിൽ സംഭവിക്കുന്നതെല്ലാം ഈ ദൈവികപദ്ധതിയുടെ ആവിഷ്കരണമാണ്. അതിനാൽ വെളിപാട് എന്നു





വച്ചാൽ ഒരേസമയവും ചരിത്രവും വിശ്വാസസത്യവുമാണ്. ചരിത്രത്തിലുള്ള ദൈവത്തിന്റെ ഇടപെടലുകൾ വീക്ഷിച്ചാൽ, സംഭവങ്ങളുടെ പരസ്പര ബന്ധം മനസ്സിലാക്കിയാൽ, ചരിത്രത്തിന്റെ കർത്താവും ലക്ഷ്യവും ദൈവംതന്നെയാണെന്ന് നമുക്ക് വെളിപ്പെടും. തന്റെ ശക്തിയും നന്മയും വാഗ്ദാനത്തിലുള്ള വിശ്വസ്തതയും പ്രകടമാക്കിയ ദൈവത്തിലുള്ള ഇളകാത്ത വിശ്വാസവും പ്രത്യാശയുമായിരിക്കട്ടെ നമ്മുടെ പ്രതികരണം.

**ഡോ. വിൻസെന്റ് ആലപ്പാട്ട്,**
*മതവും ചിന്തയും*, ജനുവരി - ഫെബ്രുവരി, 2004.

# 06

# വെളിപാടിന്റെ വൈരുദ്ധ്യാധിഷ്ഠിത ദൈവസാന്നിധ്യം

**ആമുഖം**

അപരിമേയനായ ദൈവം സ്വഭാവത്താൽതന്നെ ഇന്ദ്രിയ ഗോചരനല്ല. ദൈവാവിഷ്കരണത്തിലും ഈ നിഗൂഢതയുണ്ട്.

ദൈവിക വെളിപാടുകളിലൂടെയാണു നാം ദൈവത്തെ അറിയുന്നതെങ്കിലും, മനുഷ്യനു ലഭിക്കുന്ന ദൈവിക പരിജ്ഞാനവും ദൈവരഹസ്യങ്ങളുടെ ഗുപ്തമായ വെളിപ്പെടുത്തലുകൾ മാത്രമാണ്.

ദൈവം തന്നെത്തന്നെ ആവിഷ്കൃതമാക്കുന്ന വെളിപാട് തെളിവാർന്ന പ്രകാശമായി വെളിച്ചം വീശുന്നതും ഒപ്പം നിഗൂഢതയുടെ മൂടുപടമണിഞ്ഞ് രഹസ്യാത്മകതയിൽ നിലകൊള്ളുന്നതുമാണ്. അതുകൊണ്ടുതന്നെ ദൈവികവെളിപാട് അവിടുത്തെ അസ്തിത്വത്തിന്റെ അടിസ്ഥാനത്തിലാണു മനസ്സിലാക്കേണ്ടത്. പ്രകാശിതമാകുന്തോറും നിഗൂഢമാകുന്ന ഈ പ്രത്യേകത ദൈവമനുഷ്യ സമ്പർക്കത്തിന്റെ എല്ലാ ഘട്ടങ്ങളിലും അനുഭവവേദ്യമാണ്. ദൈവത്തെ ഗ്രഹിക്കുവാൻ കഴിഞ്ഞു എന്ന് ഒരുവൻ പറഞ്ഞാൽ അത് ദൈവത്തെ ആയിരിക്കുകയില്ല എന്ന് വി. അഗസ്റ്റീനോസ് പറഞ്ഞത് ഈ അർത്ഥത്തിലാണു മനസ്സിലാക്കേണ്ടത്. ദൈവത്തിന്റെ അസ്തിത്വത്തിൽ അന്തർലീ





നമായിരിക്കുന്ന ഈ പ്രത്യേകത അവിടുത്തെ വെളിപാടുകളിലുടനീളം ദർശിക്കാനാകും. എന്നു മാത്രമല്ല, തെളിഞ്ഞും ഒളിഞ്ഞും അനാവരണം ചെയ്യപ്പെടുന്ന ദൈവിക സാന്നിദ്ധ്യം തന്നെയാണ് അവിടുത്തെ വെളിപാടും.

കാൾബാർത്ത്. എമിൽ ബ്രുണ്ണർ, റുഡോൾഫ് ബുൾട്ടുമാൻ തുടങ്ങിയ ദൈവശാസ്ത്രജ്ഞന്മാരാണ് ദൈവികവെളിപാടിന്റെ വൈരുദ്ധ്യാധിഷ്ഠിത ദൈവസാന്നിദ്ധ്യ മാതൃകയെ ഉയർത്തിക്കാട്ടുന്നത്. വ്യക്തിഗത സമീപനങ്ങളിലും വിശകലനങ്ങളിലും വ്യതിരിക്തത പുലർത്തുണ്ടെങ്കിലും, പൊതുവേ ഈ ദൈവശാസ്ത്രജ്ഞന്മാരിൽ ദൃശ്യമാകുന്ന ദൈവവെളിപാടിന്റെ സമവീക്ഷണത്തെ ഹ്രസ്വമായി പരിശോധനാ വിഷയമാക്കുകയാണിവിടെ.

**1. വെളിപാടിന്റെ മൂർത്തരൂപമായ ക്രിസ്തു**

വചനം ദൈവപുത്രനിൽ നിയതരൂപമെടുത്തും ക്രിസ്തുവായ വ്യക്തിയിലൂടെ മൂർത്തമായതുമാണ് വെളിപാട്. വെളിപാടിന്റെ ഉള്ളടക്കം അമൂർത്തമായ ഒരാശയമോ സത്തയോ അല്ല മറിച്ച്, സൃഷ്ടിയിലേക്കു തിരിഞ്ഞുകൊണ്ട് അതിനെ വിധിക്കുകയും അനുരഞ്ജിപ്പിക്കുകയും ചെയ്ത വചനം മാംസമായവതരിച്ച ദൈവപുത്രനായ ക്രിസ്തുവാണ്. കൃപാപൂർണ്ണനായ ദൈവം മനുഷ്യർക്കായി മാത്രം മാറ്റി വച്ചിരുന്നുവെങ്കിൽ കൃപാപൂർണ്ണനാണു ദൈവം എന്നു പറയുവാനാകുമായിരുന്നില്ല. മാത്രമല്ല, ദൈവിക വെളിപാടുപോലും ഉണ്ടാകുമായിരുന്നില്ല. യേശുവിന്റെ വ്യക്തിഗത രൂപത്തിലാണ് ദൈവത്തിന്റെതന്നെ വ്യക്തിഗത സാന്നിദ്ധ്യം ഉറപ്പായ ഒരു യാഥാർത്ഥ്യമായി നിലകൊള്ളുന്നത്. അതുകൊണ്ടാണ് യേശുക്രിസ്തുവിനെ ദൈവത്തിന്റെ വെളിപാടായി എമിലിൻ ബ്രൂണ്ണർ അവതരിപ്പിക്കുന്നത്. യേശുവിലൂടെയുള്ള ദൈവത്തിന്റെ ഈ വെളിപ്പെടുത്തൽ പ്രത്യേകമാംവിധം തെളിഞ്ഞുകാണുന്നത് രക്ഷാകര സംഭവം പ്രതിഫലിപ്പിക്കുന്ന കുരിശിലും ഉത്ഥാനത്തിലുമാണ്.

ക്രിസ്തു കേന്ദ്രീകൃതമായതും ക്രിസ്തുതന്നെയുമായുള്ള ഈ വെളിപാടുദർശനം പ്രാപഞ്ചിക വെളിപാടുകളെയും അക്രൈസ്തവ മതങ്ങളിലെ വെളിപാടുകളെയും തിരസ്ക്കരിക്കുന്ന എല്ലായിടത്തും എല്ലായ്പ്പോഴും ദൈവിക വെളിപാട് പ്രകാശിതമാക്കപ്പെടുന്നു എന്ന ഗൊയ്തയുടെ ദർശനങ്ങളെയും വാദഗതികളെയും ശക്തമായി ഖണ്ഡിച്ചുകൊണ്ട് യേശുവിൽ മാത്രമേ വെളിപാട് സാധ്യമാകൂ എന്നും ഭൂമിയിൽ രക്ഷപ്രാപിക്കാനായി ക്രിസ്തുവിനു മുകളിൽ മറ്റൊരു നാമം നല്കിയിട്ടില്ലെന്നും ഈ ദൈവശാസ്ത്രജ്ഞന്മാർ അസന്നിഗ്ദം പ്രഖ്യാപിക്കുന്നു.

വെളിപ്പെടുത്തുന്ന ദൈവത്തിന്റെ വ്യക്തിഗത സാന്നിധ്യം വെളിപ്പെടുത്തലിൽനിന്ന് ഒരിക്കലും വേർപെടുത്തുവാൻ കഴിയുന്ന ഒന്നല്ല. കാരണം, വെളിപ്പെടുത്തലും, വെളിപ്പെടുത്തപ്പെട്ടതും, വെളിപ്പെടുത്തുന്നവനും എല്ലാ യേശുവിൽ ഒന്നായിരിക്കുന്നു.

ആവിഷ്കൃത സത്യങ്ങൾ വസ്തുനിഷ്ഠമോ, വ്യക്തിനിഷ്ഠമോ അല്ല, എന്നാൽ ഒരേസമയംതന്നെ ഇവ രണ്ടുമാണ്. വിവരിക്കാവുന്ന സത്യവുമാണത്. മറ്റുവാക്കുകളിൽ പറഞ്ഞാൽ മനുഷ്യനായ "ഞാൻ" ദൈവമായ "നിന്നെ" യേശുവിൽ കണ്ടുമുട്ടുന്നതാണ്. ഈ കണ്ടുമുട്ടൽ അന്വർത്ഥമാകുന്നതും അനിവാര്യമാകുന്നതും മാനവ രക്ഷയ്ക്കാവശ്യമായ ദൈവിക രഹസ്യം സമ്പൂർണ്ണമായി ക്രിസ്തുവിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതിനാലാണ്. അതിലുപരി, ഈ ദൈവശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം, ദൈവത്തിങ്കലേക്കുള്ള പാതയിൽ പ്രവേശിപ്പിക്കുന്ന മാർഗ്ഗം വെളിപ്പെടുത്തപ്പെട്ടവനായ യേശു കാട്ടിത്തന്ന ഒരേയൊരു വഴിമാത്രമാണ്. അതുകൊണ്ട് ക്രിസ്ത്യാനിക്ക് ക്രിസ്തുവിൽ മാത്രമേ ദൈവത്തെ കാണാനാകൂ എന്നു വരുന്നു. ക്രിസ്തുവിനെ മാറ്റിനിർത്തിക്കൊണ്ടുള്ള മറ്റേതൊരു വെളിപാടു പ്രവർത്തനവും വിശ്വാസ വർദ്ധനവിന് സഹായകമാകുന്നില്ല. ദൈവം വിശ്വാസിയെ കണ്ടുമുട്ടുന്നത് ക്രിസ്തുവിൽ മാത്രമാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ക്രിസ്തു ദൈവത്തിന്റെ യുഗാന്ത്യോന്മുഖമായ പ്രവൃത്തിയാണ്. അതുകൂടാതെ വിശ്വാസം പ്രഘോഷിക്കുന്നതിനോ, അവകാശപ്പെടുന്നതിനോ മറ്റ് ഏതൊരു സാഹചര്യവും ഇല്ല എന്ന് ബുൾട്ടുമാൻ അഭിപ്രായപ്പെടുന്നു.

ദൈവത്തിന്റെ വെളിപാടിനെ ജീവിക്കുന്ന ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിൽനിന്നും വേർപെടുത്താനാവുകയില്ല. കാരണം, ക്രിസ്തുവിലൂടെയുള്ള വെളിപ്പെടുത്തൽ ദൈവത്തിന്റെ തന്നെ സ്വയം വെളിപ്പെടുത്തലാണ്. മനുഷ്യൻ അന്വേഷിക്കുന്ന ദൈവത്തിങ്കലേക്കുള്ള ഒരേയൊരു കണ്ണിയാണ് വെളിപ്പെടുത്തുന്നവനായ ക്രിസ്തു. അതുകൊണ്ടാണ് വെളിപാടിന്റെ എല്ലാ നിഗൂഢതയും രഹസ്യാത്മകതയും ദൈവത്തിന്റെ മൂർത്തരൂപമായ ക്രിസ്തുവിലും അവിടുത്തെ രക്ഷയുടെ വെളിപ്പെടുത്തലിലും ദൃശ്യമാകുന്നത്. വൈരുദ്ധ്യങ്ങളുടെ ഇരുളിലും ദൈവസാന്നിദ്ധ്യത്തിന്റെ സജീവതയുണർത്തി ദൈവത്തിന്റെ വെളിപാടിനു മാംസരൂപം കൊടുത്ത ക്രിസ്തു ലോകത്തിന്റെ പ്രകാശമായി വിരാജിക്കുന്നു.

### 2. വെളിപാടിന്റെ സംവാഹകയായ സഭ

സഭയിലെ ശുശ്രൂഷകളായ വചന പ്രഘോഷണവും കൂദാശ പരികർമ്മവും പരിശുദ്ധാത്മാവിന്റെ പ്രസാദാത്മകത നിറഞ്ഞ പ്രത്യേക





സംവേദനത്താൽ വെളിപാടിന്റെ സംവാഹക യാഥാർത്ഥ്യമായി മാറുന്നു. ശുശ്രൂഷകളിലൂടെ ഉദ്ദീപ്തമാകുന്ന കൃപയുമായി വെളിപാടിനെ താദാത്മ്യപ്പെടുത്തുന്ന ദൈവശാസ്ത്രജ്ഞന്മാർ ആദ്യവെളിപാടു ലഭിച്ച അപ്പസ്തോലന്മാരുടെ കാലഘട്ടത്തിനുശേഷവും ദൈവവെളിപാട് ദൈവത്തിന്റെ സ്വതന്ത്ര തീരുമാനവും ദാനവുമായി നിലനില്ക്കുന്നു എന്നു വിശ്വസിക്കുന്നു. ബൈബിളും സഭയുടെ സുവിശേഷ പ്രഘോഷണവും ദൈവവെളിപാടിനു സാക്ഷ്യം വഹിക്കുന്നുണ്ട്. എന്നാൽ അവ അവയിൽതന്നെ ദൈവവെളിപാടുകളല്ല. പ്രത്യേകംവിധം ദൈവം തന്നെ തിരഞ്ഞെടുത്ത വ്യക്തികളിലൂടെ, ദൈവത്തിന്റെ വെളിവാക്കപ്പെട്ട വചനമായ യേശുക്രിസ്തു തന്റെ കാരുണ്യത്താൽ സംസാരിക്കാനിടയായാൽ മാത്രമേ ബൈബിളിലെ തിരുവചനവും സഭയുടെ പ്രഘോഷണവും ദൈവവെളിപാടുകളുമായി മാറുകയുള്ളൂ. ഇവിടെ സഭാശുശ്രൂഷകൾ ദൈവികവെളിപാടാകുന്നത് അവ പരികർമ്മം ചെയ്യാൻ നിയോഗിക്കപ്പെട്ടവരുടെ പ്രത്യേകതകൾ കൊണ്ടല്ല. മറിച്ച്, അവിടുത്തെ ഹിതാനുസരണം അവരിലൂടെ ദൈവം വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ്. അതുവഴി വെളിപാടുകൾ ഓരോ കാലഘട്ടത്തിലും ദൈവം നേരിട്ടു സംവദിക്കുന്ന സംഭവങ്ങളായി മാറുന്നു. കാലികമായി യേശു സംസാരിക്കുന്ന സംഭവമെന്ന രീതിയിൽ ജീവിക്കുന്ന ഒരു യാഥാർത്ഥ്യമായി വെളിപാടു മാറുന്നതങ്ങനെയാണ്.

സഭയുടെ പ്രഖ്യാപനങ്ങൾ എല്ലാം ക്രിസ്തുവിനു സാക്ഷ്യം വഹിക്കുന്നു. സഭയുടെ വാക്കുകൾ ദൈവവചനമാകുന്ന മാനദണ്ഡമുപയോഗിച്ച് വിമർശനാത്മകമായി വിലയിരുത്തി ദൈവത്തിന്റെ നേരിട്ടുള്ള വെളിപ്പെടുത്തലാണത് എന്നു ഉറപ്പു വരുത്തേണ്ടതാണ്. വാസ്തവത്തിലിവിടെ എന്താണു വെളിപ്പെടുന്നത് എന്നു ചോദിച്ചാൽ ഒന്നുംതന്നെ വെളിപ്പെടുത്തപ്പെടുന്നില്ല എന്നു വേണം കരുതാൻ. ദൈവവെളിപാടുമായി ബന്ധപ്പെട്ട തെളിവുകളൊന്നുംതന്നെ ആർക്കും സ്വയമേ കണ്ടുപിടിക്കുവാൻ കഴിയുന്ന ഒന്നല്ല. കാരണം, വെളിപാടു സത്യം വെറുമൊരു സിദ്ധാന്തമായി വെളിപ്പെടുത്തലുകൾ ചരിത്രത്തിലെ യഥാർത്ഥ വെളിപാടു സംഭവമായിട്ടുള്ള അഭേദ്യമായ ബന്ധത്തിൽനിന്നു രൂപപ്പെടുന്ന ഒന്നാകണം. ഈ വെളിപാടാകട്ടെ വെറും ചില അറിവുകൾ കൈമാറുന്ന ഒരു പ്രക്രിയയല്ല. മറിച്ച്, ജീവിതത്തെ നവീകരിക്കുന്ന സമ്പൂർണ്ണമായ പുതുമയാണ്. ജീവിക്കുന്ന ക്രിസ്തുവിനെ പ്രഖ്യാപിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന അവസ്ഥയിലാണ് സഭാ ശുശ്രൂഷകളും വചന പ്രഘോഷണവും ദൈവവെളിപാടുകളായി മാറുന്നത്.

വെളിപാടിന്റെ സത്യം സുവിശേഷ പ്രഘോഷകനോ, ദൈവ

ശാസ്ത്രജ്ഞനോ ആശയപരമായി പ്രഖ്യാപിക്കുന്ന കാര്യങ്ങളുമായി താദാത്മ്യപ്പെടുത്താവുന്ന ഒന്ന് എന്നതിനെക്കാളുപരി, തന്നെത്തന്നെ സ്വീകരിക്കുവാനുതകുമാറ് സ്വയം വെളിവാക്കപ്പെടുന്ന ദൈവത്തിന്റെതന്നെ സത്യമായിട്ട് മാറേണ്ടിയിരിക്കുന്നു. അതിലൂടെ മാത്രമേ വെളിപാട് കാലികമായ ഒരു യാഥാർത്ഥ്യമാകൂ. അപ്പോഴും ദൈവിക വെളിപാടിന്റെ വൈരുദ്ധ്യാധിഷ്ഠിത സ്വഭാവത്തിനു തെല്ലും കുറവുവരുന്നില്ല.

ദൈവത്തിന്റെ വാക്കുകൾ വൈരുദ്ധ്യാത്മകമായിട്ടോ, വൈപരീത്യമായോ മാത്രമേ മനുഷ്യവാക്കുകളുമായി താദാത്മ്യപ്പെടുത്താനാവൂ. പ്രവാചകന്മാരും അപ്പസ്തോലന്മാരും ചരിത്രപുരുഷന്മാരാണ്. അതുകൊണ്ടുതന്നെ പ്രമാദങ്ങളിൽ നിന്നവർ മോചിതരാണ് എന്നു പറയാനാവില്ല. ദൈവം തന്റെ കാരുണ്യത്താൽ പ്രത്യേക കൃപയവർക്കു നല്കി വിശുദ്ധീകരിക്കുകയും, നീതീകരിക്കുകയും ചെയ്തു. അതുകൊണ്ടാണവരുടെ വാക്കുകൾ ദൈവത്തിന്റെതന്നെ വാക്കുകളായി മാറുന്നത്. പ്രസ്തുത വാക്കുകൾ വെളിപാടു സ്വീകരിക്കുന്നവരെ വെളിപാടു സംഭവുമായി സമ്പർക്കത്തിലാക്കുന്നു. അതാകട്ടെ പുതുജീവിതമായി രൂപാന്തരപ്പെടുത്തുന്ന വലിയ സംഭവമായി അവരിൽ പ്രവർത്തിക്കുന്നു. ക്രിസ്തുവിനെ പ്രഘോഷിക്കുന്നതനുസരിച്ചും, അവിടുത്തെതന്നെ പ്രവർത്തന ഫലമായുമാണ് ദൈവവചനവും ശുശ്രൂഷകളും വെളിപാടായി മാറുന്നത്. ഇവിടെ പ്രഘോഷിക്കപ്പെടുന്നതും ശുശ്രൂഷകളുടെ ഫലമാകുന്നതും ക്രിസ്തുവാകയാൽ വൈരുദ്ധ്യാത്മക സാന്നിദ്ധ്യമായി തന്നെ ദൈവിക വെളിപാട് നിലനില്ക്കുന്നു.

### 3. വെളിപാടിന്റെ ഉള്ളടക്കമായ ദൈവം

തിരുവചനത്തിലൂടെ വെളിപ്പെടുന്ന ദൈവവെളിപാട് ദൈവത്തിന്റെതന്നെ നേരിട്ടുള്ള സംഭാഷണമാണ്. ദൈവം ഇവിടെ സംവേദനം നടത്തുന്ന പ്രഥമ പുരുഷനായ "ഞാനും", സംവേദനപ്രക്രിയയിൽ അഭിവാദനം ചെയ്യപ്പെടുന്ന "നീ" എന്ന വ്യക്തിയുമാണ് ഉൾപ്പെടുന്നത്. ദൈവത്തിന്റെ പ്രാഥമികത്വം അംഗീകരിക്കപ്പെടുന്ന യേശുവിന്റെ ദൈവാവിഷ്ക്കാരം മനുഷ്യരെ പാപികളാണു തങ്ങളെന്നയവസ്ഥയെ നോക്കിക്കാണുന്നതിനു സഹായിക്കുന്നു. ബലഹീനരായ മനുഷ്യർക്കു തങ്ങളുടെ ബലഹീനതമനസ്സിലാക്കി ദൈവത്തിന്റെ അനന്തകാരുണ്യത്തിൽ വിളിക്കപ്പെട്ടവരായി ജീവിക്കുവാൻ അത് അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

എല്ലാ വെളിപ്പെടുത്തലുകളും ഇവിടെ അനാവരണം ചെയ്യപ്പെടുന്നതോടൊപ്പം ഗോപ്യമായും നിലനില്ക്കുന്നു. ബൈബിളിലൂടെ





തെളിയുന്ന ദൈവിക വെളിപാട് പിന്നണിയിൽനിന്നും തിരശ്ശീല നീക്കി അരങ്ങത്തു വരുന്ന ദൈവത്തിന്റെതന്നെ രഹസ്യാത്മകതയുടെ ചിത്രമാണുതാനും. വെളിപാടിന്റെ വിവരണത്തിലൂടെ എല്ലാം പൂർണ്ണമായി വെളിപ്പെടുത്തുന്ന ഒരു വെളിപാടുകാരനെ കണ്ടുമുട്ടുക എളുപ്പമല്ല. മറിച്ച്, ഗോപ്യമായ വചനത്തിലൂടെയുള്ള സമ്പർക്കത്താൽ വെളിവാകുന്ന ഒരു വെളിപാടുകാരനെയാണ് നാമിവിടെ കണ്ടെത്തുന്നത്. ദുർഗ്രഹമായ ദൈവമായി മാത്രമല്ല ഗ്രഹണീയമായ മനുഷ്യനായും; പ്രപഞ്ചത്തിനുപരിയായി മാത്രമല്ല, പ്രപഞ്ചത്തിലും അദൃശ്യവും സ്വർഗ്ഗീയവുമായി മാത്രമല്ല ഭൗമീകവും ദൃശ്യവുമായ രൂപത്തിലും അവൻ നിലനില്ക്കുന്നു എന്നാണ് ഈ വെളിപാടിന്റെ ഉള്ളടക്കമായ ദൈവത്തെക്കുറിച്ച് കാൾബാർത്ത് സാക്ഷിക്കുന്നത്.

വൈരുദ്ധ്യാധിഷ്ഠിത ദൈവസാന്നിദ്ധ്യ മാതൃകയെ മുറുകെ പിടിക്കുന്ന ദൈവശാസ്ത്രജ്ഞന്മാരെ സംബന്ധിച്ചിടത്തോളം ദൈവിക വെളിപാടിന്റെ ഉള്ളടക്കം ത്രിയേകദൈവം തന്നെയാണ്. ഇവിടെ വചനവും ആത്മാവും പരസ്പരപൂരകമായി വർത്തിക്കുന്നു. പരിശുദ്ധ ത്രിത്വത്തെ മാറ്റിനിർത്തി ഒരു വെളിപാടിനെക്കുറിച്ച് ചിന്തിക്കുക സാധ്യമല്ല. കാരണം ദൈവികവെളിപാടിൽ ദൈവത്തിന്റെ ആധികാരികമായ വിജ്ഞാനമാണ് വെളിപ്പെടുത്തപ്പെടുന്നത്. യേശു വെളിപ്പെടുത്തിത്തരുന്ന ആധികാരിക ദൈവിക വിജ്ഞാനമാകട്ടെ ത്രിയേക ദൈവത്തിലധിഷ്ഠിതവുമാണ്. ത്രിത്വത്തിന്റെ രഹസ്യമാകട്ടെ വെളിപ്പെടുത്തപ്പെടുന്തോറും നിഗൂഢതകളുടെ മാറാപ്പ് പേറുന്നതുമാണ്.

### 4. വെളിപാട് രക്ഷാകരമായ അനുരഞ്ജനം

വെളിപാടും രക്ഷയും സ്വാഭാവികമായിതന്നെ ബന്ധപ്പെട്ടിരിക്കുന്നു. രക്ഷയെ സംബന്ധിക്കുന്ന ഒരു സിദ്ധാന്തം എന്നതിലുപരിയായി രക്ഷാകരമായ ഒരു ഇടപാടാണ് ദൈവികവെളിപാട്. അസ്തിത്വപരിവർത്തനത്തിലൂടെ മനുഷ്യനെ ദൈവവുമായുള്ള അനുരഞ്ജനാവസ്ഥയിലേക്കു കൊണ്ടുവരുന്ന വലിയൊരു സംഭവമാണത്.

മനുഷ്യന്റെ ദൈവസംബന്ധിയായ വിജ്ഞാനം വർദ്ധിപ്പിക്കുന്ന ഒന്ന് എന്നതിനേക്കാൾ മനുഷ്യജീവിതത്തെ അർത്ഥപൂർണ്ണമാക്കേണ്ട ഒന്നാണ് ദൈവിക വെളിപാട്. അസ്തിത്വപരിവർത്തനത്തിലൂടെ മനുഷ്യനെ ദൈവവുമായുള്ള അനുരഞ്ജനാവസ്ഥയിലേക്കു കൊണ്ടുവരുന്ന വലിയൊരു സംഭവമാണത്.

മനുഷ്യന്റെ ദൈവസംബന്ധിയായ വിജ്ഞാനം വർദ്ധിപ്പിക്കുന്ന

ഒന്ന് എന്നതിനേക്കാൾ മനുഷ്യജീവിതത്തെ അർത്ഥപൂർണ്ണമാക്കേണ്ട ഒന്നാണ് ദൈവികവെളിപാട് എന്നു വരുന്നു. വെളിപാട് അതിന്റെ സ്വഭാവത്താൽതന്നെ രക്ഷാകരമാണ്. അതാകട്ടെ ദൈവവും മനുഷ്യനും തമ്മിലുള്ള സൗഹൃദം വെളിവാക്കുന്ന സംഭവമാണ്. ഈ സൗഹൃദമാകട്ടെ രക്ഷകനായ യേശുവിലൂടെയാണ് അന്വർത്ഥമാകുന്നതും. യേശു നേടിത്തന്ന പാപമോചനവും അനുരഞ്ജനവുമാണ് ഇവിടെ വെളിപാടിന്റെ കേന്ദ്രമായി നിലകൊള്ളുന്നത്.

രക്ഷയും വെളിപാടും പരസ്പരപൂരകമാകുമാറ് ആന്തരികമായി ഉൾച്ചേർന്നിരിക്കുന്നു. ആന്തരികമായി വെളിപാട് രക്ഷാരമായി മാറുന്നത് അതുകൊണ്ടാണ്. ദൈവപദ്ധതിയനുസരിച്ച് മാത്രമേ ദൈവിക വെളിപാട് പൂർത്തീകരിക്കപ്പെടുകയുള്ളൂ. വെളിപാടിനെ രക്ഷയുമായും ബന്ധപ്പെടുത്തി കണ്ടതുകൊണ്ടാണ് "വെളിപാടും ദൈവത്തിന്റെ ക്ഷമയും ഒന്നാണ്" എന്ന് ബ്രണ്ണർ അഭിപ്രായപ്പെടുന്നത്. യേശുവിന്റെ രക്ഷയാകുന്ന വെളിപാട് മനുഷ്യനെ സുഖപ്പെടുത്തുവാൻ പോന്ന ഒരേയൊരു മാർഗ്ഗമാണ്. മനുഷ്യൻ പ്രതീക്ഷിക്കുന്ന ദൈവത്തിങ്കലേക്കുള്ള മാർഗ്ഗമാണ് വെളിപാടു നല്കുന്നവൻ, എന്നു മാത്രമല്ല അതിലുപരിയായ ഒരേ ഒരു മാർഗ്ഗം മാത്രമാണത്. ദൃശ്യമായും, ഗ്രഹിക്കാവുന്ന രീതിയിലും തന്റെ തന്നെ സാക്ഷ്യത്തിൽ ദൈവം യേശുവിലൂടെ മനുഷ്യനെ കണ്ടുമുട്ടുന്നു. പ്രകൃതിദത്തമായ മാനുഷിക പരിമിതികളെ അംഗീകരിക്കുകയും അനുരഞ്ജനത്തിലേയ്ക്കാനയിക്കുകയും ചെയ്യുന്ന "യേശുക്രിസ്തു ദൈവത്തിന്റെ പ്രകാശവും, ദൈവത്തിന്റെ വെളിപ്പെടുത്തലുമാണ്".

**5. വെളിപാടിനെ പൂർണ്ണമാക്കുന്ന വിശ്വാസം**

യുക്തിപരമായ എല്ലാ വാദഗതികളെയും അതിജീവിക്കുന്ന ഒന്നായാണ് ദൈവികവെളിപാടിനെ ക്രൈസ്തവ വിശ്വാസം മനസ്സിലാക്കുന്നത്. അതിനാൽതന്നെ വെളിപാടിവിടെ തെളിവായിത്തീരുന്നതും ഗ്രഹിക്കപ്പെടുന്നതും വിശ്വാസത്താലാണ് എന്നു വരുന്നു. വെളിപാടു സംഭവത്തെ പൂർണ്ണമാക്കുന്ന അവിഭാജ്യഘടമാണ് വിശ്വാസം. കാര്യക്ഷമമായി പ്രഖ്യാപിക്കപ്പെടുന്ന വെളിപാടാകുന്ന വചനം വിശ്വാസത്താൽ സ്വീകരിക്കപ്പെടുമ്പോഴാണ് വെളിപാട് ഒരു സംഭവംതന്നെയായി മാറുന്നത്. വിശ്വാസത്തിന്റെ പ്രത്യുത്തരമേകാതെ വെളിപാട് ഒരിക്കലും വ്യക്തിപരമായ ജീവിതത്തിലെ സംഭവമാകുകയില്ല. അതുകൊണ്ടു ദൈവിക വെളിപാട് സംവദിക്കുന്ന പ്രധാന പ്രവർത്തനം വിശ്വാസമാകേണ്ടിയിരിക്കുന്നു. അത് ദൈവത്തിന്റെതന്നെ സ്വയം സമർപ്പണത്തിന്റെയും സ്വയം വെളിപ്പെടു





ത്തലിന്റെയും തിരിച്ചറിയലാണ് എന്ന് കാൾബാർത്ത് പറഞ്ഞുവയ്ക്കുന്നു.

വെളിപാടിന് കാലിക സ്വഭാവം കൈവരുന്നത് വിശ്വാസത്താലാണ്. യഥാർത്ഥത്തിൽ വെളിപാട് വെളിവാകുന്നത് അതു നടക്കുമ്പോൾ മാത്രമാണ്.വിശ്വാസത്താൽ പ്രഖ്യാപിക്കപ്പെട്ട് വിശ്വാസത്താൽ സ്വീകരിക്കപ്പെടുമ്പോഴാണ് വെളിപാട് ഒരു സംഭവംതന്നെയായി മാറുന്നത്. വിശ്വാസത്തിന്റെ പ്രത്യുത്തരമേകാതെ വെളിപാട് ഒരിക്കലും വ്യക്തിപരമായ ജീവിതത്തിലെ സംഭവമാകുകയില്ല. അതുകൊണ്ട് ദൈവിക വെളിപാട് സംവദിക്കുന്ന പ്രധാന പ്രവർത്തനം വിശ്വാസമാകേണ്ടിയിരിക്കുന്നു. അത് ദൈവത്തിന്റെ തന്നെ സ്വയം സമർപ്പണത്തിന്റെയും സ്വയം വെളിപ്പെടുത്തലിന്റെയും തിരിച്ചറിയലാണ് എന്ന് കാൾബാർത്ത് പറഞ്ഞു വയ്ക്കുന്നു.

വെളിപാടിന് കാലിക സ്വഭാവം കൈവരുന്നത് വിശ്വാസത്താലാണ്. യഥാർത്ഥത്തിൽ വെളിപാട് വെളിവാകുന്നത് അതു നടക്കുമ്പോൾ മാത്രമാണ്. വിശ്വാസത്താൽ പ്രഖ്യാപിക്കപ്പെട്ട് വിശ്വാസത്താൽ സ്മരിക്കപ്പെടുമ്പോഴാണ് ദൈവിക വെളിപാട് സംഭവിക്കുന്നത്. വിശ്വാസ ദീപ്തിയിൽ വെളിപാടിന്റെ നിമിഷങ്ങളിൽ ദൈവവചനം ജീവിക്കുന്ന ദൈവത്തിന്റെതന്നെ ജീവനുള്ള വചനമായി മാറുന്നു. അതുവഴി ദൈവിക വെളിപാട് വചനത്തിൽ മനുഷ്യനെ കണ്ടുമുട്ടുന്നു. വ്യക്തിയുടെ വർത്തമാനകാല ശബ്ദമായി അതു മാറുന്നു എന്നു ബുൾട്ടുമാൻ പറയുന്നത് ഈ അർത്ഥത്തിലാണ്. ഓരോ തലമുറയ്ക്കും വെളിപാട് സ്വന്തമാക്കുന്നത് വിശ്വാസത്താലത് ആ കാലഘട്ടത്തോട് സംവദിക്കുമ്പോഴാണ്.

വസ്തുനിഷ്ഠമായി, ദൈവത്തിന്റെ സ്വപുത്രനിലൂടെയുള്ള വെളിപ്പെടുത്തൽ പൂർത്തീകരിക്കപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ പൂരിതനായ ഒരാൾ വിശ്വാസ വെളിച്ചംകൊണ്ട് അറിയാനിടയാകുമ്പോഴാണ്. വിശ്വാസം വഴിയുള്ള ഈ പ്രശോഭിതമാക്കൽ വെളിപാടു പൂർത്തീകരിക്കപ്പെടുവാൻ അത്യന്താപേക്ഷിതമാണ്. പ്രകാശം കണ്ണുകളാൽ അനുഭവവേദ്യമാകുമ്പോഴാണ് ഒരാളെ സംബന്ധിച്ചിടത്തോളം പ്രകാശം അർത്ഥപൂർണ്ണമാകുന്നത് എന്നതുപോലെ, വിശ്വാസത്താലാണ് വെളിപാട് തെളിവാർന്ന യാഥാർത്ഥ്യമായി മാറുന്നത്. അതുകൊണ്ടാണ് തിരുവചനം ദൈവവചനമായി മാറുന്നത് വ്യക്തിയെ അഭിസംബോധനചെയ്യുന്ന വിശ്വാസ പ്രഖ്യാപനം ആകുമ്പോഴാണ് എന്നു ബുൾട്ടുമാൻ പറയുന്നത്.

**ഉപസംഹാരം**

ദൈവവെളിപാടിന്റെ വൈരുദ്ധ്യാധിഷ്ഠിത ദൈവസാന്നിദ്ധ്യമാതൃകയ്ക്ക് അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങൾ ധാരാളമായി കണ്ടെത്താവുന്നതാണ്. ദൈവവചനത്തിന്റെ ആധികാരികതയും പ്രമാദിത്വവും മുറുകെ പിടിക്കുമ്പോൾ, വചനത്തിന്റെ സംവേദനക്ഷമതയും, വ്യാഖ്യാന ശുദ്ധിയും ബലഹീനരായ മനുഷ്യരിലൂടെ സംവേദനം ചെയ്യപ്പെടുന്നത് എങ്ങനെ ആധികാരികമാകും എന്ന പ്രധാന പ്രശ്നം നിലനില്കുന്നു. എന്നിരുന്നാലും വൈരുദ്ധ്യാധിഷ്ഠിത ദൈവസാന്നിദ്ധ്യ മാതൃക ബൈബിളിലധിഷ്ഠിതമാണ്. 16-ാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റു നവീകരണത്തിനു നേതൃത്വം കൊടുത്തവരുടെ ആശയങ്ങൾ ഇവിടെ വീണ്ടും പുനർജ്ജീവിക്കുന്നു. എല്ലാ സത്യവും മനുഷ്യ പ്രയത്നത്തിന്റെ ഫലമാണ് എന്നു വാദിക്കുന്ന പുരോഗമനവാദികളുടെയും സ്വതന്ത്രവാദികളുടെയും ആക്രമണങ്ങളെ അതിജീവിച്ച് ദൈവനാമത്തിൽ പഠിപ്പിക്കുവാനും പ്രസംഗിക്കുവാനും ശക്തിപകരുവാൻ പോന്ന ബോധ്യങ്ങൾ ഈ മാതൃകയിൽ നിറഞ്ഞു നില്ക്കുന്നു.

ഈ മാതൃകയിൽ മനുഷ്യൻ വെറും നിസ്സാരനും, നിഷ്ക്രിയനുമായി ചിത്രീകരിക്കപ്പെടുന്നുവെങ്കിലും ക്രിസ്തുകേന്ദ്രീകൃതമായ സമീപനം ഇതിന്റെ ശക്തിയാണ്. അതാകട്ടെ പരമ്പരാഗതമായി മുറുകെ പിടിച്ചുവരുന്ന പരിശുദ്ധ ത്രിത്വത്തിലധിഷ്ഠിതമാണുതാനും. അപരിമേയനായ ദൈവവുമായുള്ള അഭേദ്യബന്ധത്തിനും, ക്രിസ്തു വെളിപ്പെടുത്തിയ ആഴമായ രഹസ്യങ്ങളിൽ ശക്തിപ്പെടുവാനും ഈ മാതൃക ഏറെ സഹായകമാണ്. ദൈവശാസ്ത്രത്തിന്റെ പരിമിതികൾ മറന്ന് വെളിപ്പെടുത്തപ്പെട്ട സന്ദേശം ആധികാരികമായി മുറുകെ പിടിക്കുവാൻ പ്രചോദനമാകുന്ന വൈരുദ്ധ്യാധിഷ്ഠിത ദൈവസാന്നിദ്ധ്യമാതൃക ദൈവികവെളിപാടിനെ കൂടുതൽ ക്രിസ്തുകേന്ദ്രീകൃതമായി മനസ്സിലാക്കുവാനും അവിടുന്നിൽ അനുരഞ്ജനപ്പെടുവാനും സഹായകമാകുന്നു.

**ഡോ. ഗ്രിഗറി ആർബി,**
*മതവും ചിന്തയും*, ജനുവരി - ഫെബ്രുവരി, 2004.



# 07

# ദൈവിക വെളിപാട്: നൂതനാഭിമുഖ്യങ്ങൾ

**ആമുഖം**

മൗലിക ദൈവശാസ്ത്രത്തിലെ പ്രധാനപ്രമേയങ്ങളിലൊന്നാണ് ദൈവിക വെളിപാട്. സാധാരണയായി ദൈവികവെളിപാട് എന്നു പറയുമ്പോൾ പുറമേ നിന്നു ലഭിക്കുന്ന ഒന്നാണെങ്കിലും മനുഷ്യൻ നിഷ്ക്രിയനോ മന്ദവികാരനോ ആയി സ്വീകരിക്കേണ്ട ഒന്നായാണ് ഇതിനെ കണ്ടിരുന്നത്. ഇങ്ങനെയുള്ള വീക്ഷണത്തിനു മാറ്റം വരുത്തി വെളിപാടിനെ പൂർണ്ണാത്മാവബോധത്തിലേക്കുള്ള മനുഷ്യന്റെ അതീന്ദ്രീയമായ ആന്തരീക ദാഹശമനമായി അഥവാ നവ അവബോധമായി (New awareners) അവതരിപ്പിക്കുന്ന ഒരു ശ്രമം ദൈവശാസ്ത്ര മേഖലയിൽ നിലനില്കുന്നുണ്ട്. ഈ വിഷയത്തെക്കുറിച്ച് ആധികാരികമായ പഠനം നടത്തിയ വ്യക്തിയാണ് പ്രസിദ്ധ ദൈവശാസ്ത്രജ്ഞൻ കർദ്ദിനാൾ അവറിഡള്ളസ്സ് (Avery Dulles) അദ്ദേഹത്തിന്റെ പഠനങ്ങൾ അധികരിച്ചാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്.

### 1. നവ അവബോധമാതൃക: ഉറവിടവും വക്താക്കളും

വെളിപാടിനെ നവഅവബോധമാതൃകയായി അവതരിപ്പിക്കുന്നതിന് താത്വികമായ പ്രേരണ നല്കിയത് പത്തൊൻപതാം നൂറ്റാണ്ടിൽ പ്രബലപ്പെട്ടുവന്ന ഇമ്മാനുവേൽ കാന്റിന്റെ അതീന്ദ്രിയ ആദർശവാദവും (Transcenental idealism) ഫിക്റ്റ (Fichte)യുടെ അഹം തത്ത്വാത്മകമായ (കർത്താധിഷ്ഠിതം) ആദർശനവാദവുമാണ് (subjective idealism) ഈ തത്ത്വചിന്തകന്മാരുടെ സ്വാധീനത്താൽ ആംഗലേയ ദൈവശാസ്ത്രജ്ഞരായ ഗ്രിഗറി ബാം (Gregory Baum), ലെസ്ലി ദൈവാർട്ട് (Leslie Deward) ഗബ്രിയേൽ മോറൻ (Dabriel Moran). റേ എൽ. ഹാർട്ട് (Ray L. Hart), വില്യം എം തോംസൺ (william M. Thompson) തുടങ്ങിയവരാണ് ദൈവികവെളിപാടിനെ 'നവഅവബോധ' മാതൃകയായി അവതരിപ്പിക്കുവാൻ തുടങ്ങിയത്. നവഅവബോധ മാതൃക സ്വീകരിക്കുന്നവരുടെ അഭിപ്രായത്തിൽ വെളിപാട് സാധിതമാക്കുന്നത് മനുഷ്യശക്തികളെ അതിന്റെ ഉന്നതമായ വ്യാപാരങ്ങളിലേയ്ക്കുയർത്തുമ്പോഴാണ്. അനുഭവങ്ങൾക്കു മുകളിൽ പോവുക എന്നതിനേക്കാൾ വെളിപാടിനെ അതിൽത്തന്നെ ദൈവികജീവൻ പങ്കുപറ്റുന്ന ഒരനുഭവമായിട്ടാണ് അവർ കാണുന്നത്. സത്യത്തിനു പുതിയ ദിശാബോധം നല്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

മൗലികദൈവശാസ്ത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് സാധ്യത കുറവാണെങ്കിലും നവഅവബോധമാതൃക കത്തോലിക്കാ ദൈവശാസ്ത്രജ്ഞരെയും സ്വാധീനിച്ചു. കാൾറാനറിൽ ഈ സ്വാധീനം ദൃശ്യമായത് ചെറിയ തോതിലാണെങ്കിലും മൗറിസ് ബ്ളോണ്ടലിലൂടെ (Maurice Blondel) നരവംശ ദൈവശാസ്ത്രജ്ഞനായ തെയാർദ് ദെ ഷർദാനിൽ (Teilhard de Chardin) ഇതു വലിയ തോതിലുണ്ടാകുന്നുണ്ട്. വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകളിലും നവഅവബോധ മാതൃകയുടെ സ്വാധീനം കാണാൻ സാധിക്കുമെന്നാണ് അവറിഡള്ളസ്സ് അഭിപ്രായപ്പെടുന്നത്.

### 2. നരവംശശാസ്ത്രത്തിൽ വന്ന പരിവർത്തനം

പരണാമസിദ്ധാന്തത്തിന്റെ പശ്ചാത്തലത്തിൽ ദൈവശാസ്ത്രം പരിപോഷിപ്പിച്ച വ്യക്തിയാണ് ഷർദാൻ. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വെളിപാട് മുകളിൽനിന്നും ലഭിക്കുന്നു എന്ന ആശയം തീർത്തും അപ്രസക്തമാണ്. കത്തോലിക്കാസഭയുടെ മൗലികവിശ്വാസത്തിൽ നിന്നുകൊണ്ട് വെളിപാടിനെ മാനവീകരണവും മാനസിക വളർച്ചയുമായി ബന്ധപ്പെടുത്തി കാണാനാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വെളിപാട് എന്നത് ദൈവത്തെക്കുറിച്ച് നമ്മുടെ മനസ്സിന്റെ അന്തർമുഖത്ത് ദൃശ്യമാകുന്ന ഒരു പ്രതിഫലനമാണ് (a reflection of God in our consciousness). അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, ക്രിസ്തീയ വെളിപാടിലെ 'അതിസ്വാഭാവികത' അതിൽത്തന്നെ ഒരു പരിധിവരെ അന്തർലീനമാണ്. ദൈവസാന്നിധ്യം ഉറപ്പുവരുത്തുന്നത് കേവലം ബാഹ്യമായ എന്തെങ്കിലും ബന്ധംകൊണ്ടല്ല. മറിച്ച് രണ്ട് അന്തർബോധങ്ങളുടെ കേന്ദ്രങ്ങളുമായുള്ള സമ്പർക്കംമൂലമാണ്. ഇത് അവബോധത്തിന്റെ പ്രവൃത്തിയല്ല മറിച്ച് ഒരു തിരിച്ചറിവാണ്. ദൈവകൃപയുടെ ഫലമായി തികച്ചും സങ്കീർണ്ണമായ രണ്ട് സത്തകൾ തങ്ങളെത്തന്നെ സ്വതന്ത്രമായി പരസ്പരം തുറന്നു കാട്ടുകയും തങ്ങളെത്തന്നെ നല്കുകയും ചെയ്യുന്ന പ്രക്രിയയാണത്. അതായത് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നത് ഒരു നുഴഞ്ഞുകയറ്റം വഴിയല്ല (not by intrusion). പുറമേനിന്നും അല്ല; മറിച്ച് അകമേ ആയിരുന്നുകൊണ്ട് മനുഷ്യന്റെ മനസ്സിന്റെ ഇപ്പോഴായിരിക്കുന്ന അവസ്ഥയെ ഉന്മേഷഭരിതമാക്കിക്കൊണ്ടും ശക്തിപ്പെടുത്തിക്കൊണ്ടുമാണ്.

പൂർണ്ണതയിലൂടെയും പൊരുത്തപ്പെടുത്തലിലൂടെയും തിരിച്ചറിയപ്പെടുന്ന മനുഷ്യന്റെ സ്വരം വ്യക്തിപരമായതും സാമൂഹികതയെ സഹായിക്കുന്നതുമാണ്. മനുഷ്യസമൂഹത്തെക്കുറിച്ച് ആഴമായി ചിന്തിച്ച ഷർദാന്റെ വീക്ഷണമനുസരിച്ച് വളർച്ച അഥവാ പുരോഗതി വെളിപാടുമായി ബന്ധപ്പെട്ടിരിക്കുകയും വളർച്ച, വെളിപാട് ആവശ്യപ്പെടുകയും ചെയ്യുന്നു.

വെളിപാട് പ്രപഞ്ചപരിണാമത്തിന്റെ നേർമുഖമായി ചരിക്കാതെ കണ്ടുമുട്ടാൻ സാധിക്കുകയില്ല. കർത്താവിന്റെ പ്രത്യാഗമനംവരെ വെളിപാട് പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കും. എന്നാൽ പൂർണ്ണതയുടെ അന്തിമഘട്ടം ദൈവത്തിന്റെ മനുഷ്യാവതാരത്തോടെ ആരംഭിച്ചു കഴിഞ്ഞു. സ്വർഗ്ഗാരോഹണത്തിനുശേഷവും തുടരുന്ന വെളിപാട് ക്രിസ്തുവിലൂടെ അതു കർമ്മീഭവിച്ചതിന്റെ (dycetified) വികാസമാണ്.

ഷർദാന്റെ സ്വാധീനം മൂലമായിരിക്കണം കാൾറാനർ വെളിപാട് സിദ്ധാന്തത്തെക്കുറിച്ചുള്ള തന്റെ വിവിധ ലേഖനങ്ങളിൽ അതിനെ ലോകത്തിന്റെ പരിണാമവീക്ഷണവുമായി ബന്ധപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വെളിപാട് ഒരു സാധാരണ പ്രതിഭാസമാണ്. ദൈവം-ജീവിക്കുന്നവൻ, സ്ഥായിയായവൻ, ലോകത്തിന് അതിന്റെതന്നെ സ്വതന്ത്രമായ ചലനത്തിനു സഹായകമായ ശക്തിയായി നിലനില്ക്കുന്നവൻ-എല്ലായിടത്തും

സന്നിഹിതനാണ്. അതുകൊണ്ട് വെളിപാടിനെ പൂർണ്ണമായും സ്പഷ്ടമായ ദൈവികസത്യങ്ങൾ മനുഷ്യന്റെ ജ്ഞാനത്തിന്റെ തലത്തിൽ നിക്ഷേപിക്കുന്ന ഒന്നായി മനസ്സിലാക്കരുത്. മറിച്ച് ഇതിനെയൊരു സവിശേഷപ്രക്രിയയായി വേണം കാണാൻ. ഇതിലൂടെ ചരിത്രത്തിലും മനുഷ്യന്റെ പാരമ്പര്യത്തിലും പ്രവർത്തിക്കുന്ന ദൈവം തന്റെ ആത്മീയ സൃഷ്ടികളെ ബോധത്തിന്റെ ഉന്നതതലങ്ങൾ നേടിയെടുക്കാൻ സഹായിക്കുന്നുവെന്നുവേണം മനസ്സിലാക്കാൻ. കാൾറാനറെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു ദൈവത്തിന്റെ ഉന്നതസ്വത്വത്തിന്റെ സ്വയം വെളിപ്പെടുത്തലും ചരിത്രപരമായ സ്വീകരിക്കലുമാണ്. കൃപയാകട്ടെ അതിൽത്തന്നെ വെളിപാടിനെ സൂചിപ്പിക്കുന്നു. കാരണം കൃപയാൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നവനായാലും മനുഷ്യവ്യക്തിയെ, ദൈവത്തിലുള്ള ഐക്യത്തിലൂടെ സ്വയം പൂർണ്ണത നേടുവാൻ അത്യുന്നതങ്ങളിലേയ്ക്കു നീങ്ങുന്നവനായും മനസ്സിലാക്കിത്തരുന്നു. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് വെളിപാടിനെ മനുഷ്യാവബോധത്തിന്റെ പുതിയതലമായി കാണുവാൻ സാധിക്കും. അതിൽ മനുഷ്യാത്മാവ് തന്നെത്തന്നെ ആത്യന്തികമായി ഒരു പുതിയ രീതിയിൽ ദൈവത്തിലേക്കു ചരിക്കുന്നതായും ദൈവികത മനുഷ്യാത്മാവുമായി കൂടുതൽ അടുക്കുന്നതായും കാണുന്നു. അനുഭവജ്ഞാനാതീതമായ വെളിപാട് എന്ന് കാൾറാനർ വിശേഷിപ്പിക്കുന്ന ഇത് ഒരേസമയം മനുഷ്യകേന്ദ്രീകൃതവും ദൈവകേന്ദ്രീകൃതവുമാണ്.

വെളിപാടിനെക്കുറിച്ചുള്ള കാൾറാനറിന്റെ ദൈവശാസ്ത്രത്തെ അനുഭവജ്ഞാനാതീതമെന്ന അടിസ്ഥാനത്തിൽ നിന്നുകൊണ്ടു മാത്രം പൂർണ്ണമായും മനസ്സിലാക്കാനാവില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വെളിപാട് ധ്യാനാത്മകവും മൂല്യവത്തുമായ ഭാഷാപ്രയോഗത്തിലൂടെ മാത്രം അവതരിപ്പിക്കുവാൻ കഴിയുന്ന ഒന്നാണ്. അതുകൊണ്ട് കാൾ റാനർ അതീന്ദ്രിയമായതിനെയും മനുഷ്യന്റെ പരിതോവസ്ഥകളെയും സമന്വയിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

അഹം തത്ത്വവാദത്തിനെതിരേ ജാഗ്രതപുലർത്തണമെന്ന ആശയം മുന്നോട്ടുവച്ചു കത്തോലിക്കാ ദൈവശാസ്ത്രത്തിൽ വന്നിട്ടുള്ള പുതിയ സമീപനങ്ങൾ എടുത്തുകാട്ടുകയാണ് തോമസ് ഒമേര (Thomas O' meara). ദൈവത്തിൽനിന്നും ആരംഭിക്കുകയും വെളിപാടിന്റെ വെളിച്ചത്തിൽ സംഭവങ്ങൾക്കും പ്രമാണങ്ങൾക്കും ഊന്നൽ നല്കുകയും ചെയ്യുന്നതാണ് പഴയ സമീപനം. എന്നാൽ ഒമേരയുടെ വീക്ഷണം വ്യത്യസ്തമാണ്. അവിടെ മനുഷ്യനിൽ നിന്നാരംഭിച്ച് ഓരോ വ്യക്തിത്വത്തെയും വലയം ചെയ്യുന്ന





ദൈവസാന്നിദ്ധ്യത്തിനാണ് ഊന്നൽ. ഇതുവഴി അദ്ദേഹം അനാവരണം ചെയ്യുന്നതാകട്ടെ "ദൈവിക മനഃശാസ്ത്ര വെളിപാടും" (Theo--psychology of revelation). ഇവിടെ വെളിപാട് ആരംഭിക്കുന്നത് കൃപാവർഷത്തിൽനിന്നാണ്. തന്റെ വാദം ശക്തിപ്പെടുത്താൻ കാൾറാനറിനെ ആശ്രയിക്കുന്ന അദ്ദേഹം പറയുന്നത്. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തൽ ആത്മീയ മനുഷ്യന്റെ അന്തരാത്മാവിൽ നടക്കുന്നത് പ്രധാനമായും മനസ്സിന്റെ അവസ്ഥ എന്ന നിലയിലാണ് എന്നത്രേ. ഇത് അറിവല്ല; മറിച്ച് 'അവബോധമാണ്' ബ്ളോണ്ടൽ (Blondel), കാൾ റാനർ എന്നിവരുടെ ചിന്താഗതിയോട് ചേർന്ന് വെളിപാടിനെക്കുറിച്ച് ചിന്തിച്ച കനേഡിയൻ ദൈവശാസ്ത്രജ്ഞനായ ഗ്രിഗറി ബാം നവബോധമാതൃകയ്ക്കാണ് ഊന്നൽ കൊടുക്കുന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വെളിപാട് എന്നത് മറ്റൊരു ലോകത്തെക്കുറിച്ചുള്ള വിവരം നല്കലല്ല; ദൈവത്തിന്റെ സ്വന്തം വെളിപ്പെടുത്തലാണ്. അതിലൂടെ ദൈവം തന്റെ കൃപയാൽ മനുഷ്യന്റെ പൂർണ്ണതയിലേക്കുള്ള യാത്രയിൽ പ്രവേശിക്കുന്നു. ക്രൈസ്തവ സന്ദേശം എന്നത് ദൈവത്തെക്കുറിച്ചുള്ള ഏതെങ്കിലും ഭൗതിക വിജ്ഞാനം നല്കലല്ല; രക്ഷാകരസത്യം പകർന്നു നൽകലാണ്. ഇത് മനുഷ്യന്റെ ബോധതലത്തെ ഉയർത്തുന്നു. പുതിയ പ്രകാശത്തിലൂടെ ലോകത്തെ നോക്കിക്കാണാനും തന്നെത്തന്നെ പുതിയൊരു കർത്തവ്യത്തിനായി അർപ്പണം ചെയ്യാനും പ്രാപ്തനാക്കുന്നു. 'വിശ്വാസ'മാകട്ടെ ദൈവിക വെളിപാടിന്റെ ഉൾക്കൊള്ളലായിരിക്കുന്നതുപോലെതന്നെ പുതിയ സ്വയാവബോധത്തിലേയ്ക്കുള്ള പ്രവേശനവും ലോകത്തെ പുതിയൊരു രീതിയിൽ നോക്കിക്കാണുന്നതുമാണ്. സഭാപഠനങ്ങൾ വെളിപാടായി വർത്തിക്കുന്നത് മനുഷ്യപ്രാപ്യമായ ചില പവിത്രമായ യാഥാർത്ഥ്യങ്ങൾ വിവരിക്കുന്നതു കൊണ്ടല്ല, അത് അടയാളങ്ങളായതിനാലാണ്; മനുഷ്യന്റെ അനുഭവങ്ങൾക്ക് വിഷയീഭവിക്കുന്നതുകൊണ്ടാണ്. മതപരമായ അടയാളങ്ങൾ ജീവിതത്തിന്റെ ആത്യന്തികമായ അർത്ഥത്തിലേയ്ക്ക് വിരൽ ചൂണ്ടുന്നതിലൂടെ നമ്മുടെ അനുഭവങ്ങൾക്ക് പുതിയ ദിശയും നവരൂപവും നല്കുന്നു.

### 3. പോൾ ടില്ലിച്ചിന്റെ (Paul Tillich) വീക്ഷണം

വെളിപാടിനെ അസ്തിത്വപരമായി മനസ്സിലാക്കാൻ ശ്രമിച്ച ദൈവശാസ്ത്രജ്ഞനാണ് പോൾ ടില്ലിച്ച്. അദ്ദേഹം വെളിപാടിന്റെ അസ്തിത്വപരമായ അംശങ്ങൾക്ക് പ്രാമുഖ്യം കൊടുക്കുന്നയാളാണ്. അതാകട്ടെ, വെളിപാടിന്റെ പാരമ്പര്യത്തിൽ ഓരോ വിശ്വാസി

യുടെയും സൃഷ്ടിപരവും പരിവർത്തനക്ഷമവുമായ രീതിയിലുള്ള പങ്കുചേരലിലൂടെയാണ് സാഫല്യം തേടുക. വെളിപാടിന്റെ ഉറവിടം അനുഭവമല്ല. എന്നാൽ അനുഭവത്തിലൂടെയല്ലാതെ ഇതു സംഭവിക്കുന്നില്ല എന്നതാണ് അദ്ദേഹത്തിന്റെ പക്ഷം. അനുഭവം ഒരു മധ്യവർത്തിയായി നിലനില്ക്കുന്നു എന്നു സൂചന. വിശുദ്ധിയുടെ പ്രകാശനമെന്ന നിലയിൽ വെളിപാട് അനുഭവങ്ങളെയും ഉൾക്കൊള്ളുന്നു. അതിൽ പ്രകൃതി അല്ലെങ്കിൽ ചരിത്രം ദൈവിക പ്രതലത്തിലേക്കു തെളിഞ്ഞുവരുന്നു. വെളിപാട് മനുഷ്യന്റെ ആത്യന്തികമായ അന്വേഷണങ്ങളോടാണ് സംവേദിക്കുന്നത്. അതുകൊണ്ട് നമ്മെ സംബന്ധിച്ച് ആത്യന്തികമായുള്ളതിന്റെ ആവിഷ്ക്കാരമാണ് വെളിപാടെന്ന് നിർവ്വചിക്കാം. വെളിപ്പെടുത്തുന്ന സംഭവങ്ങൾ എല്ലായ്പ്പോഴും പിടിച്ചു കുലുക്കുന്നതാണ്. രൂപാന്തരപ്പെടുത്തുന്നതാണ്. വളരെ ക്ഷമയും അവധാനതയും ആവശ്യപ്പെടുന്നതാണ്, തികച്ചും അർത്ഥവത്തുമാണ്.

### 4. പ്രത്യഭിജ്ഞാനം

ഫീഡയിസത്തിന്റെ (നിത്യസത്യങ്ങൾ ഗ്രഹിക്കാൻ മനസ്സിനു കഴിവില്ലെന്നും അതിനു മനുഷ്യനെ ശക്തനാക്കാൻ വിശ്വാസമാണ് ആവശ്യമെന്നും വാദിക്കുന്ന ചിന്താഗതി) കാഴ്ചപ്പാടുകൾ നിരാകരിച്ചുകൊണ്ട് വെളിപാടിന് അനുയോജ്യമായ രീതിയിൽ ബുദ്ധിയുടെ ഇടപെടൽ അംഗീകരിക്കുന്ന ഒന്നാണ് പ്രത്യഭിജ്ഞാന സമീപനം. വെളിപാടിനെ മതാത്മകഭാവമായി കാണുന്ന പ്രവണതയെ പ്രത്യഭിജ്ഞാനം നിരാകരിക്കുന്നു.

അമേരിക്കൻ പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞനായ റെ എൽ. ഹാർട്ട് വെളിപാട് പ്രക്രിയയിൽ ഭാവനയ്ക്കുള്ള ഇടപെടലിനു പ്രാധാന്യം കൊടുക്കുന്നു. വെളിപാട് നല്കപ്പെടുന്നത് മനുഷ്യത്വവികാസത്തിനും മനുഷ്യാസ്തിത്വത്തിന് പൂർണ്ണത നല്കുന്നതിനുമാണ്. ഭാവനയാകുന്ന ശക്തിയുടെ പുറത്താണ് നാം നമ്മുടെ ഭാവി പണിതുയർത്തുന്നത്. ഇതിൽ വെളിപാടിന്റെ നിർണ്ണായകസ്ഥാനം കണ്ടെത്താനാകുമെന്നാണ് റെ എൽ ഹാർട്ട് അനുമാനിക്കുന്നത്.

അമേരിക്കൻ പ്രായോഗിക തത്ത്വചിന്തകനായ യൂജിൻ ഫോന്തിനെല്ലിനെ (Eugene Fontinell) സംബന്ധിച്ചിടത്തോളം വെളിപാട് പ്രത്യഭിജ്ഞാനമല്ല. എന്നാൽ വെളിപാടിലെ പ്രതീകാത്മക ഭാഷ സൃഷ്ടിക്ക് തങ്ങളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വ ബോധം മനസ്സിലാകത്തക്കരീതിയിൽ അടയാളങ്ങൾ പടുത്തു യർത്തുന്നതിന് മനസ്സിനെ പ്രചോദിപ്പിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഭാവനയിലൂടെയാണ് ആശയങ്ങൾ





പണിതുയർത്തപ്പെടുന്നതും സാധ്യതകൾ തിരിച്ചറിയുന്നതും. വ്യക്തിജീവിതത്തിന്റെയും സമൂഹജീവിതത്തിന്റെയും നിലവാരം പരിപോഷിപ്പിക്കപ്പെടുമ്പോഴാണ് വെളിപാട് സാർത്ഥകമാകുന്നത്.

### 5. നവ അവബോധവും കാലവും

മുകളിൽ പ്രതിപാദിക്കപ്പെട്ട ദൈവശാസ്ത്രജ്ഞന്മാർ കാലങ്ങളെ - ഭൂതം, വർത്തമാനം, ഭാവി - എങ്ങനെയാണ് നോക്കിക്കാണുന്നതെന്ന് പരിശോധിക്കാം. പരമ്പരാഗതമായി വെളിപാടിനെ കണ്ടിരുന്ന ദൈവശാസ്ത്രവീക്ഷണത്തിൽനിന്നു വ്യത്യസ്തമായി ഒന്നു നോക്കിക്കാണുവാനാണല്ലോ പലരുടെയും ശ്രമം. ഷർദാനെ സംബന്ധിച്ച് വെളിപാടിന്റെ പൂർണ്ണത ക്രിസ്തുവാണ്. ഭൂതവർത്തമാനഭാവി കാലങ്ങളെ വിളക്കിച്ചേർക്കുന്ന ഒമേഗ പോയിന്റാണ് അവിടുന്ന്. മനുഷ്യാവതാരത്തിലൂടെ വെളിപാട് പൂർണ്ണമായും നൽകപ്പെട്ടുകഴിഞ്ഞു. എന്നാൽ ക്രിസ്തുവിന്റെ ശരീരം ലോകത്തിൽ പണിതുയർത്തപ്പെടുന്നതിലൂടെ ഈ മനുഷ്യവതാരം തുടർന്നുകൊണ്ടിരുന്നു. ക്രിസ്തുവിന്റെ വെളിപാട് രണ്ടാംവരവുവരെ തുടർന്നുകൊണ്ടിരിക്കും; രണ്ടാം വരവോടുകൂടെ അതിന്റെ പൂർണ്ണതയിലെത്തുകയും ചെയ്യും. ഷർദാന്റെ പഠനങ്ങൾ വിലയിരുത്തിക്കൊണ്ട് ഇ.ആർ.ബാൾത്തസാർ E.R. Balthazar) പറയുന്നു: "വെളിപാട് എന്നതു ക്രിസ്തുവല്ലാതെ മറ്റൊന്നുമല്ല. സത്യത്തിന്റെ നാട്ടിലേയ്ക്കുള്ള വഴികാട്ടിയാണവിടുന്ന്. ഇതു മാറ്റമില്ലാത്തതാണ്. വെളിപാട് ഒരു ആശയമോ ഉള്ളടക്കമോ അല്ല; ലക്ഷ്യംതന്നെയാണ്."

ഗ്രിഗറി ബാം വത്തിക്കാൻ കൗൺസിലിന്റെ ആശയങ്ങളെ പിന്താങ്ങികൊണ്ട് ആരാധനാസമൂഹം വചനം വായിക്കുമ്പോഴും വചനപ്രഘോഷണം നടത്തുമ്പോഴും ആത്മീയ സംഭാഷണങ്ങളിലേർ പ്പെടുമ്പോഴും ദൈവികവെളിപാട് തുടർന്ന് നടക്കുന്നുവെന്ന് സിദ്ധാന്തിക്കുന്നു. ദൈവിക വെളിപാട് മനുഷ്യനെ കാലാനുസൃതം രൂപപ്പെടുത്തുന്നുവെന്ന് പറയുന്ന ബാം യേശുവിന്റെ രണ്ടാം വരവ് ആകുന്നതോടുകൂടി മനുഷ്യസമൂഹം തീർച്ചയായും അനുഗ്രഹീതമായ ഭാവിയിലേക്കു നീങ്ങും എന്ന് വെളിപാട് പറയുന്നതായി വിശ്വസിക്കുന്നില്ല. എന്നാൽ എല്ലാ ചരിത്ര സാഹചര്യങ്ങളിലും ഉന്നതമായ മാനുഷികത നമ്മുടെ മുമ്പിൽ വച്ചുനീട്ടുന്നതായി സുവിശേഷം ഉറപ്പുനല്കുന്നുവെന്ന് അദ്ദേഹം കരുതുന്നു.

നവഅവബോധമാതൃകയുടെ വക്താക്കളായ എല്ലാ ദൈവശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നത് ഇതാണ്: ക്രിസ്തുവിലൂടെ

ഒരിക്കൽ നല്കപ്പെട്ട വെളിപാട് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. കനേഡിയൻ മതതത്ത്വചിന്തകനായ ലെസ്ലി ദിവാർട്ട് ഈ ആശയം ഉയർത്തിപ്പിടിക്കുന്നു. "വെളിപാട് അപ്പസ്തോലന്മാരുടെ കൂടെ പൂർത്തിയാക്കപ്പെട്ടുകഴിഞ്ഞു. അതായത് അവരിലൂടെ പുതിയതും നിത്യവുമായ ഉടമ്പടി ആരംഭിച്ചു. എന്നാൽ വെളിപാട് അവസാനിച്ചിട്ടില്ല. ദൈവം മനുഷ്യവ്യക്തിത്വത്തിലും മനുഷ്യ ചരിത്രത്തിലും ഉണ്ടായിരിക്കുന്നിടത്തോളം കാലം അത് അവസാനിക്കുകയില്ല. വെളിപാടിലൂടെ ദൈവംതന്നെക്കുറിച്ചുള്ള സന്ദേശങ്ങളല്ല നല്കുന്നത്. മറിച്ച് സ്വന്തം ഉണ്മയെയാണ് വെളിപ്പെടുത്തുന്നത്. ക്രിസ്തീയമായ ദൈവാനുഭവം അവിടുന്നുതന്നെ സൗജന്യമായും ഉദാരമായും നമുക്കു നല്കുന്ന ഒന്നാണ്. ഈ ക്രൈസ്തവദൈവാനുഭവം ഒരു വ്യക്തിയെ ദൈവത്തെക്കുറിച്ചുള്ള ആശയങ്ങൾ രൂപപ്പെടുത്താനും താൻ വിശ്വസിക്കുന്ന യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാനും ഉത്തേജിപ്പിക്കുകയും ചെയ്യുന്നു.

ഗബ്രിയേൽ മോറൻ, വെളിപാട് വർത്തമാനമാണ് (Present) എന്ന ആശയത്തിലേക്കാണ് ശ്രദ്ധതിരിക്കുന്നത്. വെളിപാട് ഇന്നു നടക്കുന്ന ഒന്നായി, വർത്തമാനകാലസംഭവമായി, അദ്ദേഹം കണക്കാക്കുന്നു. ഒരുകാര്യം സംഭവിക്കുന്നത് അത് സംഭവിക്കുമ്പോഴാണ് (A happening is a happening only when it is happening). ഷർദാന്റെ ഒമേഗ ദർശനത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ് പ്രസ്തുത സമീപനം.

വി. ഗ്രന്ഥവും സഭാപഠനങ്ങളും വിശ്വാസപ്രമാണങ്ങളും പ്രാഥമികപരിഗണന അർഹിക്കുന്നില്ല എന്നതാണ് നവഅവബോധ മാതൃക പിന്തുടരുന്ന ദൈവശാസ്ത്രജ്ഞന്മാരുടെ നിഗമനം. കാരണം ഇവയെല്ലാം ദൈവത്തെക്കുറിച്ചുള്ള വിവരമോ അറിവോ ആണ്. എന്നാൽ ഇതെല്ലാം ഫോന്തിനെല്ലി പറയുന്നതുപോലെ തുടരുന്നതും എന്നും പുതുമയുള്ളതുമായ ദൈവമനുഷ്യബന്ധത്തിന്റെ കണ്ടുമുട്ടൽ വേദിയാണ്.

ഒരു ബൈബിൾ കഥ സംഭവിച്ചതാണോ അല്ലയോ എന്നതിൽ ഒരു വിശ്വാസി ആകുലനാകേണ്ടകാര്യമില്ല, കാരണം ഗ്രിഗറി ബാം അഭിപ്രായപ്പെടുന്നതുപോലെ വെളിപ്പെടുത്തപ്പെട്ട കഥയുടെ പ്രതീകശക്തിയിലും സൃഷ്ടിപരതയിലുമാണ് നാം ശ്രദ്ധ ഊന്നേണ്ടത്.

### 6. മനുഷ്യന്റെ കഥ

ദൈവശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ വെളിപാട് നമ്മുടെ അനുഭവത്തിന് പുതിയ അർത്ഥം അതിൽതന്നെ കണ്ടെത്താൻ അവസരം നല്കുന്നുണ്ട്. വിശ്വസിക്കുന്ന വ്യക്തിയും സമൂഹവും ദൈവം നല്കുന്ന പ്രകാശത്താൽ മനുഷ്യ സാഹചര്യത്തെക്കുറിച്ച് ആത്മവിശ്വാസത്തോടെ സംസാരിക്കാൻ പ്രാപ്തമാകുന്നു. സഭ ആധുനികലോകത്തിൽ എന്ന വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖയിൽ പ്രസ്താവിക്കുന്നതുപോലെ വിശ്വാസം എല്ലാറ്റിനുമേലും പുതിയപ്രകാശം വീശുന്നു. മനുഷ്യന്റെ സമ്പൂർണ്ണവിളിയെക്കുറിച്ചുള്ള ദൈവികപദ്ധതി വെളിപ്പെടുത്തുന്നു. അങ്ങനെ മനസ്സിനെ മനുഷ്യന്റേതുമാത്രമായ പ്രശ്നപരിഹാരത്തിലേക്ക് തിരിക്കുന്നു.

ഗ്രിഗറി ബാമിന്റെ അഭിപ്രായത്തിൽ ഇരുപതാംനൂറ്റാണ്ടിലെ അതീന്ദ്രിയദൈവശാസ്ത്രം (Transcendental Theology) വിശ്വാസത്തെകണ്ടത് പുതിയ അറിവായല്ല; പുതിയ അവബോധമായാണ് ക്രിസ്തീയ സന്ദേശങ്ങളാൽ സൃഷ്ടിക്കപ്പെട്ട അവബോധം. ഈ വിഭാഗത്തിലെ ദൈവശാസ്ത്രജ്ഞന്മാർ മാനവചരിത്രം ആകമാനം ദൈവകൃപയുടെ സ്വാധീനത്തിലാണെന്നു കണ്ടു; മാത്രമല്ല ക്രിസ്തീയ വിശ്വാസത്തെ എല്ലായിടത്തും സംഭവിക്കുന്ന രക്ഷാരഹസ്യത്തിന്റെ വ്യാഖ്യാനമായി അവതരിപ്പിക്കുവാൻ ശ്രമിച്ചു. ബാം കൂട്ടിച്ചേർക്കുന്നു;''ദൈവം തന്നിൽത്തന്നെ എന്താണെന്ന് വെളിപാട് നമ്മോട് പറയുന്നില്ല എന്നാൽ, ദൈവംതന്നെത്തന്നെ മനുഷ്യ ബോധത്തിന് സന്നിഹിതനാക്കുന്നതിനെക്കുറിച്ച് അത് നമ്മോടു പറയുന്നു." ബാമിന്റെ അഭിപ്രായത്തിൽ പരമ്പരാഗതമായ വിശ്വാസപ്രമാണങ്ങളിലെ ദൈവത്തെക്കുറിച്ചുള്ള എല്ലാ വാക്യങ്ങളും 'മനുഷ്യന് വാഗ്ദാനം ചെയ്തിട്ടുള്ള മനുഷ്യസാധ്യതകളും അവന് നല്കപ്പെട്ടിട്ടുള്ള ബോധത്തിന്റെ മാറ്റങ്ങളും' എന്ന ഒറ്റവാക്യത്തിൽ അവതരിപ്പിക്കാം. സമൂഹത്തിന്റെ വിശ്വാസ പ്രഖ്യാപനം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളല്ല. പക്ഷേ എല്ലാ മനുഷ്യജീവിതത്തിലും തന്നെത്തന്നെ വെളിപ്പെടുത്തുന്ന ദൈവത്തെ തുറന്നുകാണിക്കുന്നതിൽ മനുഷ്യനെ സഹായിക്കുന്നു എന്നതിനാൽ അതിന് വളരെ പ്രാധാന്യമുണ്ടെന്നാണ് മോറന്റെ നിഗമനം. കാരണം, വെളിപാട് മനുഷ്യന്റെ പ്രാപഞ്ചികമായ അവസ്ഥയെയാണ് വിവരിക്കുന്നത്. അതിന്റെ ഉദ്ദേശ്യം തന്നെ സാർവ്വത്രികമാണ്. ദൈവസാന്നിദ്ധ്യത്താൽ ശാക്തീകരിക്കപ്പെട്ട ഏതു സമൂഹമായാലും വ്യക്തിയായാലും ദൈവത്തിലാണ് അടിസ്ഥാനമുറപ്പിച്ചിരിക്കുന്നത്. അതിൽ ദൈവത്തിന്റെ വെളിപാട് നമുക്കു കാണുവാൻ സാധിക്കും. ഈ പ്രാപഞ്ചികത സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖയിൽ സൂചിതമാണ്:''ഏതു മതവിശ്വാസത്തിൽപ്പെട്ട

മതവിശ്വാസികൾക്കും ദൈവത്തിന്റെ സ്വയാവിഷ്ക്കരണസ്വരം സൃഷ്ടിജാലങ്ങളിലൂടെ വ്യക്തമായി സദാ ശ്രവിക്കാവുന്നതാണ്." (സഭ ആധുനികലോകത്തിൽ, 36)

ഒമേര, കാൾറാനറുടെ ചിന്തയെ ഇപ്രകാരം ചുരുക്കി അവതരിപ്പിക്കുന്നു: "കത്തോലിക്കാപാരമ്പര്യം മോശയ്ക്കും ക്രിസ്തുവിനുംമുമ്പ് വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യരാശിക്കുമുഴുവനായി നല്കപ്പെട്ട കൃപയെ ഉയർത്തിക്കാട്ടുന്നു. കൃപ സാർവത്രികമാണെങ്കിൽ വെളിപാടും സാർവ്വത്രികമാണ്." മോറന്റെ അഭിപ്രായത്തിൽ യഹൂദമതത്തിൽ ഒരേയൊരു ദൈവമേയുള്ളൂ അത് യഹൂദദൈവമല്ല; മനുഷ്യരാശിയുടെ ദൈവമാണ്; എവിടെയൊക്കെ മനുഷ്യരുണ്ടോ അവിടെയൊക്കെ തന്നെത്തന്നെ വെളിപ്പെടുത്തി അവരോടൊക്കെ പരസ്പരബന്ധത്തിൽ ഏർപ്പെട്ട ദൈവം. മോറന്റെ സാർവ്വത്രിക വീക്ഷണത്തോടു യോജിച്ചു പോകുന്നവരാണ് തോംസണും ജോൺ ഹിക്കിമും. അക്രൈസ്തവമതങ്ങളിലെ വെളിപാടിനും പ്രധാന്യം നല്കുന്ന ഇവർ ആരോഗ്യകരമായ മതസംവാദങ്ങൾക്ക് പ്രേരണനല്കുന്നുണ്ട്. എന്നാൽ, വെളിപാടിനെ മതതത്വസാരങ്ങൾക്കുമുപരിയായി പ്രതിഷ്ഠിക്കുന്നതിനേക്കാൾ, അനുഭവത്തിനും അവബോധത്തിനും പ്രാമുഖ്യം നല്കുവാനാണ് ഇവർക്ക് താല്പര്യം.

### 7. വെളിപാടും വിശ്വാസവും

വെളിപാടിനു നല്കുന്ന പ്രത്യുത്തരമായാണ് സാധാരണ നാം ദൈവത്തെ മനസ്സിലാക്കിയിരിക്കുന്നത്. വിശ്വാസം എന്നതുകൊണ്ട് മോറൻ അർത്ഥമാക്കുന്നത് ഒരു അന്വേഷണമാണ്, എല്ലാവർക്കും ഇതാവാം. വെളിപാട് എന്നത് തുറന്ന അന്വേഷണത്തിന്റെ അവസാനമെന്നനിലയിൽ വിശ്വാസത്തിലേക്ക് നമ്മെ നയിക്കുന്ന ഒന്നാണ്-ഒരു നിഗൂഢയാഥാർത്ഥ്യം. വെളിപാട് എന്നത് എല്ലാ അനുഭവങ്ങളുടെയും ആകെ തുകയും വിശ്വാസം എന്നത് വെളിപാട് പ്രക്രിയയിലെ അടിസ്ഥാനഘടകവുമാണ്.

നവഅവബോധ മാതൃക പിന്തുടരുന്ന ദൈവശാസ്ത്രജ്ഞർ വെളിപാടിന് ഉപരിയായി അനുഭവത്തിനും അവബോധത്തിനുമൊപ്പം വിശ്വാസത്തിനും പ്രമുഖ്യംനല്കുന്നു. ജെയിംസ് പി. മാക്കി (James P. Mackey) തോംസൺ തുടങ്ങിയ ദൈവശാസ്ത്രജ്ഞരെ ഈ ഗണത്തിൽപ്പെടുത്താം.

### 8. നവ അവബോധമാതൃകയുടെ പ്രത്യേകതകൾ

വെളിപാട് ദൈവശാസ്ത്രത്തിലെ, നവഅവബോധമാതൃകയുടെ





പ്രത്യേകതകൾ തിരിച്ചറിയാൻ സാധിക്കുന്നത് വെളിപാട് തത്ത്വത്തിലെ വിവിധ രീതികൾ താരതമ്യപ്പെടുത്തി പഠിയ്ക്കുമ്പോഴാണ്. പ്രസ്താവരൂപമായ (propositional) മാതൃകയുമായി നോക്കുമ്പോൾ നവഅവബോധമാതൃക കാർക്കശ്യവും ആധിപത്യ പ്രവണതയും ഒഴിവാക്കുന്നു. വി. ഗ്രന്ഥത്തെയും പാരമ്പര്യത്തെയും പുനർവ്യാഖ്യാനിക്കുന്നതിന് അയവുനല്കുന്നു എന്നതും നവഅവബോധമാതൃകയുടെ പ്രത്യേകതയായി ചൂണ്ടികാട്ടാം. ചരിത്രമാതൃകയുമായി തട്ടിച്ചുനോക്കുമ്പോൾ ബൈബിൾ സംഭവങ്ങളുടെ ചരിത്രപരത പുനഃസ്ഥാപിക്കുന്നതിനുവേണ്ടി, അതിലാണ് വെളിപാട് എന്ന് സമർത്ഥിക്കുവാൻവേണ്ടി ബദ്ധപ്പെടേണ്ടകാര്യമില്ല. മിസ്റ്റിക്ക് (യോഗാത്മകദർശനം) സമീപനവുമായി തട്ടിച്ചുനോക്കുമ്പോൾ മനോവികാരപരമായ മതജീവിതത്തിലേക്കുള്ള പിൻവാങ്ങലിനെയും ഒഴിവാക്കുന്നു. ഇത് വെളിപാട് അനുഭവത്തെ മനുഷ്യചരിത്രത്തിന്റെയും പുരോഗമനത്തിന്റെയും പശ്ചാത്തലത്തിൽ പ്രതിഷ്ഠിക്കുന്നു. യുക്തിവാദപരമായ മാതൃകയ്ക്ക് വിരുദ്ധമായി മനുഷ്യവ്യക്തിയുടെ ക്രിയാത്മകമായ പങ്കിനെ വിലമതിക്കുന്നു.

ബൈബിളിനോട് വിപ്രതിപത്തിയും സഭയുടെ പ്രാമാണിക നിർവ്വചനങ്ങളോടുള്ള അസഹിഷ്ണുതയും മാറ്റി വെളിപാടിനോട് ഒരു ക്രിയാത്മക സമീപനം വരുത്തുവാൻ പുതിയ മാതൃകയ്ക്കു കഴിയുന്നു. മാത്രമല്ല, സാർവ്വത്രിക മൂല്യമുള്ള ഗ്രന്ഥങ്ങളിലെ അന്തസത്തയ്ക്ക് പുതിയ വ്യാഖ്യാനം നല്കി ഭാവാത്മവീക്ഷണത്തോടെ ഈ കാലഘട്ടത്തിന് ഉപകരിക്കത്തക്കതായി മാറ്റാനും ഈ മാതൃകയ്ക്ക് സാധിക്കും. ഷർദാൻ മുതൽ ബാംവരെയുള്ള നിരവധി നവഅവബോധമാതൃകപ്രചാരകർ വെളിപാട് ആശയങ്ങളെ സമകാലീക മനസ്സിന് സ്വീകാര്യമാക്കുന്നതരത്തിൽ അവതരിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്ന കാര്യവും ശ്രദ്ധേയമാണ്. വെളിപാടിനെ വ്യക്തിയുടെ മനസ്സിൽതന്നെ സ്ഥാപിക്കുകവഴി സാമൂഹിക സാംസ്കാരിക പശ്ചാത്തലത്തിൽതന്നെ മനസ്സുകൾക്ക് ഉയർന്ന തലത്തിലുള്ള സ്വാതന്ത്ര്യവും പുരോഗതിയും വാഗ്ദാനം ചെയ്യുന്നു.

ക്രിസ്ത്യാനിയെ ദൈവത്തിനുമുമ്പിൽ 'നിഷ്ക്രിയനാക്കുന്ന പ്രവണത' നവഅവബോധമാതൃകയിൽ ആരോപിക്കാനാവില്ല. കാരണം, ഈ മാതൃക, മനുഷ്യന്റെ ഉത്തരവാദിത്വങ്ങൾക്കും ക്രിയാത്മകമായ ഭാവനയ്ക്കും പ്രാധാന്യം നല്കുന്നു. അതുകൊണ്ടുതന്നെ വെളിപാടിനെ കൂടുതൽ മനുഷ്യത്വപരമായ ലോകം നിർമ്മിക്കാൻ സഹായിക്കുന്നു എന്നതലത്തിൽ, പ്രായോഗികമായി വിലയിരുത്തുന്നു. ക്രിസ്തീയമതത്തിന് അപ്പുറത്ത് മറ്റു വിശ്വാസ

സത്യങ്ങളുമായി വിശ്വമഹാമതങ്ങളുമായും സംവാദത്തിന് സഹായിക്കുന്നുവെന്ന മേന്മകൂടി നവഅവബോധ മാതൃകയ്ക്കുണ്ട്.

**9. വിലയിരുത്തൽ**

എന്തുതന്നെ മേന്മയുണ്ടെങ്കിലും നവഅവബോധമാതൃക വിമർശനത്തിന് അതീതമല്ല. വി. ഗ്രന്ഥത്തോടും പാരമ്പര്യത്തോടുമുള്ള ഈ മാതൃകയുടെ വിശ്വസ്തത ചോദ്യംചെയ്യപ്പെട്ടു കഴിഞ്ഞു. പ്രവാചകന്മാരും അപ്പസ്തോലന്മാരും ദൈവിക വെളിപാടും തങ്ങളുടെ സ്വന്തംബോധത്തിന്റെ വെളിപ്പെടുത്തലുകളും സൂക്ഷ്മമായി വിവേചിച്ചറിഞ്ഞവരാണ്. അവരെ സംബ്ധിച്ചിടത്തോളം വെളിപാട് പ്രത്യേകസന്ദേശങ്ങളുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു; അവ ദൈവത്തിന്റെ വചനമായും പ്രഘോഷിക്കപ്പെടേണ്ടതാണ്. ആധുനികചിന്താധാരകളുടെയും യുഗപരിവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ ബൈബിളിനെ പുനർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കുന്നത് ബൈബിളിനോട് കാണിക്കുന്ന അക്രമമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ക്രൈസ്തവസഭകളുടെ ഔദ്യോഗിക പഠനങ്ങളുമായി പൊരുത്തപ്പെടുന്നതുമല്ല നവഅവബോധ മാതൃക. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ അധുനാധുനീകരണത്തിനെതിരേ പ്രതികരിച്ചുകൊണ്ട് സഭ വ്യക്തമാക്കി; വിശ്വാസം എന്നത് ബാഹ്യമായി ലഭിച്ച സത്യത്തിന് ഭൗതികമായി നല്കുന്ന സമ്മതമാണ്. വിശ്വാസത്തിന്റെ പരിധിയിൽ പറയപ്പെട്ടതും സാക്ഷ്യപ്പെടുത്തിയതും വെളിപ്പെട്ടതുമായ കാര്യങ്ങൾ അത് ഉൾക്കൊള്ളുന്നു. അതിനു കാരണമായിരിക്കുന്നതോ വഞ്ചിക്കുവാനോ വഞ്ചിക്കപ്പെടാനോ സാധ്യമല്ലാത്ത ദൈവം എന്ന വ്യക്തിയാണ്.

അപ്പസ്തോലികകാലത്തിനുശേഷമുള്ള വെളിപാടിന്റെ തുടർച്ച എടുത്തുകാട്ടുകവഴി ഇന്നത്തെ ക്രൈസ്തവർക്ക് ബൈബിൾ കാലത്തിൽ ലഭിച്ച വെളിപാടുകൊണ്ട് ഒരു ഫലവുമില്ലേ എന്ന സംശയവും ജനിച്ചേക്കാം. വെളിപാടിന്റെ പൂർണ്ണത യേശുവിൽ എന്ന് കരുതുന്ന കത്തോലിക്കാ ദൈവശാസ്ത്രത്തിന് ഒട്ടും ഉൾക്കൊള്ളാൻ കഴിയാത്തതാണ് നവഅവബോധമാതൃക. മാർപാപ്പമാരുടെയും മെത്രാന്മാരുടെയും പ്രബോധനാധികാരവുമായി നവഅവബോധ മാതൃകയ്ക്ക് ഒരുമിച്ചുപോകുവാൻ പ്രയാസമുണ്ട്. ആന്തരികാനുഭവത്തിന് പ്രാധാന്യം നല്കുന്ന നവഅവബോധ മാതൃകയ്ക്ക് തൃപ്തികരമായ രീതിയിൽ 'അനുഭവം' കൊടുക്കുവാൻ





സാധിക്കുമോ എന്ന സന്ദേഹവും നിലനിൽക്കുന്നു.

തോമസ് അക്വിനാസിന്റെ ചിന്തയുടെ നവീനവക്താവായ ഷാക് മരിറ്റൻ (Jacques Maritain) നവഅവബോധമാതൃകയുടെ കടുത്തവിമർശകനാണ്. ഷർദാന്റെ നിലപാടുകളെ വിമർശിച്ചുകൊണ്ട് ഷാക് മരിറ്റൻ പറയുന്നത്, ഷർദാൻ ലോകത്തിനു മുമ്പിൽ മുട്ടുമടക്കുന്ന വ്യക്തിയാണെന്നും പുതിയ ക്രൈസ്തവജ്ഞാനവാദത്തിന് കളമൊരുക്കി ദൈവശാസ്ത്രകെട്ടുകഥകൾ സൃഷ്ടിക്കുന്നവ്യക്തിയാണെന്നുമാണ്. കാൾബാർത്താകട്ടെ (KarlBarth) ഷർദാനെ 'മഹാജ്ഞാനപാമ്പാ'യാണ് (giant gnostic snake) ചിത്രീകരിക്കുന്നത്.

നവഅവബോധ മാതൃകയുടെ സൈദ്ധാന്തിക പശ്ചാത്തലത്തിൽ ചിന്തിക്കുമ്പോൾ വ്യത്യസ്തമായ പ്രതികരണമാണ് കാണാൻ സാധിക്കുന്നത്. പ്രവൃത്ത്യോന്മുഖ തത്ത്വശാസ്ത്രജ്ഞരും പ്രായോഗികത വാദികളും ചരിത്രത്തിലെ ആപേക്ഷികതാ വാദികളും നവഅവബോധമാതൃക സ്വീകരിക്കുമെങ്കിലും അനുമാനപരമായ ചിന്തകർക്ക് ഈ മാതൃക സ്വീകാര്യമാകണമെന്നില്ല. കാരണം, വെളിപാടിലെ പ്രത്യഭിജ്ഞമൂല്യത്തെ നവഅവബോധമാതൃക അംഗീകരിക്കുന്നില്ല.

ഏതായാലും ഇന്ന് ദൈവശാസ്ത്രത്തിൽ വികസിച്ചുവരുന്ന വെളിപാടിനെക്കുറിച്ചുള്ള വ്യത്യസ്തമാതൃകകൾ മൗലികദൈവശാസ്ത്രമേഖലയെ ചലനാത്മകമാക്കുന്നു. ഇവയെക്കുറിച്ച് ഇനിയും ആഴമായി പഠിക്കേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമേ സമുതുലിതമായ വിധിതീർപ്പുകല്പ്പിക്കാൻ സാധിക്കുകയുള്ളൂ.

**ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ,**
*മതവും ചിന്തയും*, ജനുവരി – ഫെബ്രുവരി, 2004.

# 08

# ദൈവവചനം ആവിഷ്കരണത്തിൽ

വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള നമ്മുടെ അറിവും പുതുമയും പൂർണ്ണിമയും കൈക്കൊള്ളുന്ന ഒരു കാലയളവാണിത്. കഴിഞ്ഞ ഒരുനൂറ്റാണ്ടു കാലത്തെ ബൈബിൾ ഗവേഷണങ്ങളും അവയുടെ വെളിച്ചത്തിലുണ്ടായ ദൈവവിജ്ഞാനീയ പുരോഗതിയും ഏത ദൃശ്യമായൊരു പ്രതിഭാസത്തിനും വഴിതെളിച്ചുവെന്നു പറയാം. കഴിഞ്ഞ കൗൺസിൽ നല്കിയ അംഗീകാരം ഈ പ്രതിഭാസത്തെ വിജയമകുടമണിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ആവിഷ്കരണത്തെക്കുറിച്ചുള്ള തിയോളജിയിൽ ഉരുത്തിരിഞ്ഞിട്ടുള്ള ദൈവവചനാധിഷ്ഠിതമായ ഉണർവ്വിനെ പരിശോധിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ആവിഷ്കരണത്തിൽ ദൈവവചനത്തിനുള്ള പ്രാധാന്യം വ്യക്തമാക്കുകയാണിവിടെ.

**എന്താണീ ആവിഷ്കരണം**

കഴിഞ്ഞകാലത്ത് ആവിഷ്കരണത്തെക്കുറിച്ചുള്ള ദൈവവിജ്ഞാനീയം വളരെ സങ്കുചിതമായിരുന്നു. സഭ പഠിപ്പിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന ആവി





ഷ്കൃതസത്യങ്ങളുടെ ഒരു ഭണ്ഡാഗാരമായിട്ടാണു വെളിപാടിനെ കത്തോലിക്കാപണ്ഡിതന്മാർ വിവക്ഷിച്ചിരുന്നത്. അത്തരമൊരു വീക്ഷണം വെളിപ്പെടുത്തുന്നവനും വെളിപ്പെടുത്തപ്പെട്ടവനുമായ ദൈവത്തിനെന്നതിനെക്കാൾ ദൈവീകസത്യങ്ങൾക്കാണു പ്രാധാന്യം നല്കിയത്; ക്രിസ്തീയജീവിതത്തിനെന്നതിനെക്കാൾ ശാസ്ത്രീയവിജ്ഞാനത്തിനാണു കൂടുതൽ ഉപകരിച്ചത്. സജീവനായ ദൈവത്തിന്റെ സ്നേഹോദാരത അതിൽ ദൃശ്യമായിരുന്നില്ല. എന്നാൽ, ഇന്നു പണ്ഡിതന്മാർ വെളിപാടിനെ വളരെ വ്യാപകമായ അർത്ഥത്തിൽ വീക്ഷിച്ചു തുടങ്ങിയിട്ടുണ്ട്. പുതിയവീക്ഷണത്തിൽ വിശ്വാസികൾ സ്വീകരിച്ചുവിശ്വസിക്കേണ്ട ഒരു യാഥാർത്ഥ്യമാണ് ആവിഷ്കരണം.

ദൈവം തന്നെത്തന്നെ സ്വയം വെളിപ്പെടുത്തുമ്പോൾ അതവിടുത്തെ സ്വതന്ത്ര പ്രവൃത്തിയാണ്. ദൈവത്തിന്റെ ഈ സ്വതന്ത്ര പ്രവൃത്തിയേയും അതുവഴി അവിടുന്ന് എന്തെല്ലാം വെളിപ്പെടുത്തുന്നുവോ അവയേയും വെളിപാട് അല്ലെങ്കിൽ ആവിഷ്കരണം എന്ന പദം അർത്ഥമാക്കുന്നു. ഇവയിൽ ആദ്യത്തേതിനെ വ്യക്തിനിഷ്ഠമെന്നും രണ്ടാമത്തെതിനെ വസ്തുനിഷ്ഠമെന്നും സൗകര്യാർത്ഥം വേർതിരിക്കാം. ദൈവത്തിന്റെ ഭാഗത്തുനിന്നും വീക്ഷിക്കുമ്പോഴേ ഇത്തരമൊരു വിഭജനത്തിനുസ്ഥാനമുള്ളൂ. മനുഷ്യനെ സംബന്ധിച്ചിടത്തോളം വെളിപ്പെടുത്തപ്പെട്ട സത്യങ്ങളും വ്യക്തിനിഷ്ഠമാകേണ്ടിയിരിക്കുന്നു; അവയും ജീവിതത്തിൽ പ്രാവർത്തികമാക്കണം. വെളിപ്പെടുത്തപ്പെടുന്ന യാഥാർത്ഥ്യങ്ങളെയും രണ്ടായി വിഭജിക്കാവുന്നതാണ് - ദൈവത്തിന്റെ ആളത്തത്തിന്റെ വെളിപ്പെടുത്തലും അവിടുത്തെ രക്ഷാകരപദ്ധതിയുടെ വെളിപ്പെടുത്തലും. ഒന്നാമത്തേതിൽ ദൈവം തന്നെത്തന്നെ മനുഷ്യനു വെളിപ്പെടുത്തുന്നു; തന്റെ ആന്തരീക രഹസ്യങ്ങളെ അവന്റെ മുമ്പിൽ തുറന്നുവയ്ക്കുന്നു. രണ്ടാമത്തേതിൽ മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം അനാദിമുതലേ രൂപം നല്കിയ പദ്ധതിയിൽ മനുഷ്യനു ഭാഗഭാഗിത്വം വാഗ്ദാനം ചെയ്യുന്നു. മാത്രമല്ല, ക്രിസ്തുവിലൂടെ തന്നെതന്നെ മനുഷ്യനായി നല്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, തന്റെ സൃഷ്ടിയായ മനുഷ്യനുമായി താദാത്മ്യം പ്രാപിക്കാൻ സ്രഷ്ടാവായ ദൈവത്തെ പ്രേരിപ്പിക്കുന്ന ഔദാര്യപൂർണ്ണവും നിസ്സീമവുമായ സ്നേഹത്തിന്റെ പ്രത്യക്ഷീകരണമാണ് വെളിപാട്.

വ്യാപകമായ അർത്ഥത്തിൽ തന്റെ വചനങ്ങളിലും പ്രവൃത്തികളിലുംകൂടെയാണു ദൈവം വെളിപാടു സാധിക്കുക. ഈ വചനങ്ങളും പ്രവൃത്തികളും ആന്തരികമായി ബന്ധമുള്ളവയാണ്.

രക്ഷാചരിത്രത്തിലുടനീളമുള്ള ദൈവിക പ്രവൃത്തികൾ അവിടത്തെ വചനങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു. വചനങ്ങളാകട്ടെ, പ്രവൃത്തികളിലടങ്ങിയിരിക്കുന്ന മൗതിക യാഥാർത്ഥ്യങ്ങളെ പ്രഘോഷിക്കുന്നു. പക്ഷേ, സമയാതീതനായ ദൈവത്തിൽ വചനവും പ്രവൃത്തിയും വേർതിരിച്ചുകാണുക ശരിയല്ല. അവ രണ്ടും ആവിഷ്കരണത്തെ ലക്ഷ്യമാക്കിയുള്ള ഏക ദൈവിക പ്രതിഭാസമാണ്. "ദൈവവചനം" എന്ന ബൈബിൾ സംജ്ഞയുടെ പൂർണ്ണമായ അർത്ഥവും ഇതുതന്നെയാണ്. ഇതായിരുന്നു ഇസ്രായേലിന്റെയും അവബോധം. ഇതേ അവബോധത്തിന്റെ വളർച്ചയെത്തിയ രൂപമാണ് വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്നത്.

## പഴയനിയമത്തിൽ

### വചനത്തിന്റെ സ്വഭാവം

പഴയനിയമത്തിൽ ആവിഷ്കരണം എന്ന സാങ്കേതികസംജ്ഞ കാണുക സാധ്യമല്ല. " യാഹ്‌വേയുടെ വചനം" എന്നായിരുന്നു സകലവിധ ദൈവികവെളിപാടിനേയും ഇസ്രായേൽ വിളിച്ചിരുന്നത്. ബാബിലോണിയൻ, ഈജിപ്ഷ്യൻ മുതലായ സമാന്തര സംസ്കാരങ്ങളുടെ സ്വാധീനം ഇക്കാര്യത്തിൽ ദൃശ്യമാണ്. നിർദ്ദിഷ്ടമായ ഉദ്ദേശ്യത്തോടെ ഉച്ചരിക്കപ്പെടുന്ന വചനത്തിനു ചലനാത്മക (Dynamic) മായൊരു ശക്തിയുണ്ടെന്ന് അവരെല്ലാം വിശ്വസിച്ചിരുന്നു. സംസാരിക്കുന്ന ആളിന്റെ വ്യക്തിത്വ വിലാസത്തെ ആശ്രയിച്ചിരിക്കും ഈ ശക്തി. മനശക്തി (Psychic energy) യുടെ ബഹിർഗ്ഗമനമാണു വചനം. തന്മൂലം ശക്തിയോടെ ഉച്ചരിക്കപ്പെടുന്ന വചനം ഉച്ചാരകൻ എന്തു ലക്ഷ്യമാക്കുന്നുവോ അതു സാധിക്കും. ദൈവവചനത്തെക്കുറിച്ച് ഇസ്രായേലും ഇവ്വിധം വിശ്വസിച്ചിരുന്നു. പ്രപഞ്ചസൃഷ്ടിയിലും പരിപാലനയിലുമുള്ള ദൈവത്തിന്റെ പ്രവർത്തനത്തെ ദൈവവചനത്തിന്റെ അപ്രമാദമായ ശക്തിയുടെ ഫലമായിട്ടാണ് അവർ വിഭാവനം ചെയ്തത്. ഉല്പത്തിപ്പുസ്തകത്തിലെ സൃഷ്ടിയുടെ വിവരണം തന്നെ ഇതിനൊരുത്തമ തെളിവാണ്. ഓരോ സൃഷ്ടിയും ദൈവ വചനത്തിന്റെ ശക്തിയിലാണ് ഉണ്മ കൈക്കൊള്ളുന്നത്. "പ്രകാശം ഉണ്ടാകട്ടെ", ദൈവം അരുൾചെയ്തു. പ്രകാശം ഉണ്ടാവുകയും ചെയ്തു" (ഉല്പ. 1:3). അതുപോലെതന്നെ, രക്ഷാചരിത്രത്തിലെ ദൈവത്തിന്റെ ഇടപെടലുകളിൽ അവിടുത്തെ വചനത്തിന്റെ ശക്തിയാൽ പലതും സംഭവിക്കുന്നതായി നാം വി. ഗ്രന്ഥത്തിൽ വായിക്കുന്നുണ്ട്. വചനം ദൈവത്തിന്റെ ശക്തിയുടെ ബഹിർഗ്ഗമന





മാകയാൽ അതു മനസ്സാകുന്നതെന്തും സംഭവിക്കും. "ആകാശത്തുനിന്നു പെയ്യുന്ന മഴയും മഞ്ഞും അവിടേയ്ക്കു മടങ്ങാതെ ഭൂമിയെ നനച്ചു ഫലവത്താക്കുന്നു..... അതുപോലെയായിരിക്കും എന്റെ അധരത്തിൽനിന്നു പുറപ്പെടുന്ന വചനവും. അതു നിഷ്ഫലമായി എന്റെ അടുക്കലേക്കു മടങ്ങാതെ എനിക്ക് ഇഷ്ടമുള്ളതു നിവർത്തിക്കുകയും എന്റെ ഉദ്ദേശ്യം സാധിക്കുകയും ചെയ്യും" (ഏശ 55:10–11). ദൈവവചനത്തിന്റെ ചലനാത്മക ശക്തിയെയാണ് ഏശയ്യ ഇവിടെ വ്യക്തമാക്കുന്നത്. ദൈവ വചനത്തിനു ജ്ഞാനദായകമായ (noetic) ശക്തിയും ഇസ്രായേൽ കല്പിച്ചിരുന്നു. വചനം ദൈവത്തിന്റെ വിജ്ഞാനമാണ്. ദൈവവചനത്തിന്റെ ഈ സ്വഭാവത്തെ വിജ്ഞാനത്തിന്റെ പുസ്തകം വിശദമാക്കുന്നുണ്ട്.

### വചനശ്രവണം

യാഹ്‌വേയുടെ (ദൈവവചനത്തിന്റെ) സാന്നിധ്യം തങ്ങളോടു കൂടിയുണ്ടെന്ന് ഇസ്രായേൽ ദൃഢമായി വിശ്വസിച്ചിരുന്നു. വിശുദ്ധ കൂടാരത്തിൽ തന്റെ ജനത്തോടുകൂടി ദൈവം വസിച്ചു. വാഗ്ദാന ഭൂമിയിലേക്കുള്ള ദൈവജനത്തിന്റെ തീർത്ഥാടനത്തിലും അവിടുന്നു പല പ്രാവശ്യം മേഘങ്ങളിലൂടെ പ്രത്യക്ഷപ്പെട്ട് അവരെ നയിച്ചു കൊണ്ടിരുന്നു. സീനായി മലയിൽ മേഘമധ്യേ അഗ്നിസമാനം പ്രത്യക്ഷപ്പെട്ടാണ് അവിടുന്നു മോശക്ക് കല്പനകൾ നല്കിയത്. മഹാപ്രതാപത്തോടെ പ്രത്യക്ഷപ്പെടുന്ന യാഹ്‌വേയെപ്പറ്റി ഭയത്തോടും വിറയലോടും കൂടിയേ ദൈവജനം വിചാരിക്കുകയും പറയുകയും ചെയ്തിരുന്നുള്ളൂ. അവിടുത്തെ നാമം ഉച്ചരിക്കാൻ പോലും അവർ മടിച്ചു. അവിടുത്തെ മുഖാമുഖം ദർശിക്കാൻ അവർ ധൈര്യപ്പെട്ടിരുന്നില്ല. എന്നാൽ, അവിടുത്തെ വചനം ശ്രവിക്കുന്നതിന് അവർക്കു താല്പര്യമുണ്ടായിരുന്നു; അതും മോശയെപ്പോലെയുള്ള മധ്യസ്ഥന്മാർവഴിമാത്രം. പഴയനിയമത്തിലെ തിയോഫനികളിലെല്ലാംതന്നെ ദൈവത്തെ കാണുന്നതിനേക്കാൾ ദൈവവചനം ശ്രവിക്കുന്നതിനു ജനങ്ങൾ കൂടുതൽ പ്രാധാന്യം നല്കിയിരുന്നതായി കാണാം. പക്ഷേ, ''പേടിച്ച കുഞ്ഞു പുരയ്ക്കുമീതെ'' എന്നതുപോലെയായി ഇസ്രായേല്യരുടെ ദൈവത്തോടുള്ള പെരുമാറ്റം. യാഹ്‌വേയുടെ അരുളപ്പാടുണ്ടാകാൻ അവരുടെ മനോഗതിപ്രകാരം അല്പം താമസിച്ചുപോയാൽ മതി, ഉടനെ അക്ഷമരാകുകയായി അവർ. ചില അവസരങ്ങളിൽ ഏകദൈവമായ യാഹ്‌വേയോടു മറുതലിച്ച് വിഗ്രഹാരാധനയിലേക്കും അവർ വഴുതിവീണു.

ദൈവവചനം ഗ്രഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളുടെ കാര്യത്തിലും

അയൽ സംസ്കാരങ്ങളുടെ സ്വാധീനം ദൃശ്യമാണ്. സെമിറ്റിക് സംസ്കാരങ്ങളിൽ ദേവന്മാരുടെ രഹസ്യങ്ങൾ മനസ്സിലാക്കുന്നതിനു പല ഉപജാപങ്ങളുണ്ടായിരുന്നു. ദൈവിക സിദ്ധികൾ, സ്വപ്നങ്ങൾ, ചിട്ടിയിടൽ, ശകുനങ്ങൾ ഇവയായിരുന്നു അവയിൽ പ്രധാനം. പഴയനിയമ ചരിത്രത്തിലും ഈ വിധ ടെക്നിക്കുകൾ പ്രയോഗത്തിലിരുന്നതായിക്കാണാം. പക്ഷേ, ഇസ്രായേൽക്കാർ അവയുടെ മാന്ത്രിക ശക്തിയിലോ ബഹുദേവബന്ധങ്ങളിലോ വിശ്വസിച്ചിരുന്നില്ല. ഏകദൈവമായ യാഹ്വേയുടെ തിരുവിഷ്ടം മുൻകൂട്ടി ഗ്രഹിക്കുവാനാണ് അവർ അവയെല്ലാം ഉപയോഗിച്ചത്. അവരുടെ പ്രതിസന്ധികളിൽ പ്രവാചകന്മാരിലൂടെയും പുരോഹിതന്മാരിലൂടെയും സംസാരിച്ച യാഹ്വേയുടെ അരുളപ്പാടുകൾ അവർ വിശ്വസിച്ചു. സ്വപ്നങ്ങൾവഴിയുള്ള ദൈവിക വെളിപാടിലും യഹൂദർക്കു വിശ്വാസമുണ്ടായിരുന്നു. ജോസഫിനു സ്വപ്ന വ്യാഖ്യാനവരം ഉണ്ടായിരുന്നതായും (ഉൽപ 40-41). ലക്ഷണം നോക്കാൻ അദ്ദേഹം ഒരു വെള്ളിപാനപാത്രം ഉപയോഗിച്ചിരുന്നതായും (ഉൽപ 41:2-15) നാം വായിക്കുന്നുണ്ടല്ലോ. ഒരു വെളിപാടു പുരോഗമിക്കുന്നതോടുകൂടി ആധികാരിക പ്രവചാകന്മാരുടെ സ്വപ്നങ്ങളും പ്രൊഫഷണൽ മാന്ത്രികന്മാരുടെ സ്വപ്നങ്ങളും വേർതിരിച്ചു മനസ്സിലാക്കി ആദ്യത്തേതിനുമാത്രം ചെവികൊടുക്കാൻ ഇസ്രായേൽ ശ്രദ്ധിച്ചിരുന്നു.

**വചനം പ്രാപഞ്ചികാവിഷ്കരണത്തിൽ**

വചനംവഴിയുള്ള ആവിഷ്കരണം വിവിധ രൂപങ്ങൾ സ്വീകരിച്ചിട്ടുള്ളതായി ബൈബിളിൽക്കാണാം. ഇവയിൽ പ്രാഥമികരൂപം സൃഷ്ടിതന്നെയാണ്. വചനംവഴി ദൈവം ആകാശത്തേയും ഭൂമിയേയും അവയിലുള്ള സകലത്തേയും സൃഷ്ടിച്ചു (യോഹ 1:3). വചനത്തിലൂടെയുള്ള സൃഷ്ടികർമ്മമാണ് പ്രാപഞ്ചികാവിഷ്കരണ (Cosmic revelation) ത്തിന്റെ ദൈവശാസ്ത്രപരമായ അടിസ്ഥാനം. ബൈബിളിന്റെ ആദ്യപേജിൽത്തന്നെ കാണുന്നുണ്ടെങ്കിലും ദൈവവചനത്തിന്റെ സർഗ്ഗശക്തിയെക്കുറിച്ചുള്ള അവബോധം ആദ്യകാലത്ത് ഇസ്രായേലിനുണ്ടായിരുന്നില്ല. സാഹചര്യങ്ങളുടെ സ്വാധീനവും ദൈവനിവേശനവുമാണ് ആ വിശ്വാസത്തിലേയ്ക്ക് അവരെ നയിച്ചത്. ഈജിപ്ഷ്യൻ അടിമത്തത്തിൽനിന്നു തങ്ങളെ മോചിപ്പിക്കുകയും അനുഗ്രഹങ്ങൾ ഒന്നിനു പിറകേ വേറൊന്നായി കോരിച്ചൊരിയുകയും ചെയ്ത യാഹ്വേയുടെ അപ്രമേയശക്തി അവരെ അത്ഭുതപ്പെടുത്തി. അവിടുന്നു പ്രകൃതിശക്തികളെ നിയന്ത്രിക്കുന്നതായി അവർ കണ്ടു, ഈജിപ്തിലെ പത്തു ശിക്ഷകളിലും ചെങ്കടലിൽകൂടെയുള്ള യാത്രയിലും സീനായിലെ





തെയോഫനിയിലും മറ്റും. ഈ പശ്ചാത്തലത്തിൽ സൃഷ്ടിയുടെ സത്യം മനസ്സിലാക്കുക അവർക്കു വിഷമമായിരുന്നില്ല. അടിമത്തത്തിന്റെ അധോവസ്ഥയിൽനിന്നു തങ്ങളെ ഉയർത്തിയ ദൈവം തന്നെയാണ് ഇല്ലായ്മയിൽനിന്നു പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്ന് അവർ അനുമാനിച്ചു. ദൈവനിവേശനം ആ അനുമാനത്തിന് അവരെ സഹായിച്ചു. ദൈവത്തിന്റെ സാർവ്വത്രികാധിപത്യത്തെ ഇസ്രായേൽ എക്കാലവും പാടിപ്പുകഴ്ത്തിയിരുന്നു. സങ്കീർത്തനങ്ങളിൽ ഈ വസ്തുത തെളിഞ്ഞു കാണാം.

ദൈവവചനത്താൽ സൃഷ്ടമായ പ്രപഞ്ചം സ്വാഭാവികമായിത്തന്നെ അവിടുത്തെ, നമുക്കു വെളിപ്പെടുത്തിത്തരുന്നുവെന്ന് ഇസ്രായേൽ മനസ്സിലാക്കി (സങ്കീ 19:1). മേഘങ്ങളുടെ ഉന്നതിയിലും അഗ്നിജ്വാലകളുടെ പ്രകാശത്തിലും ഇടിമിന്നലിന്റെ ഗാംഭീര്യത്തിലും മന്ദമാരുതന്റെ ശാലീനതയിലുമൊക്കെ അവർ ദൈവമാഹാത്മ്യം ദർശിച്ചു. ഇസ്രായേൽ മാത്രമല്ല മനുഷ്യകഥാനുഗായികൾ എക്കാലവും പാടിയിട്ടുള്ള ഒരു സത്യമാണിത്:

> "ചന്തമേറിയ പൂവിലും
> ശബളാഭമാം ശലഭത്തിലും
> സന്തതം കരതാരിയന്നൊരു
> ചിത്രചാതുരി കാട്ടിയും
> ഹന്ത! ചാരു കടാക്ഷമാല
> കളർക്കരശ്മിയിൽ നീട്ടിയും
> ചിന്തയാം മണിമന്ദിരത്തിൽ
> വിളങ്ങുമീശനെ വാഴ്ത്തുവിൻ!
>
> (മഹാകവി കുമാരനാശാൻ, സങ്കീർത്തനം)

**ചരിത്രത്തിൽ**

മനുഷ്യചരിത്രത്തിലൂടെ ദൈവവചനത്തിന്റെ ആവിഷ്കാരം നമുക്കു കാണാൻ കഴിയും. ചരിത്രത്തിലെ എല്ലാ സംഭവങ്ങളും "വചന"ത്താൽ നിയന്ത്രിതമാണ്. വചനത്തിന്റെ യാഥാർത്ഥീകരണംതന്നെയാണു ചരിത്രം. അതിനാൽ, പ്രകൃതിയെപ്പോലെ തന്നെ ചരിത്രവും വചനത്തെ പുറപ്പെടുത്തുന്ന ദൈവത്തിന്റെ ശക്തിയെ പ്രഘോഷിക്കുന്നു. ശാസ്ത്രയുഗത്തിലെ മനുഷ്യന്റെ ഏറ്റം മഹത്തായ നേട്ടത്തിന്റെ കാര്യംതന്നെ എടുക്കാം. സ്വന്തം ശക്തിയെ സ്വകീയമായ രീതിയിൽ വികസിപ്പിച്ച് വാനോളം പറന്നെത്തി ചന്ദ്രഗോളവും പിടിച്ചടക്കിയ മനുഷ്യൻ സ്രഷ്ടാവിന്റെ മഹത്ത്വത്തെയല്ലേ അവന്റെ വിജയത്തിലൂടെ പ്രഘോഷിക്കുക?

ദൈവവചനത്തിന്റെ ചരിത്രത്തിലുള്ള പ്രവർത്തനം ഏറ്റം അനുഭവവേദ്യമാകുന്നതു രക്ഷാചരിത്രത്തിലത്രേ. മനുഷ്യരക്ഷയുടെ ചരിത്രം വചനംവഴിയായുള്ള ദൈവികാവിഷ്കരണത്തിന്റെയും ചരിത്രമാണ്.

പഴയനിയമത്തിലെ പല ഗ്രന്ഥങ്ങളിലും ചരിത്രത്തിന്റെ മൂടുപടമണിഞ്ഞാണു വചനം പ്രത്യക്ഷപ്പെടുക. ചരിത്രത്തിന്റെ ഹൃദയത്തിലിരുന്നുകൊണ്ട് അതിന്റെ ഗതിവിഗതികളെ നിയന്ത്രിക്കുന്ന ദൈവികവചനത്തെ നാം രാജാക്കന്മാരുടെ പുസ്തകത്തിൽ കാണുന്നു. ചരിത്രത്തെ സൃഷ്ടിക്കുന്നതും അതിനർത്ഥം നൽകുന്നതും ദൈവവചനമാണ്. ഒരു സമൂഹമെന്ന നിലയിൽ ഇസ്രായേൽക്കാരുടെ സ്വാതന്ത്ര്യത്തെ കണക്കിലെടുത്തുകൊണ്ടുമാത്രമേ ദൈവത്തിന്റെ ഈ പ്രവർത്തനത്തെ നമുക്കു മനസ്സിലാക്കാൻ സാധിക്കൂ. ദൈവവചനത്തോടുള്ള അവിശ്വസ്തതയാണല്ലോ ഇസ്രായേലിന്റെ പരാജയങ്ങൾക്കു കാരണം.

സമൂഹത്തിന്റെ ചരിത്രത്തിൽകൂടി മാത്രമല്ല വ്യക്തികളുടെ ജീവിതത്തിലൂടെയും ദൈവവചനം ആവിഷ്കരണം സാധിച്ചിട്ടുണ്ട്. ജോബിന്റെ കഥ ഇതിനുത്തമോദാഹരണമത്രേ. തിന്മയുടേയും സഹനത്തിന്റേയും പ്രശ്നങ്ങളെ അതു ഭംഗിയായി അവതരിപ്പിക്കുന്നു. അവരുടെതന്നെ വിശുദ്ധീകരണത്തിനാണു ദൈവം നീതിമാന്മാർക്കു സഹനങ്ങൾ നല്കുന്നതെന്നും മരണാനന്തര ജീവിതത്തിൽ അവർക്കു പ്രതിസമ്മാനം ലഭിക്കുമെന്നുമാണ് ജോബിന്റെ പുസ്തകത്തിലെ സന്ദേശം. പ്രവാചകവരത്താൽ പ്രചോദിതനല്ലായിരുന്നിട്ടും സോളമന്റെ വിജ്ഞാനത്തിലൂടെ ദൈവം വെളിപാടു നല്കുന്നതായി വിജ്ഞാനത്തിന്റെ പുസ്തകത്തിൽ നാം കാണുന്നു.

**വചനം തിരഞ്ഞെടുപ്പിലും ഉടമ്പടിയിലും**

സൃഷ്ടിയിലും ചരിത്രത്തിൽ പൊതുവേയുമുള്ള പ്രാപഞ്ചികാവിഷ്കരണം ബൈബിളിലെ യഥാർത്ഥ ആവിഷ്കരണത്തിനൊരു മുഖവുരമാത്രമേ ആകുന്നുള്ളൂ. നിഷ്കൃഷ്ടാർത്ഥത്തിൽ, രക്ഷാചരിത്രത്തിന്റെ പ്രാരംഭം കുറിക്കുന്ന അബ്രാഹത്തിന്റെ വിളിയോടു കൂടിയാണു വെളിപാട് ആരംഭിക്കുക. ഇതിനെ ചരിത്രപരമായ ആവിഷ്കരണം എന്നു വിളിക്കാം. ഇവിടെ ദൈവം മനുഷ്യനുമായി വ്യക്തിപരമായും സമൂഹപരമായും സമാഗമത്തിലേർപ്പെടുകയാണ്. ദൈവവചനം മനുഷ്യന്റെ പ്രവൃത്തികളെ നേരിട്ടു നിയന്ത്രിക്കുകയാണ്.





പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളിലൂടെയും ജനത്തിലൂടെയും വെളിപാടു മനുഷ്യകുലത്തിനു ലഭിക്കണമെന്നതായിരുന്നു ദൈവികപദ്ധതി. അതനുസരിച്ച് ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്തു; അദ്ദേഹത്തോടെ മുദ്രവയ്ക്കപ്പെട്ട പ്രസ്തുത ഉടമ്പടിയിലൂടെ ആവിഷ്കരണം ചരിത്രത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ ആവിഷ്കരണം വാഗ്ദാനത്തിന്റെ രൂപത്തിലാണു നടന്നത്. ഒരു ജനതയുടെ തിരഞ്ഞെടുപ്പും അവർക്കായി പ്രത്യേക അനുഗ്രഹങ്ങളും ദൈവം അബ്രാഹ ത്തിലൂടെ വാഗ്ദാനം ചെയ്തു. കർത്താവ് അബ്രാഹത്തോട് അരുൾ ചെയ്തു. “ഞാൻ നിന്നിൽ' നിന്നു വലിയൊരു ജനവിഭാഗത്തെ നിർമ്മിക്കും; നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നീ വഴി ലോകത്തിലെ എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടും” (ഉൽപ 12:1-3). അബ്രാഹത്തിനു നല്കിയ ഈ വാഗ്ദാനങ്ങൾ പിതാക്ക ന്മാരായ ഇസഹാക്ക്, യാക്കോബ് മുതലായവരോടും ആവർത്തിക്കപ്പെട്ടു. വാഗ്ദാനങ്ങളെല്ലാം പ്രത്യക്ഷത്തിൽ ഭൗതികങ്ങളായ നേട്ടങ്ങളെയാണു സൂചിപ്പിച്ചത്: കാനാൻദേശത്തിന്റെ ആധിപത്യവും വർദ്ധമാനമായൊരു വംശാവലിയും. പഞ്ചഗ്രന്ഥിയിലേ യാഹ്വിസ്ററും ഏലോഹിസ്റ്റും പാരമ്പര്യങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. പക്ഷേ പുതിയനിയമചരിത്രത്തിന്റെ പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ യഥാർത്ഥത്തിൽ ഉന്നതവും ഉദാത്തവുമായ രക്ഷാകരസത്യങ്ങളെയാണു പ്രസ്തുത വാഗ്ദാനങ്ങൾ സൂചിപ്പിച്ചതെന്നു മനസ്സിലാക്കാൻ കഴിയും. പുരോഹിത പാരമ്പര്യപ്രകാരം പിതാക്കന്മാരുമായുള്ള ദൈവിക ഉടമ്പടി ഏറ്റം പ്രധാനമായ സീനായി ഉടമ്പടിയിലേക്കുള്ള വഴിയൊരുക്കൽ മാത്രമാണ്. കാരണം, ഭാവിയിൽ ഇസ്രായേലിനോടു ചെയ്യാനിരുന്ന ഉടമ്പടിയെക്കുറിച്ചും ദൈവം അബ്രാഹത്തിനു സൂചന നല്കിയിരുന്നു. (ഉൽപ 17:19). നിയമാവർത്തന (deuternomist) പാരമ്പര്യവും പിതാക്കന്മാരോടുള്ള ദൈവിക ഉടമ്പടിയെ അനുസ്മരിക്കുന്നുണ്ട്. (നിയ 26:5-9). പിതാക്കന്മാർക്കു വെളിപ്പെടുത്തപ്പെട്ട ദൈവത്തെ നല്ലവനും വിശ്വസ്തനും ദയാനിധിയും നീതിമാനും സർവ്വ ശക്തനുമായിട്ടാണ് ഈ പാരമ്പര്യങ്ങളെല്ലാം ചിത്രീകരിക്കുന്നത്.

ദൈവവചനം വാഗ്ദാനം ചെയ്തവയെല്ലാം ചരിത്രത്തിലൂടെ പ്രാവർത്തികമാക്കപ്പെട്ടു. പിതാക്കന്മാരുടെ ദൈവം മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽജനത്തെ തനിക്കായി തിരഞ്ഞെടുത്തു. പിതാക്കന്മാരുടെ ചരിത്രത്തിൽ അവസാനത്തെ കണ്ണിയും പ്രവാചകരുടേതിൽ ആദ്യത്തേതുമാണു മോശ. പിതാക്കന്മാരുടെ ദൈവമായ താൻതന്നെയാണ് ഇസ്രായേലിന്റെയും ദൈവമെന്ന്

യാഹ്വേ മോശക്ക് വെളിപ്പെടുത്തി. "ഞാൻ നിന്റെ പിതാവിന്റെ ദൈവം – അബ്രാഹത്തിന്റെ ദൈവം, ഇസഹാക്കിന്റെ ദൈവം, യാക്കോബിന്റെ ദൈവം – ആകുന്നു" (പുറ 3:6). "ഞാൻ നിങ്ങളെ എന്റെ ജനതയായി സ്വീകരിക്കും; നിങ്ങൾക്കു ഞാൻ ദൈവ വുമായിരിക്കും" (പുറ 6:7). മോശ വഴി ദൈവം ഇസ്രായേ ലിനോടു ചെയ്ത ഉടമ്പടിയാണിത്. സീനായിമലയിൽവെച്ച് അതു സ്ഥിരീകരിക്കപ്പെട്ടു. മോശയും മറ്റു പ്രവാചകന്മാരും വഴിയാണ് ദൈവം തന്റെ അഭീഷ്ടം ഇസ്രായേലിനു വെളിപ്പെടുത്തിയത്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ജനത്തിനു ലഭിച്ച വെളിപാടുകളിൽ കേന്ദ്രസ്ഥാനമർഹിക്കുന്നു സീനായി ഉടമ്പടി. അതിനാൽ അതിനെക്കുറിച്ചു പ്രത്യേകം പ്രസ്താവിക്കാം.

## ഉടമ്പടി വചനം

ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം സീനായി ഉടമ്പടി ദൈവവചനത്തിന്റെ പ്രത്യക്ഷീകരണമായിരുന്നു. "പുറപ്പാടി"ലും ''നിയമാവർത്തന''ത്തിലുമുള്ള ഉടമ്പടി വിവരണങ്ങൾ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്. "വാഗ്ദാനത്തിന്റെ വചനങ്ങൾ" (പുറ 34:28). " കർത്താവിന്റെ പത്തു വാക്യങ്ങൾ" (നിയ 4:3), എന്നൊക്കെ യാണു സീനായി ഉടമ്പടിയെ ഇസ്രായേൽ വിശേഷിപ്പിച്ചിരുന്നത്. യാഹ്വേയുടെ നിവേശനത്താൽ വിരചിതവും യാഹ്വേയാൽ പ്രഖ്യാപിതവുമായ ഉടമ്പടിനിയമങ്ങളാണ് ഇസ്രായേലിന്റെ പില്ക്കാലജീവിതത്തിലെ പ്രധാന നിയന്ത്രണ ശക്തി. ആദ്യം അവ പത്തുകല്പനകളിൽ ഒതുങ്ങിനിന്നു. പിന്നീട്, ഉടമ്പടി നിയമങ്ങളുടെ അനുബന്ധമെന്നോണം മോശയും പുരോഹിതന്മാരും ഒരു നീണ്ട നിയമപ്പട്ടിക അതിനോടു കൂട്ടിച്ചേർത്തു. അങ്ങനെ ദൈവജന ത്തിന്റെ ധാർമ്മിക ജീവിതം ഒരു വലിയ നൈയാമിക ചട്ടക്കൂട്ടിൽ നിബന്ധിക്കപ്പെട്ടു. നിയമം ഇസ്രായേലിനു ജീവിതമാർഗ്ഗവും രക്ഷയുടെ വഴിയുമായിരുന്നു. ദൈവഹിതം വെളിപ്പെടുത്തുന്ന നിയമത്തെ ദൈവവചനവുമായി താദാത്മ്യപ്പെടുത്താൻപോലും അവർ മടിച്ചില്ല.

സ്ഥിരമായൊരു വാസസ്ഥലമില്ലാതെ അലഞ്ഞുനടന്നിരുന്ന പല വർഗ്ഗക്കാരായ ഇസ്രായേൽജനങ്ങളെ ഒറ്റക്കെട്ടായി ഏകീകരിച്ചത് ഉടമ്പടിയുടെ ശക്തിവിശേഷമാണ്. തങ്ങൾ ദൈവത്തിന്റെ ജനമാണ് എന്ന അവരുടെ അവബോധം ഇതിനുസഹായകമായിരുന്നു. മരുഭൂമി യിലൂടെയുള്ള യാത്രയുടെ കാലത്തും കാനാൻദേശത്തു ചെന്ന തിനുശേഷവും വിവിധവർഗ്ഗക്കാരായ ആളുകൾ ഇസ്രായേല്യ രുമായി സങ്കലനം ചെയ്തിട്ടുണ്ട് എന്ന് ആധുനിക ഗവേഷണങ്ങൾ





വെളിപ്പെടുത്തുമ്പോൾ ഉടമ്പടിയുടെ ഏകീകരണശക്തി എത്രയ ധികമായിരുന്നുവെന്നു നമുക്ക് ഊഹിക്കാം. നബുക്കദ്നേസറിന്റെ ആക്രമണത്തോടുകൂടി ഛിന്നഭിന്നമാക്കപ്പെട്ട ജനങ്ങളിൽനിന്നും "ഇസ്രായേലിന്റെ ശിഷ്ട" (the Remnant of Israel) ത്തെ ഏകീക രിക്കാൻ ജറമിയാ, എസെക്കിയേൽ, ഏശയ്യ (Deutro) എന്നീ പ്രവാചകന്മാർക്കു സാധിച്ചതും ദൈവത്തോടുചെയ്ത ഉടമ്പടിയെ പ്പറ്റി അവരെ അനുസ്മരിപ്പിച്ചുകൊണ്ടാണ്. ഈ 'ഇസ്രായേലിന്റെ ശിഷ്ട'ത്തിൽ നിന്നാണല്ലോ ലോകത്തിനു മുഴുവൻ രക്ഷ കൈവന്നത്.

## വചനം പ്രവാചകരിലൂടെ

സീനായി ഉടമ്പടിയിലെ വ്യവസ്ഥകളോട് ഇസ്രായേൽ പല പ്പോഴും അവിശ്വസ്ത കാണിച്ചു. ഈ അവസരങ്ങളിലെല്ലാം ദൈവഹിതത്തെ ജനങ്ങൾക്കു മനസ്സിലാക്കികൊടുക്കാൻ ദൈവനിയുക്തരായ വ്യക്തികളാണു പ്രവാചകന്മാർ. ദൈവവചന ത്തിന്റെ വക്താക്കളായിരുന്നു, അവർ. ഉടമ്പടിയിലെ ആവിഷ്ക്ക രണത്തെ ദൈവജനത്തിന് അനാവരണം ചെയ്തുകൊടുക്കുക യായിരുന്നു അവരുടെ ധർമ്മം. ഉടമ്പടി വ്യവസ്ഥകളിലേക്കു തിരിച്ചുവരാൻ വഴിതെറ്റിയ ഇസ്രായേലിനെ അവർ ഉപദേശിച്ചു; ശാസിച്ചു. അവരുടെ പ്രബോധനങ്ങൾ സീനായി ആവിഷ്ക്ക രണത്തിനു പൂരകമായിഭവിക്കുന്ന സന്ദർഭങ്ങളും ബൈബിളിൽ ധാരാളമുണ്ട്. ഉദാഹരണത്തിന്, പശ്ചാത്താപത്തിന്റേയും സഹനത്തിന്റേയും രക്ഷാകരമായ പ്രാധാന്യത്തെ എസെക്കിയേലും ഏശയ്യായും പഠിപ്പിച്ചിരുന്നതായിക്കാണുന്നു. കൂടാതെ, രക്ഷാചരി ത്രത്തിലുടനീളമുള്ള ദൈവത്തിന്റെ ഇടപെടലുകളെ പ്രവാചകർ ജനത്തിനു വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്തിരുന്നു. ബാബിലോണിയൻ വിപ്രവാസത്തിനുശേഷമുള്ള പ്രവചനങ്ങളിൽ ആവിഷ്ക്കരണത്തിന്റെ പുതിയ അംശങ്ങൾ ധാരാളം കാണാവുന്ന താണ്. അവസാനവിധി (ജോയേ 3–4), ഏലിയായുടെ പ്രത്യാഗമനം (മലാക്കി 3), നരകം (ഏശ 66:24), മരിച്ചവരുടെ ഉയിർപ്പ്. (ദാനി 12:2) ഇവയിലുള്ള വിശ്വാസം ഇക്കാലത്താണ് ഇസ്രായേലിൽ രൂപംകൊണ്ടത്. ദൈവത്തിന്റെ അതീതത്വ (transcedence) ത്തിലുള്ള വിശ്വാസം ഇക്കാലത്തു പതിന്മടങ്ങു വർദ്ധിച്ചു. അനഭിഗമ്യനായ ദൈവത്തിനും മനുഷ്യ നുമിടയ്ക്കു മധ്യസ്ഥ ന്മാരായി സഖറിയാസ് പ്രവാചകൻ മാലാഖമാരെ പ്രതിഷ്ഠിച്ചു. പഴയനിയമത്തിൽ ദൈവാരൂപിയെക്കുറിച്ചുള്ള വെളിപാടും വിപ്രവാസാനന്തരമുള്ള കാലത്താണു വ്യക്തമാക്കുക.

പ്രവാചകരുടെ വാക്കുകൾക്ക്, അവ ദൈവത്തിന്റേതുതന്നെയാണെന്ന കാരണത്താൽ അമാനുഷികമായ പ്രയോഗശക്തിയുണ്ടായിരുന്നു. കാരണം, ദൈവികമായ ആനുകൂല്യത്താൽ അവിടുത്തെ അനുഭവിച്ചറിഞ്ഞവരായിരുന്നു പ്രവാചകർ. തന്റെ വചനത്തെ യാഹ്‌വേ അവരിൽ നിക്ഷേപിച്ചിരുന്നു. ''രാജ്യങ്ങളേയും ജനതകളേയും നിർമ്മലമാക്കുന്നതിനും തകർക്കുന്നതിനും നശിപ്പിക്കുന്നതിനും ശൂന്യമാക്കുന്നതിനും പണിയിക്കുന്നതിനും നടുന്നതിനുമായി ഞാൻ നിന്നെ അവയുടെമേൽ നിയോഗിച്ചിരിക്കുന്നു'' (ജറെ 1:10) ജറമിയായ്ക്കു കിട്ടിയ ദൈവിക ദൗത്യത്തിന്റെ അമാനുഷികത ഈ വാക്യത്തിൽനിന്നു മനസ്സിലാക്കാം.

പ്രവാചകർ വഴിയുള്ള വെളിപാടിനെപ്പറ്റി പ്രതിപാദിക്കുമ്പോൾ ദാവീദുരാജാവിനോടുള്ള നാഥാന്റെ പ്രവചനം പ്രത്യേക പരിഗണനയർഹിക്കുന്നു. (cfr. 2 രാജാ 7.) ബൈബിൾ പണ്ഡിതന്മാർ ഇതിനെ ബൈബിൾഭാഗത്താണ് ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ആവിഷ്ക്കരണത്തെ സംബന്ധിച്ചിടത്തോളം ഇതു പ്രവചനംതന്നെയാണ്. ഈ പ്രവചനംവഴി ദാവീദിന്റെ രാജവംശം യാഹ്‌വേയുടെ പ്രേഷ്ഠവംശമായിത്തീർന്നു.. "എന്റെ മുമ്പിൽ നിന്റെ ഭവനവും നിന്റെ രാജ്യവും എന്നേക്കും വിശ്വസ്തവും നിന്റെ സിംഹാസനം സദാ സുസ്ഥിരവുമായിരിക്കും " (രാജാ 7.16) എന്ന് യാഹ്‌വേ നാഥാനിലൂടെ ദാവീദിനെ അറിയിച്ചു. ഇതു മൂലമാണ് ഇസ്രായേലിന്റെ രക്ഷയ്ക്കായി ഒരു രാജാവ് വരുമെന്നുള്ള വിശ്വാസം ജനങ്ങളിൽ പ്രബലപ്പെട്ടത്. ബാബിലോ ണിയൻ അടിമത്തം, ഗ്രീക്കുകാരുടേയും റോമാക്കാരുടേയും ആക്രമണങ്ങൾ ഇവയെല്ലാം ഇസ്രായേലിനെ ഛിന്നഭിന്നമാക്കി യപ്പോഴും ദാവീദിന്റെ വംശത്തിൽനിന്നുള്ള ഒരു രാജാവു തങ്ങൾക്കു മോചനം നല്കുമെന്ന വിശ്വാസം 'ഇസ്രായേലിന്റെ ശിഷ്ട'ത്തെ ഏകവംശമായി നിലനിറുത്തി. അങ്ങനെ രാജകീയ മെസയാനിസം, വളർന്നുവന്നു. വരാനിരിക്കുന്ന രക്ഷകന്റെ ആത്മീയ ദൗത്യത്തെക്കുറിച്ചു ജറമിയാ, എസെക്കിയേൽ തുടങ്ങിയ പ്രവാചകന്മാർ ആവർത്തിച്ചുദ്ബോധിപ്പിച്ചിട്ടും യഹൂദരുടെ മേല്പറഞ്ഞ വിശ്വാസത്തെ അധികമൊന്നും മാറ്റുവാൻ കഴിഞ്ഞില്ല. ക്രിസ്തുവിനെ യഹൂദർ എതിർത്തതിന്റെ ഒരു കാരണം അവരുടെ ഈ അഭിലാഷം അദ്ദേഹത്തിൽ സാക്ഷാത്കരിക്കപ്പെടാതിരുന്നതാണല്ലോ.





## പുതിയനിയമത്തിൽ

### വചനം മാംസമായി

ദൈവികജ്ഞാനത്തിന്റെ പ്രത്യക്ഷീകരണമായി ഇസ്രായേൽ ദൈവവചനത്തെ കരുതിയിരുന്നതായി നാം കണ്ടു. സൃഷ്ടിയിലും ചരിത്രത്തിലെ തന്റെ ഇടപെടലുകളിലും ദീർഘദർശികളുടെ പ്രവചനങ്ങളിലുമെല്ലാം ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നതിനു സ്വീകരിച്ച മാധ്യമമാണ് വചനം. ഇതേ ചിന്താതലത്തിൽ നിന്നുകൊണ്ടുതന്നെ പുതിയനിയമം ദൈവത്തിന്റെ വചനത്തെ വെളിപാടിന്റെ പൂർത്തീകരണമായി അവതരിപ്പിക്കുന്നു. ''പൂർവ്വകാലങ്ങളിൽ ദൈവം നമ്മുടെ പിതാക്കന്മാരോടു പലപ്പോഴായി പലവിധത്തിൽ പ്രവാചകന്മാർ മുഖേന സംസാരിച്ചു. എന്നാൽ, ഈ അവസാന നാളുകളിൽ തന്റെ പുത്രൻവഴി അതായത്, അവിടുന്ന് ആരെ സകലത്തിന്റേയും അവകാശിയായി നിയമിച്ചുവോ, ആരുവഴി ലോകം സൃഷ്ടിച്ചുവോ ആ പുത്രൻവഴി നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1:1.2) ഇവിടെ ലേഖന കർത്താവു 'വചനത്തിന്റെ പഴയനിയമാർത്ഥംതന്നെയാണു വിവക്ഷിക്കുന്നതെന്നുവേണം അനുമാനിക്കാൻ. വചനത്തിലൂടെയുള്ള വെളിപാടു ക്രിസ്തുവിന്റെ സുവിശേഷത്തിലൂടെ പൂർണ്ണമാക്കപ്പെട്ടു എന്നർത്ഥം. ദൈവവചനമായ ക്രിസ്തുവിനെയാണ് ലേഖകൻ പ്രസ്തുത വാക്യത്തിൽ ഉദ്ദേശിക്കുന്നതെന്ന് അഭിപ്രായപ്പെടുന്ന ബൈബിൾ പണ്ഡിതന്മാരുണ്ട്.

പുതിയനിയമത്തിൽ വചനംവഴിയുള്ള ആവിഷ്കരണത്തിന്റെ അനിഷേധ്യപ്രവാചകൻ വി. യോഹന്നാനാണ്. ദൈവവചനത്തിന്റെ പൗരുഷേയ സ്വഭാവത്തെ പശ്ചാത്തലമാക്കി നിറുത്തിക്കൊണ്ടാണ് അദ്ദേഹം തന്റെ സുവിശേഷം രചിച്ചിരിക്കുന്നത്. അവതാരംചെയ്ത ക്രിസ്തുവും ദൈവപുത്രനായ വചനവും ഒന്നാണെന്നത് അദ്ദേഹം എഴുതിയ സുവിശേഷത്തിലെ അടിസ്ഥാനചിന്തയാണ്. ആദിയിൽ ആരുമൂലം സകലതും സൃഷ്ടിക്കപ്പെട്ടുവോ ആ സർഗ്ഗാത്മകവചനം തന്നെയാണു ക്രിസ്തു. അവിടുന്ന് അനാദ്യന്തനും സ്വയം അസ്തിത്വമുള്ളവനും പുരുഷാത്മകനുമായ ദൈവവചനത്തിന്റെ മൂർത്തീഭാവമാണ്. ''ആദിയിലേ വചനമുണ്ടായിരുന്നു'' (യോഹ 1:1). പിതാവിനെ നമുക്കു വെളിപ്പെടുത്തിത്തരാനായിട്ടാണു വചനം മാംസം ധരിച്ചത്. "വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. പിതാവിന്റെ ഏകജാതനു സഹജമായ മഹത്വം, അവിടുത്തേ കൃപാവരവും സത്യവും നിറഞ്ഞ മഹത്വം, നാം ദർശിച്ചു" (യോഹ

1:14) ഒരു മനുഷ്യനും ഒരിക്കലും ദർശിച്ചിട്ടില്ലാത്ത ദൈവത്തെ പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതൻതന്നെ വെളിപ്പെടുത്തിത്തന്നിരിക്കുന്നു (യോഹ 1:18).

മനുഷ്യരക്ഷയെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായ മനുഷ്യാവതാരരഹസ്യം യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ ആകമാനം നിഴലിച്ചുകാണാം. മനുഷ്യാവതാരം അതിൽതന്നെ എന്താണെന്നുള്ള ഒരു താത്വികവിശകലനമല്ല അദ്ദേഹം നടത്തിയിരിക്കുന്നത്. പിന്നെയോ, പ്രസ്തുത രഹസ്യം ഓരോ മനുഷ്യനേയും രക്ഷാകരമായി എങ്ങനെ സ്പർശിക്കുന്നുവെന്നു വിശദമാക്കുകയാണ്. ആവിഷ്ക്കരണത്തിന്റെ പൂർത്തീകരണവും അതേസമയംതന്നെ ആവിഷ്ക്കരിക്കുന്നവനായ ദൈവവുമാണു ക്രിസ്തു. പഴയനിയമത്തിൽ ഇസ്രായേലിന്റെ മധ്യത്തിൽ കൂടാരത്തിൽ സന്നിഹിതനായിരുന്നുകൊണ്ട് തന്നെത്തന്നെ അവർക്കു വെളിപ്പെടുത്തിയ ദൈവം പുതിയനിയമത്തിൽ തന്റെ ഏകസുതനായ ക്രിസ്തുവിൽ 'കൂടാരമടിച്ചു വസിച്ചു' കൊണ്ടു വെളിപാടു പൂർത്തിയാക്കുകയാണ്. വാഗ്ദാനത്തിന്റെ പേടകത്തിലെ വചനത്തിന്റെ സാന്നിധ്യം ഇന്നു നമുക്കായി ബൈബിളിൽ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. പഴയനിയമത്തിലെ അവിടുത്തെ ദേവാലയസാന്നിദ്ധ്യം ഇന്നു നമുക്കു നമ്മുടെ ദേവാലയങ്ങളിലെ സക്രാരികളിൽ അനുഭവവേദ്യമാകുന്നു. പഴയനിയമത്തിലെ വചനം പുതിയനിയമത്തിൽ മാംസമായി നമ്മുടെ ഇടയിൽ വസിക്കുകയാണ്. നിയമത്തിന്റെ അരൂപി പഴയ ഇസ്രായേലിന്റെ ധാർമ്മിക ജീവിതത്തെ നയിച്ചു. നമുക്കാകട്ടെ, ക്രിസ്തുവിന്റെ അരൂപിയാണു സകല ജീവിതനിയമവും. നിയമത്തെ ദൈവവചനമായിക്കണ്ട ഇസ്രായേലിന്റെ വീക്ഷണത്തെ യോഹന്നാൻ അംഗീകരിക്കുന്നില്ല. മോശ വഴി നല്കപ്പെട്ട നിയമത്തിലൂടെയല്ല, 'കൃപാവരവും സത്യവും' നമ്മിലേക്കു ചൊരിയുന്ന പിതാവിന്റെ വചനമായ ക്രിസ്തുവിലൂടെയാണു മനുഷ്യനു രക്ഷ കൈവന്നിരിക്കുന്നത്.

## വചനം: പിതാവിന്റെ സാക്ഷി

സിനോപ്റ്റിക് സുവിശേഷങ്ങൾ ദൈവരാജ്യത്തിന്റെ സദ്വാർത്ത പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന രക്ഷകനായിട്ടാണു ക്രിസ്തുവിനെ ചിത്രീകരിക്കുന്നത്. യോഹന്നാനാകട്ടെ, പിതാവിനു സാക്ഷ്യംവഹിക്കുകയും അവിടുത്തെ മഹത്വം മനുഷ്യനു വെളിപ്പെടുത്തുകയും ചെയ്യുന്ന വചനമായിട്ട് അവിടുത്തെ കാണുന്നു. പുത്രന്റെ ദൗത്യം പിതാവിനു സാക്ഷ്യംവഹിച്ചുകൊണ്ടു മനുഷ്യരക്ഷ സാധിക്കുകയത്രേ. പിതാവിന്റെ മടിയിൽനിന്നു





കാണുകയും കേൾക്കുകയും ചെയ്തവയ്ക്കെല്ലാം ക്രിസ്തു സാക്ഷ്യം വഹിക്കുന്നു. (യോഹ 8:28,38). വെളിപാടുഗ്രന്ഥത്തിൽ യോഹന്നാൻ ക്രിസ്തുവിനെ 'വിശ്വസ്തനായ സാക്ഷിയെന്നു സംബോധനചെയ്യുന്നുണ്ട്. പിതാവിനു സാക്ഷ്യം വഹിക്കുന്നതുവഴി അവിടുന്ന് തനിക്കുവേണ്ടിത്തന്നെയും സാക്ഷ്യംവഹിക്കുന്നു. തന്നെത്തന്നെ വെളിപ്പെടുത്തുന്നതുവഴി ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങളെയും നമുക്കു മനസ്സിലാക്കിത്തരുന്നു. കാരണം, പിതാവിനോടും പരിശുദ്ധാത്മാവിനോടുംകൂടെ സത്തയിൽ ഏകനായ ദൈവപുത്രനാണവിടുന്ന്, പുത്രനെ കാണുന്നവൻ അവിടുത്തെ അയച്ച പിതാവിനേയും കാണുന്നു. ദൈവത്തിന്റെ സ്നേഹത്തെ മനുഷ്യനു വെളിപ്പെടുത്തിയ പിതാവിന്റെ കൂദാശയെന്ന് വി. ആഗസ്തീനോസ് ക്രിസ്തുവിനെ വിശേഷിപ്പിക്കുന്നുണ്ട്. "തന്റെ ഏകജാതനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യായുസ്സുപ്രാപിക്കേണ്ടതിന്, ലോകത്തിനുവേണ്ടി തന്റെ സുതന്നെ നല്കാൻതക്കവിധം ദൈവം അത്രമാത്രം ലോകത്തെ സ്നേഹിച്ചു" (യോഹ 3:16). വി. യോഹന്നാൻ എഴുതിയ സുവിശേഷം ഒരു വാചകത്തിൽ സംഗ്രഹിക്കാമെങ്കിൽ അതു മേലുദ്ധരിച്ചതാണ്. സ്നേഹത്തിന്റെ സുവാർത്തയും മനുഷ്യരക്ഷയുടെ രഹസ്യവും അതിൽ അന്ത:സ്ഥിതമാണ്. ദൈവത്തിന്റെ അനന്തസ്നേഹം പ്രകടമാക്കാൻ, മനുഷ്യമക്കൾക്കു നിത്യജീവൻ പ്രദാനംചെയ്യാൻ ക്രിസ്തു സ്വീകരിച്ച മാർഗ്ഗമോ? കുരിശുമരണം. മനുഷ്യനു ജീവൻ നല്കാൻ ജീവൻതന്നെയായ ദൈവം മരിച്ചു.

## വചനത്തിന്റെ മഹത്വീകരണം

അത്ഭുതങ്ങളും അടയാളങ്ങളുംവഴി ക്രിസ്തു തന്റെ സാക്ഷ്യത്തെ സ്ഥിരപ്പെടുത്തി. അവിടുത്തെ അത്ഭുതങ്ങളിൽ ഏഴെണ്ണം മാത്രമേ സാമ്പിളെന്നോണം പ്രത്യേകം തിരഞ്ഞെടുത്തു യോഹന്നാൻ രേഖപ്പെടുത്തിയിട്ടുള്ളൂ. അവ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ ഉദ്ദേശ്യം പുത്രനെ ലോകത്തിലേക്കയച്ച പിതാവിന്റെ ഉദ്ദേശ്യംതന്നെയത്രേ. അതായത് , ഈശോ ദൈവപുത്രനാണെന്നു നാം വിശ്വസിക്കുന്നതിനും, വിശ്വസിച്ച് അവിടുത്തെ നാമത്തിൽ നിത്യജീവൻ പ്രാപിക്കുന്നതിനും വേണ്ടിത്തന്നെ (Cfr. യോഹ 20:31). ഇതിൽനിന്നും ക്രിസ്തു പ്രവർത്തിച്ച അത്ഭുതങ്ങൾ ദൈവത്തിന്റെ മഹത്വം വെളിവാക്കാൻ ഉദ്ദേശിക്കപ്പെട്ടവയാണ് എന്നാണല്ലോ സുവിശേഷകൻ അർത്ഥമാക്കുന്നത്. ലാസറിനെ ഉയിർപ്പിക്കാൻ ചെന്ന ഈശോ, അയാളുടെ ശരീരം അഴുകിക്കാണുമെന്നു പറഞ്ഞു കല്ലറ തുറക്കാൻ ചാഞ്ചല്യം കാണിച്ച മർത്തായോടു പറഞ്ഞ വാക്കുകൾ മേല്പറഞ്ഞ അനുമാനത്തിനു പ്രത്യക്ഷ

തെളിവാണ്: "നിനക്കു വിശ്വാസമുണ്ടെങ്കിൽ ദൈവത്തിന്റെ മഹത്വം നീ കാണുമെന്നു ഞാൻ പറഞ്ഞില്ലേ?"(യോഹ 11:40). അതിനുമുമ്പുതന്നെ താൻ ജീവനും പുനരുത്ഥാനവുമാണെന്ന സത്യം അവിടുന്നവൾക്കു വെളിപ്പെടുത്തിയിരുന്നു. ജന്മനാ അന്ധനായ മനുഷ്യനെക്കുറിച്ച് അവൻ അവന്റെയോ അവന്റെ മാതാപിതാക്കന്മാരുടെയോ, ആരുടെ പാപം നിമിത്തമാണ് ആ സ്ഥിതിയിലായതെന്നു ശിഷ്യന്മാർ ചോദിച്ചപ്പോൾ ഈശോ പറഞ്ഞ മറുപടി "ഇയാളുടെയോ ഇയാളുടെ മാതാപിതാക്കന്മാരുടെയോ പാപംനിമിത്തമല്ല, ദൈവത്തിന്റെ മഹത്വം ഈ മനുഷ്യനിൽ പ്രകടമാകാനാണ്" (യോഹ 9:3). എന്നാണ്. അനന്തരം അവിടുന്ന് അയാളെ സുഖപ്പെടുത്തി. ആ അത്ഭുതത്തിന്റെ പശ്ചാത്തലത്തിൽ ക്രിസ്തു ലോകത്തിന്റെ പ്രകാശമാണെന്ന സത്യം അയാൾ ഗ്രഹിക്കുകയും ചെയ്തു. 'ഞങ്ങളും അന്ധന്മാരാണോ?' എന്നു ഫരിസേയർ ക്കുപോലും തോന്നുമാറ് പ്രസ്തുത അത്ഭുതം ജനങ്ങളെ ക്രിസ്തുവിങ്കലേക്കാകർഷിച്ചു. വി. കുർബാനയുടെ രഹസ്യം ക്രിസ്തു ആവിഷ്ക്കരിക്കുന്നതും ഒരത്ഭുതത്തിന്റെ 'കെയർ ഓഫി'ലാണ്. കാരണം പാറപോലെ ഉറച്ച വിശ്വാസംവേണം അതു ഗ്രഹിക്കുവാൻ. അഞ്ചപ്പം വർദ്ധിപ്പിച്ച് അയ്യായിരം പേരെ തീറ്റി തൃപ്തരാക്കിയശേഷം അവിടുന്നു പഠിപ്പിച്ചു താൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പമാണെന്ന്. അവിടുത്തെ ദൈവികശക്തി നേരിൽകണ്ട ജനതതിയിൽ ഒരു നല്ലവിഭാഗം 'ഈ വചനം ദുർഗ്രഹ'മെന്നു പറഞ്ഞ് അവിടുത്തെ വിട്ടുപോയി.

ക്രിസ്തു തന്റെ ജീവിതത്തിൽ ദൈവിക രഹസ്യങ്ങളെ വെളിപ്പെടുത്തിയെന്നതിനു വേറെയും ഉദാഹരണങ്ങളുണ്ട്. സത്യം തന്നെയായ ദൈവത്തിന്റെ സത്യമായ വചനമാണുതാനെന്ന് അവിടുന്നു പീലാത്തോസിനു വെളിപ്പെടുത്തി "....സത്യത്തിനു സാക്ഷ്യം വഹിക്കാനാണു ഞാൻ ജനിച്ചതും ലോകത്തിലേക്കു വന്നതും. സത്യത്തോടു താല്പര്യമുള്ളവരെല്ലാം എന്റെ വചനങ്ങൾ ശ്രവിക്കുന്നു" (യോഹ 18:37).ശിഷ്യർക്കുവേണ്ടിയുള്ള പ്രാർത്ഥന യിൽ ഈ ആവിഷ്ക്കരണം കുറെക്കൂടി വ്യക്തമാണ്: "സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ. അങ്ങയുടെ വചനം സത്യമാണ്. അങ്ങ് എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയയ്ക്കുന്നു. സത്യത്താൽ അവർ വിശുദ്ധീകരി ക്കപ്പെടുന്നതിനുവേണ്ടി ഞാൻ എന്നെത്തന്നെ അവർക്കുവേണ്ടി സമർപ്പിക്കുന്നു." (യോഹ 17:17-19). ക്രിസ്തു സത്യംമാത്രമല്ല, വഴിയും ജീവനുംകൂടിയാണ്. അവിടുന്നുവഴിയല്ലാതെ ആരും





പിതാവിന്റെ പക്കലെത്തുകയില്ല.

ക്രിസ്തുവിന്റെ മഹത്വീകരണംതന്നെയാണ് അവിടുത്തെ പിതാവിന്റേയും മഹത്വീകരണം. ഈ മഹത്വീകരണത്തിന്റെ 'സമയം' വേഗം ആഗതമാകുന്നതിനുവേണ്ടി അവിടുന്നു അത്യ ധികം ആഗ്രഹിച്ചു. എന്റെ സമയം ഇനിയും ആയിട്ടില്ല എന്ന് ജീവി തത്തിൽ പലപ്രാവശ്യം അവിടുന്നു സ്മരിക്കുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നു. സമയം വന്നപ്പോൾ അവിടുന്നു മഹത്വീകരണത്തിനായി പ്രാർത്ഥിച്ചു. "പിതാവേ, ഇതാ സമയമാ യിരിക്കുന്നു. അങ്ങയുടെ പുത്രൻ അങ്ങയെ മഹത്വപ്പെടുത്തേ ണ്ടതിന് പുത്രനെ അങ്ങു മഹത്വ പ്പെടുത്തിയാലും" (യോഹ 17:1). ക്രിസ്തുവിന്റെ കുരിശു മരണത്തിലും ഉയിർപ്പിലുമാണ് ദൈവത്തിന്റെ മഹത്വീകരണം പരമമായ രീതിയിൽ സാധിച്ചത്.

ദൈവവചനത്തിന്റെ സാക്ഷ്യത്തെ സ്ഥിരീകരിക്കുന്നതു പരിശു ദ്ധാത്മാവാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു മാമ്മോദീസാ വഴി അവിടുന്നു നല്കുന്ന ദൈവിക ജീവനും ഈ പരിശുദ്ധാ ത്മാവുതന്നെയാണ്. "ഞാൻ പിതാവിൽനിന്നയയ്ക്കുന്നവനും പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവുമായ ആശ്വാസകൻ വരുമ്പോൾ ഞാൻ ആരെന്നു സാക്ഷ്യപ്പെടുത്തും" (യോഹ 15: 26).

വചനത്തിന്റെ ആവിഷ്ക്കരണം, ഇനിയും സാഫല്യമട യേണ്ടിരിക്കുന്നു. വചനത്തിലൂടെയാണതും സംഭവിക്കാനിരിക്കു ന്നത്. ലോകാവസാനത്തിൽ അവിടുന്നു വാനമേഘങ്ങളിൽ പ്രത്യക്ഷനാകുമ്പോൾ, ക്രിസ്തുവിൽ വിശ്വസിക്കുന്നവരെല്ലാം അന്ന് അവിടുത്തോടുകൂടി പിതാവിന്റെ മഹത്വത്തിൽ പ്രവേശിക്കും. എല്ലാ മനുഷ്യരും ദൈവത്തിന്റെ മഹത്വത്തെ അംഗീകരിക്കും, നല്ലവർ അവിടുത്തെ സ്തുതിച്ചുകൊണ്ടും തിന്മയെ സ്നേഹിച്ചവർ ദൈവപ്രസാദത്തിനുള്ള തങ്ങളുടെ അയോഗ്യത മനസ്സിലാക്കി ക്കൊണ്ടും അങ്ങനെ ദൈവത്തിന്റെ മഹത്വീകരണം പൂർത്തിയാകും, മനുഷ്യന്റേതിനോടൊപ്പം.

**പ്രത്യുത്തരം**

ദൈവവചനത്തിന്, ആവിഷ്കരണത്തിന്, മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തെക്കുറിച്ചുകൂടി രണ്ടു വാക്കു പറഞ്ഞുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കാം. പഴയനിയമത്തിലായാലും പുതിയ നിയമത്തിലായാലും ആവിഷ്ക്കരണം ദൈവത്തിന്റെ ഔദാര്യ പൂർവ്വമായ സ്നേഹത്തിന്റെ ആഹ്വാനമാണ്. ഈ സ്നേഹപ്രകട നത്തിനു തത്തുല്യമായ പ്രത്യുത്തരം നല്കുക മനുഷ്യനു

സാധ്യമല്ല. എങ്കിലും തന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് അതിനെ സ്നേഹസമന്വിതം സ്വീകരിക്കുക ന്യായയുക്തമത്രേ. അത് അവന്റെ ധർമ്മവുമാണ്. രക്ഷയുടെ മാർഗ്ഗം തുറന്നുതന്ന വചനത്തെ രക്ഷ ആഗ്രഹിക്കുന്നവരെല്ലാം സ്വീകരിച്ചു വിശ്വസിക്കണം. നമ്മുടെ വിശ്വാസത്തിന്റെ പിതാവായ അബ്രാഹം ദൈവവചനത്തോടു കാണിച്ച വിശ്വസ്തത നമുക്കു മാർഗ്ഗദർശകമാകേണ്ടതാണ്. പിതാവിനോടുള്ള ശിശുവിന്റെ വിധേയത്വ മനോഭാവത്തോടെ നാം ദൈവവചനത്തെ സ്വീകരിക്കണം. "കർത്താവേ, അരുൾച്ചെയ്താലും; അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു" (1 രാജാ 3:10).

**ജി. പി. ആലഞ്ചേരി ബി.എ.,**
*മതവും ചിന്തയും*, ജൂലൈ 1970.



# 09

## നിരീശ്വരത്വം: ദൈവിക വെളിപാടിന്റെ നിഷേധം

ദൈവാസ്തിത്വത്തെ സംബന്ധിച്ച പ്രശ്നം കേവലം ഒരു താത്വിക പ്രശ്നമല്ല, അടിസ്ഥാനപരമായ ഒരു മാനുഷിക പ്രശ്നമാണ്. ഭിന്നരൂപങ്ങളിലാണെങ്കിലും ആധുനിക ദൈവശാസ്ത്രജ്ഞന്മാരും നിരീശ്വരചിന്തകരും ഒരുപോലെ അംഗീകരിക്കുന്ന ഒരു വസ്തുതയാണിത്. ആസ്തിക്യ ചിന്തകളുടെ കാഴ്ചപ്പാടിൽ ദൈവത്തോടുള്ള ബന്ധമാണ് മനുഷ്യത്വത്തിന്റെ ജീവൻ. അതിനാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം ദൈവനിഷേധം ആത്മഹത്യാപരമാണ്. ആധുനിക നിരീശ്വരചിന്തകരുടെ വീക്ഷണത്തിലാകട്ടെ ദൈവാസ്തിത്വത്തിന്റെ അംഗീകാരമാണ് ആത്മഹത്യാപരം. മനുഷ്യന്റെ വളർച്ചയെ തടയുകയും സ്വാതന്ത്ര്യത്തെ ഹനിക്കുകയും വ്യക്തിത്വത്തെ തകർക്കുകയും ചെയ്യുന്ന ഏറ്റവും വലിയ പ്രതിബന്ധമായിട്ടാണ് അവർ ദൈവത്തെ കാണുന്നത്. മനുഷ്യൻ ജീവിക്കുകയും വളരുകയും ചെയ്യണമെങ്കിൽ ദൈവം മരിക്കണം. ദൈവം മനുഷ്യന്റെ മുമ്പിൽ ഒരു ഭീഷണിയാണെന്ന ഈ ധാരണയാണ് ആധുനിക നിരീശ്വരത്വത്തിന്റെ പ്രധാന പ്രേരകശക്തി. ഇതിൽനിന്ന് ഒരു

കാര്യം വ്യക്തമാകുന്നു. നിർജ്ജീവസിദ്ധാന്താങ്ങളുടെ ഊഷരഭൂമിയിലല്ല മനുഷ്യജീവിതത്തിന്റെ വളക്കൂറുള്ള മണ്ണിലാണ് നിരീശ്വരത്വത്തിന്റെ തായ്‌വേര് ചെന്നുനില്ക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ നിരീശ്വരത്വമല്ല മൗലികം, നീരീശ്വനാണ്. നിരീശ്വരന്റെ ആത്മാവബോധത്തിന്റെ ആവിഷ്കരണമാണ് നിരീശ്വരതത്വസംഹിതകൾ. ഈ അവബോധത്തിന്റെ വളർച്ചയും വികാസപരിണാമങ്ങളും പഠിച്ചെങ്കിൽ മാത്രമേ നിരീശ്വരത്വത്തിന്റെ ആന്തരാർത്ഥമെന്തെന്ന് മനസ്സിലാക്കാൻ കഴിയൂ. എങ്കിലും ഒരു വ്യക്തിയേയോ പ്രസ്ഥാനത്തേയോ നിരീശ്വരമെന്നു വിശേഷിപ്പിക്കുവാൻ ഒരു മാനദണ്ഡം ആവശ്യമാണ്. അതിനാൽ നിരീശ്വരത്വമെന്ന ആശയത്തിന്റെതന്നെ അർത്ഥവ്യാപ്തി എന്തെന്ന് ആദ്യമായി നിർണയിക്കേണ്ടിയിരിക്കുന്നു.

ഈശ്വരനെ കൂടാതെയുള്ള ജീവിതമാണ് നിരീശ്വരത്വം. സമഗ്രവീക്ഷണത്തിൽ ചിന്തയും പ്രവൃത്തിയും ഉൾക്കൊള്ളുന്ന ഒന്നാണല്ലോ മനുഷ്യജീവിതം. അതിനാൽ നിരീശ്വരത്വത്തെ ചിന്താപരം അഥവാ സൈദ്ധാന്തികം (theoretical atheism) ക്രിയാത്മകം അഥവാ പ്രായോഗികം (Practical atheism) എന്നിങ്ങനെ രണ്ടായി തരംതിരിക്കാം. ചിന്തയും പ്രവൃത്തിയും ഒരേ അസ്തിത്വത്തിന്റെ വ്യത്യസ്തധർമങ്ങളാകയാൽ ചിന്താപരമായ നിരീശ്വരത്വത്തിന്റേയും ക്രിയാത്മകമായ നിരീശ്വരത്തിന്റേയും സ്രോതസ്സും അന്തസ്സത്തയും ഒന്നുതന്നെ. എങ്കിലും അവ വ്യവച്ഛേദിച്ച് പഠിക്കുവാൻ പല കാരണങ്ങളുണ്ട്. ഒന്നാമതായി മനുഷ്യജീവിതത്തിൽ ചിന്താമണ്ഡലത്തിനും കർമ്മമണ്ഡലത്തിനും അതിന്റേതായ സ്വായത്തതയുണ്ട്. അതതിന്റേതായ ജീവനും സവിശേഷതകളുണ്ട്. രണ്ടാമതായി, ഒരേ അസ്തിത്വമാണ് ചിന്തയ്ക്കും പ്രവൃത്തിക്കും പിന്നിലുള്ളതെങ്കിലും അവ എപ്പോഴും പൊരുത്തപ്പെട്ടുപോകണമെന്നില്. മൂന്നാമതായി, അസ്തിത്വത്തിലേക്ക് വെളിച്ചം വീശുകയും അതിന്റെ യഥാർത്ഥരൂപം വെളിപ്പെടുത്തുകയും ചെയ്യേണ്ട ചിന്ത ആ കൃത്യം നിർവഹിക്കുന്നതിൽ എപ്പോഴും പൂർണമായി വിജയിച്ചെന്നു വരില്ല. തന്മൂലം യഥാർത്ഥ വ്യക്തിത്വം അതിന്റെ ആവിഷ്ക്കരണവും തമ്മിൽ പൊരുത്തക്കേടുണ്ടാകാം. അവസാനമായി, ദൈവത്തെ സംബന്ധിച്ച് നിലവിലുള്ള വികല സങ്കല്പങ്ങൾ കാരണം യഥാർത്ഥത്തിൽ ഈശ്വരോന്മുഖമായി ജീവിക്കുന്ന വ്യക്തിതന്നെ തന്റെ ജീവിതത്തെ മതേതരമായ ഭാഷയിൽ വ്യാഖ്യാനിക്കുവാൻ പ്രേരിതനായി എന്നുവരാം. അതിനാൽ സൈദ്ധാന്തിക നിരീശ്വരത്വം ഉള്ളിടത്ത് പ്രായോഗിക നിരീശ്വരത്വം എപ്പോഴും ഉണ്ടാകണമെന്നില്ല; മറിച്ചും.





**1. സൈദ്ധാന്തിക നിരീശ്വരത്വം**

ചിന്താതലത്തിൽ ദൈവത്തെ നിഷേധിക്കുന്നവർ അഥവാ അംഗീകരിക്കാത്തവർ ആണ് സൈദ്ധാന്തിക നിരീശ്വരന്മാർ എന്ന് ഒറ്റ വാക്കിൽ പറയാം. പക്ഷേ ഒരാൾ ദൈവത്തെ നിഷേധിക്കുന്നു എന്ന് എപ്പോഴാണ് പറയാൻ കഴിയുക? ഓരോ വ്യക്തിയും ദൈവത്തേപ്പറ്റി തനിക്കുള്ള ധാരണകളുടെ അടിസ്ഥാനത്തിലായിരിക്കും ഇതിന് ഉത്തരം നല്കുന്നത്. ഈ ധാരണകളാകട്ടെ കാലദേശവ്യക്തിഭേദമനുസരിച്ച് വിഭിന്നങ്ങളാണ്. ദൈവത്തെ സംബന്ധിച്ച ധാരണയുടെ ഈ വൈവിദ്ധ്യവും വൈരുദ്ധ്യവും കാരണം നിരീശ്വരത്വത്തിന് കേവലമായ ഒരർത്ഥം നല്കുക സാധ്യമല്ലെന്നും അതതു കാലത്തും ദേശത്തും നിലവിലിരിക്കുന്ന സങ്കല്പങ്ങളുടെ വെളിച്ചത്തിൽ ഓരോ നിരീശ്വരചിന്തയ്ക്കും പ്രത്യേകം പ്രത്യേകം അർത്ഥം കല്പിക്കുവാനേ കഴിയൂ എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. നിരീശ്വരത്വത്തിന്റെ സ്ഥൂലമായ രൂപഭേദങ്ങളുടെ പഠനത്തിൽ ദൈവത്തെ സംബന്ധിച്ച സമകാലികാശയങ്ങൾക്ക് വളരെ പ്രാധാന്യമുണ്ടെന്ന കാര്യം നിഷേധിക്കുക സാധ്യമല്ല. എങ്കിലും നിരീശ്വരത്വത്തിന്റെ രൂപവൈവിദ്ധ്യത്തിനടിയിൽ ഒരു സ്ഥായിഭാവമില്ല എന്ന നിഗമനം ശരിയാണെന്നു തോന്നുന്നില്ല. ദൈവത്തെ സംബന്ധിച്ച ധാരണാ വൈവിദ്ധ്യമാണല്ലോ നിരീശ്വരത്വത്തിന് കേവലമായ ഒരു സ്ഥായിഭാവമില്ലെന്ന അഭിപ്രായത്തിന് ഉപോദ്ബലകമായി എടുത്തുകാണിക്കുന്നത്. പക്ഷേ ഈ ധാരണവൈവിദ്ധ്യത്തിനെല്ലാമപ്പുറം ആസ്തികചിന്തയ്ക്ക് ഒരേകത്വമുണ്ട്. ദൈവപ്രകൃതിയെ സംബന്ധിച്ച പ്രശ്നമാണ് ആസ്തികചിന്തകർക്കിടയിലുള്ള അഭിപ്രായഭിന്നതകൾക്ക് പിന്നിലുള്ളത്. പക്ഷേ എന്തിന്റെ പ്രകൃതിയേപ്പറ്റി അവർ ഭിന്നാഭിപ്രായക്കാരാണോ ആ യാഥാർത്ഥ്യത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ചിടത്തോളം അവർ ഏകാഭിപ്രായക്കാരാണ്. നിരീശ്വരത്വത്തിന്റെ പിന്നിലുള്ള പ്രശ്നമാകട്ടെ ഈ യാഥാർത്ഥ്യത്തിന്റെ അസ്തിത്വത്തെ സംബന്ധിച്ച പ്രശ്മാണുതാനും. അതിനാൽ ഒരു പ്രത്യേക ദൈവശാസ്ത്രത്തോടെന്നതിനേക്കാൾ ദൈവശാസ്ത്രങ്ങളുടെയെല്ലാം വിഷയമായ യാഥാർത്ഥ്യത്തോടു ബന്ധപ്പെടുത്തിയാണ് നിരീശ്വരത്തെ നിർവചിക്കേണ്ടത്. ഇപ്രകാരം ചെയ്യുമ്പോൾ നിരീശ്വരത്വത്തിന്റെ രൂപവൈവിദ്ധ്യത്തിനപ്പുറം ഒരു ഭാവൈക്യം കണ്ടെത്താൻ കഴിയും. എപ്രകാരമുള്ള ചിന്തയാണ് ദൈവത്തെ സംബന്ധിച്ച പ്രത്യേക സങ്കല്പങ്ങൾക്കപ്പുറം കടന്ന് ദൈവിക യാഥാർത്ഥ്യത്തെതന്നെ നിഷേധിക്കുന്നത്? ദൈവം എന്ന പദംതന്നെ ഒരു നിരർത്ഥകശബ്ദമാണെന്നും അതി

നാൽ ആ പദത്തോട് ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം കേവലം പ്രശ്നാഭാസങ്ങളാണെന്നും വാദിക്കുന്ന നവപ്രത്യക്ഷവാദം (നിയോപോസിറ്റിവിസം) നിരീശ്വരമാണെന്നുവ്യക്തമാണ്. "ദൈവം" എന്ന പദം ഒന്നിനേയും വിവക്ഷിക്കുന്നില്ലെങ്കിൽ ദൈവാസ്തിത്വത്തെക്കുറിച്ച് സംസാരിക്കുന്നതിൽ അർത്ഥമില്ലല്ലോ. എങ്കിലും പ്രസ്തുത പദത്തിന് "പേന" "പുസ്തകം" "മനുഷ്യൻ" മുതലായ പദങ്ങൾക്കുള്ളതുപോലെ ഒരു വിവക്ഷിതമില്ല എന്നു പറഞ്ഞാൽ അതു നിരീശ്വരത്വമല്ല. നമ്മുടെ കൺമുമ്പിൽ കാണുന്ന വസ്തുക്കൾക്കുള്ളതുപോലെയുള്ള ഒരു അസ്തിത്വമല്ല ദൈവത്തിന്റേതെന്ന് ആസ്തികചിന്തകരെല്ലാം അംഗീകരിക്കുന്ന വസ്തുതയത്രേ. അതിനാൽ ദൈവം എന്ന പദത്തിന് ഒരു വിധത്തിലുള്ള വിവക്ഷിതവും ഇല്ലെന്ന വാദമേ അതിൽത്തന്നെ നിരീശ്വരമെന്നു പറയാൻ പറ്റൂ. അതുപോലെതന്നെ "ദൈവം" എന്ന പദത്തിന്റെ വിവക്ഷിതം അവാച്യ (ineffable) മാണെന്ന വിറ്റ്ഗൻസ്റ്റൈന്റെ (Wittgenstein) നിലപാടും നിരീശ്വരത്വമല്ല. ദൈവാസ്തിത്വത്തെയല്ല, ദൈവശാസ്ത്രത്തിന്റെ സാദ്ധ്യതയേയും സ്വഭാവത്തേയും മാത്രമാണ് അവാച്യമായ മതാനുഭൂതിയിലേയ്ക്ക് തുറന്നു കിടക്കുന്ന വിറ്റ്ഗൻസ്റ്റൈന്റെ ചിന്ത ചോദ്യം ചെയ്യുന്നത്.

"ദൈവം" എന്ന പദം തീർത്തും നിരർത്ഥകമാണെന്നു സിദ്ധാന്തിക്കുന്നവർ നിരീശ്വരന്മാരാണെന്നു പറഞ്ഞു. പക്ഷേ പ്രസ്തുത പദത്തിന് എന്തെങ്കിലും അർത്ഥം കല്പിക്കുന്ന വീക്ഷണത്തെ എല്ലാം ആസ്തികമെന്നു വിശേഷിപ്പിക്കുക സാധ്യമല്ല. 'കേവലം ആത്മനിഷ്ഠമായ' എന്നു പറയുവാൻ പ്രത്യേക കാരണമുണ്ട്. മനുഷ്യാസ്തിത്വത്തെ മാറ്റി നിർത്തിക്കൊണ്ട് ദൈവാസ്തിത്വത്തേക്കുറിച്ച് അറിയാനും പറയാനും കഴിയുമെന്ന് ആസ്തികചിന്തകർ അവകാശപ്പെടുന്നില്ല. അതിനാൽ ദൈവാസ്തിത്വത്തെക്കുറിച്ചുള്ള പ്രസ്താവനകൾ മനുഷ്യാസ്തിത്വത്തെയും മനുഷ്യാവസ്ഥയേയും കൂടി ദ്യോതിപ്പിക്കുന്നുണ്ട്. പക്ഷേ ഈ അവസ്ഥയിൽ കവിഞ്ഞൊന്നും ദൈവം എന്ന പദം വിവക്ഷിക്കുന്നില്ലെന്നു പറയുമ്പോൾ അത് ഈശ്വരനിഷേധത്തിനു തുല്യമാണ്. കാരണം ദൈവം ഒരു യാഥാർഥ്യ (reality) മാണെന്നത് ആസ്തികചിന്താപാരമ്പര്യം മുഴുവൻ അംഗീകരിക്കുന്ന വസ്തുതയത്രേ.

മേൽപറഞ്ഞവയിൽനിന്ന് ഇത്രയും വ്യക്തമാകുന്നു. ദൈവം എന്ന പദം നിരർത്ഥകമാണെന്നോ, സാർത്ഥകമെങ്കിലും അതിന്റെ വിവക്ഷിതം "യാഥാർത്ഥ്യം" അല്ലെന്നോ ഉള്ള വാദം നിരീശ്വരമാണ്. എന്നാൽ ഇതുകൊണ്ടുമാത്രം ആസ്തികചിന്തയും നിരീശ്വരത്വവും തമ്മിലുള്ള വ്യവച്ഛേദനം പൂർണമാകുന്നില്ല. കാരണം ദൈവം എന്ന പദത്തിന്റെ വിവക്ഷിതവും ലോകം എന്ന പദത്തിന്റെ വിവക്ഷിതവും തമ്മിൽ യാതൊരന്തരവുമല്ലെങ്കിൽ, അവ പര്യായപദങ്ങളാണെങ്കിൽ, അസ്തിത്വചിന്തയും നാസ്തികചിന്തയും തമ്മിലുള്ള വ്യവച്ഛേദനം കേവലം സാങ്കല്പികമായിരിക്കും. മാത്രമല്ല ദൈവം എന്ന പദത്തിന്റെ വിവക്ഷിതം ലോകാതീതമാണെന്ന് ആസ്തികചിന്തകർ പൊതുവേ അംഗീകരിക്കുന്നുമുണ്ട്. പക്ഷേ ദൈവം ലോകാതീതനാണെന്നു പറയുമ്പോൾ അവർ എന്താണു അർത്ഥമാക്കുന്നതെന്ന് മനസ്സിലാക്കണമെങ്കിൽ ''ലോകം'' "അതീതം" എന്നീ പദങ്ങൾക്കു നല്കപ്പെടുന്ന അർത്ഥമെന്തെന്ന് പരിശോധിക്കേണ്ടിയിരുന്നു. ഐന്ദ്രിയജ്ഞാനവിഷയമായ വസ്തുക്കളുടെ സമാഹാരത്തെയാണ് ഇവിടെ ലോകം എന്ന പദംകൊണ്ട് വിവക്ഷിക്കുന്നത്. "അതീതം" എന്നു പറയുമ്പോൾ ദൈവം ലോകത്തിനുപുറത്തെവിടെയോ ആണെന്നർത്ഥമാക്കുന്നില്ല. "പുറത്ത്" "അകത്ത്" തുടങ്ങിയ സ്ഥലസങ്കല്പങ്ങൾ അതേപടി ദൈവത്തിലാരോപിക്കുക സാദ്ധ്യവുമല്ല. എങ്കിലും "ദൈവം" "ലോകം" എന്നീ പദങ്ങളുടെ വിവക്ഷിതം ഭിന്നമാണെന്നു പറയേണ്ടിയിരിക്കുന്നു. പക്ഷേ പേന കടലാസ്സിൽനിന്ന് ഭിന്നമായിരിക്കുന്നതുപോലെയല്ല ദൈവം ലോകത്തിൽനിന്നു ഭിന്നമായിരിക്കുന്നത്. ദൈവത്തിനു ലോകത്തോടുള്ള ബന്ധവും ലോകത്തിൽനിന്നുള്ള ഭിന്നതയും ഒരുപോലെ അനന്യമാണ്. ചുരുക്കത്തിൽ "ദൈവം" എന്ന പദത്തിന്റെ വിവക്ഷിതത്തെ ഐന്ദ്രിയജ്ഞാനവിഷയമായ ലോകവുമായി താദാത്മ്യപ്പെടുത്തുക സാധ്യമല്ലെന്നാണ്, ദൈവം ലോകാതീതനാണന്നു പറയുമ്പോൾ ആസ്തികചിന്തകർ അർത്ഥമാക്കുന്നത്. ഈ അതീതത്വത്തെ തീർത്തും നിഷേധിക്കുന്നവർ കേവലമൊരു ദൈവശാസ്ത്രവീക്ഷണത്തെയല്ല ദൈവാസ്തിത്വത്തെതന്നെയാണ് ഫലത്തിൽ നിഷേധിക്കുന്നത്.

ദൈവം എന്ന പദത്തിന്റെ വിവക്ഷിതം യഥാർത്ഥവും മേൽപറഞ്ഞവിധം ലോകാതീതവുമാണെന്ന് അംഗീകരിക്കുന്നവരെ എല്ലാം ആസ്തികചിന്തകരായി പരിഗണിക്കാമോ എന്നതാണ് അടുത്തപ്രശ്നം. "അതീതം" എന്ന വാക്കിനു ഐന്ദ്രിയജ്ഞാനവിഷയകമായ ലോകത്തോടും താദാത്മ്യപ്പെടുത്താനാവാത്തത് എന്ന അർത്ഥമാണല്ലോ ഇതുവരെ കൊടുത്തത്. എന്നാൽ "ലോകാതീതം" എന്ന വാക്കിന് ലോകത്തേക്കാൾ 'ശ്രേഷ്ഠ' മെന്ന മറ്റൊരർത്ഥംകൂടെ ആസ്തികചിന്താപാരമ്പര്യത്തിലുണ്ട്. അതായത് "ദൈവം" എന്ന വാക്കിന്റെ വിവക്ഷിതം "ലോകം" എന്ന വാക്കിന്റെ വിവക്ഷിതത്തിൽനിന്ന് 'ഭിന്ന'മാണെന്നു മാത്രമല്ല അതിനേക്കാൾ ശ്രേഷ്ഠത

രവുമാണ്. ഈ ശ്രേഷ്ഠതയും ആസ്തിതചിന്തകരെല്ലാം അംഗീകരിക്കുന്നുണ്ട്. എന്നാൽ ദൈവം എന്ന പദത്തിന്റെ വിവക്ഷിതത്തെ വ്യക്തിപരം (personal) എന്നു വിശേഷിപ്പിക്കാമോ എന്ന കാര്യത്തിൽ ആസ്തികചിന്തകരുടെയിടയിൽ അഭിപ്രായൈക്യമില്ല. എങ്കിലും ഈ അഭിപ്രായഭിന്നത ഒറ്റനോട്ടത്തിൽ തോന്നുന്നത്ര വിപുലമല്ല. യഥാർത്ഥത്തിൽ, “വ്യക്തിത്വം” (personality) എന്ന ആശയം മനുഷ്യാസ്തിത്വത്തിന്റെ സവിശേഷ സ്വഭാവത്തെക്കുറിച്ചുള്ള അവബോധത്തിൽനിന്നാണല്ലോ രൂപമെടുത്തത്. വ്യക്തിത്വത്തേക്കുറിച്ചു പറയുമ്പോൾ മനുഷ്യവ്യക്തിത്വത്തിന്റെ ചിത്രമാണ് നമ്മിൽ അങ്കുരിക്കുന്നത്. എന്നാൽ ദൈവത്തിന്റെ അസ്തിത്വം വ്യക്തിപരമാണെന്നു പറയുമ്പോൾ മനുഷ്യവ്യക്തിത്വം പോലുള്ള ഒരു വ്യക്തിത്വമാണ് ദൈവത്തിന്റേതെന്നു ഒരു ചിന്തകനും അർത്ഥമാക്കുന്നില്ല. നമ്മുടെ അനുഭവത്തിൽപ്പെട്ട അസ്തിത്വങ്ങളിൽ (existents) ഏറ്റവും ശ്രേഷ്ഠമായത് വ്യക്തിപരമായ അസ്തിത്വമാണല്ലോ. അതിനാൽ ദൈവാസ്തിത്വം വ്യക്തിപരമല്ലെന്നു പറഞ്ഞാൽ അതു മനുഷ്യാസ്തിത്വത്തേക്കാൾ താഴ്ന്നതാണെന്ന ധാരണയുണ്ടായേക്കാം. ഈ ധാരണ ഒഴിവാക്കുകയാണ് ദൈവത്തിൽ വ്യക്തിത്വം ആരോപിക്കുന്ന ചിന്തകരുടെ ലക്ഷ്യം. മനുഷ്യനേയും ദൈവത്തേയുംപറ്റി പറയുമ്പോൾ “വ്യക്തിത്വം” എന്ന ആശയം ഒരേ അർത്ഥത്തിലല്ല (univocal) അവർ ഉപയോഗിക്കുന്നത്. വിരോധാഭാസമായിത്തോന്നാമെങ്കിലും ഇതുതന്നെയാണ് ദൈവത്തിൽ വ്യക്തിത്വം ആരോപിക്കാൻ വിസമ്മതിക്കുന്ന ആസ്തിക ചിന്തകരുടേയും ലക്ഷ്യം. ദൈവാസ്തിത്വം വ്യക്തിപരമാണെന്നു പറഞ്ഞാൽ സാരാംശത്തിൽ മനുഷ്യനെപ്പോലെയുള്ള ഒരു സത്തയാണ് ദൈവമെന്ന തെറ്റിദ്ധാരണ ഉണ്ടാകാനിടയുണ്ട്. അതീതനായ ദൈവത്തെ മനുഷ്യാസ്തിത്വത്തിന്റെ തലത്തിലേയ്ക്ക് താഴ്ത്തുകയായിരിക്കും ഇതിന്റെ ഫലം. ഈ അപകടം ഒഴിവാക്കുകയാണ് ദൈവത്തിൽ വ്യക്തിത്വം ആരോപിക്കുവാൻ വിസമ്മതിക്കുന്നവരുടെ ലക്ഷ്യം. അതായത് ദൈവാസ്തിത്വം വസ്തുസദൃശമാണെന്നല്ല, പ്രത്യുത അനന്യവും (unique) അനന്തശ്രേഷ്ഠവുമാണെന്നാണ്, ദൈവാസ്തിത്വം വ്യക്തിപരമല്ലെന്നു വാദിക്കുന്ന ആസ്തിക ചിന്തകരും വിശ്വസിക്കുന്നത്. ഇങ്ങനെ നോക്കുമ്പോൾ ദൈവത്തിന്റെ വ്യക്തിത്വസ്വഭാവത്തേക്കുറിച്ച് ആസ്തിക ചിന്തകരുടെയിടയിലുള്ള ഭിന്നാഭിപ്രായങ്ങൾക്ക് പിന്നിലുള്ളത് പലപ്പോഴും അവാച്യനായ ദൈവത്തെ ആവിഷ്ക്കരിക്കാനുപയോഗിക്കുന്ന വാക്കുകളുടെ ഔചിത്യത്തെ സംബന്ധിച്ച പ്രശ്നമാണെന്നു കാണാം. അതിനാൽ “വ്യക്തി” എന്ന പദം ഉപയോഗിക്കുന്നുവോ ഇല്ലയോ എന്ന





തല്ല. ‘‘ദൈവം’’ എന്ന പദത്തിന്റെ വിവക്ഷിതം ദൃശ്യലോകത്തിൽനിന്ന് സാരാംശത്തിൽ ഭിന്നവും സത്താപരമായി ശ്രേഷ്ഠവുമാണെന്ന് അംഗീകരിക്കുന്നുവോ എന്നതാണ് അടിസ്ഥാനപ്രശ്നം. ഈ ശ്രേഷ്ഠതയെ അംഗീകരിക്കാത്ത ചിന്ത ആസ്തികമാണെന്നു പറയുക സാധ്യമല്ല.

ദൈവത്തിന്റെ അതീതത്വത്തെക്കുറിച്ച് മേൽചെയ്ത വിചിന്തനങ്ങൾ ആസ്തിക ചിന്തയുടെ ഭാഗികമായ ഒരു ചിത്രം മാത്രമേ നല്കുന്നുള്ളൂ. ദൈവവും ലോകവും തമ്മിലുള്ള ബന്ധവും ചർച്ചാവിഷയമാകേണ്ടതുണ്ട്. പരസ്പരം സ്പർശിക്കാതെ പോകുന്ന സമാന്തരരേഖകൾപോലെയല്ല ദൈവവും ലോകവും. ദൈവത്തോട് യാതൊരു ബന്ധവുമില്ലാതെ നീങ്ങുന്ന ലോകത്തേയും ജീവിതത്തെ ഒരു വിധത്തിലും സ്പർശിക്കാത്ത ദൈവത്തേയും വിഭാവനം ചെയ്യുന്ന ചില ദീയിസ്റ്റുകളൊഴിച്ചാൽ (deists) ആസ്തികചിന്തകരെല്ലാവരും ലോകത്തെ ദൈവവുമായി ഏതെങ്കിലും തരത്തിൽ ബന്ധിപ്പിക്കുന്നവരാണ്. വിഭാവനം ചെയ്യുന്ന രീതിയും പ്രകാശിപ്പിക്കുന്ന ഭാഷയും എത്രതന്നെ വിഭിന്നമായിരുന്നാലും ഈ ബന്ധത്തെ സംബന്ധിച്ച് പൊതുവായ ചില ഉൾക്കാഴ്ചകൾ കണ്ടെത്താൻ കഴിയും. ദൃശ്യലോകത്തിനു എന്തെന്തു യാഥാർത്ഥ്യമുണ്ടോ അതിനു നിദാനം അദൃശ്യനായ ദൈവത്തിന്റെ അസ്തിത്വമാണെന്നും ഈ അതീതാസ്തിത്വത്തെ ആശ്രയിച്ചാണ് ദൃശ്യലോകം നിലനില്ക്കുന്നതെന്നും വിശ്വസിക്കുന്നവരാണ് ആസ്തികചിന്തകർ പൊതുവേ. ദൃശ്യലോകത്തിന്റെ സഭാത്മകമായ (ontological) ഈ ആപേക്ഷികത മനുഷ്യനെ സംബന്ധിച്ചിടത്തോളം മൂല്യപരമാകുന്നു. അടിസ്ഥാനമൂല്യങ്ങളെ അവൻതന്നെ സ്വേച്ഛാപരമായി സൃഷ്ടിക്കുകയല്ല, അന്വേഷണത്തിലൂടെ കണ്ടെത്തുകയാണ് ചെയ്യുന്നതെന്നർത്ഥം. ഇങ്ങനെ നോക്കുമ്പോൾ മനുഷ്യനടക്കമുള്ള ദൃശ്യലോകത്തിന്റെ സത്താപരവും മൂല്യപരവുമായ സാപേക്ഷതയിൽ വിശ്വസിക്കുന്നവരാണ് ആസ്തികചിന്തകരെന്നു പറയാം. നിരീശ്വരചിന്തകർ ഈ സാപേക്ഷതയെ നിഷേധിക്കുന്നവരും.

### 2. പ്രായോഗിക നിരീശ്വരത്വം

പ്രായോഗിക നിരീശ്വരത്വത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ താത്വികമായ വിധി നിഷേധങ്ങളുടെ തലത്തിൽനിന്ന് ജീവിതാഭിമുഖ്യത്തിന്റെയും ജീവിതമൂല്യങ്ങളുടെയും തലത്തിലേയ്ക്ക് കടക്കുകയാണ് നാം. ഒരാളുടെ താത്വികവീക്ഷണത്തിൽ ദൈവത്തിനു സ്ഥാനമുണ്ടോ എന്നതല്ല. യഥാർത്ഥ ജീവിതത്തിനു ദൈവത്തോടു ബന്ധമുണ്ടോ എന്നതാണിവിടെ പ്രശ്നം. ദൈവത്തെ കൂടാതെ

യുള്ള ജീവിതമാണ് പ്രായോഗിക നിരീശ്വരത്വം. പ്രായോഗിക ജീവി
തത്തിൽനിന്നുള്ള ദൈവത്തിന്റെ ഈ തിരോധാനത്തിനു ചിന്താമ
ണ്ഡലവുമായുള്ള ബന്ധത്തെ ആസ്പദമാക്കി നിരീശ്വരത്വത്തെ പല
തായി തരംതിരിക്കാൻ കഴിയും. ദൈവാസ്തിത്വത്തെ സംബന്ധിച്ച
പ്രശ്നം പഠനവിഷയമാക്കി, അതുവഴി ദൈവമില്ലെന്ന നിഗമനത്തി
ലെത്തിച്ചേരുകയോ പ്രസ്തുത പ്രശ്നം അർത്ഥശൂന്യമോ അപ്ര
ധാനമോ അപരിഹാര്യമോ ആണെന്നു കാണുകയോ ചെയ്തതിന്റെ
ഫലമാണ് ജീവിതമൂല്യങ്ങളുടെ തലത്തിൽ നിന്നുള്ള ദൈവത്തിന്റെ
തിരോധാനമെങ്കിൽ അതിനെ സമഗ്രനിരീശ്വരത്വം (integral athe-
ism) എന്നു വിളിക്കാം. ചിന്താപരമായ നിരീശ്വരത്വവും പ്രായോ
ഗിക നിരീശ്വരത്വവും ഒരേ വ്യക്തിയിൽ സമ്മേളിക്കുന്നതിന്റെ ഫല
മാണ് സമഗ്ര നിരീശ്വരത്വം. ചിന്താതലത്തിൽനിന്ന് നിരീശ്വരത്വം
പ്രായോഗികതലത്തിലേയ്ക്ക് വ്യാപിക്കുന്നതു മൂലമോ പ്രായോ
ഗിക നിരീശ്വരത്വം ചിന്താതലത്തിലേയ്ക്ക് വ്യാപിക്കുന്നതുമൂലമോ
സമഗ്രനിരീശ്വരത്വം ഉണ്ടാകാം. മനുഷ്യാസ്തിത്വത്തിന്റെ എല്ലാ തല
ങ്ങളേയും ചിന്തയേയും പ്രവൃത്തിയേയും സ്പർശിക്കുന്ന ഒന്നത്രേ
സമഗ്ര  നിരീശ്വരത്വം.

ദൈവം ഉണ്ടെന്നും ദൈവവിശ്വാസം പരമപ്രധാനമായ ഒന്നാ
ണെന്നും അംഗീകരിക്കുകയും അതേസമയം ഇല്ലാതിരുന്നാലെന്ന
പോലെ ജീവിക്കുകയും ചെയ്യുന്നവരുണ്ട്. അവരുടെ താത്വികവീ
ക്ഷണം പ്രായോഗികജീവിതത്തിൽ യാതൊരു സ്വാധീനവും ചെലു
ത്താറില്ല. നിർജ്ജീവവും ഉപരിപ്ലവവുമായ ഈശ്വരവിശ്വാസം ചിന്താ
തലത്തിൽ - ഈശ്വരനിരപേക്ഷമായ ജീവിതം പ്രയോഗികതല
ത്തിൽ - ഇവ രണ്ടും ഒരു വ്യക്തിയിൽ സമ്മേളിക്കുകയാണിവിടെ.
ഇങ്ങനെയുള്ളവർ തങ്ങളുടെ നിരീശ്വരത്വത്തെപ്പറ്റി ബോധവാന്മാ
രല്ല. മതപരമായ ആചാരനുഷ്ഠാനങ്ങളും ഭക്തകൃത്യങ്ങളും
പൊതുവെ പറഞ്ഞാൽ അവരുടെ ജീവിതത്തിന്റെ ഭാഗമായിരിക്കും.
പക്ഷേ ഇവ അവരുടെ പ്രയോഗികജീവിതത്തെ സ്വാധീനിക്കുന്നി
ല്ലെന്നു മാത്രമല്ല, വ്യക്തിത്വത്തെ സ്പർശിക്കുന്നുപോലുമില്ല.
സ്വന്തം ആഗ്രഹപൂരണത്തിൽ കവിഞ്ഞ് ഒരു മൂല്യവും ജീവിതത്തിൽ
കണ്ടെത്താത്ത നാമമാത്ര വിശ്വാസികളുടെ ഇടയിൽക്കാണുന്ന
താത്വികവിശ്വാസത്തിന്റേയും പ്രായോഗിക നിരീശ്വരത്വത്തിന്റേയും
ഈ വിചിത്ര സമ്മേളനത്തെ പ്രച്ഛന്ന നിരീശ്വരത്വം (crypto - athe-
ism) എന്നു വിളിക്കാം.

ദൈവത്തിന് അസ്തിത്വമുണ്ടെങ്കിലും ലോകവുമായി ഒരു ബന്ധ
വുമില്ലെന്നും ലോകത്തിന്റെ അസ്തിത്വം തികച്ചും സ്വയം പര്യാ





പ്തമാണെന്നുമുള്ള ധാരണയുടെ ഫലമായും ദൈവം ഇല്ലാതിരു
ന്നാലെന്നപോലത്തെ ജീവിതമുണ്ടാകാം. താത്വികമായ ഈശ്വര
വിശ്വാസവും പ്രായോഗിക നിരീശ്വരത്വവും തമ്മിലുള്ള സമ്മേള
നത്തെ താത്വിക - പ്രായോഗിക നിരീശ്വരത്വമെന്നു വിശേഷിപ്പി
ക്കാം. താത്വിക നിരീശ്വരത്വത്തിന്റെ സമ്മേളനം എന്ന അർത്ഥത്തി
ലല്ല: താത്വികന്യായീകരണത്തോടുകൂടിയ കേവലം പ്രായോഗിക
മായ നിരീശ്വരത്വം എന്ന അർത്ഥത്തിലാണ് താത്വിക - പ്രായോ
ഗിക നിരീശ്വരത്വം എന്ന പദം ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. സമ
ഗ്രനിരീശ്വരത്വത്തിലെന്നപോലെ ഇവിടേയും പ്രായോഗിക നിരീ
ശ്വരത്വത്തിന് ഒരു ന്യായീകരണമുണ്ട്. പക്ഷേ ഈ ന്യായീകരണം
താത്വികമായ ദൈവനിഷേധത്തിലല്ല, ദൈവവും ലോകവും തമ്മി
ലുള്ള ബന്ധത്തിന്റെ നിഷേധത്തിലാണ് അടങ്ങിയിരിക്കുന്നത്.
ദീയിസ (Deism) ത്തിന്റെ ചില രൂപങ്ങളും പ്രയോഗിക നിരീശ്വര
ത്വവും തമ്മിലുള്ള സമ്മേളനമാണ് താത്വിക പ്രായോഗിക നിരീ
ശ്വരത്വം.

ചിന്താമണ്ഡലത്തോട് ബന്ധപ്പെടാതെയും പ്രായോഗിക നിരീ
ശ്വരത്വം പ്രത്യക്ഷപ്പെടാം. ദൈവാസ്തിത്വത്തേപ്പറ്റി ചിന്തിക്കുകയോ
അതിൽ താല്പര്യം കാണിക്കുകയോ ചെയ്യാതെ പ്രായോഗിക ജീവി
തപ്രശ്നങ്ങളിലും ഭൗതികമൂല്യങ്ങളിലും മുഴുകിക്കഴിയുകയും ജീവി
തത്തിന്റെ ആത്യന്തികമായ അർത്ഥലക്ഷ്യങ്ങളെ അവഗണിക്കു
കയും ചെയ്യുന്നവരുടെ ജീവിതം ഈശ്വരനിരപേക്ഷമായിരിക്കുക
സ്വാഭാവികമാണല്ലോ. മതാവഗണനയുടെ (religous indifferentism)
രൂപത്തിലാണ് ഈ നിരീശ്വരത്വം പ്രത്യക്ഷീഭവിക്കുന്നത്. സങ്കീർണ
മായ ഒരു പ്രതിഭാസമാണ് മതാവഗണന. ചിലപ്പോൾ ജീവിതത്തോട്
ബോധപൂർവ്വം സ്വീകരിക്കുന്ന ഒരു നിലപാടിന്റെ ഫലമായിരിക്കുമ
ത്. മറ്റുചിലപ്പോൾ ആത്മീയമായ നിർജീവത്വത്തിന്റെ പ്രതിഫലന
വും. മതാവഗണനയുടെ ഈ രൂപങ്ങൾ തികച്ചും വ്യത്യസ്തങ്ങളും
ചിലപ്പോൾ പരസ്പരവിരുദ്ധങ്ങളുമായ ജീവിതാഭിമുഖ്യങ്ങളെയാണ്
ആവിഷ്ക്കരിക്കുന്നത്. ആത്മീയ നിർജീവത്വം മൂലമുള്ള മതാവഗ
ണനയ്ക്ക് പിന്നിലുള്ളത് ഉന്നതാദർശങ്ങളിലോ മൂല്യങ്ങളിലോ
താല്പര്യമില്ലാത്ത, അപ്പോഴപ്പോൾ ഉണ്ടാകുന്ന ആഗ്രഹാഭിലാഷ
ങ്ങളുടെ തൃപ്തിമാത്രം കാംക്ഷിക്കുന്ന, ചിന്താരഹിതവും സ്വാർത്ഥ
ഭരിതവുമായ ഒരു ജീവിതമാണ്. നിമിഷം തോറുമുണ്ടാകുന്ന അനു
ഭവങ്ങളിൽ കവിഞ്ഞൊന്നിനും വിലകല്പിക്കാത്ത ഇത്തരം ജീവിതം
നയിക്കുന്നവരെ മതനിരപേക്ഷർക്കിടയിലെന്നപോലെ നാമമാത്ര
മതവിശ്വാസികൾക്കിടയിലും കാണാൻ കഴിയും. ഈവിധമുള്ള മതാ
വഗണന യഥാർത്ഥ നിരീശ്വരത്വത്തിന്റെ ഒരു രൂപഭേദമാണെന്നു

നിസ്സംശയം പറയാം. എന്നാൽ തികച്ചും ഭിന്നമായ ഒരു ജീവിതമായിരിക്കാം ബോധപൂർവ്വമുള്ള തിരഞ്ഞെടുപ്പിന്റെ ഫലമായുണ്ടാകുന്ന മതാവഗണനയ്ക്ക് പിന്നിലുള്ളത്. ഇവിടേയും പ്രത്യക്ഷത്തിൽ ദൈവത്തിലും ദൈവത്തോടു നേരിട്ടു ബന്ധപ്പെട്ട പ്രശ്നങ്ങളിലും യാതൊരു താല്പര്യവും കാണുകയില്ല. എങ്കിലും ഈ താല്പര്യമില്ലായ്മയ്ക്ക് കാരണം സുഖലോലുപമായ ജീവിതത്തിനുവേണ്ടിയുള്ള പരക്കംപാച്ചിലല്ല: ഈശ്വരവിശ്വാസത്തിനു ജീവിതത്തിൽ പ്രസക്തിയില്ലെന്ന ധാരണയാണ്. ഈ ധാരണ ഉളവാക്കുന്നതിൽ ജീവിതത്തോടും ജീവിതപ്രശ്നങ്ങളോടുമുള്ള ഭാഗികമായ സമീപനത്തിനും ദൈവത്തിന്റെ യഥാർത്ഥചിത്രം വരച്ചുകാട്ടുന്നതിൽ ചിന്താതലത്തിലും ജീവിതതലത്തിലും മതാനുയായികൾക്കുണ്ടായിട്ടുള്ള പരാജയത്തിനും അനല്പമായ പങ്കുണ്ട്. മതാവഗണനയുടെ ആദ്യരൂപത്തിൽനിന്നു ഭിന്നമായി ആത്മീയമായ നിർജീവത്വമല്ല തികഞ്ഞ സജീവത്വമാണിവിടെയുള്ളത്. ധാർമികമൂല്യങ്ങൾക്കും ഉന്നതാദർശങ്ങൾക്കും അങ്ങേയറ്റം വിലകല്പിക്കുന്നവരുടെയിടയിൽതന്നെ ഇവ്വിധമുള്ള മതാവഗണന കാണാൻകഴിയും. പക്ഷേ മതാവഗണനയുടെ ഈ രൂപം കേവലം ഉപരിപ്ലവം അല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. യഥാർത്ഥ നിരീശ്വരത്വത്തിന്റെ തലത്തിലേക്ക് അതുപലപ്പോഴും കടക്കുന്നില്ല. കാരണം, മതത്തോടുള്ള അവഗണന എപ്പോഴും ദൈവത്തോടുള്ള അവഗണനയാവണമെന്നില്ല. ദൈവേതരമായ ഒട്ടേറെ ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണല്ലോ മതത്തിന്റെ വ്യവസ്ഥാപിത രൂപം. അതുപോലെതന്നെ ദൈവത്തെ ആവിഷ്ക്കരിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ള ആശയങ്ങളോടുള്ള അവഗണനയാണിതെന്നും വരാം. എന്തെന്നാൽ ദൈവത്തെ ആവിഷ്ക്കരിക്കാൻ ആശയങ്ങൾ ആവശ്യമാണെങ്കിലും ആവിഷ്കൃതയാഥാർത്ഥ്യം ആവിഷ്ക്കരണോപാധിയായ ആശയങ്ങളും ഒന്നല്ല. ഇങ്ങനെ നോക്കുമ്പോൾ ധാർമികമൂല്യങ്ങളെ വിലമതിക്കുകയും മനുഷ്യോന്നതിക്കായി സ്വയം സമർപ്പിക്കുകയും ചെയ്യുന്ന വ്യക്തികളിൽ കാണുന്ന മതാവഗണന യഥാർത്ഥമായ ഈശ്വരാവഗണനയേക്കാൾ തങ്ങൾക്ക് അസ്വീകര്യമായി തോന്നുന്ന ദൈവത്തെപ്പറ്റിയുള്ള ആശയങ്ങളുടേയും അവയിലധിഷ്ഠിതമായ ജീവിതാഭിമുഖ്യത്തിന്റേയും മാത്രം അവഗണനയാണെന്നുകാണാം. അങ്ങനെയെങ്കിൽ മനുഷ്യത്വത്തിന്റെ വിലയേയും ധാർമികമൂല്യങ്ങളേയും കുറിച്ചുള്ള അവബോധത്തിന് ആഴവും വ്യക്തതയും വർദ്ധിക്കുമ്പോൾ ഈശ്വരന്റെ യഥാർത്ഥചിത്രം അവരിൽ തെളിഞ്ഞുവരും എന്നു പ്രതീക്ഷിക്കാൻ ന്യായമുണ്ട്.





നിരീശ്വരത്വത്തിന്റെ അർത്ഥവും രൂപഭേദങ്ങളും മനസ്സിലാക്കാൻ ശ്രമിക്കുകയായിരുന്നു നാം. ഇതുവരെ മിക്കവാറും ആശയാപഗ്രഥനത്തിന്റെ തലത്തിൽ ഒതുങ്ങിനിന്നുകൊണ്ട് നടത്തിയ വ്യവച്ഛേദനങ്ങൾ അതേപടി ജീവിതതലത്തിൽ കണ്ടെന്നുവരില്ല. നിരീശ്വരത്വത്തിന്റെ ശുദ്ധരൂപങ്ങളേക്കാൾ ഭിന്നരൂപങ്ങളുടെ ഒരു കലർപ്പാണ് ജീവിതത്തിൽ കാണാൻ കഴിയുക. എങ്കിലും നിരീശ്വരത്വത്തിന്റെ അടിസ്ഥാനഘടനയെന്തെന്ന് മനസ്സിലാക്കാൻ മേൽചെയ്ത വിചിന്തനങ്ങൾ ഉപകരിക്കും. മതനിഷേധം, ദൃശ്യലോകത്തിന്റെ സത്താപരമായ സ്വയംപര്യാപ്തത, മനുഷ്യാസ്തിത്വത്തിന്റെ മൂല്യപരമായ സ്വായത്തത എന്നീ മൂന്നു ഘടകങ്ങൾ നിരീശ്വരത്വത്തിന്റെ ഘടനയിൽത്തന്നെയുണ്ട്. കാലദേശവ്യക്തിഭേദമനുസരിച്ച് ഇവയ്ക്കുള്ള ആപേക്ഷിക പ്രാധാന്യത്തിന് ഭേദംവരികയോ സ്ഥൂലരൂപങ്ങളിൽ മാറ്റമുണ്ടാവുകയോ ചെയ്യാമെന്നു മാത്രം. ഉദാഹരണത്തിന്, മതനിഷേധം ആക്രമണത്തിന്റെയോ മതാവഗണയുടേയോ രൂപത്തിലാകാം. ലോകത്തിന്റെ സ്വയം പര്യാപ്തയുടെ ന്യായീകരണം ഭൗതികവാദമോ (Materialism) ആശയവാദമോ (idealism)ആകാം. മനുഷ്യാസ്തിത്വത്തിന്റെ മൂല്യപരമായ സ്വായത്തത സുഖവാദത്തിന്റേയോ (creative humanism) സർഗാത്മക ഹ്യൂമനിസത്തിന്റേയോ (hedomism) രൂപത്തിൽ പ്രത്യക്ഷപ്പെടാം. ഇങ്ങനെ ഭിന്നരൂപങ്ങളിലാണെങ്കിലും മേൽപറഞ്ഞ മൂന്നു വശങ്ങളും ഘടനാപരമായി നിരീശ്വരത്വത്തിന്റെ ഭാഗങ്ങളാണ്. അവയുടെ വെളിച്ചത്തിൽ നിരീശ്വരത്വത്തിന്റെ ചരിത്രപരമായ ഗതിവിഗതികളെ പഠിച്ചെങ്കിൽമാത്രമേ അതിന്റെ അന്തരാർത്ഥമെന്തെന്ന് ശരിക്കു മനസ്സിലാക്കാൻ കഴിയൂ. കാരണം, നിരീശ്വരത്വം ഒരു "റെഡിമെയ്ഡ്" വസ്തുവോ സങ്കല്പമോ അല്ല, വികാസ പരിണാമങ്ങൾക്ക് വിധേയമായ ഒരു സജീവചിന്താധാരയാണ്.

### 3. നിരീശ്വരത്വത്തിന്റെ പ്രാചീനരൂപങ്ങൾ

നിരീശ്വരത്വത്തിന്റെ ചരിത്രം ഈശ്വരവിശ്വാസത്തിന്റെ ചരിത്രത്തോട് അഭേദ്യമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഓരോ കാലത്തു നിലവിലിരുന്ന ഈശ്വരസങ്കല്പത്തിന്റേയും മതജീവിതത്തിന്റേയും പശ്ചാത്തലത്തിൽ മാത്രമേ അന്നത്തെ നിരീശ്വരത്വത്തിന്റെ സ്ഥൂലമായ രൂപഭാവങ്ങളെ മനസ്സിലാക്കാൻ കഴിയൂ. മനുഷ്യനിൽ ആദ്യം അവ്യക്തവും അവ്യതിരിക്തവുമായി അങ്കുരിച്ച ഈശ്വരാവബോധത്തിന് വ്യക്തരൂപം സിദ്ധിച്ചത് കാലക്രമേണ മാത്രമാണ്. പ്രപഞ്ചാന്തര്യാമിയെങ്കിലും പ്രപഞ്ചാതീതനാണ് ദൈവം എന്ന സത്യം വ്യക്തമായി കാണാൻ കഴിയാത്തതുമൂലം പ്രാചീനമനുഷ്യൻ പ്രപ

ഞ്ചശക്തികളിലും വസ്തുക്കളിലും ദിവ്യതലം ആരോപിച്ചു. ദൈവാരാധന പ്രപഞ്ചാരാധനയായി തരംതാഴാനും അതുവഴി ഒട്ടേറെ അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും ഈശ്വരവിശ്വാസത്തെ ചുറ്റി മുളച്ചുവളരാനും ഇതുകാരണമായി. ഇങ്ങനെ രൂപമെടുത്ത ബഹുദേവാരാധനയുടെയും പ്രകൃത്യാരാധനയുടെയും തജ്ജന്യമായ വികലാശയങ്ങളുടെയും ആചാരങ്ങളുടെയും പശ്ചാത്തലത്തിലാണ് പ്രാചീന നിരീശ്വരത്വം രൂപമെടുത്തത്. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ അന്നു നിരീശ്വരന്മാരെന്നു മുദ്രയടിക്കപ്പെട്ടിട്ടുള്ളവരെല്ലാം നിഷ്കൃഷ്ടാർഥത്തിൽ നിരീശ്വരന്മാരായിരുന്നു എന്നു പറയുക സാദ്ധ്യമല്ല. ഈശ്വരവിശ്വാസത്തിന്റെ നിലവിലിരുന്ന രൂപത്തെയും അതിനെ ചുറ്റിപ്പറ്റിയുണ്ടായ കെട്ടുകഥകളെയും ആചാരനുഷ്ഠാനങ്ങളെയും തിരസ്ക്കരിക്കുക എന്നത് അന്ന് നിരീശ്വരന്മാരുടെ ഗണത്തിൽ എണ്ണപ്പെടുവാൻ മതിയായ കാരണമായിരുന്നു. യവനദേവവ്യൂഹത്തെയും  അതിനെ സംബന്ധിച്ച കെട്ടുകഥകളെയും വിശ്വസിക്കാൻ വിസമ്മതിച്ചതുമൂലം നിരീശ്വരന്മാരുടെ ഗണത്തിൽ എണ്ണപ്പെട്ടവരാണ് സോക്രട്ടീസിനെപ്പോലുള്ള ചിന്തകർ. അതുപോലെതന്നെ റോമൻ ദേവന്മാരുടെ ദിവ്യത്വം നിഷേധിച്ചതുമൂലം ആദിമക്രൈസ്തവരും നിരീശ്വരന്മാരെന്ന് മുദ്രയടിക്കപ്പെട്ടിട്ടുണ്ട്. കേവലം ആപേക്ഷികമായ ഇത്തരം നിരീശ്വരത്വം യഥാർത്ഥത്തിൽ നിരീശ്വരത്വമല്ല, പ്രത്യുത ഈശ്വരവിശ്വാസത്തിന്റെ തന്നെ ശുദ്ധീകരണപ്രക്രിയയുടെ ഒരു രൂപമത്രേ.

ഇതിൽനിന്നു ഭിന്നമാണ് ഡെമോക്രിറ്റസ് (Democrirus 460- 370 B.C) എപ്പിക്കൂറസ് (Eprcurus, 341 - 270 BC) മുതലായ ചിന്തകരുടെ നിലപാട്. ഭൗതികവാദാധിഷ്ഠിതമായ നവോത്ഥാനപ്രബുദ്ധയുഗനിരീശ്വരത്വത്തിന്റെ ആരംഭമാണ് നാമിവിടെ കാണുന്നത്. ഡെമോക്രിറ്റസിന്റെ അണുസിദ്ധാന്തം (atomism) പ്രപഞ്ചത്തിന് സ്വയം പര്യാപ്തമായ ഒരു വിശദീകരണം നൽകാനുള്ള ഉദ്യമമായിരുന്നു. ഗണിതശാസ്ത്രനിയമങ്ങളനുസരിച്ച് ചലിച്ചുകൊണ്ടിരിക്കുന്ന അനശ്വരവും അവിഭാജ്യവുമായ പദാർത്ഥകണികകൾ കൊണ്ടാണ് പ്രപഞ്ചം നിർമിക്കപ്പെട്ടിരിക്കുന്നതെന്നും വൈവിധ്യമാർന്ന പ്രപഞ്ചവസ്തുക്കളെല്ലാം ഈ കണികകളുടെ ഭിന്നരീതിയിലുള്ള സംയോഗങ്ങളുടെ ഫലമാണെന്നും ഡെമോക്രിറ്റസ് വിശ്വസിച്ചു. മതവിശ്വാസത്തിന്റെ തലത്തിൽ അന്നത്തെ സാധാരണ ജനങ്ങൾ വച്ചുപുലർത്തിയിരുന്ന ആശയങ്ങളെയും ആചാരങ്ങളെയും ഡെമോക്രിറ്റസ് ചോദ്യം ചെയ്തു. എങ്കിലും മതപരമായ പ്രഖ്യാപനങ്ങളും അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ കാണാം. ഡെമോക്രിറ്റസിന്റെ പ്രപഞ്ചവ്യാഖ്യാനത്തിൽ ദൈവത്തിനു സ്ഥാനമില്ലെങ്കിലും





അദ്ദേഹം വ്യക്തിപരമായി ഈശ്വരവിശ്വാസിയായിരുന്നു എന്നു വേണം ഇതിൽ നിന്നനുമാനിക്കാൻ. ഡെമോക്രിറ്റസിന്റെ മാത്രമല്ല താലസ് (Thales) മുതലിങ്ങോട്ടുള്ള പല പ്രാചീന പ്രപഞ്ചവ്യാഖ്യാതാക്കളുടെയും നിലപാടിതായിരുന്നു. ഈശ്വരനിരപേക്ഷമായ താത്വികവീക്ഷണത്തിന്റെയും വ്യക്തിപരമായ ഈശ്വരവിശ്വാസത്തിന്റെയും ഈ സമാന്തരാസ്തിത്വം പലവിധത്തിൽ വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. പ്രസ്തുത ചിന്തകരുടെ ഈശ്വര വിശ്വാസം പാരമ്പര്യത്തിന്റെ അവശിഷ്ടം മാത്രമാണെന്നും അതിനാൽ അതു കാര്യമായി എടുക്കേണ്ടതില്ലെന്നും അഭിപ്രായപ്പെടുന്നവരാണ് ഒരു ഗണം. യവനരുടെ പ്രപഞ്ചശാസ്ത്രം യവന'മിത്തോളജി'യുടെ യുക്തിമൽകരണവും (rationalization) യവനമിത്തോളജിതന്നെ പ്രഥമത: ഒരു പ്രപഞ്ച വ്യാഖ്യാനമാണെന്ന ധാരണയുമാണ് ഈ അഭിപ്രായത്തിനു പിന്നിലുള്ളത്. എന്നാൽ തികച്ചും വിഭിന്നങ്ങളായ മാനുഷികാനുഭവങ്ങളിൽനിന്നും പ്രശ്നങ്ങളിൽനിന്നുമത്രേ ഗ്രീക്കു പ്രപഞ്ചശാസ്ത്രവും മിത്തോളജിയും ആവിർഭവിച്ചത്. ലോകം ദൃശ്യവസ്തുക്കളുടെ ഒരു സമാഹാരമായി നമുക്കു പ്രത്യക്ഷീഭവിക്കുന്നു. മനുഷ്യന്റെ അടിസ്ഥാനപരമായ ഒരനുഭവമാണിത്. ഈ അനുഭവത്തിൽ പ്രപഞ്ചത്തിലെ അസംഖ്യം വസ്തുക്കളിൽ ഒന്നുമാത്രമാണ് മനുഷ്യൻ. ഇങ്ങനെ മനുഷ്യന്റെ അവബോധത്തിനു വിഷയമാകുന്ന ദൃശ്യവസ്തുക്കളുടെ സമാഹാരമായ പ്രപഞ്ചത്തിന്റെ മൂലവസ്തുവും പ്രവർത്തനതത്വവും എന്താണെന്ന പ്രശ്നമാണ് ഗ്രീക്കു പ്രപഞ്ചശാസ്ത്രത്തിന്റെ പിന്നിലുള്ളത്. തികച്ചും വ്യത്യസ്തമായ ഒരനുഭവമാണ് ഗ്രീക്കുമിത്തോളജിയുടെ അടിസ്ഥാനം. മനുഷ്യൻ കേവലം അറിവിന്റെ വിഷയമല്ല. അറിയുന്ന വിഷയം കൂടിയാണ്; അറിവിന്റെ വിഷയമായ വസ്തുക്കളോട് സ്വകീയമായ ഒരു നിലപാട് സ്വീകരിക്കുവാൻ കഴിവുള്ള സ്വതന്ത്രവ്യക്തിയാണ്. മനുഷ്യന്റെ വ്യക്തിപരവും സജീവവുമായ ഈ അസ്തിത്വാവബോധത്തിൽനിന്നാണ് യവനമതത്തിന്റെ ആരംഭം. വേറൊരുവിധത്തിൽപ്പറഞ്ഞാൽ മനുഷ്യൻ കേവലമൊരു വസ്തു (something) വല്ല, വ്യക്തി (some one) ആണെന്നും അതിനാൽ മനുഷ്യാസ്തിത്വത്തിന്റെയും ജീവിതത്തിന്റെയും അന്തിമമായ ആധാരം വസ്തുപരമല്ല വ്യക്തിപരമാണെന്നുമുള്ള അവബോധത്തിന്റെ പ്രാകൃതവും നാടകീയവുമായ ആവിഷ്ക്കരണമാണ് മിത്തോളജി. അതിനാൽ ഗ്രീക്കുപ്രപഞ്ചശാസ്ത്രവും മതവും അനിഷേധ്യങ്ങളായ മാനുഷികാനുഭവങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നത്. പക്ഷേ ദൈവം ഏകനും ചിന്മയനും പ്രപഞ്ചാതീതനുമാണെന്ന് വ്യക്തമായി കാണാൻ കഴിയാത്തതുമൂലം ഈ രണ്ടനുഭവങ്ങളെയും പൊരുത്തപ്പെടുത്താൻ

പ്രാചീന യവനചിന്തകർക്ക് കഴിഞ്ഞില്ലെന്നുമാത്രം.

ഡെമോക്രിറ്റസിന്റെ പാരമ്പര്യംതന്നെയാണ് എപ്പിക്കൂറസും തുടരുന്നത്. എങ്കിലും മനുഷ്യൻ ആരാണ്, മനുഷ്യൻ ജീവിക്കുന്ന ഈ പ്രപഞ്ചം എന്താണ്, എന്നിങ്ങനെയുള്ള താത്വികപ്രശ്നങ്ങളിലല്ല എപ്പിക്കൂറസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. മനുഷ്യജീവിതത്തെ എങ്ങനെ സന്തുഷ്ടവും സംതൃപ്തവുമാക്കാമെന്ന പ്രായോഗിക പ്രശ്നമാണ് അദ്ദേഹത്തിന്റെ ചിന്തയെ ആദ്യന്തം ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അടിസ്ഥാനഘടകം. മാനസികമായ അക്ഷോഭ്യതയിലത്രേ ജീവിതസുഖവും സാഫല്യവും അടങ്ങിയിരിക്കുന്നത്. ഈ അക്ഷോഭ്യതയുടെ മുഖ്യശത്രു ഭയാശങ്കകളാണ്. ഭയാശങ്കകളുടെ അടിസ്ഥാനകാരണം, ലോകം ദേവീദേവന്മാരുടെ വിഹാരരംഗമാണെന്നും മനുഷ്യർ അവരുടെ കയ്യിലെ കളിപ്പാവകളാണെന്നും മറ്റുമുള്ള അന്ധവിശ്വാസമാകുന്നു. ഈ ഭയാശങ്കകളിൽനിന്നു വിമുക്തനാകാതെ മനുഷ്യന് ആന്തരികശാന്തിയും ജീവിത സംതൃപ്തിയും കണ്ടെത്തുക സാധ്യമല്ലെന്ന ബോധ്യം മതത്തോട് നിഷേധാത്മാകമായ നിലപാട് സ്വീകരിക്കുവാൻ എപ്പിക്കൂറസിനെ പ്രേരിപ്പിച്ചു. എങ്കിലും ദേവാസ്തിത്വത്തെ എപ്പിക്കൂറസ് തീർത്തും നിഷേധിക്കുന്നില്ല. ദേവന്മാർക്ക് അസ്തിത്വമുണ്ട്. പക്ഷേ അവർക്ക് മനുഷ്യജീവിതവുമായി ഒരു ബന്ധവുമില്ല. സംസ്കൃത പദാർത്ഥംകൊണ്ട് നിർമിക്കപ്പെട്ട അവർ തങ്ങളുടേതായ ലോകത്ത് സംതൃപ്തരായി കഴിയുകയാണ്. അങ്ങനെ ദേവാസ്തിത്വത്തെ നിഷേധിക്കാതെ, മനുഷ്യജീവിതവുമായി ഒരു ബന്ധവുമില്ലാത്ത ഒരു ദേവലോകത്തെ വിഭാവനം ചെയ്തുകൊണ്ട്, ദേവഭീതിയിൽനിന്നു മനുഷ്യനെ സ്വതന്ത്രനാക്കുവാൻ ശ്രമിക്കുകയാണ് എപ്പിക്കൂറസ്. പ്രപഞ്ചവ്യാഖ്യാനത്തെ സംബന്ധിച്ചിടത്തോളം ഡെമോക്രിറ്റസിന്റെ അണുസിദ്ധാന്തത്തെ ഏതാണ്ട് അതേപടി സ്വീകരിക്കുകയാണ് എപ്പിക്കൂറസ് ചെയ്യുന്നത്. എന്നാൽ പര്യാപ്തമായ ഒരു പ്രപഞ്ചവിശദീകരണം എന്നതിനേക്കാൾ പ്രപഞ്ചപ്രതിഭാസങ്ങൾ അജ്ഞാതശക്തികളുടെ ലീലാവിലാസങ്ങളാണെന്ന ധാരണയിൽ നിന്നുടലെടുക്കുന്ന ഭയാശങ്കകളോട് പടവെട്ടാനുള്ള രു സമരായുധമായിരുന്നു അണുസിദ്ധാന്തം എപ്പിക്കൂറസിന്റെ കൈകളിൽ, ഇങ്ങനെ നോക്കുമ്പോൾ എപ്പിക്കൂറസിന്റെ നിരീശ്വരത്വം നിലവിലുള്ള വികലമായ ഈശ്വരസങ്കല്പത്തിന്റെ അനന്തരഫലങ്ങളോടുള്ള പ്രതിഷേധത്തിന്റെ ആവിഷ്ക്കരണമാണെന്ന് കാണുവാൻ കഴിയും.

ചുരുക്കത്തിൽ, പ്രാചീന നിരീശ്വരത്വത്തിന്റെ അടിസ്ഥാനകാരണം ദൈവത്തിന്റെ ഏകത്വത്തേയും അതീതത്വത്തേയും സംബന്ധിച്ച അജ്ഞതയത്രേ. ദൈവത്തെ പ്രപഞ്ചവസ്തുക്കളുടെ തലത്തിലേക്കിറക്കാനും അദൃശ്യമായ ഒരു പ്രാപഞ്ചികശക്തിയായോ പ്രാപഞ്ചിക വ്യക്തിയായോ ആയി വീക്ഷിക്കാനും മേല്പറഞ്ഞ അജ്ഞത കാരണമായി. അതോടെ ദൈവവും പ്രപഞ്ചവസ്തുക്കളും തമ്മിലോ, ദൈവവും മനുഷ്യനും തമ്മിലോ ഉള്ള ബന്ധത്തെ ശരിക്കു മനസ്സിലാക്കുവാൻ കഴിയാതാകുകയും ചെയ്തു. മതങ്ങളുടെയെല്ലാം കേന്ദ്രത്തിലുള്ള സാധുവായ ഈശ്വരാവബോധത്തിനു ചുറ്റും അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും മുളച്ചുവളരാൻ ഇതു കാരണമായി ഭവിച്ചു. ഈ പശ്ചാത്തലത്തിൽ കൂടുതൽ വ്യക്തവും ശുദ്ധവുമായ ഈശ്വരാവബോധം രൂപമെടുക്കാത്തപക്ഷം – പ്രപഞ്ചാന്തര്യാമിയായ ദൈവത്തിന്റെ ആസ്തിത്വം പ്രപഞ്ചവസ്തുക്കളുടെ അസ്തിത്വത്തെ അതിശയിക്കുന്നു എന്നു കാണാൻ കഴിയാത്ത പക്ഷം – ദൈവാസ്തിത്വത്തിന്റേയോ ദൈവവും ലോകവും തമ്മിലുള്ള ബന്ധത്തിന്റേയോ നിഷേധമായിരിക്കും ഫലം. അഥവാ വ്യക്തമായ ദൈവനിഷേധത്തോളമെത്തിയില്ലെങ്കിൽത്തന്നെ ഈശ്വരജ്ഞാനവും പ്രപഞ്ചജ്ഞാനവും പൊരുത്തപ്പെടാതെ ഒരേ വ്യക്തിയിൽത്തന്നെ തുടരുകയും അങ്ങനെ ചിന്തയിലും ജീവിതത്തിലും പിളർപ്പു സൃഷ്ടിക്കുകയും ചെയ്യും. ഇതാണ് പ്രാചീന നിരീശ്വരത്വത്തിന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്ന പാഠം.

### 4. പ്രബുദ്ധയുഗ നിരീശ്വരത്വം

നിരീശ്വരത്വത്തിന്റെ വികാസപരിണാമത്തിലെ ശ്രദ്ധേയമായ രണ്ടാം ഘട്ടം പ്രബുദ്ധയുഗമാണ് (enlightenment) ഉള്ളടക്കത്തിൽ പ്രാചീന നിരീശ്വരത്വത്തോട് വളരെ സാധർമ്മ്യമുണ്ടെങ്കിലും (രണ്ടും ഭൗതികവാദാഷ്ഠിതമാണ്) പ്രബുദ്ധയുഗനിരീശ്വരത്വത്തിന്റെ ചരിത്രപരമായ പശ്ചാത്തലം പ്രാചീനനിരീശ്വരത്വത്തിന്റേതിൽനിന്നു തികച്ചും വ്യത്യസ്തമത്രേ. പല ദൈവങ്ങളിൽ വിശ്വസിക്കുന്ന പേഗൻ മതങ്ങളായിരുന്നു പ്രാചീന നിരീശ്വരത്വത്തിന്റെ മതപരമായ പശ്ചാത്തലമെങ്കിൽ, ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുന്ന ക്രിസ്തുമതമാണ് പ്രബുദ്ധയുഗനിരീശ്വരത്വത്തിന്റേത്. മാത്രമല്ല ആധുനികശാസ്ത്രത്തിന്റെ വളർച്ചയുടെ ഫലമായി പ്രപഞ്ചത്തിനും പ്രപഞ്ചപ്രതിഭാസങ്ങൾക്കും പ്രാചീനമനുഷ്യൻ കല്പിച്ചിരുന്ന ദിവ്യതയുടെ പരിവേഷം മാഞ്ഞുമറഞ്ഞുകൊണ്ടുമിരുന്നു. ഭൗതികീകരണം (secularization) എന്നപേരിൽ അറിയപ്പെടുന്ന ഈ പ്രക്രിയ ക്രൈസ്തവ വിശ്വാസത്തിൽതന്നെ അന്തർലീനമായിരുന്ന ഒരു സാധ്യതയത്രേ. ദൈവത്തിന്റെ അതീതത്വത്തെക്കുറിച്ചുള്ള അവബോധത്തിന്റെ അവശ്യഫലമാണ് ലോകത്തിന്റെ ലൗകികത്വത്തെക്കുറിച്ചുള്ള അവബോധം. എങ്കിലും മതത്തിനും ശാസ്ത്രത്തിനും

അതിന്റേതായ മണ്ഡലങ്ങളുണ്ടെന്നും അവ കൈകാര്യം ചെയ്യുന്ന പ്രശ്നങ്ങളും വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങളും വിഭിന്നങ്ങളാണെന്നും വ്യക്തമായത് ക്രമേണ മാത്രമാണ്. തൽഫലമായി മതവും ശാസ്ത്രവും തമ്മിലും സഭയും ലോകവും തമ്മിലുള്ള സംഘട്ടനത്തിന്റേതായ ഒരു കാലഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ ചരിത്ര പശ്ചാത്തലത്തിലാണ് പ്രബുദ്ധയുഗ നിരീശ്വരത്വം രൂപം കൊണ്ടത്.

ദാർശനികമായി നോക്കുമ്പോൾ ഡെക്കാർട്ടിന്റെ Descartes ദേഹാത്മദ്വൈതവാദ (body - soul dualism) ത്തിന്റെയും ജോൺ ലോക്കിന്റെ (John Locke) ഐന്ദ്രിയാനുഭവവാദത്തിന്റെയും (Senseperceptionism) സമ്മേളനഫലമാണ് പ്രബുദ്ധയുഗ നിരീശ്വരത്വം. വ്യക്തവും വ്യതിരിക്തവുമായ ആശയങ്ങൾ സത്യത്തിന്റെ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ഡെക്കാർട്ട് പദാർത്ഥത്തേയും (matter) ചൈതന്യത്തേയും (spirit) പാടേ വേർതിരിച്ചു. ചൈതന്യമെന്നാൽ കേവലമായ ചിന്തയാണ് (res cogitans) പദാർത്ഥമെന്നാൽ കേവലമായ വ്യാപ്തിയും (res extensa); വസ്തുക്കളുടെ പ്രവർത്തനങ്ങളും ഗുണഭേദങ്ങളും പദാർത്ഥ ചലനത്തിന്റെ ഫലമാണ്. അങ്ങനെ മനുഷ്യനിലെ ചിന്താംശത്തെ മാറ്റിനിറുത്തിയാൽ എല്ലാം യാന്ത്രികമത്രേ. പ്രകൃതി ബൃഹത്തായ ഒരു യന്ത്രമാണ്. അതിലെ വസ്തുക്കളെല്ലാം ചെറിയ ചെറിയ യന്ത്രങ്ങളും. ഇതാണ് ചുരുക്കിപ്പറഞ്ഞാൽ ഡെക്കാർട്ടിന്റെ പ്രകൃതിശാസ്ത്രം. ഇതിനു സമാന്തരമായിപ്പോകുന്ന തത്വമീമാംസ (metaphysics) വഴി ഡെക്കാർട്ട് ദൈവത്തിലേയ്ക്ക് കടക്കുകയും പ്രപഞ്ചാസ്തിത്വത്തിനും ചലനത്തിനും ആധാരമായി ദൈവത്തെ പ്രതിഷ്ഠിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ദുർബ്ബലമായ ആ ആദ്ധ്യാത്മിക സൗധം തകർന്നു വീഴാൻ അധികനാൾ വേണ്ടിവന്നില്ല. ഡെക്കാർട്ടിന്റെ അനുയായികളിൽ ചിലർ അദ്ദേഹത്തിന്റെ തത്വമീമാംസയെ തിരസ്കരിച്ച് പ്രപഞ്ചത്തിന്റെ യാന്ത്രിക വ്യാഖ്യാനത്തെ ഒരു സമഗ്രദർശനമായി വളർത്തിയെടുക്കാൻ ശ്രമിച്ചു. ഇങ്ങനെ രൂപമെടുത്ത പ്രബുദ്ധയുഗ നിരീശ്വരത്വത്തിന്റെ വികസിത രൂപം ല മെത്രീ (La mettrie) ബാരൺ ദ് ഹോൾബാക്ക് (Barond' Holbach) എന്നീ പ്രബുദ്ധയുഗ ഫ്രഞ്ചു ചിന്തകരിൽ കാണാം. ഡെക്കാർട്ടിന്റെ ഭൗതികശാസ്ത്രത്തെ അതിന്റെ വൈജ്ഞാനികാധാരത്തിൽനിന്ന് വേർപെടുത്തി ബ്രിട്ടീഷ് അനുഭവവാദത്തിന്റെ - പ്രത്യേകിച്ച് ലോക്കിന്റെ ഐന്ദ്രിയാനുഭവവാദത്തിന്റെ - അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുകയാണ് പ്രസ്തുത ചിന്തകർ ചെയ്യുന്നത്. ഇങ്ങനെ രൂപമെടുത്ത പ്രബുദ്ധയുഗഭൗതികവാദത്തിന്റെ അടിസ്ഥാനതത്വങ്ങളെ താഴെ കാണുംവിധം സംഗ്രഹിക്കാം.





പ്രപഞ്ചത്തിന്റെ അടിസ്ഥാനതത്വവും അസ്തിത്വകാരണവും പദാർത്ഥ (matter)മാണ്. പദാർത്ഥം നിത്യമാണ്; ചലനം പദാർത്ഥത്തിന്റെ അവശ്യഗുണവും. അസ്തിത്വമുള്ളതെല്ലാം ഈ പദാർത്ഥത്തിന്റെ ഭിന്നരൂപങ്ങളിലുള്ള പ്രത്യക്ഷീഭാവങ്ങളാണ്. ചലനമാണ് പ്രപഞ്ചത്തിൽക്കാണുന്ന രൂപഭേദങ്ങൾക്കെല്ലാം നിദാനം.

മറ്റേതൊരു വസ്തുവിനെയുംപോലെ മനുഷ്യനും തീർത്തും ഭൗതികനാണ്. കേവലം പ്രകൃതിയുടെ ഭാഗവും പ്രകൃതിയുടെ സൃഷ്ടിയുമാണ്. "മനുഷ്യയന്ത്രം" എന്ന ഗ്രന്ഥത്തിൽ ലമെത്രി പറയുന്നു: "മനുഷ്യൻ ഒരു യന്ത്രമാണെന്നും പലവിധത്തിൽ രൂപഭേദം വന്ന ഒരു വസ്തുമാത്രമാണ് ഈ പ്രപഞ്ചത്തിലുള്ളതെന്നും നമുക്കു ധീരമായി അനുമാനിക്കാം." ആകയാൽ മനുഷ്യന് മറ്റു വസ്തുക്കളെയപേക്ഷിച്ച് എന്തെങ്കിലും അതുല്യത കല്പിക്കുന്നതിൽ അർത്ഥമില്ല. ഹോൾബാക്കിന്റെ അഭിപ്രായത്തിൽ "പ്രകൃതിയിൽ മനുഷ്യനു സവിശേഷമായ സ്ഥാനമുണ്ടെന്നു വിശ്വസിക്കുവാൻ ഒരു ന്യായവുമില്ല. പ്രകൃതിയിലെ മറ്റു വസ്തുക്കൾ എന്തെന്തു മാറ്റങ്ങൾക്കു വിധേയമാണോ അതേ മാറ്റങ്ങൾക്കധീനനാണ് മനുഷ്യനും. അവനിലാരോപിക്കപ്പെടുന്ന അനന്യ സവിശേഷതകളെല്ലാം തെറ്റിദ്ധാരണയുടെ ഫലമത്രേ." തത്വചിന്തകർക്ക് അങ്ങേയറ്റം തലവേദനയുണ്ടാക്കിയിട്ടുള്ള മനുഷ്യജ്ഞാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റേയും പ്രശ്നങ്ങൾ അവിശ്വസനീയമായ ലാഘവബുദ്ധിയോടെയാണ് പ്രബുദ്ധയുഗ ഭൗതികവാദികൾ കൈകാര്യം ചെയ്യുന്നത്. അറിവിന്റെ അടിസ്ഥാനരൂപം ഇന്ദ്രിയ സംവേദനമാണ്. ഇന്ദ്രിയാവബോധം ബാഹ്യവസ്തുക്കൾ ഇന്ദ്രിയങ്ങളിലേല്പിക്കുന്ന ആഘാതമത്രേ. ഈ ആഘാതഫലമായുണ്ടാകുന്ന വസ്തുപ്രതിബിംബങ്ങളുടെ സംയോഗവിയോഗമാണ് ചിന്ത. അതിനാൽ "ഇന്ദ്രിയാനുഭവമാണ് നമ്മുടെ ചിന്തകളുടെയും പ്രവർത്തനങ്ങളുടെയും വികാരങ്ങളുടെയും സാമൂഹ്യബന്ധങ്ങളുടെയും ഏകകാരണം." സുഖാനുഭൂതിയും വേദനയുമാണ് മനുഷ്യജീവിതത്തെ നയിക്കുന്ന അടിസ്ഥാനശക്തികൾ; തെറ്റും ശരിയും നന്മയും തിന്മയും തിരിച്ചറിയാനുള്ള ഏക മാനദമണ്ഡവും അവതന്നെ.

ഇപ്രകാരമുള്ള ഒരു മനുഷ്യദർശത്തിൽ സ്വാതന്ത്ര്യത്തിനു സ്ഥാനമില്ലെന്നു വ്യക്തമാണല്ലോ. എല്ലാം യാന്ത്രികമായി നടക്കുന്നു. മനുഷ്യന്റെ ചിത്തവൃത്തികളടക്കം എല്ലാ ചെയ്തികളും അവശ്യഭവ്യങ്ങളാണ്. ഹോൾബാക്ക് പറയുന്നു: "വൃക്ഷം അതുൾപ്പെട്ട ജാതിയിലും വർഗ്ഗത്തിലും പെട്ട ഫലങ്ങൾ പുറപ്പെടുവിക്കുന്നതെങ്ങനെയോ അങ്ങനെതന്നെ മനുഷ്യനും അവനിലുള്ള പ്രത്യേക

ഊർജ്ജത്തിന്റെ ശക്തിയാൽ പ്രവർത്തിക്കുന്നു. ഫലങ്ങൾ പുറപ്പെടുവിക്കുന്നു... രണ്ടും ഒരുപോലെ അവശ്യ"ഭവ്യമാണ്... മനുഷ്യൻ തനിക്കുതന്നെ കല്പിക്കുന്ന ശ്രേഷ്ഠതയ്ക്ക് നിദാനം സ്വാർത്ഥതാല്പര്യവും തന്നോടുതന്നെയുള്ള സവിശേഷസ്നേഹവും മാത്രമാണ്.

ധാർമ്മിക ജീവിതമണ്ഡലത്തെ സംബന്ധിച്ചിടത്തോളം പരസ്പരഭിന്നമായ നിലപാടാണ് പ്രബുദ്ധയുഗ നിരീശ്വരർക്കുണ്ടായിരുന്നത്. ലമെത്രീ, ഹെൽവേസിയൂസ് തുടങ്ങിയ ചിന്തകർ എപ്പിക്കൂറിയൻ സുഖവാദത്തെ പുനഃസ്ഥാപിക്കുവാൻ ശ്രമിച്ചപ്പോൾ നിരീശ്വരത്വം ധാർമ്മികോൽക്കർഷത്തിന് വിഘാതമല്ലെന്ന് തെളിയിക്കുവാൻ യത്നിക്കുകയായിരുന്നു ഹോൾബാക്ക്. പ്രകൃതിയെയും പ്രകൃതി നിയമങ്ങളെയും തന്നെത്തന്നെയും ശരിക്കു മനസ്സിലാക്കി പ്രസ്തുത നിയമങ്ങൾക്കനുസരിച്ച് യുക്തിയുക്തം പ്രവർത്തിക്കുന്നവനാണ് ഹോൾബാക്കിന്റെ നിരീശ്വരൻ. സുഖേച്ഛകൊണ്ടും സ്വാർത്ഥതാല്പര്യം കൊണ്ടും നിരീശ്വരത്വത്തെ സ്വാഗതം ചെയ്യുന്നവരുണ്ടാകാം. പക്ഷേ നിരീശ്വരത്വം മനുഷ്യനെ സ്വാർത്ഥിയാക്കുമെന്ന് ഇതിൽനിന്ന് സിദ്ധിക്കുന്നില്ല – ഇങ്ങനെ പോകുന്നു ഹോൾബാക്കിന്റെ ന്യായീകരണം. മതത്തിന്റെയും ധാർമ്മികതയുടെയും മണ്ഡലങ്ങൾ ഒന്നല്ലെന്ന ഹോൾബാക്കിന്റെ വീക്ഷണത്തെ ഇന്ന് അധികമാരും ചോദ്യം ചെയ്യുമെന്നു തോന്നുന്നില്ല. പക്ഷേ മനുഷ്യാതീത തലങ്ങളിലേയ്ക്ക് കടക്കാതെ ധാർമ്മികതയ്ക്ക് അന്തിമമായ ഒരു ന്യായീകരണം കണ്ടെത്താൻ കഴിയുമോ എന്ന പ്രശ്നം അന്നത്തെപ്പോലെ ഇന്നും പ്രസക്തമാണ്. അതുപോലെതന്നെ പ്രബുദ്ധയുഗ നിരീശ്വരരുടെ വീക്ഷണത്തിൽ എവിടെയും അവശ്യഭവ്യതയുടെ ഭരണമാണ്. സ്വാതന്ത്ര്യം അവിടെ മിഥ്യയാണ്. പക്ഷേ മനുഷ്യൻ സ്വതന്ത്രനല്ലെങ്കിൽ ധാർമ്മികജീവിതത്തിന്റെ അടിസ്ഥാനമെന്താണ്? മനുഷ്യസ്വാതന്ത്ര്യത്തെ നിഷേധിക്കുന്നവരിൽത്തന്നെ വളരെ ഉന്നതമായ ധാർമ്മികജീവിതം നയിക്കുന്നവരെ കണ്ടെന്നുവരാം. സ്നേഹമെന്നതു ശരീരത്തിലുണ്ടാകുന്ന ഒരു രാസപരിണാമം മാത്രമാണെന്നു വിശ്വസിക്കുന്ന വ്യക്തി തന്റെ ഭാര്യയെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നില്ലെന്ന് അനുമാനിക്കുന്നതു ശരിയല്ലല്ലോ. പക്ഷേ, ഭാഗ്യവശാൽ ഇവിടെ തത്വം ജീവിതത്തിൽ നിഷേധിക്കപ്പെടുകയാണെന്നുമാത്രം.

മതവിമർശനത്തിന്റെ കാര്യത്തിൽ പ്രബുദ്ധയുഗ നിരീശ്വരത്വത്തിന് ആധുനിക നിരീശ്വരത്വത്തോട് വളരെ സാമ്യമുണ്ട്. അജ്ഞതയും ദൗർബല്യബോധവും ഭീതിയും ആശങ്കയുമാണ് ഈശ്വരവിശ്വാസത്തിന്റെ ഉറവിടം; അഥവാ, പ്രപഞ്ചപ്രതിഭാസങ്ങളുടെ





യഥാർത്ഥകാരണം കണ്ടെത്താൻ കഴിയാത്ത മനുഷ്യൻ അവയെ വിശദീകരിക്കാനായി കെട്ടിച്ചമച്ച കാരണമാണ് ഈശ്വരനെന്ന സങ്കല്പം. ജീവിതത്തിലെ അപരിഹാര്യമായ ദുഃഖ ദുരിതങ്ങളും അതിൽനിന്നുടലെടുക്കുന്ന ആശങ്കയും ഈ സങ്കല്പത്തിന്റെ വളർച്ചയിലും നിലനില്പിലും അനല്പമായ പങ്കുവഹിക്കുന്ന ഘടകങ്ങളാണ്. അജ്ഞനും നിസ്സഹായനുമായ മനുഷ്യൻ സ്വയം സൃഷ്ടിച്ച സാങ്കല്പിക സങ്കേതം – അതാണ് ഒറ്റവാക്കിൽ പറഞ്ഞാൽ ദൈവം. ദൈവം തന്റെ ഛായയിൽ മനുഷ്യനെ സൃഷ്ടിക്കുകയല്ല, മനുഷ്യൻ തന്റെ ഛായയിൽ ദൈവത്തെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത് എന്ന ഫൊയർബാങ്കിന്റെ വീക്ഷണം തന്നെയാണ് അവ്യക്തരൂപത്തിൽ നാമിവിടെ കാണുന്നത്. ഫൊയർബാങ്കിന്റെ ചിന്തയിലെന്നതുപോലെ ഹോൾബാക്കിന്റെ ചിന്തയിലും മാനസികമായ ഒരു ബഹിർവേശനത്തിന്റെ (psychological projection) ഫലമാണ് ദൈവം. ഇരുവരുടെയും മാനവദർശനം അടിസ്ഥാനപരമായി വിഭിന്നമാകയാൽ ഈ ബഹിർവേശത്തിന്റെ സ്വഭാവവും കാരണങ്ങളും വിഭിന്നങ്ങളാണെന്നു മാത്രം.

പ്രബുദ്ധയുഗ നിരീശ്വരത്വത്തിനു പിന്നിലുള്ള ദൈവശാസ്ത്രപരമായ പ്രശ്നം ദൈവവും ലോകവും തമ്മിലുള്ള ബന്ധത്തെ ശരിക്കു മനസ്സിലാക്കുന്നതിലുള്ള വൈഷമ്യമാണ്. പ്രാതിഭാസികതലത്തിലെ കാര്യകാരണശൃംഖലയിലെ ഒരു കണ്ണിയല്ല പ്രത്യുത, ഈ ശൃംഖലയുടെ പ്രതിഭാസാതീതമായ ആധാരമാണ് ദൈവം എന്ന വസ്തുത വിസ്മരിക്കപ്പെട്ടാൽ ലോകത്തിനു ദൈവത്തോടുള്ള ബന്ധത്തിന്റെ തികച്ചും വികലമായ ഒരു ചിത്രമായിരിക്കും ഉടലെടുക്കുക. ദൈവത്തെ പ്രാപഞ്ചികയാഥാർത്ഥ്യങ്ങളുടെ തലത്തിലേയ്ക്ക് കൊണ്ടുവരുന്നതോടെ ദൃശ്യലോകത്തിന്റെ ആപേക്ഷിക സ്വായത്തത (relative autonomy) പോലും ( ഈ സ്വായത്തതയുടെ അംഗീകാരം ക്രൈസ്തവ വിശ്വാസത്തിന്റെ ആവശ്യവശമാണ്) ചോദ്യം ചെയ്യപ്പെടുകയാണ്. ഈ നിലപാടിനോടുള്ള പ്രതികരണമാണ് ദൃശ്യലോകം സർവസ്വതന്ത്രമാണ് (absolute autonomy) എന്ന നിരീശ്വരവീക്ഷണം. ഭൗതികവാദത്തിലൂടെ ഈ സ്വയംപര്യാപ്തയെ വിശദീകരിക്കുവാൻ പരിശ്രമിക്കുകയാണ് പ്രബുദ്ധയുഗനിരീശ്വരചിന്തകർ. പക്ഷേ ഈ വിശദീകരണത്തിൽ മനുഷ്യാസ്തിത്വം വസ്തുക്കളുടെ തലത്തിലേയ്ക്ക് തരംതാഴ്ത്തപ്പെടുകയും സ്വാതന്ത്ര്യം അപ്പാടെ നിഷേധിക്കപ്പെടുകയും ചെയ്തു. ഇങ്ങനെ ഭൗതികവാദത്തിൽ നഷ്ടപ്പെട്ട മനുഷ്യത്യവും സ്വാതന്ത്ര്യവും വീണ്ടെടുക്കുവാനുള്ള തീവ്രശ്രമം ആധുനികനിരീശ്വരത്വത്തിൽ ഉടനീളം കാണാം.

## 5. ശാസ്ത്രവും നിരീശ്വരത്വവും

നിരീശ്വരത്വത്തിന്റെ സമകാലീന രൂപങ്ങളിൽ പ്രബുദ്ധയുഗ നിരീശ്വരത്വത്തോട് ഏറ്റവും അടുത്തു നിൽക്കുന്നത് ശാസ്ത്രാധിഷ്ഠിത നിരീശ്വരത്വമാണ്. നിശ്ചിത പരിധിക്കുള്ളിൽനിന്നുകൊണ്ടു പ്രവർത്തിക്കുന്ന ശാസ്ത്രം യാഥാർത്ഥ്യത്തെ സംബന്ധിച്ച സമഗ്രമായ അറിവ് അവകാശപ്പെടുകയോ ലക്ഷ്യമാക്കുകയോ ചെയ്യുന്നില്ല. അതിന്റേതായ പരിമിതമണ്ഡലത്തിൽ ശാസ്ത്രം സ്വയം പര്യാപ്തമാണ്. ശാസ്ത്രപുരോഗതി തത്വത്തിൽ അപരിമിതമാണെങ്കിലും ശാസ്ത്രജ്ഞാനത്തിന്റെ മണ്ഡലം പരിമിതമാണ്. ഈ പരിമിതി ശാസ്ത്രീയാന്വേഷണ രീതിയിൽതന്നെ അന്തർലീനവുമാണ്. നമുക്ക് പ്രത്യക്ഷീഭവിക്കുന്ന വസ്തുക്കളെ പ്രതിഭാസങ്ങളെന്ന നിലയിൽ പഠിക്കുകയും അവയുടെ ഘടന, പരസ്പരബന്ധം, പ്രവർത്തനമിയമങ്ങൾ എന്നിവയെ അനാവരണം ചെയ്യുകയുമാണ് ശാസ്ത്രം. പ്രതിഭാസങ്ങളെത്തന്നെ ഒരു പ്രത്യേക കാഴ്ചപ്പാടിലൂടെ മാത്രം വീക്ഷിക്കുന്ന ശാസ്ത്രത്തിന് അവയുടെ അന്തസ്സാരത്തേയോ സത്താപരമായ പദവി (ontological status) യേയോ സംബന്ധിച്ച പ്രശ്നങ്ങളിൽ താല്പര്യമില്ല. ശാസ്ത്രീയാന്വേഷണരീതിയുപയോഗിച്ച് നിർണ്ണയിക്കാവുന്ന പ്രശ്നങ്ങളുമല്ല അവ. ഒരു പ്രതിഭാസ (phenomenon) മല്ലാത്തതിനാൽ ദൈവം ശാസ്ത്രീയാന്വേഷണത്തിനു നേരിട്ടു വിഷയമാവുക സാദ്ധ്യമല്ലെന്നു വ്യക്തമാണല്ലോ. പ്രതിഭാസങ്ങളുടെ സത്താപരമായ അവസ്ഥയിലെത്തുന്ന പ്രശ്നം ശാസ്ത്രീയാന്വേഷണത്തിന്റെ പരിധിക്കപ്പുറമാകയാൽ ശാസ്ത്രത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രം പ്രാതിഭാസിക തലത്തെ അതിശയിക്കുന്ന ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് തീർപ്പുകല്പിക്കുക സാദ്ധ്യമല്ല. അതിനാൽ ശാസ്ത്രജ്ഞൻ ശാസ്ത്രജ്ഞനെന്ന നിലയിൽ ആസ്തികനോ നാസ്തികനോ അല്ല. ദൈവാസ്തിത്വത്തെക്കുറിച്ചു വിധി പ്രസ്താവിക്കുന്ന ശാസ്ത്രജ്ഞൻ ശാസ്ത്രമണ്ഡലത്തിനു പുറത്തുനിന്നുകൊണ്ടാണ് അപ്രകാരം ചെയ്യുന്നത്. അതിനാൽ ശാസ്ത്രീയാന്വേഷത്തിന്റെ പരിധിയേയും പരിമിതിയേയും ശാസ്ത്രജ്ഞാനത്തിന്റെ ആന്തരിക സ്വഭാവത്തെയുംപറ്റി ഉൾക്കാഴ്ചയില്ലാത്തവർക്കുമാത്രമേ ശാസ്ത്രത്തിന്റെ പേരിൽ മാത്രം ദൈവാസ്തിത്വത്തെ നിഷേധിക്കാനാവൂ.

എങ്കിലും ശാസ്ത്രം അതിന്റേതായ പരിമിതമണ്ഡലത്തിൽ അടിക്കടി വിജയിക്കുകയും അത്ഭുതാവഹമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തതോടെ ശാസ്ത്രജ്ഞാനം സമഗ്രവും സർവ്വസ്പർശിയുമാണെന്നും ശാസ്ത്രീയ സമീപനം മാത്രമാണ് സത്യത്തെ പ്രാപിക്കാനുള്ള ഏകമാർഗമെന്നും ചിലർ ചിന്തിക്കുവാൻ തുടങ്ങി. നിലവിലിരുന്ന പല അന്ധവിശ്വാസങ്ങളെയും ദൂരീകരിക്കുവാൻ ശാസ്ത്രജ്ഞാനം ഉപകരിച്ചുവെന്നത് ഈ ധാരണയെ കൂടുതൽ രൂഢമൂലമാക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ രൂപമെടുത്ത ശാസ്ത്രത്തിന്റേയും തത്വചിന്തയുടെയും ഒരു വിചിത്ര സമ്മിശ്രമാണ് പോസിറ്റിവിസം. തത്വചിന്തയെ ശാസ്ത്രീയമാക്കാനാണ് പോസിറ്റിവിസം ശ്രമിക്കുന്നത്. പക്ഷേ ശാസ്ത്രത്തോടോ തത്വചിന്തയോടോ അതു നീതി കാണിക്കുന്നില്ല. കാരണം പോസിറ്റിവിസത്തിന്റെ ആശ്ലേഷത്തിൽ ശാസ്ത്രത്തിന് അതിന്റെ വ്യക്തിത്വം നഷ്ടപ്പെട്ടു. അതുപോലെ തത്വചിന്തയ്ക്കും. അതിനാൽ പോസിറ്റിവിസ്റ്റുനിരീശ്വരത്തിന് ശാസ്ത്രത്തിന്റെ ആധികാരികത്വം അവകാശപ്പെടുക സാദ്ധ്യമല്ല. മാത്രമല്ല, ശാസ്ത്രത്തെയും തത്വചിന്തയെയും കൂട്ടിക്കുഴയ്ക്കുന്നതിനെ എതിർക്കുന്നവരാണ് ഇന്ന് ബഹുഭൂരിപക്ഷം തത്വചിന്തകരും. അതുപോലെ പ്രത്യയശാസ്ത്രത്തിൽനിന്നുള്ള സ്വാതന്ത്ര്യം ശാസ്ത്രത്തിന്റെ സുഗമമായ വളർച്ചയ്ക്ക് അവശ്യാവശ്യമാണെന്ന അഭിപ്രായക്കാരാണ് ആധുനിക ശാസ്ത്രജ്ഞന്മാരും.

ശാസ്ത്രത്തെ അതിന്റെ പ്രത്യയശാസ്ത്രപരമായ വ്യാഖ്യാനങ്ങളിൽനിന്നു വേർപെടുത്തി വീക്ഷിക്കുമ്പോൾ മാത്രമേ ദൈവവിശ്വാസത്തെ അത് എങ്ങിനെ ബാധിക്കുന്നുവെന്ന് ശരിക്കു മനസ്സിലാക്കുവാൻ കഴിയൂ. ഒരു വശത്തുനിന്നു നോക്കുമ്പോൾ ആധുനികശാസ്ത്രപുരോഗതി ദൈവവിശ്വാസത്തിന്റെ വളർച്ചയെ വളരെയേറെ സഹായിച്ചിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. പ്രതിഭാസങ്ങളുടെ ശാസ്ത്രീയ വിശദീകരണവും അതുവഴി ലോകത്തിനുണ്ടായ ഭൗതികീകരണവും (secularization) വിശ്വാസികളെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ സർവ്വാതീതത്വത്തെക്കുറിച്ചുള്ള അവബോധത്തിന്റെ വളർച്ചയെ സഹായിച്ചു. തങ്ങൾ വിശ്വസിക്കുന്ന ദൈവത്തെ ഏതെങ്കിലുമൊരു പ്രപഞ്ചശക്തിയുമായി കൂട്ടിക്കുഴയ്ക്കാനും മതജീവിതത്തെ 'മാജിക്കി'ന്റെ തലത്തിലേയ്ക്ക് തരംതാഴ്ത്താനുമുള്ള പ്രലോഭനത്തിനു അടിപ്പെടാതിരിക്കാൻ സാങ്കേതികവിദ്യ സഹായകമായി. ഇങ്ങനെ ദൈവത്തെപ്പറ്റിയുള്ള വികലസങ്കല്പങ്ങൾ തകരാനിടയായത് യഥാർത്ഥ ദൈവത്തെ സംബന്ധിച്ച് കൂടുതൽ ശുദ്ധമായ അവബോധം വളർത്തിയെടുക്കുന്നതിന് വിശ്വാസികളെ സഹായിച്ചു. എങ്കിലും ശാസ്ത്രവും സാങ്കേതികവിദ്യയും വഴി മനുഷ്യനിലുണ്ടായിട്ടുള്ള മാറ്റങ്ങൾ ദൈവവിശ്വാസത്തെ പ്രതികൂലമായും ബാധിച്ചിട്ടുണ്ട്. മനുഷ്യന്റെ ചിന്തയുടെയും ജീവിതത്തിന്റെയും ചക്രവാളം ചില നിശ്ചിതപരിധിക്കുള്ളിൽ കുടുക്കിയിടാൻ ശാസ്ത്രത്തെ സംബന്ധിച്ച അന്ധവിശ്വാസങ്ങൾ കാര

ണമായി. ജീവിതത്തിന്റെ മൗലികമായ അർത്ഥലക്ഷ്യങ്ങളെ സംബന്ധിച്ച പ്രശ്നങ്ങൾ, അവ ശാസ്ത്രീയമല്ലെന്ന ന്യായംപറഞ്ഞ് അവഗണിക്കുന്നവർ ഇന്നു വിരളമല്ല. ദൈവാസ്തിത്വത്തെ സംബന്ധിച്ച പ്രശ്നം യഥാർത്ഥ പ്രശ്നമല്ല. പ്രത്യുത ഒരു പ്രശ്നാഭാസമാണ് എന്ന നവപ്രത്യക്ഷവാദ (നിയോപോസിറ്റിവിസ്റ്റ്) വീക്ഷണം ഇതിനു തെളിവാണ്. കൂടാതെ സാങ്കേതിക വിദ്യയുടെ വിജയം മനുഷ്യനു നൽകിയ ആത്മധൈര്യം, മനുഷ്യൻ സർവ്വശക്തനും സർവ്വഥാ സ്വാതന്ത്രനുമാണെന്ന ധാരണയ്ക്ക് ജന്മം നൽകി. ഈ അവബോധത്തിന്റെ ആഖ്യാനവും വ്യാഖ്യാനവുമാണ് ഒറ്റവാക്കിൽ പറഞ്ഞാൽ ആധുനിക നിരീശ്വരത്വം.

### 6. ആധുനിക നിരീശ്വരത്വം

പശ്ചാത്തലം: പത്തൊൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി നിരീശ്വരത്വത്തിന്റെ വികാസ പരിണാമത്തിൽ നിർണ്ണായകമായ ചില മാറ്റങ്ങൾ സംഭവിച്ചു. ഭൗതികവാദാധിഷ്ഠിതമായ പ്രാചീന പ്രബുദ്ധയുഗ നിരീശ്വരത്വം മനുഷ്യസ്വാതന്ത്ര്യത്തിന്റെ നിഷേധത്തിലാണല്ലോ പര്യവസാനിച്ചത്. എന്നാൽ മനുഷ്യസ്വാതന്ത്ര്യത്തിന്റെ സംരക്ഷണമാണ് ആധുനിക നിരീശ്വരത്വത്തിന്റെ പ്രഖ്യാപിതലക്ഷ്യം. ആശയവാദവുമായുള്ള വിശിഷ്യ, ഹേഗലിന്റെ സിദ്ധാന്തവുമായുള്ള സമ്പർക്കമാണ് നിരീശ്വരചിന്തയിലുണ്ടായ ഈ മാറ്റത്തിന് പ്രധാന കാരണം. ഹൈഗൽസിദ്ധാന്തത്തിൽ യാഥാർത്ഥ്യം ആശയരൂപിയായ ചൈതന്യമാണ്. ഈ ആശയം സ്വയം വിഷയീകരിച്ച് (objectivze) ആത്മാവബോധവും ആത്മസാക്ഷാത്കാരവും പ്രാപിക്കുന്നു. ഇങ്ങനെ വിഷയാകൃതമായ ആശയം അഥവാ ചൈതന്യ മത്രേ ലോകം. പ്രപഞ്ചം മുഴുവൻ ദൈവത്തിന്റെ ആത്മാവിഷ്കരണവും പ്രപഞ്ചചരിത്രം ദൈവത്തിന്റെ ആത്മസാക്ഷാത്കരണത്തിന്റെ ചരിത്രവുമാണ്. അപരിമിതമായ മൗലികാശയവും (ഈ ആശയമാണ് ഹെഗലിയനിസത്തിൽ ദൈവം) അതിന്റെ വിഷയീകരണവും പരിമിതാവിഷ്കരണവുമായ ദൃശ്യപ്രപഞ്ചവും തമ്മിലുള്ള ദ്വന്ദ്വാത്മകബന്ധമാണ് (dialectical relation) ചരിത്രത്തിന്റെ അടിസ്ഥാനപരമായ ചാലകശക്തി. ദ്വന്ദ്വാത്മകമായ ഈ പരിണാമ പ്രക്രിയ മനുഷ്യനിലെത്തുന്നതോടെ ആശയം ആത്മാവബോധം പ്രാപിക്കുന്നു. ഹേഗലിന്റെ വീക്ഷണത്തിൽ മനുഷ്യനിലും മനുഷ്യനിലൂടെയും മാത്രമാണ് ദൈവം തന്നെത്തന്നെ അറിയുന്നത്. കുറേക്കൂടി വ്യക്തമായി പറഞ്ഞാൽ മനുഷ്യന്റെ ആത്മാവബോധവും ദൈവത്തിന്റെ ആത്മാവബോധവും ഒന്നാണ്. ഹേഗൽ പറയുന്നു "മനുഷ്യൻ ദൈവത്തെ അറിയുന്നുവെന്നത്, സാരാംശിക ഐക്യം ഹേതുവായി, ദൈവത്തേയും മനുഷ്യനേയും സംബന്ധിക്കുന്ന ഒരു





വസ്തുതയാണ്. അതായത്, മനുഷ്യനിൽ ദൈവം തന്നെത്തന്നെ അറിയുന്നതുകൊണ്ട് മാത്രമാണ് മനുഷ്യൻ ദൈവത്തെ അറിയുന്നത്. ഈ ജ്ഞാനം ആത്മജ്ഞാനമാണ്. ദൈവത്തിന്റെതന്നെ ആത്മാവബോധമാണ്. എന്നാൽ അത്രതന്നെ അതു മനുഷ്യന് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനവുമാണ്. മനുഷ്യൻ ദൈവത്തെ അറിയുന്ന അതേ പ്രവൃത്തി ദൈവം മനുഷ്യനെ അറിയുന്ന പ്രവൃത്തിയുമാണ്. ദൈവത്തെ അറിയുന്ന മനുഷ്യമനസ്സ് അഥവാ ചൈതന്യം ദൈവത്തിന്റെതന്നെ മനസ്സ് അഥവാ ചൈതന്യമാണ്." ഇങ്ങനെ സാരാംശത്തിലും അവബോധതലത്തിലും മനുഷ്യനും ദൈവവും ഒന്നാകയാൽ അവർ തമ്മിലുള്ള ബന്ധത്തെ യാഥാർത്ഥ്യവും (reality) പ്രത്യക്ഷീഭാവവും (phenomenon) തമ്മിലുള്ള ബന്ധമായിട്ടേ വിഭാവനം ചെയ്യാൻ കഴിയൂ. ദൈവത്തെ യാഥാർത്ഥ്യമായി വീക്ഷിച്ചാൽ മനുഷ്യൻ കേവലം പ്രത്യക്ഷീഭാവമായിരിക്കും. മനുഷ്യൻ യാഥാർത്ഥ്യമെങ്കിൽ ദൈവം പ്രത്യക്ഷീഭാവവും. അങ്ങിനെ, "ഒന്നുകിൽ ദൈവം അല്ലെങ്കിൽ മനുഷ്യൻ" എന്ന ദൗർഭാഗ്യകരമായ വികല്പം - dilemma) സംജാതമായി. ഈ പശ്ചാത്തലത്തിൽ ഹേഗൽ ദൈവത്തെ യാഥാർത്ഥ്യമായും മനുഷ്യനെ കേവലം പ്രത്യക്ഷീഭാവമായും വ്യാഖ്യാനിച്ചു. അങ്ങനെ മനുഷ്യന് യാഥാർത്ഥ്യത്തിൽ തന്റേതായ ഒരസ്തിത്വം അവകാശപ്പെടാനില്ലെന്നുവന്നു. ദൈവത്തിന്റെ അതീതത്വത്തെ (transcendence) നിഷേധിക്കുന്ന ഹെഗേലിയൻവാദം സൃഷ്ടിച്ച ഈ ദുരവസ്ഥയോടുള്ള പ്രതിഷേധമാണ് മനുഷ്യന്റെ പേരിൽ ദൈവത്തെ നിഷേധിക്കുന്ന ആധുനിക നിരീശ്വരത്വം.

ഹെഗേലിയൻ ദൈവശാസ്ത്രത്തിൽനിന്ന് നിരീശ്വരത്വത്തിലേക്കുള്ള ആധുനിക ചിന്തയുടെ പ്രയാണത്തിലെ നിർണായകമായ ആദ്യഘട്ടം ഫോയർബാക്കിന്റെ (Feuerbach) ഹ്യൂമനിസമാണ്. ദൈവികയാഥാർത്ഥ്യം ആത്മ സാക്ഷാത്കാരത്തിനുവേണ്ടി സ്വയം വിഷയീകരിക്കുന്നതിന്റെ (objectivze) ഫലമായുണ്ടാകുന്ന പ്രത്യക്ഷീഭാവമായിട്ടാണല്ലോ ഹേഗൽ മനുഷ്യനെ വീക്ഷിച്ചത്. ഫോയർബാക്ക് ഈ ചിന്തയെ കീഴ്മേൽ മറിച്ചു. ദൈവമല്ല മനുഷ്യനാണ്, അഥവാ മനുഷ്യന്റെ വർഗസാരമാണ്, യഥാർത്ഥസത്ത. മനുഷ്യർ തന്റെ ആത്മാവബോധത്തിന്റെ വളർച്ചയ്ക്കുവേണ്ടി സ്വയം വിഷയീകരിക്കുന്നതിന്റെ ഫലമാണ് ദൈവം. വർഗസാരത്തെ മുഴുവനായി വ്യക്തി ഉൾക്കൊള്ളാത്തതുകൊണ്ടാണ് സ്വന്തം സാരാംശത്തിന്റെതന്നെ ഈ വിഷയീകരണത്തെ മറ്റൊരു സത്തയായി വിഭാവനം ചെയ്യാൻ മനുഷ്യൻ പ്രേരിതനാകുന്നത്. ഫോയർബാക്ക് പറയുന്നു: "ദൈവമെന്നത് മനുഷ്യസത്തയല്ലാതെ മറ്റൊന്നുമല്ല. അഥവാ

മനുഷ്യസത്തയെ അതിന്റെ വ്യക്തിപരമായ പരിമിതികളിൽനിന്ന് വേർതിരിച്ചും ശുദ്ധീകരിച്ചും വിഷയീകരിച്ച്, അന്യവത്കരിച്ച് - മറ്റൊരു സത്തയായി സങ്കല്പിച്ച് - ബഹുമാനിക്കുന്നതാണ് ദൈവം." അതിനാൽ ദൈവത്തിലാരോപിക്കപ്പെടുന്ന ഗുണങ്ങളെല്ലാം മനുഷ്യപ്രകൃതിയുടെ ഗുണങ്ങൾ തന്നെയാണ്." അങ്ങനെ ഹേഗേലിയൻ സിദ്ധാന്തത്തിൽ ദൈവത്തിന്റെ അന്യവത്കരണമായിത്തീർന്ന മനുഷ്യൻ ഫോയർബാക്കിന്റെ ചിന്തയിൽ ദൈവത്തെ തന്റെതന്നെ അന്യവത്കരണമായി വീക്ഷിക്കുവാൻ തുടങ്ങി. ഹേഗലിൽനിന്ന് ഫോയർബാക്കിനും അനുയായികൾക്കും പിതൃസ്വത്തായി ലഭിച്ച "ഒന്നുകിൽ ദൈവം അല്ലെങ്കിൽ മനുഷ്യൻ" എന്ന സാങ്കല്പിക വികല്പത്തെ അപ്പാടെ സ്വീകരിക്കുന്നവർക്ക് മനുഷ്യനോട് നീതി കാണിക്കാൻ കഴിയണമെങ്കിൽ ദൈവത്തെ യാഥാർത്ഥ്യത്തിന്റെ മണ്ഡലത്തിൽനിന്ന് പുറംതള്ളുകയല്ലാതെ ഗത്യന്തരമില്ലതാനും.

ദൈവത്തെ സംബന്ധിച്ച ഈ പുതിയ വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഫോയർബാക്ക് മതത്തിനും ദൈവശാസ്ത്രത്തിനും തന്റേതായ വ്യഖ്യാനം നല്കി. ദൈവവും മനുഷ്യനുമായുള്ള ബന്ധമാണല്ലോ മതത്തിന്റെ അടിസ്ഥാനം. ദൈവമെന്നത് മനുഷ്യന്റെ വർഗസാരത്തിന്റെ ആവിഷ്ക്കരണമാകയാൻ മനുഷ്യന് ദൈവത്തോടുള്ള ബന്ധം യഥാർത്ഥത്തിൽ വ്യക്തിക്ക് വർഗസാരത്തോടുള്ള ബന്ധമാണ്. ഈ ബന്ധത്തിന്റെ കാല്പനികവും പ്രതീകാത്മകവുമായ ആവിഷ്ക്കരണമാണ് മതം. അതിനാൽ ദൈവശാസ്ത്രത്തിൽ ഒളിഞ്ഞിരിക്കുന്ന സത്യം മനുഷ്യനെ സംബന്ധിക്കുന്ന സത്യമാണ്. ഫോയർബാക്കിന്റെതന്നെ വാക്കുകളിൽ "ദൈവശാസ്ത്രത്തിന്റെ രഹസ്യം മാനവശാസ്ത്രമാണ്."

ഫോയർബാക്കിന്റെ വീക്ഷണത്തിൽ മതവും ദൈവശാസ്ത്രവും വിലപ്പെട്ട സത്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. പക്ഷേ അവ ദൈവത്തെയല്ല, മനുഷ്യനെയാണ് ആവിഷ്ക്കരിക്കുന്നതെന്നു മാത്രം. ഹേഗലിയൻ വാദത്തോട് ഫോയർബാക്കിന്റെ ഹ്യൂമനിസത്തിനുള്ള സാധർമ്മ്യവൈധർമ്മ്യങ്ങൾ ഈ പശ്ചാത്തലത്തിൽ മനസ്സിലാക്കാം. ഹേഗലിനെപ്പോലെ ഫോയർബാക്കും മനുഷ്യനും ദൈവവും തമ്മിലുള്ള സത്താപരമായ താദാത്മ്യത്തിന്റെ അടിസ്ഥാനത്തിലാണ് ചിന്തിക്കുന്നത്. എന്നാൽ ഹേഗൽ മനുഷ്യനെ ദൈവത്തിന്റെ ആത്മാവിഷ്ക്കരണമായി വ്യാഖ്യാനിച്ചപ്പോൾ ഫോയർബാക്ക് ദൈവത്തെ മനുഷ്യന്റെ ആത്മാവിഷ്ക്കരണമായി ചിത്രീകരിച്ചു. അങ്ങിനെ ഹെഗേലിയൻ ദൈവശാസ്ത്രത്തിന്റെ ഹ്യൂമനിസ്റ്റ് വ്യാഖ്യാനമാണ്. ഫോയർബാക്കിന്റെ ചിന്ത. ഈ ഹ്യൂമനിസത്തിന്റെ സാരസംഗ്രഹം





മനുഷ്യന്റെ ദൈവം മനുഷ്യൻ (homo homini) എന്ന പ്രഖ്യാപനവുമത്രേ.

## 7. മാർക്സിസ്റ്റ് നിരീശ്വരത്വം

ഫോയർബാക്കിനെപ്പോലെ മാർക്സും മനുഷ്യന്റെ ആത്മാബോധത്തിന്റെ ആവിഷ്ക്കരണമായിട്ടാണ് ദൈവത്തെ വീക്ഷിക്കുന്നത്. ഇരുവരുടേയും ദൃഷ്ടിയിൽ ദൈവം മനുഷ്യന്റെ സങ്കല്പസൃഷ്ടിയാണ്. മനുഷ്യന്റെ അന്യവത്കരണത്തിന്റെ (alienation) പ്രകാശനമാണ്. എങ്കിലും ഫോയർബാക്കിന്റെ മതവിമർശനത്തിൽ മാർക്സ് പൂർണ്ണമായും തൃപ്തനല്ല. ദൈവമെന്ന ആശയത്തിൽ മനുഷ്യൻ തന്നെത്തന്നെ കാണുന്നതിനു പകരം മറ്റൊരു സത്തയെ ദർശിച്ചതാണ് ഫോയർബാക്കിന്റെ ദൃഷ്ടിയിൽ അന്യവത്കരണം. ദൈവത്തിൽ ആരോപിക്കപ്പെടുന്ന ഗുണങ്ങളെല്ലാം തന്നിൽനിന്നു ഭിന്നമായ മറ്റൊരു സത്തയുടെ ഗുണങ്ങളല്ല. മനുഷ്യന്റെ തന്നെ സവിശേഷതകളാണെന്നു മനസ്സിലാക്കുന്നതോടെ ഈ അന്യവത്കരണം പരിഹരിക്കപ്പെടുകയും ചെയ്യും. അതിനാൽ ചിന്താതലത്തിൽ നടക്കുന്ന ഒരു സംഭവമായിട്ടാണ് ഫോയർബാക്ക് അന്യവത്കരണത്തെ കാണുന്നത്. ചിന്താതലത്തിലുള്ള ഈ അന്യവത്കരണത്തിനു കാരണമായ യഥാർത്ഥ തലത്തിലുള്ള അന്യവത്കരണത്തെ മനസ്സിലാക്കാൻ സാമാന്യാശയങ്ങളുടെ കാരാഗൃഹത്തിൽനിന്നു കൊണ്ടു ചിന്തിച്ച ഫോയർബാക്കിനുകഴിഞ്ഞില്ല. അതിനാൽ മാർക്സിന്റെ അഭിപ്രായത്തിൽ ഫോയർബാക്കിന്റെ മത വിമർശനത്തിന് ആഴം പോരാ. മത വിമർശനം മൗലികമാകണമെങ്കിൽ മനുഷ്യാവബോധത്തിന്റെതന്നെ ഒരു വിമർശനം ആവശ്യമത്രേ. മാർക്സിന്റെ അഭിപ്രായത്തിൽ നിലവിലിരിക്കുന്ന അവസ്ഥയുടെ പ്രതിഫലനമാണ് അവബോധം. ഈശ്വരവിശ്വാസത്തിലൂടെ മനുഷ്യനു സംഭവിച്ച അന്യവത്കരണത്തിനു പിന്നിലുള്ളത്, സാമ്പത്തിക - സാമൂഹിക മണ്ഡലങ്ങളിലുള്ള ക്രമക്കേടുകളും അതുവഴി മനുഷ്യന് സംഭവിച്ച യഥാർത്ഥ അന്യവത്കരണവുമാണ്. സാമ്പത്തികവും തൊഴിൽപരവുമായ അന്യവത്കരണത്തിന്റെ - അനീതിപരമായ ഒരു വ്യവസ്ഥിതിയുടെ - അവബോധത്തിലുള്ള പ്രതിഫലനവും ന്യായീകരണവുമാണ് അത്. മാർക്സ് പറയുന്നു: മതപരമായ ദുരിതം (misery) ഒരേസമയം യഥാർത്ഥ ദുരിതത്തിന്റെ പ്രതിഫലനവും അതിനെതിരേയുള്ള പ്രതിഷേധവുമാണ്. മതം മർദ്ദിതരുടെ വിലാപമാണ്; ഹൃദയശൂന്യമായ ഒരു ലോകത്തെ ഹൃദയവും ചൈതന്യമറ്റ ഒരു യുഗത്തിന്റെ ചൈതന്യവുമാണ്. മനുഷ്യൻ കഴിക്കുന്ന മയക്കുമരുന്നാണത്. ദൈവവിശ്വാസത്തെ ഉണർത്തുകയും വളർത്തുകയും ചെയ്യുന്നത് സാമ്പത്തികസാമൂഹിക മണ്ഡലത്തിലെ ക്രമക്കേടുക

ളാണെന്ന ബോധ്യം മാർക്സിനെ ക്രമേണ സാമൂഹിക വിമർശനത്തിലേക്ക് നയിച്ചു. മതം സാമൂഹിക വ്യവസ്ഥിതിയുടെ പ്രതിഫലനമാകയാൽ വാസ്തവത്തിൽ സാമൂഹ്യവിമർശനവും മതവിമർശനവും രണ്ടല്ല. അടിസ്ഥാനപരമായി ഒന്നാണ്. “അങ്ങനെ സ്വർലോകത്തിന്റെ വിമർശനം ഭൂലോകത്തിന്റെ വിമർശനമാകുന്നു; മതത്തിന്റെ വിമർശനം നിയമത്തിന്റെ വിമർശമാകുന്നു; ദൈവവിജ്ഞാനീയത്തിന്റെ വിമർശനം രാഷ്ട്രവിജ്ഞാനീയത്തിന്റെ വിമർശനമാകുന്നു.

സാമ്പത്തിക സാമൂഹികഘടകങ്ങളുടെ അടിസ്ഥാനത്തിൽ ദൈവവിശ്വാസത്തെപ്പറ്റി മേൽചെയ്ത വിശകലനം മാർക്സിസ്റ്റ് നിരീശ്വരത്വത്തിന്റെ അടിത്തറയെന്നതിനേക്കാൾ ഭൗതികവാദപരമായ വ്യാഖ്യാനം മാത്രമത്രേ. വേറൊരുവിധത്തിൽ പറഞ്ഞാൽ മാർക്സിയൻ നിരീശ്വരത്വം ദ്വന്ദ്വാത്മക ഭൗതിക വാദത്തിന്മേലല്ല. ദ്വന്ദ്വാത്മക ഭൗതികവാദം മാർക്സിസ്റ്റ് നിരീശ്വരത്തിന്മേലാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. അതിനാൽ സൈദ്ധാന്തികതലത്തിനപ്പുറം മനുഷ്യസ്വാതന്ത്ര്യത്തിന്റെ മേഖലകളിലേക്ക് കടന്നെങ്കിൽ മാത്രമേ മാർക്സിസ്റ്റ് നിരീശ്വരത്വത്തിന്റെ തായ്‌വേര് കണ്ടെത്താൻ കഴിയൂ. മാരിറ്റയിൽ പറയുന്നതുപോലെ “തന്നെത്തന്നെ പരിശോധിച്ച ജീവിതത്തിന്റെ പൊതുവായ ഗതി എന്തായിരിക്കണമെന്നു നിർണയിക്കുന്ന വേളയിൽ ഒരാൾ, യുവത്വത്തിൽനിന്ന് പക്വതയിലേക്കുള്ള പ്രയാണം ബാലിശമായ ആശ്രിതത്വങ്ങളുടെ മാത്രമല്ല എല്ലാവിധ കീഴ്‌വഴക്കങ്ങളുടെയും തിരസ്കാരത്തിലാണടങ്ങിയിരിക്കുന്നതെന്നു തെറ്റിദ്ധരിച്ചാൽ, അങ്ങനെ അതീതനിയമങ്ങളെ അപ്പാടെ തിരസ്ക്കരിക്കുന്നത് ധാർമ്മികമായ പക്വതയുടെയും സ്വാതന്ത്ര്യത്തിന്റെയും ധർമ്മമാണെന്നു കരുതിയാൽ, ആത്യന്തികമായ ജീവിതലക്ഷ്യത്തെയും തനിക്കതീതമായ എല്ലാ നിയമങ്ങളേയും അപ്പാടെ എന്നന്നേയ്ക്കുമായി അവഗണിച്ചുകൊണ്ട് തികച്ചും സ്വതന്ത്രമായ അനുഭവത്തിലൂടെ മാത്രം നന്മതിന്മകളെ അഭിമുഖീകരിക്കാൻ തീരുമാനമെടുത്താൽ, അസ്തിത്വത്തിന്റെ മൗലിക മൂല്യങ്ങളെ സംബന്ധിക്കുന്ന ഇവ്വിധമുള്ള ഒരു തീരുമാനത്തിന്റെ അർത്ഥം അയാൾ തന്റെ ജീവിതത്തിന്റെയും ചിന്തയുടെയും ലോകത്തുനിന്ന് ദൈവത്തെ പരിപൂർണ്ണമായും പുറംതള്ളിയിരിക്കുന്നുവെന്നാണ്.” ഇപ്രകാരമുള്ള ഒരു തിരഞ്ഞെടുപ്പിലാണ് മാർക്സിസ്റ്റ് നിരീശ്വരത്വത്തിന്റെ ആരംഭമെന്ന് മാർക്സിന്റെ ആദ്യകാല ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. മാർക്സ് പറയുന്നു: “സ്വയം പര്യാപ്തമല്ലെങ്കിൽ ഒരു സത്തയും തന്റെതന്നെ ദൃഷ്ടിയിൽ സ്വതന്ത്രമല്ല; തന്നിൽനിന്നുതന്നെ അസ്തിത്വം സ്വീകരിക്കാത്ത ഒന്നും സ്വയം





പര്യാപ്തമല്ല. മറ്റൊരാളുടെ കൃപകൊണ്ട് ജീവിക്കുന്ന മനുഷ്യൻ പരാശ്രയിയായി സ്വയം പരിഗണിക്കുന്നു. എന്നാൽ തന്റെ ജീവിതത്തിന്റെ നിലനിൽപ്പുമാത്രമല്ല. ആരംഭവും കൂടി മറ്റൊരുത്തനിൽനിന്ന് സ്വീകരിക്കുമ്പോൾ ഞാൻ പരിപൂർണ്ണമായും അയാളുടെ കൃപകൊണ്ടാണ് ജീവിക്കുന്നത്.” ഇങ്ങനെ ദൈവത്തിന്റെ കൃപകൊണ്ടു ജീവിക്കുന്നത് മനുഷ്യന്റെ അഭിമാനത്തിനു ചേർന്നതല്ലെന്ന ചിന്തയാണ് പ്രൊമിത്തിയസ്സിനെപ്പോലെ ദൈവത്തിനെതിരായി സമരം പ്രഖ്യാപിക്കാൻ മാർക്സിനെ പ്രേരിപ്പിച്ചത്. “പ്രൊമിത്തിയസ്സിന്റെ വിശ്വാസപ്രമാണത്തെ തിരസ്ക്കരിക്കുകയല്ല സ്വന്തമാക്കുകയാണ് തത്വചിന്ത ചെയ്യുന്നത്. ഒറ്റവാക്കിൽ, ഞാൻ എല്ലാ ദൈവങ്ങളേയും വെറുക്കുന്നു. മനുഷ്യാവബോധത്തെ പരമ ദൈവമായി അംഗീകരിക്കാത്ത ആകാശത്തിലും ഭൂമിയിലുമുള്ള എല്ലാ ദൈവങ്ങൾക്കുമെതിരേ മുഴക്കപ്പെടേണ്ടതാണ് ഈ മുദ്രാവാക്യം."

ഇങ്ങനെ മനുഷ്യസ്വാതന്ത്ര്യത്തിന്റെ പേരിൽ ദൈവത്തെ നിഷേധിച്ചശേഷം ദൈവരഹിതമായ ഒരു മാനവ ദർശനത്തിനും ജീവിതവീക്ഷണത്തിനും മാർക്സ് രൂപം നൽകി. ഈ മാനവദർശനമാണ് മാർക്സിസത്തിന്റെ ഭാവാത്മകവശം. മാർക്സിയൻ ഹ്യൂമനിസത്തിന്റെ രൂപവത്കരണത്തിൽ രണ്ടു ഘടകങ്ങൾ വ്യവച്ഛേദിക്കുവാൻ കഴിയും. ആദ്യമായി ഫോയർബാക്കിനെ അനുകരിച്ച് മാർക്സും മനുഷ്യനെ വർഗ്ഗസാരമായി (species, essence) നിർവ്വചിച്ചു. വ്യക്തിയുടെ അന്തസത്ത അവന് മനുഷ്യവർഗ്ഗത്തോടുള്ള ബന്ധത്തിലാണ് അടങ്ങിയിരിക്കുന്നത്. ഈ ബന്ധമൊന്നു മാത്രമാണ് അവന്റെ അസ്തിത്വത്തിന്റെ ആദികാരണവും അന്തിമലക്ഷ്യവും. മനുഷ്യാസ്തിത്വം അവശ്യം സാമൂഹികമാണെന്ന ക്ലാസിക്കൽ വീക്ഷണത്തിന്റെ പുനരാഖ്യാനമോ വ്യാഖ്യാനമോ മാത്രമല്ല നാമിവിടെ കാണുന്നത്. ക്ലാസ്സിക്കൽ ചിന്തയിൽ സമൂഹത്തോടുള്ള ബന്ധം വ്യക്തിത്വത്തിന്റെ അവശ്യമാനമാണെങ്കിലും വ്യക്തിയെ സമൂഹത്തിന്റെ കേവലമൊരു ധർമ്മമായി വീക്ഷിക്കുന്നതിനെതിരേ മാർക്സും ചിലേടങ്ങളിൽ ശബ്ദമുയർത്തുന്നുണ്ടെങ്കിലും (മാർക്സിന്റെ ആധുനിക വ്യാഖ്യാതാക്കളിൽ പലരും ഇക്കാര്യത്തിൽ അങ്ങേയറ്റം ദത്തശ്രദ്ധരാണ്.) മനുഷ്യാതീതമായ എല്ലാത്തിന്റേയും അസ്തിത്വത്തെ നിഷേധിക്കുന്ന മാർക്സിസത്തിൽ വ്യക്തിയുടെ അനന്യതയ്ക്ക് പര്യാപ്തമായ ന്യായീകരണം കണ്ടെത്തുവാൻ കഴിയുമെന്നു തോന്നുന്നില്ല.

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചു മേൽചെയ്ത വിചിന്തനത്തിൽനിന്ന് മാർക്സിയൻ മനുഷ്യദർശനത്തിന്റെ ഭാഗികമായ ഒരു ചിത്രം മാത്രമേ നമുക്കു ലഭിക്കുന്നുള്ളൂ.

മാർക്സിയൻ ഹ്യൂമനിസത്തിന്റെ ഹൃദയത്തിലേയ്ക്ക് കടക്കണമെങ്കിൽ തൊഴിലിനെ സംബന്ധിച്ച മാർക്സിന്റെ പഠനങ്ങൾ പരിശോധിക്കേണ്ടിയിരിക്കുന്നു. മാർക്സിന്റെ അഭിപ്രായത്തിൽ തൊഴിലാണ് മനുഷ്യനെ നിർവ്വചിക്കുന്ന ഏറ്റവും അടിസ്ഥാന ഘടകം. തൊഴിലിനോടുള്ള ബന്ധമാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. തൊഴിൽവഴി മനുഷ്യൻ ലോകത്തെ മാനുഷികമാക്കുന്നു. ലോകത്തെ മാനുഷികമാക്കുന്നതുവഴി മനുഷ്യൻ തന്നെത്തന്നെ മനുഷ്യനാക്കുന്നു. സൃഷ്ടിക്കുകയും അതുവഴി സ്വയം സൃഷ്ടിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് മനുഷ്യൻ. പക്ഷേ ഇവിടെയും അടിസ്ഥാനപരമായി ചില പ്രശ്നങ്ങൾ ഉയർന്നുവരുന്നു. മനുഷ്യൻ തന്റെ മനുഷ്യത്വത്തെ പൂർത്തീകരിക്കുന്നത് ലോകവുമായുള്ള ക്രിയാത്മകബന്ധം വഴി അതിനെ മാനുഷികമാക്കിക്കൊണ്ടാണെന്ന വസ്തുത നിസ്തർക്കമാണ്. പക്ഷേ തൊഴിലാണ് മനുഷ്യത്വത്തിന്റെ തന്നെ ഉറവിടമെന്ന് എങ്ങനെ പറയാൻ കഴിയും? തൊഴിൽ മാനുഷികമാകണമെങ്കിൽ മനുഷ്യവ്യക്തിയുണ്ടാകണം. അതിനാധാരമായി മാനുഷികമായ തൊഴിലിനുമാത്രമേ ലോകത്തെ മാനുഷികമാക്കാൻ കഴിയൂ. അതിനാൽ മാനുഷികമായ അസ്തിത്വം ലോകത്തിന്റെ മാനുഷീകരണത്തിന്റെ അനന്തരഫലമല്ല പൂർവ്വവ്യവസ്ഥതന്നെയാണ്. അതിനാൽ തൊഴിലാണ് മനുഷ്യത്വത്തിന്റെ സ്രഷ്ടാവെന്നോ തൊഴിലിനോടുള്ള ബന്ധമാണ് മനുഷ്യന്റെ അന്തസ്സത്തയെന്നോ നിഷ്കൃഷ്ടമായ അർത്ഥത്തിൽ പറയുകവയ്യാ. മനുഷ്യത്വത്തിൽ അന്തർലീനമായ സാദ്ധ്യതകളുടെ സാക്ഷാത്കാരം തൊഴിലിലൂടെയാണ് നടക്കുന്നതെങ്കിലും.

അതുപോലെതന്നെ മനുഷ്യനെ തൊഴിലിനോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വചിക്കുന്നതോടുകൂടി മനുഷ്യൻ പൂർണ്ണമായും ബാഹ്യവത്കരിക്കപ്പെടുകയാണ്. വ്യക്തിയെ വർഗ്ഗത്തിൽ ലയിപ്പിച്ചുചേർത്തതോടുകൂടിത്തന്നെ ഒരു വ്യക്തിയെന്ന നിലയിൽ മനുഷ്യന്റെ ആന്തരികത നഷ്ടീഭവിച്ചുകഴിഞ്ഞിരുന്നു. വർഗ്ഗസാരംതന്നെ തൊഴിലിൽ ലയിച്ചതോടെ സാമൂഹികമായ ആന്തരികതയും തിരോധനം ചെയ്തു. മാത്രമല്ല തൊഴിൽ രംഗത്തുണ്ടാകുന്ന വ്യതിയാനങ്ങൾതന്നെ അന്ധവും അപ്രതിരോദ്ധ്യമായ ചരിത്രഗതിയുടെ അവശ്യസൃഷ്ടികളാകയാൽ (മാർക്സിസ്റ്റ് ഡയലക്ടിക്സിന്റെ ഫലമിതാണ്) തൊഴിലിന്റെ സൃഷ്ടിയായ മനുഷ്യനും ചരിത്രപരമായ അവശ്യം ഭവ്യതയുടെ അടിമയായിത്തീർന്നു. അങ്ങനെ ദൈവത്തിൽനിന്നുള്ള സ്വാതന്ത്ര്യപ്രഖ്യാപനം പടിപടിയായി മനുഷ്യനെ സ്വാതന്ത്ര്യത്തിന്റെ തന്നെ നിഷേധത്തിൽ എത്തിച്ചു. എങ്കിലും മാർക്സിനെ സംബന്ധിച്ചിടത്തോളം മനുഷ്യസ്വാതന്ത്ര്യം എന്നും വിലപ്പെട്ട ഒരു മൂല്യമായിരുന്നു. ഹെഗേലിയൻ ദൈവശാസ്ത്രത്തിന്റെ പിടിയിൽനിന്നു മനുഷ്യനെ സ്വതന്ത്രനാക്കുക മാർക്സിയൻ ചിന്തയുടെ പ്രഖ്യാപിതലക്ഷ്യം തന്നെയായിരുന്നല്ലോ. ഹെഗേലിയൻ ആശയവാദത്തെ തിരസ്ക്കരിച്ചശേഷം ക്ലാസ്സിക്കൽ ഭൗതികവാദത്തിലേക്ക് തിരിച്ചുപോകാതെ ദ്വന്ദ്വാത്മക തത്വത്തിന്റെ അടിസ്ഥാനത്തിൽ ചരിത്രത്തെ വ്യാഖ്യാനിച്ചതും മനുഷ്യസ്വാതന്ത്ര്യത്തെ ബലികഴിക്കുന്നതിലുള്ള വിമുഖതകൊണ്ടായിരിക്കാം. പക്ഷേ ആശയവാദത്തേക്കാൾ ഹെഗേലിയൻ ദ്വന്ദ്വാത്മകത്വം തന്നെയാണ് മനുഷ്യസ്വതന്ത്ര്യത്തിന്റെ ഏറ്റവും വലിയ പ്രതിയോഗി എന്ന് മാർക്സിനു കാണാൻ കഴിഞ്ഞില്ലെന്നു മാത്രം. ചുരുക്കത്തിൽ, മനുഷ്യസ്വാതന്ത്ര്യത്തിന്റെ അടിത്തറ പൊളിച്ചുനീക്കിയ ശേഷം (ദൈവ നിഷേധത്തിൽ ഇതാണ് സംഭവിച്ചത്) സ്വാതന്ത്ര്യ സൗധം പടുത്തുയർത്താൻ നടത്തുന്ന വിഫലശ്രമമാണ് മാർക്സിസ്റ്റ് ഹ്യൂമനിസം.

### 8. അസ്തിത്വവാദവും നിരീശ്വരത്വവും

മനുഷ്യവ്യക്തിയുടെ നിലയും വിലയും അപകടത്തിലാക്കിയ ഹെഗേലിയനിസത്തിനെതിരേ (മാർക്സിസത്തിലും വേറൊരു വിധത്തിൽ ഇതുതന്നെയാണ് സംഭവിക്കുന്നത്) വ്യക്തിത്വത്തിന്റെ പേരിൽ ശബ്ദമുയർത്തിയ ചിന്തകരാണ്, കീർക്കഗോറും (Kierkegaard) നീത്ഷെയും (Nietsche). എന്നാൽ വ്യക്തിയെ തേടിയുള്ള പ്രയാണം വിപരീതധ്രുവങ്ങളിലാണ് കീർക്കഗോറിനെയും നീത്ഷെയേയും എത്തിച്ചത്. കീർക്കഗോറിന്റെ വീക്ഷണത്തിൽ ലോകാതീതനായ ദൈവമാണ് വ്യക്തിയുടെ അസ്തിത്വത്തിനും സ്വാതന്ത്ര്യത്തിനും നിദാനം. ദൈവത്തിന്റെ ലോകാതീതത്വത്തെ (transcendence) ക്കുറിച്ചുള്ള അവബോധത്തിലൂടെയാണ് കീർക്കഗോർ ഹെഗേലിയൻ വാദത്തിനപ്പുറം കടന്ന് വ്യക്തിസ്വാതന്ത്ര്യം കണ്ടെത്തുന്നത്. ഇതിനുനേരേ വിപരീതമാണ് ദൈവനിഷേധത്തിൽ വ്യക്തിത്വം കണ്ടെത്തുന്ന നീത്ഷെയുടെ ചിന്താഗതി. അസ്തിത്വവാദത്തിലെ ആസ്തിക പാരമ്പര്യം കീർക്കഗോറിന്റെയും നാസ്തികപാരമ്പര്യം നീത്ഷെയുടെയും ചിന്തയുടെ തുടർച്ചയത്രേ.

നീത്ഷെയെ സംബന്ധിച്ചിടത്തോളം നിരീശ്വരത്വം ഒരു നിഗമനമല്ല അനുഭവവും തിരഞ്ഞെടുപ്പുമാണ്. നീത്ഷെ പറയുന്നു: “എന്നെ സംബന്ധിച്ചിടത്തോളം നിരീശ്വരത്വം മറ്റൊന്നിന്റെയും പരിണതഫലമല്ല. എനിക്കു പിണഞ്ഞ ഒരാപത്തുമല്ല, പ്രത്യേകം എടുത്തുപറയേണ്ടതില്ലാത്ത ഒരു വാസന (instinct) തന്നെയാണത്.” വാസ്തവത്തിൽ നീത്ഷെയുടെ ഈ അനുഭവം ഒരു വ്യക്തിയുടെ

മാത്രം അനുഭവമല്ല. ഈശ്വരാവബോധം നഷ്ടപ്പെട്ട ഒരു യുഗം ആത്മാവബോധം പ്രാപിക്കുകയാണ് നിത്ഷെയിൽ. പാശ്ചാത്യലോകത്തിൽ പണ്ടേ നടന്നുകഴിഞ്ഞ ഒരു സംഭവം – മനുഷ്യജീവിതത്തിൽനിന്നും ചിന്തയിൽനിന്നുമുള്ള ദൈവത്തിന്റെ തിരോധാനം – തന്നിൽ വെളിപ്പെടുകയാണെന്ന ബോധ്യം നീത്ഷെയെ അപ്പാടെ കീഴടക്കി. അതേസമയം ഈ സംഭവത്തിന്റെ അർത്ഥമോ സന്ദേശമോ തന്റെ ചുറ്റുപാടും ജീവിക്കുന്നവർ തീർത്തും മനസ്സിലാക്കിയിട്ടില്ല എന്ന അവബോധവും നീത്ഷെയ്ക്കുണ്ടായിരുന്നു. അതുകൊണ്ട് ഒരു പ്രവാചകന്റെ തീക്ഷ്ണതയോടെ തന്റെ അനുഭവത്തെ, തന്റെ യുഗത്തിന്റെ അനുഭവത്തെ, വിളംബരം ചെയ്യാൻ നീത്ഷെ മുന്നോട്ടുവന്നു. ഈ അനുഭവത്തിന്റെ ശക്തവും ഹ്രസ്വവുമായ ആവിഷ്ക്കാരമാണ് “ദൈവം മരിച്ചു എന്ന നീത്ഷെയുടെ പ്രഖ്യാപനം.”

ദൈവത്തെ നിഷേധിക്കുകയും അതേസമയം ഒന്നും സംഭവിക്കാത്തതുപോലെ ജീവിതം തുടർന്നുപോവുകയും ചെയ്യുന്നവരെ തട്ടിയുണർത്തുകയാണ് നീത്ഷെ ആദ്യമായി ചെയ്യുന്നത്. “ആഹ്ലാദപൂർണ്ണമായ വിവേകം” (the joyful wisdom) എന്ന ഗ്രന്ഥത്തിൽ “ഭ്രാന്തൻ” എന്ന ശീർഷകത്തിൽ കാണുന്ന ആത്മകഥാപരമായ ഭാഗം ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്. “പ്രകാശമാനമായ ഒരു പ്രഭാതത്തിൽ വിളക്കും കത്തിച്ച്, ഞാൻ ദൈവത്തെ അന്വേഷിക്കുന്നു, ഞാൻ ദൈവത്തെ അന്വേഷിക്കുന്നു എന്ന് നിരന്തരം വിളിച്ചു പറഞ്ഞുകൊണ്ട് ചന്തസ്ഥലത്തുകൂടി ഓടിനടന്ന ഭ്രാന്തനെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടോ? ദൈവത്തിൽ വിശ്വാസമില്ലാത്ത വളരെപ്പേർ അവിടെ ഉണ്ടായിരുന്നതുകൊണ്ട് അയാൾ വളരെ രസത്തിനു വക നൽകി. എന്ത്? “അവനെ നഷ്ടപ്പെട്ടോ?” ഒരുവൻ ആരാഞ്ഞു. “പയ്യനെപ്പോലെ അവൻ പുറപ്പെട്ടുപോയോ?” മറ്റൊരുവൻ ചോദിച്ചു: “അതോ അവൻ ഒളിച്ചിരിക്കുകയാണോ? അവന് നമ്മെ ഭയമാണോ? അവൻ സമുദ്രയാത്രയ്ക്ക് പോയിരിക്കയാണോ? അതോ അവൻ നാടുവിട്ടോ?” ബഹളത്തിനിടയിൽ ജനങ്ങൾ പരിഹാസത്തോടെ വിളിച്ചുപറഞ്ഞു – ഭ്രാന്തൻ അവരുടെ മദ്ധ്യത്തിലേക്കു ചാടി അവരെ തുറിച്ചുനോക്കി. “ദൈവം എവിടെപ്പോയി?” അയാൾ അട്ടഹസിച്ചു: “ഞാൻ നിങ്ങളോടു പറയുന്നു, നാം അവന്റെ ഘാതകരാണ്; നാം അവനെ കൊന്നിരിക്കുന്നു – ഞാനും നിങ്ങളും. പക്ഷേ എങ്ങിനെ നാം ആ കൃത്യം നിർവ്വഹിച്ചു? സമുദ്രം കുടിച്ചുവറ്റിക്കാൻ നമുക്ക് എങ്ങിനെ കഴിഞ്ഞു? ചക്രവാളം മുഴുവൻ തുടച്ചുമാറ്റാനുള്ള ‘സ്പഞ്ചു’ നമുക്ക് ആര് തന്നു? ഈ ഭൂമിയെ അതിന്റെ സൂര്യനിൽനിന്ന് വേർപ്പെടുത്തിയപ്പോൾ നാം എന്താണ് ചെയ്തത്? എങ്ങോട്ടാണ് അതിപ്പോൾ ചലിക്കുന്നത്? എല്ലാ സൂര്യന്മാ





രിൽനിന്നും അകലേയ്ക്കോ? നാം നിരന്തരം തെന്നിനീങ്ങിക്കൊണ്ടിരിക്കുകയല്ലേ, പിന്നോട്ട്, മുന്നോട്ട്, പാർശ്വങ്ങളിലേക്ക് എല്ലാ ദിക്കുകളിലേക്കും? ഇനി മേലും കീഴുമുണ്ടോ? അനന്തശൂന്യതയിലൂടെ അലഞ്ഞുതിരിയുകയല്ലേ നാം? ശൂന്യാന്തരീക്ഷത്തിന്റെ നിശ്വാസമല്ലേ നമുക്കനുഭവപ്പെടുന്നത്? തണുപ്പ് വർദ്ധിച്ചിട്ടില്ലേ? രാത്രി തുടർച്ചയായി, അടിക്കടി അന്ധകാരനിബിഡമായി വന്നുകൊണ്ടേയിരിക്കുകയല്ലേ? പ്രഭാതത്തിൽ വിളക്കു കത്തിക്കേണ്ടിവരികയില്ലേ നമുക്ക്?... ദൈവം മരിച്ചു. മരിച്ചുതന്നെ കിടക്കുന്നു. നാമാണ് അവനെ കൊന്നത്! ലോകം ഇന്നോളം കണ്ടിട്ടുള്ളതിൽ വച്ചേറ്റവും വിശുദ്ധവും ശക്തവുമായതെന്തോ അതു നമ്മുടെ കത്തിക്കടിയിൽ പിടഞ്ഞുവീണിരിക്കുന്നു. ആരാണ് ഈ രക്തം നമ്മിൽനിന്ന് തുടച്ചുമാറ്റുക? ഏതു ജലം കൊണ്ടാണ് നമുക്ക് നമ്മെത്തന്നെ ശുദ്ധരാക്കാൻ കഴിയുക? എന്തു ശുദ്ധീകരണ വിധിയാണ്. എന്തു വിശുദ്ധ വിനോദമാണ്, നാം സൃഷ്ടിക്കേണ്ടത്? നമ്മുടെ ശക്തിയിൽ കവിഞ്ഞ ഒന്നല്ലേ ആ കൃത്യം? അതിനു നാം യോഗ്യരാണെന്നു തോന്നണമെങ്കിൽ നാം തന്നെ ദൈവങ്ങളാകേണ്ടതല്ലേ? ഇതിനേക്കാൾ വലിയൊരു സംഭവം ഒരിക്കലും ഉണ്ടായിട്ടില്ല. ഈ സംഭവം മൂലം ഇതുവരെയുള്ള ചരിത്രത്തേക്കാളെല്ലാം മഹത്തരമായ ഒരു ചരിത്രമായിരിക്കും നമ്മുടെ പിൻഗാമികളുടേത്.” ഇത്രയും പറഞ്ഞശേഷം ആ ഭ്രാന്തൻ നിശ്ശബ്ദനായി; എന്നിട്ട് തന്റെ ശ്രോതാക്കളുടെമേൽ ദൃഷ്ടിയുറപ്പിച്ചുനിന്നു. അവരും നിശ്ശബ്ദരായി, അത്ഭുതസ്തബ്ധരായി അവനെ നോക്കി. അവസാനം അവൻ വിളക്ക് നിലത്തെറിഞ്ഞു. അത് പൊട്ടിച്ചിതറി കെട്ടുപോയി. എന്നിട്ട് അവൻ പറഞ്ഞു: “എന്റെ വരവ് സമയത്തിനു മുമ്പായിപ്പോയി. ഞാൻ വരേണ്ട സമയമായിട്ടില്ല. ആശ്ചര്യകരമായ ഈ സംഭവം നടന്നുകൊണ്ടിരിക്കുകയാണ്, പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് മനുഷ്യന്റെ ചെവികളിൽ ഇനിയും എത്തിയിട്ടില്ല. ഇടിമിന്നലും ഇടി മുഴക്കവും നക്ഷത്രവെളിച്ചവും പ്രവൃത്തികളും മനുഷ്യന്റെ കണ്ണിലും കാതിലുമെത്താൻ സമയമെടുക്കും. ഈ കർമ്മം ഏറ്റവും വിദൂരസ്ഥമായ നക്ഷത്രങ്ങളെക്കാൾ അവരിൽനിന്ന് അകലെയാണ് – എങ്കിലും അവർ തന്നെയാണ് അത് ചെയ്തത്.”

നീത്ഷെയൻ നിരീശ്വരത്വത്തിന്റെ സാരസംഗ്രഹമാണ് മേൽകൊടുത്ത ഖണ്ഡിക. ആധുനിക മനുഷ്യൻ ബോധപൂർവ്വകമായ ഒരു തിരഞ്ഞെടുപ്പിലൂടെ ദൈവത്തെ ജീവിതത്തിൽനിന്ന് നിഷ്കാസനം ചെയ്തിരിക്കുന്നു. ഇങ്ങനെ ദൈവത്തെ നിഷ്കാസനം ചെയ്ത ആധുനിക യുഗത്തിന്റെ പ്രവാചകനും പ്രതിനിധിയുമായാണ് നീത്ഷെ തന്നെത്തന്നെ കാണുന്നത്. “നാം അവനെ കൊന്നിരി

ക്കുന്നു; നിങ്ങളും ഞാനും. അവന്റെ ഘാതകരാണ് നമ്മൾ. "പക്ഷേ നീതെഷെയെപ്പോലെ മറ്റു നിരീശ്വരന്മാർ തങ്ങൾ ചെയ്ത കൃത്യത്തേയും അതിന്റെ പ്രത്യാഘാതത്തേയും പറ്റി ബോധവാന്മാരല്ല. അതിനാൽ ഒന്നും സംഭവിക്കാത്തമട്ടിൽ ഉദാസീനരായി അവർ ജീവിതം തുടരുകയാണ്. ദൈവം മരിച്ചു എന്ന വാർത്തയുമായി വന്ന ഭ്രാന്തനെ തന്റെ നിരീശ്വരന്മാരായ ശ്രോതാക്കൾക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല എന്നതുതന്നെ അവരുടെ ഭീമമായ അജ്ഞയെയാണ് വെളിപ്പെടുത്തുന്നത്. ദൈവത്തിന്റെ തിരോധാനംമൂലം ജീവിതത്തിന് എന്തു സംഭവിച്ചു എന്ന് അവർക്കൊരു ബോധവുമില്ല. ഭൂമിയെ സൂര്യനിൽനിന്ന് വിച്ഛേദിക്കുന്നതുപോലെയാണ് ദൈവത്തിൽനിന്ന് മനുഷ്യ ജീവിതത്തെ സ്വതന്ത്രമാക്കുന്നതെന്ന് അവർ മനസ്സിലാക്കിയിട്ടില്ല. ജീവിതം ആലംബഹീനമായി, അലക്ഷ്യമായി, അങ്ങുമിങ്ങും തെന്നി നീങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന് അവർ കാണുന്നില്ല. സത്യാസത്യങ്ങൾക്കും നന്മതിന്മകൾക്കും മുമ്പുണ്ടായിരുന്ന അർത്ഥംതന്നെ ഇന്നും നല്കി അവർ ജീവിക്കുന്നു, അവയുടെ അടിസ്ഥാനം ഇളകിവീണ കാര്യം ചിന്തിക്കാതെ. ചുരുക്കത്തിൽ ദൈവത്തിന്റെ തിരോധാനത്തോടെ 'നിഹിലിസം' (Nihilism) രംഗപ്രവേശം ചെയ്തിരിക്കുന്നു. എന്നാൽ ഇത്രയും നീത്ഷെയുടെ സന്ദേശത്തിന്റെ പശ്ചാത്തലം മാത്രമാണ്. നാശത്തിന്റെ പ്രവാചകനായിരിക്കാൻ നീത്ഷെ ഇഷ്ടപ്പെടുന്നില്ല. ദൈവത്തിന്റെ തിരോധാനത്തോടുകൂടി സംഭവിച്ച തകർച്ച ഒരു പുതുയുഗപ്പിറവിയുടെ നാന്ദിയായിട്ടാണ് നീത്ഷെ വ്യാഖ്യാനിച്ചത്. അതിമാനുഷന്റെ വരവിനുള്ള കളമൊരുക്കൽ മാത്രമാണത്. മനുഷ്യാസ്തിത്വത്തിന്റെ ആധാരമറുത്തശേഷം വീണ്ടും മനുഷ്യജീവിതം തുടരാൻ ശ്രമിക്കുന്നതിൽ അർത്ഥമില്ല. മനുഷ്യൻ അതിമാനുഷനാകണം; എങ്കിലേ ദൈവത്തിന്റെ തിരസ്ക്കാരത്തിന് അവൻ യോഗ്യനാകൂ. ഈ അതിമാനുഷന്റെ ആഗമനത്തെ വിളംബരം ചെയ്യുകയാണ് നീത്ഷെയുടെ ലക്ഷ്യം. മനുഷ്യൻ അവനിൽതന്നെ ഒരന്ത്യമല്ല. അതിമാനുഷനിലേക്കുള്ള മാർഗ്ഗം മാത്രമാണ്: "മൃഗത്തിനും അതിമാനുഷനുമിടയ്ക്ക് വലിച്ചുകെട്ടിയ കയർ" നീത്ഷെ പറയുന്നു. അതിമാനുഷൻ എന്റെ ഹൃദയത്തോട് ഒട്ടി നില്ക്കുന്നു. എന്റെ പരമമായ താല്പര്യം ഏക താല്പര്യം അവനാണ്; മനുഷ്യനല്ല. ഏററവും അടുത്തവരോ ഏറ്റവും ദരിദ്രരോ ഏറ്റവും സഹിക്കുന്നവരോ ഏറ്റവും നല്ലവരോ അല്ല.

ദൈവത്തിന്റെ തിരോധാനത്തോടെ മനുഷ്യ ജീവിതസൗധം അടിത്തറയിളകി തകർന്നു വിഴുന്നതു കണ്ടിട്ടും നീത്ഷെ അതിന് സന്തോഷിക്കുവാൻ കാരണം, ഈ തകർച്ചയിൽനിന്ന് അതിമാനുഷൻ ജന്മമെടുക്കുമെന്ന പ്രതീക്ഷയാണ്. ഒരുവിധത്തിൽ നീത്ഷെയുടെ നിരീശ്വരത്വത്തിന്റെ ആരംഭവും അന്ത്യവും അന്തസ്സത്തയുമെല്ലാം അതിമാനുഷനിലാണ് അടങ്ങിയിരിക്കുന്നതെന്നു പറയാം. പക്ഷേ ആരാണ് നീത്ഷെയുടെ അതിമാനുഷൻ? നീത്ഷെയുടെ പ്രപഞ്ച ദർശനത്തിന്റെ പശ്ചാത്തലത്തിലേ ഇതിന് ഉത്തരം പറയാൻ പറ്റൂ. നീത്ഷെയുടെ വീക്ഷണത്തിൽ പ്രപഞ്ചസാരം ശക്ത്യന്മുഖമായ ഇച്ഛയാണ് – (will to power) ഒന്നിനും കീഴടങ്ങാതെ എല്ലാറ്റിനേയും കീഴടക്കി മുന്നേറുന്ന പരിധിയും പരിമിതിയുമില്ലാത്ത ഇച്ഛാശക്തി, സ്വന്തം ശക്തികൊണ്ട് സ്വന്തം ശക്തിയെത്തന്നെ പിന്നിട്ട് മുന്നേറുന്നു. ഇങ്ങനെ അപ്രതിഹതമായി പ്രവഹിക്കുന്ന പ്രപഞ്ചശക്തിയുടെ അവതാരമാണ് നീത്ഷെയുടെ അതിമാനുഷൻ. അതിമാനുഷന്റെ ഇച്ഛാശക്തിയാണ് സത്യത്തിന്റെയും മൂല്യത്തിന്റെയും എല്ലാം സ്രഷ്ടാവ്. അതിനാൽ തത്വചിന്തകൻ സത്യോപാസകന്റെ സ്ഥാനത്തുനിന്ന് സത്യത്തിന്റെയും മൂല്യത്തിന്റെയും സ്രഷ്ടാവിന്റെ സ്ഥാനമേറ്റെടുക്കണം. നിലവിലിരിക്കുന്ന മൂല്യങ്ങളെ തച്ചുടച്ച് പുതിയ മൂല്യങ്ങളെ സൃഷ്ടിക്കുകയാണ്. ദാർശനികന്റെ കടമ. നീത്ഷെയുടെ തന്നെ വാക്കുകളിൽ "എല്ലാം തകർക്കുന്ന സ്ഫോടകവസ്തുവാണ് തത്വചിന്തകൻ. ആജ്ഞകൾ നല്കുകയും നിയമങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നവനാണവൻ. അവന്റെ ഗവേഷണം സൃഷ്ടിയാണ്. അവന്റെ സൃഷ്ടി നിയമമാണ്. അവന്റെ സത്യേച്ഛ ശക്തീച്ഛയാണ്. പക്ഷേ സത്യത്തിന്റെയും മൂല്യത്തിന്റെയും അതീതത്വം തീർത്തും നിഷേധിക്കുന്ന മനുഷ്യൻ പ്രപഞ്ചവസ്തുക്കളുടെമേൽ തനിക്കുള്ള ഔന്നത്യത്തേയും സ്വാതന്ത്ര്യത്തേയുമാണ് ഫലത്തിൽ നിഷേധിക്കുന്നത്. അങ്ങിനെ പരിപൂർണ്ണമായ സ്വാതന്ത്ര്യത്തിനുവേണ്ടി തനിക്കതീതമായ എല്ലാറ്റിനെയും നിഷേധിച്ച നീത്ഷെയുടെ മനുഷ്യൻ അവസാനം പ്രാപഞ്ചിക ശക്തിയുടെ അന്ധമായ പ്രവാഹത്തിന് സ്വയം അടിയറവച്ചു.

പലതുകൊണ്ടും വ്യത്യസ്തമെങ്കിലും നീത്ഷെയുടെ ചിന്തയ്ക്ക് മാർക്സിസത്തോട് ശ്രദ്ധേയമായ ചില സാദൃശ്യങ്ങളുണ്ട്. ഒന്നാമതായി മാർക്സിന്റേതെന്നപോലെ നീത്ഷെയുടെ നിരീശ്വരത്വവും, വിധ്യാത്മകവും (positive)നിർമ്മാണപരവും (constructive) ആണ്. ദൈവനിഷേധത്തേക്കാൾ ഒരു പ്രത്യേക സ്വാതന്ത്ര്യ സങ്കല്പത്തിന്റെ ആവിഷ്കരണമാണ് അവ രണ്ടും. രണ്ടാമതായി മാർക്സിനെപ്പോലെ നീത്ഷെയുടെ ചിന്തയും മനുഷ്യന്റെ ചരിത്രപരമായ അന്തിമ വിമുക്തിയെ (historical eschatologism) വിഭാവനം ചെയ്യുന്ന ഒന്നാണ്. ഈ വിമുക്തിക്ക് ദൈവനിഷേധം അവശ്യം ആവശ്യമായിട്ടാണ് ഇരുവരും കാണുന്നത്. അവസാനമായി, മനുഷ്യനെ

സ്വതന്ത്രനാക്കാനുള്ള ഇരുവരുടേയും ശ്രമം മുമ്പത്തേതിലും ഭാര മേറിയ ചങ്ങലകളിൽ അവനെ കുടുക്കിയിടുകയാണ് ചെയ്യുന്നത്. മാർക്സ് മനുഷ്യസ്വാതന്ത്ര്യത്തെ സാമ്പത്തിക സംഘട്ടനങ്ങളിലും വർഗ്ഗസമരത്തിലും കുടുക്കിയിട്ടു. നീത്ഷെ പ്രപഞ്ചശക്തിയുടെ അന്ധവും അപ്രതിഹതവുമായ പ്രവാഹത്തിലും. പരാജയപ്പെട്ട സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രമാണ് ഇരുവരുടെയും ഈ പരാജയത്തിനു കാരണം. മനുഷ്യാതീതമായ എല്ലാത്തിന്റേയും നിഷേധവും.

നീത്ഷെയിലെന്നപോലെ സാർത്രിയൻ അസ്തിത്വവാദത്തിലും മനുഷ്യന്റെ സ്വാതന്ത്ര്യമാണ് സത്യത്തിന്റെയും മൂല്യത്തിന്റെയും ആത്യന്തികമായ ഉറവിടം. എങ്കിലും സ്വാതന്ത്ര്യമെന്താണെന്നു നിർണ്ണയിക്കുന്ന കാര്യത്തിൽ നീത്ഷെയും സാർത്രും ഭിന്നാഭിപ്രായക്കാരാണ്. നീത്ഷെയുടെ ദൃഷ്ടിയിൽ സ്വാതന്ത്ര്യം പ്രപഞ്ചസാരമായ ശക്തിയുടെ അവതാരമാണെന്നു മുമ്പു പറഞ്ഞുവല്ലോ. പ്രാപഞ്ചിക ശക്തിയുമായുള്ള ഈ താദാത്മ്യത്തിൽ സ്വാതന്ത്ര്യത്തിന്റെ സ്വകീയത നഷ്ടീഭവിക്കുന്നതെങ്ങിനെയെന്നും നം കണ്ടു. എന്നാൽ സാർത്രിനെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം തികച്ചും അനന്യമാണ്. പക്ഷേ സ്വാതന്ത്ര്യത്തെ അഭാവമാക്കിക്കൊണ്ടാണ് സാർത്ര് ഈ അനന്യതയെ സംരക്ഷിക്കുന്നതെന്നുമാത്രം. സാർത്രിയൻ സത്താശാസ്ത്രമനുസരിച്ച് അവബോധരഹിതവും അവ്യവസ്ഥിതവുമായ വസ്തുവാണ് (being in itself) സത്ത; സ്വാതന്ത്ര്യം (being for itself) ഈ സത്തയുടെ വിപരീതത്വവും വാച്യാർത്ഥത്തിൽ നിഷേധാത്മകവുമാണ്. മനുഷ്യാസ്തിത്വത്തെ മറ്റു വസ്തുക്കളിൽനിന്നു വേർതിരിക്കുന്നത് അവന്റെ ഉള്ളിൽ കുടികൊള്ളുന്ന ഈ നിഷേധാത്മകതയത്രേ. നിഷേധാത്മകനായ മനുഷ്യൻ തന്റെ ഉള്ളിലെ ശൂന്യതയെ ഇല്ലായ്മ ചെയ്യുവാൻ ആഗ്രഹിക്കുന്നു. പക്ഷേ തന്റെ ഉള്ളിലെ ഈ ശൂന്യതയെ ഇല്ലായ്മ ചെയ്യുക എന്നുവച്ചാൽ മനുഷ്യനെന്ന നിലയിൽ തന്നെതന്നെ ഇല്ലായ്മചെയ്യുകയെന്നാണർത്ഥം. കാരണം, സ്വാതന്ത്ര്യവും സാക്ഷാത്ക്കാരവും പരസ്പര വിരുദ്ധങ്ങളാണ്. പൂർണ്ണതയുള്ളിടത്ത് സ്വാതന്ത്ര്യമില്ല. സ്വാതന്ത്ര്യമുള്ളിടത്ത് പൂർണ്ണതയും. അതിനാൽ സ്വാതന്ത്ര്യത്തിന്റെയും പൂർണ്ണതയുടെയും സമ്മേളനമായ ദൈവം അയഥാർത്ഥമാണെന്നുമാത്രമല്ല തികഞ്ഞ വൈരുദ്ധ്യവുമാണ് സാർത്രിന്റെ ദൃഷ്ടിയിൽ. മനുഷ്യജീവിതത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. കാരണം, മനുഷ്യനെന്നത് ദൈവമായിതീരാനുള്ള വസ്തുസത്തയേയും സ്വാതന്ത്ര്യത്തേയും ഒരുമിച്ച് സാക്ഷാത്കരിക്കാനുള്ള ഉദ്യമമല്ലാതെ മറ്റൊന്നുമല്ല. സാർത്ര് പറയുന്നു "എന്റെ സ്വാതന്ത്ര്യം, ദൈവമായിതീരാനുള്ള തിരഞ്ഞെടുപ്പാണ്. എന്റെ എല്ലാ പ്രവൃത്തികളും പദ്ധതികളും ഈ തിരഞ്ഞെടുപ്പിനെ പ്രകാശിപ്പിക്കുകയും ഒരായിരം വിധത്തിൽ പ്രതിഫലിപ്പിക്കുകയുമാണ് ചെയ്യുന്നത്. പക്ഷേ ദൈവമില്ല. ഉണ്ടായിരിക്കുക സാധ്യവുമല്ല. അതിനാൽ എന്റെ സ്വാതന്ത്ര്യവും തിരഞ്ഞെടുപ്പുകളും പദ്ധതികളുമെല്ലാം അടിസ്ഥാനപരമായി വ്യർത്ഥമാണ്. ഒറ്റവാക്കിൽ "മനുഷ്യൻ വ്യർത്ഥമായ ഒരു വികാരാവേശമാണ്, "സ്വാതന്ത്ര്യം ഒരു ശാപവും.





സത്തയുടെ അതീതത്വത്തെ നിഷേധിക്കുന്ന ചിന്തയും അതീത സത്തയോടുള്ള ബന്ധത്തിൽ അധിഷ്ഠിതമല്ലാത്ത സ്വാതന്ത്ര്യവും നിഹിലിസത്തിലേ (ശൂന്യതാവാദം) ചെന്നവസാനിക്കു എന്നതിനു തെളിവാണ് ആധുനിക നിരീശ്വരത്വ ചിന്തയുടെ ചരിത്രം മുഴുവൻ തന്നെ. എങ്കിലും ഈ നിരീശ്വരസ്വാതന്ത്ര്യ സങ്കല്പത്തെ ഒരു വിട്ടുവീഴ്ചയും കൂടാതെ വികസിപ്പിക്കുകയും അതിന്റെ ആന്തരാർത്ഥത്തേയും അനന്തരഫലങ്ങളേയും നിസ്സങ്കോചം പ്രകാശിപ്പിക്കുകയും ചെയ്തത് മറ്റാരേയുംകാൾ സാർത്ര് അത്രേ. ഇങ്ങനെ നോക്കുമ്പോൾ ആധുനിക നിരീശ്വരത്വത്തിന്റെ ആത്മാവബോധം അടിക്കടി വളർന്ന് അതിന്റെ മൂർദ്ധന്യത്തിലെത്തുകയാണ്. എല്ലാം വ്യർത്ഥവും നിരർത്ഥകവുമാണെന്നു പ്രഖ്യാപിക്കുന്ന സാർത്രിയൻ ദർശനത്തിൽ

### 9. നിരീശ്വരചിന്ത സ്തംഭനാവസ്ഥയിൽ

"നാം നിഹിലിസത്തിലാണ്. ഈ നിഹിലിസത്തിൽനിന്ന് പുറത്തു കടക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? ഇതാണ് നമ്മുടെ ചിന്തയെ നയിക്കുന്ന പ്രശ്നം. എന്നാൽ ഈ യുഗത്തിന്റെ വ്യാധിയെ വിസ്മരിച്ചുകൊണ്ടോ അതിന്റെ അസ്തിത്വത്തെ നിഷേധിച്ചുകൊണ്ടോ രക്ഷപ്പെടാനുള്ള ശ്രമമായിരിക്കുകയില്ല അത്. അതിനെ (ആവ്യാധിയെ) പേരുചൊല്ലി വിളിക്കുകയും വിശദമായ രോഗപരിശോധന നടത്തുകയും ചെയ്തുകൊണ്ട് രോഗത്തിന്റെ മൂർദ്ധന്യത്തിൽ തന്നെ പ്രതിവിധി കണ്ടെത്തുകമാത്രമാണ് കരണീയം." പ്രത്യാശ (hope) എന്ന പൊതു ശീർഷകത്തിൽ ആൽബേർകാമ്യൂ (Albert Camus) ആരംഭിച്ച പ്രസിദ്ധീകരണ പരമ്പരയുടെ മുഖവുരയിൽ കാണുന്ന ഈ ഭാഗം നിരീശ്വരത്വത്തിന്റെ വികാസപരിണാമത്തിലെ ഒരു പുതിയ ഘട്ടത്തിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. നിരീശ്വരത്വത്തിന്റെ പാതയിലൂടെ മുന്നോട്ടു നീങ്ങി നിഹിലിസത്തിലെത്തിയ മനുഷ്യൻ അതിൽനിന്ന് പുറത്തു കടക്കാനാഗ്രഹിക്കുകയും ഉദ്യമിക്കുകയുമാണിവിടെ. താൻ ആരംഭിച്ച പ്രസിദ്ധീകരണപരമ്പരയിലെ പ്രത്യേക ഗ്രന്ഥങ്ങൾ നിഹിലിസത്തെ അംഗീകരിക്കുകയോ നിഷേ

ധിക്കുകയോ ചെയ്യുന്നതാവാം എന്ന് വ്യക്തമാക്കികൊണ്ട് കാമ്യൂ തുടരുന്നു. "എങ്കിലും അവയ്ക്കെല്ലാം പൊതുവായ ഒരു ലക്ഷ്യമുണ്ട്. നാമിന്ന് ജീവിക്കുന്ന മാരകമായ വൈരുദ്ധ്യത്തെ നിർവ്വചിക്കാനോ മറികടക്കാനോ ഉള്ള ഉദ്യമത്തിന്റെ ആവിഷ്ക്കരണങ്ങളായിരിക്കും അവയെല്ലാം. നാം തിരഞ്ഞെടുക്കേണ്ട സമയമായിക്കഴിഞ്ഞെങ്കിൽ ആ നിർബന്ധംതന്നെ പുരോഗതിയെയാണ് കാണിക്കുന്നത്. അതിനാൽ പ്രതീക്ഷയുടെ കാലമാണിതെന്ന ബോധം നമുക്കുണ്ടാകട്ടെ; കഠിനാദ്ധ്വാനവും ത്യാഗവുമാവശ്യപ്പെടുന്ന പ്രതീക്ഷയാണിതെങ്കിലും" തീർത്തും അപ്രസക്തമാണെന്ന ഭാവേന അവഗണിക്കപ്പെട്ടിരുന്ന ദൈവാസ്തിക്യത്തിന്റെ പ്രശ്നം ഒരിക്കൽകൂടി പ്രസക്തമാവാൻ തുടങ്ങുകയാണിവിടെ. പ്രശ്നപരിഹാരമുണ്ടായെന്നല്ല. പ്രത്യുത പരിഹാരമാവശ്യപ്പെടുന്ന ഒരു പ്രശ്നമാണതെന്ന് വ്യക്തമാവാൻ തുടങ്ങിയെന്നുമാത്രം. കാമ്യു പ്രസ്തുത പ്രശ്നം സൂക്ഷ്മമായി ആവിഷ്കരിക്കുന്നുണ്ട്. "ദൈവത്തെ തന്റെ ധാർമികമായ വിധിക്ക് അധീനനാക്കുന്ന നിമിഷം മനുഷ്യൻ ദൈവത്തെ സ്വഹൃദയത്തിൽ നിഗ്രഹിച്ചുകഴിഞ്ഞു. എങ്കിൽ ധാർമികതയുടെ അടിസ്ഥാനമെന്ത്? നീതിയുടെ പേരിലാണ് ദൈവം നിഷേധിക്കപ്പെടുന്നത്. പക്ഷേ നീതിയെന്ന ആശയംതന്നെ ദൈവമെന്ന ആശയം കൂടാതെ മനസ്സിലാക്കാൻ കഴിയുമോ? ഇവിടെ നാം നിരർത്ഥകതയുടെ മണ്ഡലത്തിലല്ലേ?" ഈ പ്രശ്നം കാമ്യൂവിന്റെ മാത്രമല്ല. സത്തയുടെ അതീതത്വത്തെ വിസ്മരിച്ച ഒരു സംസ്കാരത്തിന്റെ മുഴുവൻ പ്രശ്നമാണ്. കാരണം, എവിടെ സത്തയുടെ അതീതത്വം വിസ്മരിക്കപ്പെടുന്നുവോ അവിടെ ദൈവത്തേയും മനുഷ്യനേയും ഒരേ തട്ടിലേ വീക്ഷിക്കാനാവൂ. അങ്ങനെ വീക്ഷിക്കപ്പെടുമ്പോൾ ദൈവാസ്തിത്വത്തിന്റെ അംഗീകാരം മനുഷ്യസ്വതന്ത്ര്യത്തിന് ഭീഷണിയായേ കാണാൻ പറ്റു താനും. എങ്കിലും ഈ പ്രതിസന്ധി തരണംചെയ്യാൻ കഴിഞ്ഞേക്കുമെന്ന പ്രതീക്ഷയുടെയും സാക്ഷിയാണ് - നിരീശ്വരപാരമ്പര്യത്തിൽ തന്നെയുള്ള സാക്ഷിയാണ് - കാമ്യൂ.

കാമ്യൂവിനേക്കാൾ ഒരു പടികൂടി മുന്നോട്ടു കടന്ന് കാലത്തിന്റെ കുത്തൊഴുക്കിൽ ആലംബമില്ലാതെ ഒഴുകിനീങ്ങുന്ന മനുഷ്യനെ ശാശ്വതമായ ധാർമിക മൂല്യങ്ങളോട് ബന്ധപ്പെടുത്തി രക്ഷിക്കാനും നഷ്ടപ്പെട്ട സ്വാതന്ത്ര്യം വീണ്ടെടുക്കാനും സമകാലീന നിരീശ്വര ചിന്തകരുടെയിടയിൽ ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇതിന് തെളിവാണ് ഈ നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ സ്ഥാപിതമായ ഡച്ച് ഹ്യൂമനിസ്റ്റ് അസോസിയേഷൻ. പ്രസ്തുത അസോസിയേഷന് ദൈവത്തിൽ വിശ്വാസമില്ല. എങ്കിലും അടിസ്ഥാനപരമായ ധാർമികമൂല്യങ്ങൾ ശ്വാശ്വതങ്ങളും അലംഘനീയങ്ങളും വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അതീതങ്ങളും മനുഷ്യജീവിതത്തെ സംബന്ധിച്ചിടത്തോളം നിയാമകങ്ങളുമാണെന്ന് അവർ വിശ്വസിക്കുന്നു. ഹ്യൂമനിസ്റ്റ് ചിന്തകനായ ഡോക്ടർ വാൻ പ്രാഗ് (Dr. Van Praag) പറയുന്നു. "മൂല്യങ്ങളെ സംബന്ധിച്ച ഈ ധാർമിക സങ്കല്പം എല്ലാ മനുഷ്യരിലും ഒന്നാണെന്ന് ശാസ്ത്രീയമായി തെളിയിക്കുക സാദ്ധ്യമല്ലെങ്കിലും യഥാർത്ഥ സ്ഥിതി അതാണെന്ന് ഹ്യൂമനിസ്റ്റുകൾ വിശ്വസിച്ചിരുന്നു.... വസ്തുതകൾക്കു മാത്രമേ ഈ വിശ്വാസത്തിൽ എന്തെങ്കിലും മാറ്റം വരുത്താനാകൂ.

ധാർമ്മികമൂല്യങ്ങളെ സ്വീകരിക്കുകയും അതേസമയം ദൈവത്തെ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നതിന് ഹ്യൂമനിസ്റ്റുകൾ ഉന്നയിക്കുന്ന പ്രധാനകാരണമിതാണ്! അനുഭവമാണ് യാഥാർത്ഥ്യത്തിലേക്കുള്ള ഏക കവാടം. ദൈവം മനുഷ്യന്റെ അനുഭവത്തിന് വിഷയമാകുന്നില്ല. അടിസ്ഥാനപരമായ ധാർമിക തത്വങ്ങളാകട്ടെ അനുഭവജന്യവും മറ്റു തെളിവുകളൊന്നും കൂടാതെ തന്നെ അന്തഃപ്രജ്ഞയിൽ വ്യക്തവുമാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യാസ്തിത്വം ഘടനാപരമായിത്തന്നെ ധാർമികമാണ്. പുരുഷാത്മകനായ ദൈവത്തിന്റെ അംഗീകാരം ഉത്തരവാദിത്വപൂർണമായ ജീവിതത്തിനും തദ്വാരാ മനുഷ്യവ്യക്തിത്വത്തിനും ഒരു ഭീഷണിയാണെന്നുമുള്ള ഒരു ഭീതിയാണ് മറ്റൊരു കാരണം. പുരുഷാത്മകനായ ദൈവത്തിന്റെ അംഗീകാരം ഒരു ധാർമികജീവി എന്ന നിലയിൽ മനുഷ്യന്റെ അന്ത്യമായിരിക്കുമെന്ന നിക്കളായ് ഹാർട്ട്മാന്റെ (Nicolai Hartmann) പ്രഖ്യാപനത്തിൽ ഈ ഭീതി ഒരു തത്വത്തിന്റെ നിലയിലേക്കുയർത്തപ്പെടുകയാണ്. ആധുനിക നിരീശ്വരചിന്തകർ ഉന്നയിക്കുന്ന അടിസ്ഥാനപരമായ പ്രശ്നങ്ങളെന്ന നിലയിൽ ഇവയെ കുറേക്കൂടി വിശദമായി ഇവിടെ ചർച്ചചെയ്യുന്നത് ഉപകാരപ്രദമായിരിക്കും.

ദൈവാസ്തിക്യത്തിന്റെ അംഗീകാരം മനുഷ്യവ്യക്തിത്വത്തിന് ഒരു ഭീഷണിയാണെന്ന ഭീതി ഹെഗേലിയൻ ദൈവസങ്കല്പത്തെ സംബന്ധിച്ചിടത്തോളം പ്രസക്തമത്രേ. ഹെഗേലിയൻ വീക്ഷണത്തിൽ ദൈവം (absolute idea) ആത്മാവബോധം പ്രാപിക്കുകയും ആത്മസാക്ഷാത്കാരം കൈവരിക്കുകയും ചെയ്യുന്ന മാധ്യമം മാത്രമാണ്. മനുഷ്യാവബോധവും മാനുഷികപ്രവൃത്തികളും. അവയുടെ കർത്താവ് (subject) ആത്യന്തികമായി ദൈവമാണ്. എങ്കിൽ അവയുടെ ഉത്തരവാദിത്വവും ആത്യന്തികമായി ദൈവത്തിനായിരിക്കുമല്ലോ. ഇങ്ങനെയുള്ള ഒരു ദൈവത്തെ അംഗീകരിക്കുകയെന്നാൽ മനുഷ്യന് സ്വകീയമായ ഒരു ജീവിതവും പ്രവർത്തനവും ഇല്ലെന്നു


ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം

പറയുന്നതിന് സമമായിരിക്കും. അതായത് ഉത്തരവാദിത്വമുള്ള ഒരു വ്യക്തി (ധാർമികജീവി) എന്ന നിലയിൽ മനുഷ്യാസ്തിത്വത്തിന്റെ അന്ത്യമായിരിക്കും അത്. എന്നാൽ ദൈവത്തിന്റെ അതീതത്വത്തെ അംഗീകരിക്കുന്ന ഒരു ദൈവശാസ്ത്രവീക്ഷണത്തിൽ ഈ അപകടമില്ല. അവിടെ മനുഷ്യൻ മറ്റൊന്നിനും ഉപകരണമാകാൻ നിർബന്ധിതനാകുന്നില്ല. വ്യക്തിത്വത്തിന്റെ അലംഘനീയത നഷ്ടീഭവിക്കുന്നുമില്ല. ആസ്തികവീക്ഷണത്തിൽ (ക്രൈസ്തവവീക്ഷണത്തിലെങ്കിലും) മനുഷ്യജീവിതത്തിന്റെ കർത്താവ് (വാച്യാർഥത്തിൽ) മനുഷ്യൻ തന്നെയാണ്. (സർവദേവതാ വാദത്തിന്റെ എല്ലാ രൂപങ്ങളിൽനിന്നും, അതായത്, ആശയാത്മകസർവദേവതാവാദത്തിൽനിന്നും അതായത്, ആശയാത്മകസർവദേവതാവാദത്തിൽനിന്നും (idealistic panthesim) പ്രകൃത്യാത്മക സർവദേവതാവാദത്തിൽനിന്നും (naturalistic pantheism) ക്രൈസ്തവചിന്തയെ വേർതിരിക്കുന്ന പ്രത്യേകതതന്നെയാണിത്.) അതിനാൽ സ്വന്തം ജീവിതത്തെ കരുപ്പിടിപ്പിക്കാനുള്ള ഉത്തരവാദിത്വം പരിപൂർണമായും മനുഷ്യന്റേതാണ്. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണെന്നും മനുഷ്യ സ്വാതന്ത്ര്യം ദൈവികസ്വാതന്ത്ര്യത്തിലുള്ള പരിമിതമായ ഭാഗഭാഗിത്വമാണെന്നും സിദ്ധാന്തിക്കുന്നതോടൊപ്പം മനുഷ്യൻതന്നെയാണ് ദൈവമോ മറ്റെന്തങ്കിലുമോ അല്ല - മാനുഷിക കർമങ്ങളുടെ കർത്താവ് എന്നും ക്രൈസ്തവ ചിന്ത ഊന്നിപ്പറയുന്നുണ്ട്. മനുഷ്യാസ്തിത്വം ദൈവത്തിൽനിന്ന് ഭിന്നവും അതേസമയം ദൈവാസ്തിത്വത്തിലധിഷ്ഠിതവുമാണെന്നതാണ് മനുഷ്യനെ അനന്യനും സ്വതന്ത്രനും സ്വന്തം പ്രവർത്തനങ്ങളുടെ കർത്താവുമാകാൻ പ്രാപ്തനാക്കുന്നതുതന്നെ. അതിനാൽ ക്രൈസ്തവവിശ്വാസത്തിന്റെ കാഴ്ചപ്പാടിലും മനുഷ്യന്റെ ഭാവി അവന്റെതന്നെ കരങ്ങളിലാണ് ഭരമേല്പിക്കപ്പെട്ടിരിക്കുന്നത്. വിശ്വാസം തന്നെ ദൈവത്തിനു നൽകുന്ന സ്വതന്ത്രമായ പ്രത്യുത്തരമാണെന്നു പറയുമ്പോഴും മനുഷ്യവ്യക്തിത്വത്തിന്റെ ഈ അലംഘനീയതയെയാണ് ദൈവശാസ്ത്രം ഊന്നി പറയുന്നത്. ഇങ്ങനെ നോക്കുമ്പോൾ സ്വർഗനരകങ്ങൾതന്നെ മനുഷ്യസ്വാതന്ത്ര്യത്തിന്റെ ആത്യന്തികമായ സാധ്യതകളാണ്. അതിനാൽ ഈശ്വരവിശ്വാസം മനുഷ്യവ്യക്തിത്വത്തിന്റെ നിഷേധമാണെന്ന ധാരണ അടിസ്ഥാനരഹിതമത്രേ.

അടുത്തതായി പര്യാലോചിക്കേണ്ട പ്രശ്നം, ദൈവം അനുഭവവിഷയമല്ലാത്തതിനാൽ ദൈവാസ്തിക്യത്തെ എങ്ങനെ അംഗീകരിക്കാൻ കഴിയുമെന്നതാണ്. അനുഭവത്തോട് ഒരു വിധത്തിലും ബന്ധപ്പെടാത്ത സത്യം മനുഷ്യനെ സംബന്ധിച്ചിടത്തോളം അനഭിഗമ്യമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. പക്ഷേ മാനുഷികാനുഭവം സങ്കീർണ്ണമായ ഒരു പ്രതിഭാസമാണ്. നേരിട്ട് പ്രത്യക്ഷീഭവിക്കുന്നതു മാത്രമല്ല അനുഭവം ഉൾക്കൊള്ളുന്നത്. അതിനാൽ അനുഭവത്തോടുള്ള പ്രാതിഭാസിക സമീപനം (phenomenological approach) സമഗ്രമല്ല. അവബോധത്തിൽ അനുനിമിഷം നേരിട്ട് പ്രത്യക്ഷീഭവിക്കുന്നതു മാത്രമാണു സത്യമെങ്കിൽ അനുഭവത്തിന്റെ നൈരന്ത്യമോ (continuity) അഗാധതയോ വളർച്ചയോ മനസ്സിലാക്കുകതന്നെ സാധ്യമല്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം വൈജ്ഞാനികാനുഭവമെന്നത് അനുഭവബദ്ധമായ ചിന്തയാണ്. വിചിന്തനാത്മകത അനുഭവത്തോട് കൂട്ടിച്ചേർക്കപ്പെടുന്ന ഒന്നല്ല. മാനുഷികാനുഭവത്തിന്റെ ആത്മാവുതന്നെയാണ്. മാനുഷികാനുഭവത്തിന് ആഴം എന്നൊരു മാനം (dimension) ഉണ്ടാകുവാൻ കാരണമിതാണ്. അതിനാൽ മാനുഷികാനുഭവങ്ങളുടെ അർത്ഥവും ഉള്ളടക്കവും മുഴുവൻ ഉടനടി പ്രത്യക്ഷീഭവിക്കുന്നില്ല. അനുഭവത്തിലെ പരോക്ഷമായ ഉള്ളടക്കം പ്രത്യക്ഷീഭവിക്കുന്നത് വിചിന്തനത്തിലൂടെ മാത്രമാണ്. ഈ വിചിന്തനം അനുഭവത്തിന്റെതന്നെ ആന്തരികമായ തുടർച്ചയാണുതാനും. ഇങ്ങനെ നോക്കുമ്പോൾ അനുഭവത്തിന്റെ വിചിന്തനപൂർവ്വമായ തുടക്കം (Pre reflective experience) മാത്രമല്ല വിചിന്തനാത്മകമായ തുടർച്ചയും സത്യത്തിന്റെ അനാവരണത്തിൽ അതിപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്. ഇക്കാര്യം വിസ്മരിക്കുന്നതിലാണ് ദൈവമെന്ന ആശയം മനുഷ്യമനസ്സിന്റെ വിക്ഷേപണം (projection) ആണ് എന്ന ധാരണ ഉടലെടുത്തത്. അതായത് ദൈവാസ്തിക്യത്തെ സംബന്ധിക്കുന്ന പ്രശ്നം കേവലം മനുഷ്യമനസ്സിനെ സംബന്ധിക്കുന്ന പ്രശ്നമല്ല. നമുക്ക് അനുഭവവേദ്യമാകുന്ന യാഥാർത്ഥ്യത്തെ സംബന്ധിക്കുന്ന പ്രശ്നമാണത്. വാസ്തവത്തിൽ യാഥാർത്ഥ്യത്തിന്റെ ചലനാത്മക ഘടനയെ പിൻചെല്ലുക മാത്രമാണ് ദൈവത്തെ സംബന്ധിച്ച ആശയം രൂപപ്പെടുത്തുമ്പോൾ മനുഷ്യമനസ്സ് ചെയ്യുന്നത്.

അനുഭവത്തിന് പ്രത്യക്ഷവും പരോക്ഷവുമായ വശങ്ങളുണ്ടെന്ന വസ്തുത കണക്കിലെടുത്താൽ ധാർമ്മികമൂല്യങ്ങളുടെ ശാശ്വതത്വത്തേയും അലംഘനീയതയേയുംപറ്റിയുള്ള ഹ്യൂമനിസ്റ്റ് അനുഭവംതന്നെ സത്തയുടെ അതീതത്വം അതിനുപരി ദൈവത്തിന്റെ അസ്തിത്വവും പരോക്ഷമായി വെളിപ്പെടുത്തുന്നു എന്ന് കാണാൻ കഴിയും. കാരണം, മൂല്യങ്ങളുടെ അലംഘനീയതയ്ക്ക് അടിസ്ഥാനമെന്തെന്ന ചോദ്യം ഒന്നുകിൽ അവയുടെ മനുഷ്യാതീതമായ സദാത്മാധാരത്തിലേക്ക് നമ്മെ എത്തിക്കും. അല്ലെങ്കിൽ അവയുടെ അലംഘനീയത അടിസ്ഥാനരഹിതമാണെന്ന നിഗമനത്തിലെത്തി പ്രാരം

ഭാനുഭവത്തിന്റെതന്നെ വിലയെ ചോദ്യം ചെയ്യാൻ നാം നിർബന്ധ താരാകും. അതിനാൽ ധാർമ്മികമൂല്യങ്ങളുടെ അതീതത്വം അംഗീ കരിക്കുകയും അതേസമയം ദൈവാസ്തിക്യത്തെ നിഷേധിക്കു കയും ചെയ്യുന്ന ധാർമ്മിക ഹ്യൂമനിസ്റ്റുകളുടെ നിലപാട് താത്വിക മായി അടിയുറച്ചതാണെന്നു പറയുകവയ്യാ.

നിരീശ്വരത്വത്തെ സംബന്ധിച്ച സമഗ്രമായ ഒരു പഠനമല്ല ഈ ലേഖനം, നിരീശ്വരചിന്തയുടെ വികാസപരിണാമത്തിലെ സുപ്രധാ നമായ ചില ഘട്ടങ്ങളെ മനുഷ്യവ്യക്തിത്വത്തിന്റെയും സ്വാതന്ത്ര്യ ത്തിന്റെയും കാഴ്ചപ്പാടിലൂടെ വീക്ഷിച്ച് വിലയിരുത്താൻ മാത്രമാണ് പ്രധാനമായും ഇവിടെ ശ്രമിച്ചിട്ടുള്ളത്. എങ്കിലും പരിമിതമായ ഈ പരിചിന്തനത്തിൽനിന്നുതന്നെ ഒരു കാര്യം വ്യക്തമാകുന്നുണ്ട്. ദൈവം മനുഷ്യന്റെ പ്രതിയോഗിയും മനുഷ്യസ്വാതന്ത്ര്യത്തിന്റെ സംഹാരകനുമാണെന്ന നിരീശ്വര ഹ്യൂമനിസ്റ്റ് ചിന്ത ഭീമമായ ഒരു തെറ്റിദ്ധാരണയാണ്. യഥാർത്ഥത്തിൽ സജീവനും സർവ്വാതീതനു മായ ദൈവത്തോടുള്ള ബന്ധം മാത്രമാണ് മനുഷ്യസ്വാതന്ത്ര്യ ത്തിന്റെ ജീവനും അച്ചാരവും. അതിനാൽ ദൈവത്തിനെതിരേയുള്ള സമരം ഫലത്തിൽ മനുഷ്യനെതിരേയുള്ള സമരംതന്നെയാണ്. ആത്മഹത്യാപരമായ ഈ സമരത്തിലേയ്ക്ക് മനുഷ്യനെ തള്ളിവി ടുന്നതിൽ ദൈവവിശ്വാസികളുടെതന്നെ ജീവിത വൈകല്യങ്ങൾ അനല്പമായ പങ്കു വഹിച്ചിട്ടുണ്ടെന്നത് ഖേദകരമായ ഒരു വസ്തു തയത്രേ.

**ഫാ. ജോർജ് പുതുമന,**

*ക്രിസ്തുദർശനം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1975



# 10

# ക്രിസ്തീയ ആവിഷ്ക്കരണം ഭാരതീയ ദൃഷ്ടിയിൽ

(ഡോ. രാധാകൃഷ്ണന്റെ വീക്ഷണങ്ങൾ)

**വത്തിക്കാനിൽ കണ്ട തുറന്ന മനഃസ്ഥിതി**

പലതുകൊണ്ടും പുരോഗമനാത്മകമായ രണ്ടാം വത്തിക്കാൻ സൂനഹദോസ് അക്രൈസ്തവമത ങ്ങളെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണത്തിൽ വിപ്ലവകരമായ വ്യതിയാനം വരുത്തി. കൗൺസിൽ പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നതുപോലെ, ചരിത്രത്തിൽ ആദ്യമായിട്ടാണു സഭ ഇതരമതങ്ങളുടെ നേർക്ക് ഇത്രമാത്രം തുറന്ന മനഃസ്ഥിതി പ്രകടമാക്കു ന്നത്. ഇത്രനാളും ഇതരമതങ്ങളിൽ എന്തെങ്കിലും ആദ്ധ്യാത്മികമൂല്യങ്ങളുണ്ടെന്ന് ക്രൈസ്തവ ചിന്തക രിൽ അധികമാരും വകവച്ചുകൊടുത്തിരുന്നില്ല. മാത്രമല്ല, അവയെല്ലാം പൈശാചിക പ്രസ്ഥാനങ്ങ ളാണെന്നുവരെ 'തീക്ഷ്ണതനിറഞ്ഞ' ചില മിഷനറി മാർ വിശ്വസിച്ചു പോന്നു.

രക്ഷാകര സത്യങ്ങളുടെ പരിപാലികയായി ദൈവം സഭയെ നിയമിച്ചാക്കിയെന്നതു വാസ്തവം തന്നെ. എന്നാൽ, ആ സത്യത്തെ അടിസ്ഥാനമാക്കി ചിന്തിച്ച പലരും അതിന്റെ മറുവശം കണ്ടിരുന്നില്ല. അവർ സഭയെ സത്യത്തിന്റെ സർവ്വാധിപതിയായി ചിത്രീകരിച്ചത് മറ്റു മത നേതാക്കൾക്ക് അരോചക മായി അനുഭവപ്പെട്ടു. ''സഭയ്ക്കു പുറത്തു

രക്ഷയില്ലെന്ന പാരമ്പര്യ വിശ്വാസം, മറ്റു മതങ്ങളിൽ പ്രത്യക്ഷ അംഗങ്ങളായി ജീവിച്ചു മരിച്ചാൽ രക്ഷപ്രാപിക്കുക സാധ്യമല്ലെന്ന വ്യാഖ്യാനം, ഇതര പണ്ഡിതന്മാർക്കു തികച്ചും അഗ്രാഹ്യമായിരുന്നു. അവർ തങ്ങളുടെ മതങ്ങളി ലെ അമൂല്യസത്യങ്ങൾ നിരത്തിവെച്ചുകൊണ്ട് ഒരുതരം 'പ്രത്യാക്രമണം' തുടങ്ങിയപ്പോൾ മാത്രമാണ് 'കുത്തക പണ്ഡിതന്മാരുടെ' പഠനങ്ങളിൽ പലർക്കും സംശയം തോന്നിയത്. ഇതര മതങ്ങളെക്കുറിച്ചു പുത്തൻപഠനങ്ങളാരംഭിക്കുന്നതിന് ഇതുവഴി തെളിയിച്ചു. അതിന്റെ ഫലമാണ് രണ്ടാം വത്തിക്കാൻ സൂനഹദോസിലെ പ്രത്യക്ഷമായ വിശാലവീക്ഷണം.

എല്ലാ മതങ്ങളിലെയും ജീവിതരീതിയും പഠനങ്ങളും 'സകലരേയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ' രശ്മിയെ മങ്ങിയ രീതിയിലെങ്കിലും പ്രതിഫലിപ്പിക്കുന്നുണ്ടെന്ന് കൗൺസിൽ പിതാക്കന്മാർ അംഗീകരിച്ചു. സത്യത്തിന്റെ കിരണങ്ങൾ എവിടെനിന്നായാലും സംരക്ഷിക്കപ്പെടേണ്ടതാണ്. കുറവുകളും കുറ്റങ്ങളും നീക്കിക്കളഞ്ഞാൽ അവ ദൈവമഹത്വത്തെ പ്രകീർത്തിക്കും. അതുകൊണ്ടാണ് കൗൺസിൽ നമ്മോടാവശ്യപ്പെടുന്നത്, പ്രധാനപ്പെട്ട എല്ലാ സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിലും ദൈവശാസ്ത്രപരമായ പഠനങ്ങൾ നടത്തുവാൻ.

പരാശക്തിയെ കാണുവാൻ ഹിന്ദുമതത്തിലേതിനേക്കാൾ വലിയ ഒരന്വേഷണം സ്വാഭാവികതലത്തിൽ ലോകം ദർശിച്ചിട്ടില്ല. അതിനാൽ അടിസ്ഥാനപരമായ ആദ്ധ്യാത്മികസത്യങ്ങളെക്കുറിച്ചുള്ള ഹൈന്ദവചിന്താഗതിയുമായി ക്രൈസ്തവ വീക്ഷണം തട്ടിച്ചുനോക്കി വിലയിരുത്തുക ഇന്നിന്റെ ഒരാവശ്യമാണ്: അതു നാളെയുടെ ഡയലോഗിന് ഒരുക്കവുമായിരിക്കും.

കത്തോലിക്കാസഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ദൈവാവിഷ്ക്കരണത്തിന്മേലാണ്. ജീവിക്കുന്ന ദൈവത്താൽ വെളിപ്പെടുത്തപ്പെട്ട എല്ലാ സത്യങ്ങളും ഉൾക്കൊള്ളുന്ന ഒരേ ഒരു മതം ക്രിസ്തുമതം മാത്രമാണെന്ന് സഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. മററു മതങ്ങളുടെ അസ്തിത്വംതന്നെ സഭയുടെ ഈ അവകാശവാദത്തിന്റെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണ്. സാമൂഹികമോ സാംസ്കാരികമോ സാമ്പത്തികമോ ആദ്ധ്യാത്മികമോ എന്നല്ല ഏതു രംഗത്തായാലും നടുനായകത്വം തങ്ങൾക്കാണെന്നു ആരെങ്കിലും അവകാശവാദം നടത്തിയാൽ അതു സമ്മതിച്ചുകൊടുക്കാൻ ഇന്ന് അധികമാരും കാണുകയില്ല. പടിഞ്ഞാറൻ രീതിയിൽത്തന്നെവേണം ഇൻഡ്യയിലും സത്യാന്വേഷണം നടത്തുക എന്നുപറയുക വയ്യാ. മറ്റു മതസ്ഥരുടെ ആശയങ്ങ





ളിൽനിന്നു തീർത്തും ഒഴിഞ്ഞുമാറി ജീവിക്കുക ഇന്നത്തെ ക്രൈസ്തവന് സാദ്ധ്യമല്ലതന്നെ. കാരണം, സാങ്കേതികപുരോഗതി ലോകം മുഴുവനേയും നമ്മടെ അയൽ പക്കത്തെത്തിച്ചിരിക്കയാണ്. ഈ പ്രത്യേക ജീവിതസാഹചര്യം ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഓളങ്ങൾ ഇളക്കിവിടുന്നുണ്ട്. മററു സാമൂഹ്യ വ്യവസ്ഥിതികൾ, സാംസ്കാരികാചാരങ്ങൾ, രാഷ്ട്രീയ ചിന്താഗതികൾ എല്ലാം നമ്മുടെ ജീവിതത്തെ അസ്ഥിത്വപരമായി ത്തന്നെ സ്പർശിക്കുന്നു. അങ്ങനെ മറ്റു മതങ്ങൾ ഇന്നു ക്രിസ്തുമതത്തിന്റെ സമുന്നതപദവിയെ ചോദ്യംചെയ്യുന്നതോടൊപ്പം സ്വീകാര്യമായ പുതിയ മാർഗ്ഗങ്ങളായി നമ്മുടെ മുമ്പിൽ സ്വയം അവതരിപ്പിക്കുകയും ചെയ്യുന്നു.

ഭാരത ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവന്റെ വിശ്വാസത്തിന്മേൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന മറ്റൊരു മതം ഹിന്ദുമതമാണ്. അതിനെ ക്രിസ്തുമതത്തെക്കാൾ മെച്ചപ്പെട്ട ജീവിതരീതിയായി ഉയർത്തിക്കാട്ടാൻ നാളുകളായി ഹൈന്ദവ ബുദ്ധിരാക്ഷസന്മാർ കിണഞ്ഞു ശ്രമിക്കുന്നുണ്ട്. അവരിൽ അഗ്രിമ സ്ഥാനം കരസ്ഥമാക്കിയിരിക്കുന്നത് ആധുനികഭാരതത്തിലെ ഏറ്റം വലിയ തത്വജ്ഞാനിയായ ഡോ. രാധാകൃഷ്ണൻതന്നെ.

എല്ലാ പ്രധാന ക്രൈസ്തവമൂല്യങ്ങളും രാധാകൃഷ്ണൻ തന്റെ വീക്ഷണകോണത്തിലൂടെ നോക്കിക്കണ്ടിട്ടുണ്ട്. പലതും ആദ്ധ്യാത്മികതയുടെ ബദ്ധശത്രുക്കളായിട്ടു മാത്രമാണ് അദ്ദേഹം കാണുന്നത്: അടിസ്ഥാനപരമായ പല ക്രൈസ്തവതത്വങ്ങളേയും ഹൈന്ദവീകരിക്കുവാനും ഒരു ശ്രമം നടത്തിയിട്ടുണ്ട്.

ക്രിസ്തുമതത്തിന്റെ അസ്തിവാരം ദൈവ വെളിപാടാണ്. ദൈവം ചരിത്രത്തിലേക്കിറങ്ങിവന്ന് മനുഷ്യനുമായി ആശയ വിനിമയം നടത്തിയിട്ടുണ്ടെന്ന് ലോകമതങ്ങൾ എല്ലാംതന്നെ സമ്മതിക്കും. രാധാകൃഷ്ണൻ ദൈവാവിഷ്ക്കരണത്തെ നിഷേധിക്കുന്നില്ല. എങ്കിലും ആവിഷ്ക്കരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രതിപാദനം ക്രൈസ്തവ വിശദീകരണത്തിൽനിന്ന് തുലോം വിഭിന്നമാണ്. അതിനുകാരണം, മനുഷ്യപ്രകൃതിയെക്കുറിച്ചും ദൈവസ്വഭാവത്തെക്കുറിച്ചും അദ്ദേഹത്തിനുള്ള ധാരണ ക്രൈസ്തവന്റേതിൽനിന്ന് അകന്നതാണെന്നതുതന്നെ എല്ലാം വിവരിക്കുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ചിലതിലേക്കു വിരൽ ചൂണ്ടുകമാത്രം ചെയ്യാം.

**അവിദ്യക്കധീനമായ ബുദ്ധി**

ബുദ്ധിക്ക് അമിതപ്രാധാന്യം നല്കുന്നതിന്റെ പേരിൽ പടിഞ്ഞാ

റൻ ചിന്തകന്മാരെ ഒന്നടങ്കം രാധാകൃഷ്ണൻ കുറ്റപ്പെടുത്തുന്നു. മായയുടെ അപാരശക്തിക്കടിമപ്പെട്ട് കേവലത്വം നഷ്ടപ്പെട്ട ബുദ്ധിക്ക് വസ്തുതയെ അതിന്റെ തനിരൂപത്തിൽ ഒന്നായിക്കാണുന്നതിന് കഴിവില്ല: ഭാഗികമായും വികലതയോടുകൂടിയും മാത്രമേ കാണുന്നുള്ളു. അതുകൊണ്ട് വസ്തുതയുടെ നിജാവസ്ഥയും ഗ്രഹിയ്ക്കപ്പെട്ട രൂപവും തമ്മിൽ അന്തരമുണ്ട്. ഒന്നും അപ്രമാദപരമായി കാണുവാൻ ബുദ്ധിക്കു കഴിവില്ല. തന്റെ തത്വശാസ്ത്രത്തിലെ അടിസ്ഥാനപരമായ ഈ സിദ്ധാന്തവുമായിട്ടാണ് രാധാകൃഷ്ണൻ ദൈവശാസ്ത്രത്തിലേക്കു കടന്നുവന്നത്. ഫലമോ? ദൈവത്തെക്കുറിച്ച് ഒന്നുംതന്നെ പ്രമാദരഹിതമായി തീർത്തുപറയാൻ പോന്നതല്ല മനുഷ്യന്റെ ധിഷണാശക്തി എന്നദ്ദേഹം കരുതുന്നു. ഈ വീക്ഷണഗതിയനുസരിച്ച്, ക്രൈസ്തവ ചിന്താവേദിയിൽ സ്ഥിരപ്രതിഷ്ഠയാർജ്ജിച്ച പല തത്വങ്ങൾക്കും വാദങ്ങൾക്കും തെളിവുകൾക്കും കാര്യമായ വിലയൊന്നുമില്ല. ആസ്തിക്യവാദത്തിനനുകൂലമായുള്ള സെന്റ് തോമസിന്റെ പ്രസിദ്ധിയാർന്ന അഞ്ച് ഉപപംക്തികൾ ഒന്നും അനിഷേധ്യമായി തെളിയിക്കുന്നില്ലെന്നും ദൈവാസ്തിത്വം വെറും ഊഹം മാത്രമായി അവശേഷിക്കുന്നെന്നും അദ്ദേഹം അനുമാനിക്കുന്നു. ചുരുക്കത്തിൽ, ബുദ്ധിക്കും യുക്തിക്കും തത്വശാസ്ത്രത്തിലെന്നപോലെ ദൈവശാസ്ത്രത്തിലും രാധാകൃഷ്ണൻ ആത്യന്തികമായ വില കല്പിക്കുന്നില്ല. സത്യത്തെ അതിന്റെ തനിഭാവത്തിൽ ഗ്രഹിക്കാൻ ബുദ്ധിക്കു കഴിവുപോരാ. ആധ്യാത്മികാനുഭൂതിയിലൂടെ വേണം അതു സാധിക്കുക.

**അനുഭൂതിയിലൂടെമാത്രം ഈശ്വരജ്ഞാനം**

ബാഹ്യമായ ഒന്നിനേയും ആശ്രയിച്ച് ദൈവത്തെക്കുറിച്ചുള്ള പരമാർത്ഥജ്ഞാനം കിട്ടുകയില്ല. കാരണം അവിടുന്നു നമുക്ക് ആന്തരികനാണ്. അത്രയുമല്ല, അത്യഗാധതലങ്ങളിൽ മാനുഷികോണ്മയും ദൈവവും രണ്ടല്ല, ഒന്നാണ്. ബുദ്ധിയേക്കാൾ കൂർമ്മയേറിയ ഒരു ശക്തി മനുഷ്യനുണ്ട് – അതിനെ 'സഹജാവബോധ'മെന്നോ ബോധമെന്നോ വിളിക്കാം. അതിനുമാത്രമേ നമ്മുടെ അസ്തിത്വത്തിന്റെ ഉപരിതലത്തെ തുളച്ച് അടിത്തറവരെ എത്തുന്ന ഉൾക്കാഴ്ചയുള്ളൂ. അനിർവ്വചനീയമായ ആ ഉള്ളുണർവ്വിൽ മായയുടെ പിടിയിൽനിന്നു മനുഷ്യൻ മുക്തനാകും. ദൈവം നമ്മുടെ യഥാർത്ഥസത്തയിൽനിന്നു വ്യത്യസ്തനല്ലെന്നും നാം അനുഭവിച്ചറിയും. ആ അനുഭൂതിമാത്രമാണു ദൈവാസ്തിത്വ ത്തിന്റെ അനിഷേധ്യമായ തെളിവ്. ദൈവത്തെ ഒരഭ്യൂഹം മാത്രമായി യുക്തി അവതരിപ്പിക്കുമ്പോൾ അവിടുത്തെ അനുഭവ വിഷയമാക്കി





ത്തരുന്നു സഹജാവബോധം. ഭാഷയേയും വാക്കുകളേയും പ്രതിഭയുടെ ഭാവനയെപ്പോലും മറികടക്കുന്ന സർവ്വാതിശായിയായ ഒരുതരം ജ്ഞാനമാണിത്. മോശയും സെന്റ് പോളും മാത്രമല്ല, സോക്രട്ടീസും പ്ലേറ്റോയും പ്ലോട്ടീനസും, പോർഫിറിയും സെന്റ് അഗസ്റ്റിനും ഡാന്റെയും – അങ്ങനെ ഒട്ടനവധിയാളുകൾ ദൈവത്തെ നേരിട്ടറിഞ്ഞവരുടെ ഗണത്തിൽപ്പെടുന്നു. കുമിഞ്ഞു കൂടുന്ന സാക്ഷിപത്രങ്ങളെ നിഷേധിക്കാതെ, സഹജാവബോധ ത്തിൽ ദൈവവുമായി മനുഷ്യൻ താദാത്മ്യം പ്രാപിക്കുമെന്ന തന്റെ സിദ്ധാന്തത്തെ നിഷേധിക്കുക വയ്യെന്നതാണ് രാധാകൃഷ്ണൻ തന്റെ സുപ്രസിദ്ധമായ "An Idealist View of Life" എന്ന ഗ്രന്ഥത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന വാദഗതി (Cfr. pp. 71-72). ഉൾക്കാഴ്ചയെക്കുറിച്ചുള്ള ഉപനിഷത്ബദ്ധമായ ഈ പ്രത്യേക ധാരണയാണ് ദൈവാവിഷ്ക്കാരണത്തെ സംബന്ധിച്ച അദ്ദേഹത്തിന്റെ പ്രതിപാദനങ്ങളെ നിയന്ത്രിക്കുന്നത്.

**ആവിഷ്ക്കരണം: മതത്തിലും ശാസ്ത്രത്തിലും**

ക്രൈസ്തവ വീക്ഷണത്തിൽ ശാസ്ത്രീയപ്രചോദനവും ദൈവിക വെളിപാടും തമ്മിൽ അനല്പമായ അന്തരമുണ്ട്. ഒന്നിന്റെ ഉറവിടം മനുഷ്യനാണെങ്കിൽ മറ്റേതിന്റേതു ദൈവമാണ്. രാധാകൃഷ്ണനാകട്ടെ, അവ തമ്മിൽ വസ്തുനിഷ്ഠമായ എന്തെങ്കിലും വ്യത്യാസം കാണുന്നില്ല. "Religion in a Changing World " എന്ന പുസ്തകത്തിൽ അദ്ദേഹം എഴുതുന്നു " ആഴമായി ചിന്തിക്കുകയാണെങ്കിൽ കാണുവാൻ സാധിക്കും, മതങ്ങളിൽ ഉണ്ടെന്നു പറയപ്പെടുന്ന വെളിപാട് സയൻസിലേതിൽനിന്ന് വ്യത്യസ്തമല്ലെന്ന്. യുക്തിയുടെ അനുമാനവും വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്തതിന്റെ ഫലവുമാണ് ശാസ്ത്രവിജ്ഞാനമെന്നും ആവിഷ്ക്കരണത്തിന്റെ ഫലമാണു മതസത്യങ്ങളെന്നും നാം സങ്കല്പിക്കുന്നു. മിക്കവാറും വെളിപാടുപോലെ തന്നെയാണു ശാസ്ത്രത്തിലെ സുപ്രധാന അനുമാനങ്ങളും പൊന്തിവന്നിട്ടുള്ളത്. മതത്തിലും സയൻസിലെന്നപോലെ ഭാവന കുടികൊള്ളുമ്പോഴാണ് ഉപജ്ഞയും സൃഷ്ടിയും സംഭവിക്കുക. അല്ലാതെ വസ്തുതകൾ നിമിത്തമല്ല" (cfr. p. 74). ഇങ്ങനെ നോക്കുമ്പോൾ കല ലിററർജിയും, കലാകാരനും കവിയും ശാസ്ത്രജ്ഞനുമൊക്കെ പുരോഹിതന്മാരുമാണ്. ചുരുക്കത്തിൽ, രാധാകൃഷ്ണന്റെ വീക്ഷണത്തിൽ, ദൈവാവിഷ്കരണവും ആധ്യാത്മികാനുഭൂതിയും ഒന്നുതന്നെ. ആദ്ധ്യാത്മികാനുഭൂതിയാകട്ടെ, ശാസ്ത്രീയ ധിഷണാപ്രഭാവത്തിലും കലാസൃഷ്ടിയിലും മതപരമായ സത്യങ്ങളിലും പ്രത്യക്ഷീഭവിക്കുന്നു.

## അതിസ്വാഭാവികത, രാധാകൃഷ്ണന്റെ വീക്ഷണത്തിൽ

ജീവാത്മാവും പരമാത്മാവും തമ്മിലുള്ള അവ്യതിരിക്തതയാണ് ഉപനിഷത്തുകളുടെ അടിസ്ഥാന തത്വം. ഈ തത്വത്തെ മുറുകെ പിടിച്ചുകൊണ്ടാണ് രാധാകൃഷ്ണന്റെ ദൈവശാസ്ത്രം മുന്നേറുന്നത്. സാർവ്വാതിശായിയായ പരമസത്ത തികഞ്ഞ അർത്ഥത്തിൽ മനുഷ്യന് ആന്തരികമാണ്. ഒരേ വസ്തുവിന്റെ ഇരുവശങ്ങൾ പോലെമാത്രമേ സർവ്വാതിശായിയായ ദൈവവും ആന്തരികനായ ദൈവവും വ്യതിരിക്തമാകുന്നുള്ളൂ. അതുകൊണ്ട്, രാധാകൃഷ്ണന്റെ ദൃഷ്ടിയിൽ സ്വാഭാവിക മണ്ഡലവും അതിസ്വാഭാവിക മണ്ഡലവും ഗാഢബദ്ധമാണ്. കാലികമായവ കാലാതീതമായവയെ പ്രദ്യോതിപ്പിക്കുക മാത്രമല്ല, ഒന്നു മറ്റതിനോട് സത്താപരമായി ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ആദ്ധ്യാത്മികലോകം ഭൗതികലോകത്തിൽ നിർലീനമായി കിടക്കുന്നു. ഭൗതികമായതിൽനിന്ന് തികച്ചും വേർപെട്ട് മറ്റൊരു മണ്ഡലമില്ല. ലോകം സത്തയിൽ ആദ്ധ്യാത്മികമാണ്; മനുഷ്യൻ ദൈവികനും. അതുകൊണ്ടാണ്, രാധാകൃഷ്ണൻ പറയുന്നത്: "സ്വാഭാവികമായത് അതിന്റെ യഥാർത്ഥ ആഴത്തിലും അനന്തതയിലും അതിസ്വാഭാവികംതന്നെ" യെന്ന് (An Idealist View of Life). അപ്പോൾ കാലികവും നിത്യവും, ഭൗതികവും ആദ്ധ്യാത്മികവും എല്ലാം ഒരേ മണ്ഡലത്തിൽപ്പെടുന്നു. അതിനെ സ്വഭാവികമെന്നോ അതിസ്വഭാവികമെന്നോ എങ്ങനെവേണമെങ്കിലും വിളിക്കാം. എന്തെങ്കിലും ശേഷിക്കുന്നെങ്കിൽ അത് ആത്യന്തികമായി അർത്ഥമില്ലാത്ത മായയാണ്. മനുഷ്യന്റെ പരമാന്ത്യത്തെ സംബന്ധിച്ചിടത്തോളം ഏറ്റം ആശാവഹമായ ഒന്നാണ് ഈ പഠനമെന്ന് രാധാകൃഷ്ണൻ അവകാശപ്പെടുന്നു. കാരണം, വ്യതിയാനത്തിനും മരണത്തിനും വിധേയമായ ശാരീരിക ജീവിതത്തിൽനിന്നുള്ള മുക്തിമാർഗ്ഗം ഈ പഠനം നമ്മെ കാണിച്ചു തരുന്നു. മനുഷ്യനു ദൈവമനുഷ്യനാകാനുള്ള വഴി നമ്മെ പഠിപ്പിക്കുന്നു.

## വെളിപാടിന്റെ ഉറവിടം

ജീവാത്മാവ് പരമാത്മാവിൽനിന്ന് അനന്യമെങ്കിൽ വെളിപാടിന്റെ ഉറവിടം മനുഷ്യന് ആന്തരികമാണ്. അതു മനുഷ്യ ശക്തിയാൽ പ്രാപ്യവുമാണ്. Recovery of Faith എന്ന ഗ്രന്ഥത്തിൽ ഡോക്ടർ രാധാകൃഷ്ണൻ വിശദീകരിക്കുന്നു; "സാധാരണ മനസ്സിനെക്കാൾ വളരെയേറെ സമുന്നതമായ ഒരു മനസ്സുണ്ട് മനുഷ്യന് . മനസ്സിന്റെ ഉപരിതലത്തിൽ നാം വിചാരങ്ങൾക്ക് രൂപം നല്കുന്നു; ധ്യാനമണ്ഡലം അങ്ങ് ആഴത്തിലാണ്. പ്രചോദനം ആത്മാവിന് അപ്പുറത്തുനിന്നു വരുന്നതായി നാം സങ്കല്പിക്കുന്നു. അതിന്റെ ഉത്ഭവം ആത്മാവിൽനിന്നാണ്, പ്രതിഭയുടെ ഭാവനയ്ക്കപ്പുറത്തുനിന്ന്"(p. 170 ) മായയുടെ ഈ ലോകത്തിൽ ദ്വൈതമായ അസ്തിത്വത്തിൽ ആയിരിക്കുന്നിടത്തോളംകാലം നമ്മുടെ ബുദ്ധി നമ്മുടെതന്നെ അന്യമായിക്കണ്ട് അതിന് എതിരായി നിലകൊള്ളുന്നു. ഈ ദ്വൈതാവസ്ഥയ്ക്കപ്പുറത്തേയ്ക്കു നാം എത്തിനോക്കണം. നമ്മുടെ പ്രത്യക്ഷമായ വ്യക്തിത്വവും അതിനടിയിലെ യഥാർത്ഥ വ്യക്തിത്വവും തമ്മിൽ വേർതിരിക്കുന്ന കർട്ടൻ തട്ടിനീക്കാൻ കഴിയുമെങ്കിൽ നമ്മുടെ യഥാർത്ഥസത്തയുടെ ആഴത്തിലേ ദൈവികത പ്രത്യക്ഷമാകും. ദൈവികകാര്യങ്ങൾ ആധ്യാത്മിക ചക്ഷുസ്സുകൾക്ക് ഗോചരീഭവിക്കും. ദൈവവുമായുള്ള താദാത്മ്യ പ്രാപ്തികൊണ്ട്, സത്യത്തിന്റെ പരംപൊരുളുമായി നമുക്കു നേരിട്ടു സമ്പർക്കം പുലർത്താൻ സാധിക്കും. അപ്പോൾ വ്യതിരിക്തതകൾ ഇല്ലാതാവുകയും ദ്വൈതാവസ്ത അപ്രത്യക്ഷമാവുകയും ചെയ്യും– ആവിഷ്ക്കരണം സംഭവിക്കുന്നു. ഇങ്ങനെ ആവിഷ്കരണ കർത്താക്കളാകുവാൻ Eastern Religions - and Western Thought എന്ന പുസ്തകത്തിൽ രാധാകൃഷ്ണൻ നമ്മെ ആഹ്വാനം ചെയ്യുന്നു.

ക്രിസ്തുമതം പഠിപ്പിക്കുന്ന അതിസ്വാഭാവിക ആവിഷ്ക്കരണവും രാധാകൃഷ്ണന്റെ വീക്ഷണത്തിൽ മനുഷ്യാത്മാവിൽ നിന്നുതന്നെ രൂപംകൊണ്ടിട്ടുള്ളതാണ്. അതിനാൽ ആവിഷ്കൃത സത്യങ്ങൾ എന്നു വിശേഷിപ്പിച്ച് ക്രിസ്തുമതം പഠിപ്പിക്കുന്നവ മറ്റു മതങ്ങളുടെ പഠനങ്ങളെക്കാൾ ഒരു തരത്തിലും വിശിഷ്ടങ്ങളല്ല. എല്ലാം സഹജാവബോധ (Intuition) ത്തിലെ അനുഭൂതി വാക്കുകളിൽ പകർത്തിയിരിക്കുന്നതാണ്. വാക്കുകളാകട്ടെ, വികലമായ ഭാവനയുടെ ഉപകരണങ്ങളാണ്. അതുകൊണ്ട് ഉദീകരണം ചെയ്യപ്പെട്ട സത്യങ്ങളൊക്കെ ഭാഗികമായും വികലമായും മാത്രമേ ആവിഷ്കൃതമാകുന്നുള്ളൂ. മററു വാക്കുകളിൽ, മതത്തിന്റെ പഠനങ്ങളിൽ പൂർണ്ണ സത്യം ഓരോ വ്യക്തിക്കും സ്വപ്രയത്നത്താൽ സഹജാവബോധത്തിൽ അനുഭവിച്ചറിയാനേ പറ്റൂ.

## ആവിഷ്കരണത്തിന്റെ ചരിത്രപരത

മനുഷ്യനു പുറത്തുനിന്നുവരുന്ന വെളിപാട് ആവശ്യമില്ല. നിയതമായ നിയമങ്ങളനുസരിച്ചു നീങ്ങിക്കൊണ്ടിരിക്കുന്ന പ്രാപഞ്ചികപരിണാമംതന്നെ അനുനിമിഷം വികസ്വരമായിക്കൊണ്ടിരിക്കുന്നതാണ്. അതിനാൽ ചരിത്രത്തിൽ കടന്നു വന്ന് ഒരു ജനതയോടുമാത്രമായി വെളിപ്പെടുത്തുന്ന ദൈവം മനുഷ്യന്റെ സ്വാതന്ത്ര്യത്തിന്മേലാണ് കൈവെച്ചിരിക്കുന്നത്. അവിടുന്ന് അപ്പോൾ പക്ഷപാതപരമായി പ്രവർത്തിക്കുന്നു എന്നുപോലും

സമ്മതിക്കേണ്ടിവരും.

ക്രിസ്തീയ വീക്ഷണത്തിൽ ബാഹ്യമായ ആവിഷ്കരണത്തിന് അമിതപ്രാധാന്യം നൽകുന്നു എന്നാണ് രാധാകൃഷ്ണന്റെ അഭിപ്രായം. ആവിഷ്കൃതങ്ങളെന്നു പറഞ്ഞ് അവതരിക്കപ്പെടുന്ന കുറെ പഠനങ്ങൾ കണ്ണുമടച്ച്, സ്വീകരിക്കുന്നത് മതമാണെന്ന് നാം തെറ്റിദ്ധരിക്കുന്നു. അതുകൊണ്ടു കത്തോലിക്കാസഭയിൽ ബാഹ്യഘടന യഥാർത്ഥ മതത്തെത്തന്നെ അമർത്തിക്കളയുന്നു എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. കാരണം, ഇവിടെ നാം ഒരുകൂട്ടം "ആവിഷ്കൃത സത്യങ്ങളു"മായി നമ്മെ ബന്ധിച്ചിടുകയാണത്രേ. അങ്ങനെ ആദ്ധ്യാത്മികപുരോഗതി നിലയ്ക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ആവിഷ്കൃതസത്യങ്ങളുടെ ഭാണ്ഡാഗാരമെന്നു സ്വയം വിശേഷിപ്പിക്കുന്ന കത്തോലിക്കാസഭ മതത്തിന്റെ പരമമായ ലക്ഷ്യത്തിനെതിരായിട്ടാണു വർത്തിക്കുന്നത്.

ക്രിസ്തുമതത്തിലെ ഈ പ്രവണത ക്രിസ്തുവിൽ നിന്നുള്ള തല്ലെന്നും, കാലക്രമേണ വന്നുകൂടിയതാണെന്നുമത്രെ ഡോ. രാധാകൃഷ്ണന്റെ മതം. റോമാസാമ്രാജ്യം അഴിച്ചുവിട്ട മതപീഡനം ക്രിസ്തുമതത്തെ തകർത്തില്ല. അവൾ തിരിച്ച്, റോമിനെ കീഴടക്കി. പക്ഷേ, ക്രിസ്തുമതത്തിൽ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പരാജയത്തിനുതുടക്കം കുറിച്ചു ആ വിജയം. റോമൻ സംഘടനാരീതിയും യവനചിന്തയും ക്രിസ്തുമതത്തിൽ കടന്നുകൂടി. ദൈവം നേരിട്ടു വെളിപ്പെടുത്തിയ സത്യങ്ങളുടെ പരിപാലികയും കുത്തകാധികാരിയുമായിത്തീർന്നു സഭ. ആധ്യാത്മിക ക്രിയാത്മകത്വം നശിച്ച്, ചരിത്രപരമായ ആവിഷ്കരണങ്ങളോടും മാറ്റമില്ലാത്ത വിശ്വാസപ്രമാണങ്ങളോടും ഒട്ടിനില്ക്കുന്നിടത്തോളംകാലം ആധ്യാത്മിക സ്വാതന്ത്ര്യമോ ഉയർച്ചയോ സാധ്യമല്ലെന്നും അതു ക്രിസ്തുവിന്റെ പഠനങ്ങൾക്കെതിരാണെന്നും അദ്ദേഹം കരുതുന്നു.

യഥാർത്ഥത്തിൽ ബാഹ്യമായ ആവിഷ്കരണം. ഉണ്ടായിട്ടുണ്ടെന്ന് രാധാകൃഷ്ണൻ വിശ്വസിക്കുന്നില്ല. അത് ദൈവശാസ്ത്രജ്ഞന്മാരുടെ വെറും കണ്ടുപിടുത്തമാണ്. വ്യപദേഷ്ടാക്കളായ സഭാപിതാക്കന്മാരാണ് ആവിഷ്കൃത സത്യങ്ങളുടെ കണ്ടുപിടുത്തമാരംഭിച്ചത്. ക്രിസ്തുമതം സമുന്നത ജ്ഞാനവും പരമസത്യവുമാണെന്ന് അന്നത്തെ ലോകത്തെ സമ്മതിപ്പിക്കാൻ അവർ ശ്രമിച്ചു. ഈ ശ്രമത്തിൽ യവനചിന്തയും ഭാവനയുമാണ് അവരുപയോഗിച്ചത്. പഴയതും പുതിയതുമായ പാരമ്പര്യങ്ങൾ നേരിട്ടുള്ള ദൈവവെളിപാടായി അവർ പ്രഘോഷിച്ചു. അവയെപ്പറ്റിയുള്ള അവരുടെ വിചിന്തനങ്ങൾ സഭാപഠനങ്ങൾക്ക് അടിത്തറ പാകി. ക്രിസ്തീയ വെളിപാടു മാത്രമാണ് പരിപൂർണ്ണ സത്യമെന്നും തത്വശാസ്ത്രങ്ങൾ വികലമാണെന്നും അവർ വാദിച്ചു. അങ്ങനെ ക്രൈസ്തവ പഠനങ്ങൾ ആവിഷ്കൃതസത്യങ്ങളായി. ഇതാണ് രാധാകൃഷ്ണന്റെ Eastern Religions and Western Thought അവതരിപ്പിക്കുന്ന വാദഗതി.



ദൈവിക വെളിപാടിന്റെ ദൈവശാസ്ത്രം

രാധാകൃഷ്ണന്റെ വീക്ഷണത്തിൽ, മാറ്റമില്ലാത്ത ആവിഷ്കരണം തത്വത്തിൽത്തന്നെ അസ്വീകാര്യമാണ്. എല്ലാവർക്കുംവേണ്ടി എന്നേക്കുമായി നല്കപ്പെട്ട വിശ്വാസ സംഹിത എന്നൊന്നില്ലെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു, "സഭയിലോ വിശുദ്ധ ഗ്രന്ഥത്തിലോ യേശുക്രിസ്തുവിലോ മറ്റേതിലെങ്കിലുമോ പരിപൂർണ്ണത ഉണ്ടെന്ന വാദവും, മാനുഷിക കണ്ടുപിടുത്തത്തിൽനിന്ന് തീർത്തും വിഭിന്നമായ വസ്തുവിന്യാസത്തിൽപ്പെട്ടതാണ് ആവിഷ്ക്കരണം എന്ന സിദ്ധാന്തവും, സ്വന്തം പരിമിതിയെക്കുറിച്ച് തികച്ചും ബോധവാന്മാരായ ഞങ്ങളെ അലട്ടുന്നു" - ചാൾസ് ഈറവാനെ ഉദ്ധരിച്ചുകൊണ്ട് രാധാകൃഷ്ണൻ പറയുകയാണ് (Ref. p 195) അതിനാൽ ആവിഷ്കൃതമതമെന്നും അനാവിഷ്കൃതമെന്നും ഉള്ള തരംതിരിക്കൽ അദ്ദേഹം തിരസ്കരിക്കുന്നു. കാരണം, മതങ്ങളെല്ലാം മനുഷ്യമനസ്സിൽനിന്നു നിർഗ്ഗമിച്ചിട്ടുള്ളവയാണ്. (p 191). അല്ലാതെ മറ്റൊരു ലോകത്തിൽനിന്നുള്ള ഇറക്കുമതിച്ചരക്കുകളല്ല.

### ദൈവിക വെളിപാടിൽ മനുഷ്യന്റെ പങ്ക്

ആവിഷ്കരണം, കേവല പ്രതിഭാസമല്ല, സംയുക്തമാണ്. ദൈവികവും മാനുഷികവുമായ വശങ്ങളുള്ള ഒരു സംയുക്ത പ്രവൃത്തി ദൈവത്തിൽനിന്നാരംഭിക്കുമ്പോൾ അതു ഭാവനക്കും ചിന്തക്കും അതീതമാണ്. പിന്നീടതു ചരിത്രബദ്ധനായ മനുഷ്യനെ ആശ്രയിച്ച് വാഗ്‌രൂപേണ നമ്മുടെ മുമ്പിൽ അവതീർണ്ണമാകുന്നു. അതിനാൽ, ആവിഷ്കരണം മുഴുവനായും ദൈവികമായല്ല. അത് ഒപ്പം ദൈവത്തിന്റെ സ്വയം പ്രകാശനവും, ആ പ്രകാശനം മനുഷ്യൻ സ്വീകരിക്കുന്ന വിധവുമാണ്. ദൈവിക പ്രകാശനം എന്നു പറയുമ്പോൾ, മനുഷ്യനു തീർത്തും ബാഹ്യനായ ഒരു ദൈവം പുറത്തുനിന്നു പ്രകാശം വീശുന്ന എന്നല്ല രാധാകൃഷ്ണൻ അർത്ഥമാക്കുന്നത്. മനുഷ്യനിലെ ദൈവികതയുടെ സ്വയം പ്രകാശനമാണത്. അതു സ്വീകരിക്കുന്നതോ, അവന്റെ ദൈവിക വ്യക്തിത്വത്തിൽനിന്നു വേർപെട്ടു നില്ക്കുന്നു എന്നു ഭാവിക്കുന്ന ബാഹ്യവ്യക്തി അതായത് മനുഷ്യന്റെ അകവും പുറവും തമ്മിലുള്ള കൂട്ടിമുട്ടലാണ് ആവിഷ്ക്കരണം. അതിന്റെ ദൈവിക വശം മാത്രമെടുത്താൽ, അത് സ്ഥലകാലങ്ങൾക്ക് അതീതവും സനാതനവുമാണ്: പരാശക്തിയുടെ നേരിട്ടുള്ള പ്രകാശനം;

ദൈവത്തിന്റെ വെളിപ്പെടുത്തൽ. ഈ ആവിഷ്കരണത്തിലും അതിന്റെ സ്വീകരണത്തിലും വൈവിധ്യമുണ്ട്. ഓരോ വ്യക്തിക്കും അനുയോജ്യമായ വിധം ദൈവം തന്റെ ആവിഷ്ക്കരണത്തെ ക്രമീകരിക്കുന്ന, സ്ഥലബന്ധനായ മനുഷ്യന് അപൂർണ്ണമായേ അതു സ്വീകരിക്കാനും പറ്റൂ. അതിനാൽ ദൈവാവിഷ്കരണത്തിന്റെ ഭാഗികവും അപൂർണ്ണവുമായ സ്വീകരണം മാറ്റാനാവാത്ത പരിപൂർണ്ണമായ ആവിഷ്കരണമാണെന്ന് കരുതരുത്. മാനുഷിക മണ്ഡലത്തിലേക്കു കടന്നു വന്നിട്ടുള്ള എല്ലമായ വെളിപാടും മാനുഷികമായ അപൂർണ്ണതകൾ ഉൾക്കൊള്ളുന്നവയാണ്. അതുകൊണ്ട് ദൈവാവിഷ്കരണത്തിന്റെ മാനുഷികചിത്രീകരണം അപ്രമാദിത്വും പരിപൂർണ്ണതയും അവകാശപ്പെടുന്നതു തികച്ചും തെറ്റാണെന്ന് രാധാകൃഷ്ണൻ വാദിക്കുന്നു. ഈ ചിന്താസരണിയിലൂടെ മുമ്പോട്ടുപോയി, ക്രിസ്തീയ വിശുദ്ധ ഗ്രന്ഥങ്ങളുടെ അപ്രമാദിത്വവും സനാതനത്വവും മാത്രമല്ല കത്തോലിക്കാ സഭയുടെ ദൈവിക സ്വഭാവം തന്നെയും കഴമ്പില്ലാത്ത അവകാശവാദങ്ങളായി, അടിസ്ഥാന രഹിതങ്ങളായ സങ്കല്പങ്ങളായി അദ്ദേഹം ചിത്രീകരിക്കുന്നു. അപ്രകാരം ഒരു ചിത്രീകരണം, അതായത് ക്രൈസ്തവ സഭയ്ക്കും അവർക്കു ലഭിച്ച ആവിഷ്കരണത്തിനും മാനുഷികമായ വിശദീകരണം നല്കുക എന്നതുതന്നെയാണു രാധാകൃഷ്ണന്റെ പ്രധാന ഗ്രന്ഥങ്ങളുടെയെല്ലാം ഒരു മുഖ്യലക്ഷ്യം.

**ഒരു വിലയിരുത്തൽ**

ഒന്നുരണ്ടു പ്രത്യേക കാര്യങ്ങൾ ചൂണ്ടിക്കാട്ടാനേ ഇവിടെ ഉദ്ദേശ്യമുള്ളൂ. ആവിഷ്കരണത്തെക്കുറിച്ചുള്ള രാധാകൃഷ്ണന്റെ വീക്ഷണം അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിൽനിന്നു രൂപം കൊണ്ടതാണ്. ആ തത്വശാസ്ത്രം അവസാനമായി ചെന്നു നിൽക്കുന്നതോ ഉപനിഷത്തുകളിലെ തനി മോണിസത്തിലും. ഉണ്മയുടെയെല്ലാം എകത്വത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട്, ആ വിശ്വാസത്തിന് അനുരൂപമായി അദ്ദേഹം സർവ്വതും നിരൂപണം ചെയ്യുന്നു. എങ്കിലും ദൈവവും മനുഷ്യനും തമ്മിലുള്ള അനന്യത അനിഷേധ്യമായി തെളിയിക്കാൻ ഇതേവരെ ആർക്കും കഴിഞ്ഞിട്ടില്ലെന്നതാണു വാസ്തവം. ഋഷികളുടെ അനുഭൂതിയിൽനിന്ന് അവർ ഉൺമയുടെ ഏകത്വത്തിന് സാക്ഷ്യം വഹിക്കുന്നു എന്നതാണ് രാധാകൃഷ്ണൻ മടുപ്പില്ലാതെ ആവർത്തിക്കുന്ന ന്യായം. പക്ഷേ, ഋഷികളുടെ അപ്രമാദിത്വത്തിൽ എങ്ങനെയാണു വിശ്വസിക്കുക? അതെങ്ങനെയുമിരിക്കട്ടെ. ഹൈന്ദവമോണിസ്റ്റുകൾ ഒന്നടങ്കം വിശ്വസിക്കുന്ന ഒരു സിദ്ധാന്തമാണത്. അതിനാൽ ആവിഷ്കരണത്തെക്കുറിച്ചുളള രാധാകൃഷ്ണന്റെ വീക്ഷണത്തിൽ പ്രധാനമായും ഹൈന്ദവ വീക്ഷണമാണു കാണുന്നതെന്നുമാത്രം പറഞ്ഞുകൊള്ളട്ടെ.





ദൈവാവിഷ്കരണം മാനുഷികമണ്ഡലത്തിലേക്കു കടന്നുവരുമ്പോൾ, അതിനാൽതന്നെ അപൂർണ്ണമായിത്തീരുന്നുവെന്ന വാദഗതിയും ആദ്യമായിട്ടല്ല രാധാകൃഷ്ണനിൽ നാം കാണുക. മോഡേണിസത്തിലും ഇതേ ആശയം വളരെ പ്രകടമാണ്. മോഡേണിസ്റ്റു കൃതികളുമായി രാധാകൃഷ്ണനു നല്ല പരിചയമായിരുന്നെന്നു കാണാനും പ്രയാസമില്ല.

ധൈഷണികീകൃതമായ വാക്കുകളാൽ നിർണ്ണയിക്കപ്പെട്ട, ആവിഷ്കൃത സത്യങ്ങൾ ഇല്ലെന്നു മോഡേണിസ്റ്റ് പ്രമുഖനായ ജോർജ്ജ് ടിറൽ പഠിപ്പിക്കുന്നു. വെളിപാടു സർവ്വാതിശായിയാണ്; അനുഭൂതികളിലൂടെ അതു മനുഷ്യനു ലഭിക്കുന്നു. അയാൾ ഭൗതികമണ്ഡലങ്ങൾക്കപ്പുറത്തായിരുന്ന അനുഭൂതിയെ ബൗദ്ധികമാക്കിപ്പകർത്തി; അവാച്യമായിരുന്നത് വാക്കുകളിലാക്കി മറ്റു മനുഷ്യർക്ക് അവതരിപ്പിക്കുന്നു. അതിനാൽ ആവിഷ്കരണം, ഭാവനക്കപ്പുറത്ത്, കല്പിതമായ ഒരർത്ഥവുമില്ലാതിരുന്ന, വാഗ്രഹിതമായ അവാച്യാവസ്ഥയിൽ മാത്രമേ പ്രമാദരഹിതവും ദൈവികവുമായിരുന്നുള്ളു. അപ്പോൾ വാക്കുകളിൽ അവതരിപ്പിച്ചിരിക്കുന്ന ആവിഷ്കരണം ദൈവാവിഷ്കരണത്തിൽനിന്ന് വളരെയേറെ വ്യത്യസ്തമാണ്. അതു പ്രമാദരഹിതമോ സനാതനമോ ഒന്നുമല്ല. അതിനാൽ വി. ഗ്രന്ഥത്തിനും അതിലേ സത്യങ്ങൾക്കും ദൈവികാധികാരം നല്കുക തെറ്റാണെന്നു ടിറൽ വാദിച്ചു. ഈ ചിന്താഗതിയിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ല രാധാകൃഷ്ണന്റേത്.

ഇത്രയും പറഞ്ഞതിൽനിന്ന് രാധാകൃഷ്ണന്റെ വീക്ഷണത്തിന് ഒരു വിലയും കല്പിക്കാതെ തള്ളിക്കളയുകയാണെന്ന് അർത്ഥമാക്കേണ്ടതില്ല. തീർച്ചയായും പ്രത്യക്ഷത്തിൽ കാണുന്നതിലും കനം കൂടിയ പ്രശ്നവുമായിട്ടാണു രാധാകൃഷ്ണൻ മുമ്പോട്ടു വന്നിരിക്കുന്നത്. ആവിഷ്കരണത്തിന്റെ ബാഹ്യവശത്തിന് ആവശ്യത്തിലധികം പ്രാധാന്യം ദൈവശാസ്ത്രജ്ഞന്മാർ പലപ്പോഴും നല്കിയിരുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ധിഷണാപരമായ രൂപത്തോടുകൂടി മാത്രമേ അവർ ആവിഷ്കരണത്തെ ദർശിച്ചിരുന്നുള്ളൂ. അത് ആവിഷ്കരണത്തിന്റെ ഭാഗികചിത്രമായിപ്പോയി. ദൈവത്തെക്കുറിച്ച് അറിയപ്പെടാതിരുന്ന ഒരു സത്യം വാക്കുകളിലും വാചകങ്ങളിലും വ്യക്തമാക്കിയും ക്ലിപ്തപ്പെടുത്തിയും കൈമാറുന്നതാണ് ആവിഷ്കരണത്തിന്റെ കാതൽ എന്നു തോന്നിപ്പോകും, സാധാരണ കത്തോലിക്കാ ദൈവശാസ്ത്രജ്ഞന്മാരുടെ ടെക്സ്റ്റുബുക്കുകൾ വായിക്കുമ്പോൾ. എന്നാൽ, കാൾറാണർ ചൂണ്ടിക്കാണിക്കുന്നതുപോലെ, ദൈവം തന്നെത്തന്നെ ദാനം ചെയ്യുന്നതും വെളിപ്പെടുത്തുന്നതുമാണ് ആവിഷ്കരണം. ദൈവത്തിന്റെ സജീവ

സാന്നിദ്ധ്യമില്ലാത്തിടത്ത് അവിടുത്തെ വചനം കേൾക്കുക സാദ്ധ്യ മല്ലല്ലോ. ദൈവവചനത്തിൽ അതിന്റെ വിഷയവുമുണ്ട്; അതുവഴി ദൈവം തന്നെത്തന്നെ മനുഷ്യർക്കു പകർന്നു കൊടുക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ധിഷണാപരമായ രൂപങ്ങളേക്കാൾ വള രെയധികം യാഥാർത്ഥ്യം ആവിഷ്കരണത്തിലടങ്ങിയിട്ടുണ്ടെന്ന് എളുപ്പത്തിൽ കാണാൻ സാധിക്കും. അതായത് ഭാവനയിൽ രൂപം കൊള്ളാത്ത, വാക്കുകളിൽ അവതീർണ്ണമാകാത്ത യാഥാർത്ഥ്യവും ആവിഷ്കരണത്തിൽ മനുഷ്യനു ലഭിക്കുന്നു. എങ്കിലും ആവിഷ്ക രണത്തിൽ ബൗദ്ധികമായതൊന്നും ലേശവുമില്ലെന്നു പറയുന്നതും സമ്മതിക്കാവതല്ല.

അപ്പസ്തോലന്മാരുടെ ജീവിതത്തോടെ, ആവിഷ്കരണത്തിന്റെ അവസാനത്തെ അദ്ധ്യായം എഴുതിത്തീർന്നു എന്നു കത്തോലി ക്കാസഭ അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു. അപ്പസ്തോലികകാല ത്തിനുശേഷം പുത്തൻ ആവിഷ്കരണംവഴി ദൈവം പുതിയ രക്ഷാ കര സത്യം മനുഷ്യനു നല്കുന്നില്ല. എന്നാൽ വെളിപ്പെടുത്തപ്പെട്ട ദൈവിക വചനം വിശ്വസിച്ചു സ്വീകരിക്കുന്നവർക്കും, ബാഹ്യമായി ആ വചനം സ്വീകരിക്കുന്നില്ലെങ്കിലും അവിടുത്തെ പ്രസാദവരം സ്വീകരിക്കുന്നവർക്കും ദൈവംതന്നെത്തന്നെ വെളിപ്പെടുത്തുകയും നല്കുകയും ചെയ്യുന്നു. ഈ പ്രവൃത്തിയെ ആവിഷ്കരണത്തിന്റെ പുത്തൻപതിപ്പായി സ്വീകരിക്കുന്നവരും ഉണ്ട്.

ഭാവനയിലും ഭാഷയിലും രൂപംകൊടുക്കപ്പെട്ട ആവിഷ്കരണ മൊന്നും തെറ്റിനതീതമായിരിക്കുക സാധ്യമല്ലെന്ന വാദം സമ്മതി ച്ചുകൊടുക്കുക എളുപ്പമല്ല. സത്യംതന്നെയായ ദൈവത്തിനു ശാരീ രികനായി, സ്ഥലകാലബദ്ധനായി ഈ ലോകത്തിൽ പ്രത്യക്ഷപ്പെ ടാൻ കഴിഞ്ഞെങ്കിൽ, ആ സത്യത്തിന്റെ കിരണം വാക്കുകളിൽ അവ തീർണ്ണമാകുന്നതിൽ വൈരുദ്ധ്യമൊന്നും കാണുന്നില്ല. മറ്റുതരത്തിൽ പറഞ്ഞാൽ, മാനുഷികഭാവനയെ ഉപകരണമാക്കി വാക്കുകളിലൂടെ സത്യം പ്രകാശിപ്പിക്കാൻ ദൈവത്തിനു കഴിയും. ആ പ്രകാശനപ്ര ക്രിയയ്ക്ക്, ദൈവശക്തിയുടെ പിൻബലമുള്ളപ്പോൾ അതു തികച്ചും പരിപൂർണ്ണവും പ്രമാദരഹിതവും ആയിരിക്കും. അങ്ങനെ കലർപ്പു ചേരാത്ത ദൈവവചനംതന്നെയാണ് വി. ഗ്രന്ഥത്തിൽ നാം കാണു ന്നത്. അവിടെ പ്രകാശിതമായ സത്യമാകട്ടെ ദൈവികവുമാണ്. അതുകൊണ്ടാണ് വി. ഗ്രന്ഥത്തിനെതിരായി പഠിപ്പിക്കുന്നവരെ ശപി ച്ചുതള്ളാൻ സഭ ഒരിക്കലും മടികാണിക്കാത്തത്. അല്പം ചുഴി ഞ്ഞുനോക്കിയാൽ കാണാം രാധാകൃഷ്ണന്റെ ചിന്താഗതി ആപേ ക്ഷികസിദ്ധാന്തത്തിൽ അധിഷ്ഠിതമാണെന്ന്. അപേക്ഷികമായിട്ട ല്ലാതെ ഒന്നും പരിപൂർണ്ണമായി വെളിവാക്കാൻ സാധ്യമല്ലെന്നതാണ്





ആപേക്ഷികസിദ്ധാന്തം. ഒരു വ്യക്തി കാണുന്ന സത്യം അവന്റേ തായ ലോകത്തിൽ അവനു സാധുവായിത്തീരാമെങ്കിലും അതു മറ്റൊരുവനെ സംബന്ധിച്ചിടത്തോളം അസാധുവാകാം.

ആപേക്ഷികസിദ്ധാന്തം നിഷേധിക്കാൻ നാം ബുദ്ധിമുട്ടണമെ ന്നില്ല. കാരണം അതു തന്നത്താൻ നിഷേധിക്കുന്നുണ്ട്. ആപേ ക്ഷിക സിദ്ധാന്തപ്രകാരംതന്നെ ആ സിദ്ധാന്തത്തിന്റെ സാർവ്വത്രി കസാധുത നിഷേധിക്കപ്പെടുമല്ലോ.

ആവിഷ്കരണത്തിന്റെ ഉറവിടം മനുഷ്യവ്യക്തിയുടെതന്നെ അഗാ ധതലങ്ങളാണെന്ന ചിന്താഗതിയുമായി ക്രൈസ്തവ വീക്ഷണത്തി ന് തീർത്തും വിയോജിപ്പാണുള്ളത്. മനുഷ്യനിൽ കുടികൊള്ളുന്ന ദൈവമായിരിക്കാം ആവിഷ്കരണകർത്താവ്. പക്ഷേ, അവിടുന്നു മനുഷ്യനിൽനിന്നും അവന്റെ അന്തഃസത്തയിൽനിന്നും വ്യതിരിക്ത നാണ്; അവനേക്കാൾ അനന്തമേന്മയുള്ളവനാണ്. ദൈവികശക്തി ക്കുമാത്രം നികത്താനാവുന്ന അനന്തമായ വിടവാണ് മനുഷ്യനും ദൈവവും തമ്മിലുള്ളത്. അതായത്, മനുഷ്യപ്രയത്നം കൊണ്ട്, ആവിഷ്കരണം പിടിച്ചു പറ്റുക സാധ്യമല്ല. കാരണം, അതു ദൈവ ത്തിന്റെ സ്വതന്ത്ര ദാനമാണ്. അല്ലാതെ ആരുടേയും അവകാശമല്ല. ദൈവത്തിന് ആരോടും കടപ്പാടില്ല. തന്റെ നന്മയുടെ ആധിക്യത്തിൽ ദൈവം തന്റെ വിജ്ഞാനകോശത്തിലേക്ക് ഒന്നു നോക്കുവാൻ മനു ഷ്യനെ വിളിച്ചു. അതുവഴി തന്റെ ഉണ്മയിൽത്തന്നെ പങ്കുപറ്റാനും ദൈവം മനുഷ്യനെ അനുവദിച്ചു. എന്തുകൊണ്ട് എന്നു ചോദിച്ചാൽ, 'ദൈവസ്നേഹത്തിന്റെ പ്രകൃതിസ്ഥമായ അതിപ്രസരണസ്വഭാവം' എന്നേ പറയാനാവൂ. എന്തുകൊണ്ടു ദൈവം ആ ജനതയ്ക്ക് അല്ലെ ങ്കിൽ ഈ മനുഷ്യനു മാത്രം വെളിപ്പെടുത്തി എന്ന ചോദ്യം കാര്യ മായ കഴമ്പില്ലാത്തതാണെന്നു സാരം.

മതത്തെക്കുറിച്ചുള്ള ഹൈന്ദവവും ക്രൈസ്തവവുമായ വീക്ഷ ണങ്ങളിലെ ഏറ്റം പ്രധാന വ്യത്യാസവും ഇവിടെ കാണാവുന്നതാ ണ്. മതം ദൈവത്തെ എത്തിപ്പിടിക്കാനുള്ള മാനുഷികശ്രമമായി ഹിന്ദുമതം ചിത്രീകരിക്കുമ്പോൾ, ക്രൈസ്തവവീക്ഷണത്തിൽ, ദൈവം മനുഷ്യനുമായി സ്വതന്ത്രമായി പുലർത്തുന്ന സമ്പർക്ക ത്തിന്റെ ആകെത്തുകയാണത്.

*മതവും ചിന്തയും*, ജൂലൈ 1970.

# 11

## ക്രൈസ്തവേതര മതങ്ങളിലെ ദൈവാവിഷ്കരണം

പ്രകൃത്യാ ദൈവോന്മുഖനായ മനുഷ്യൻ തന്റെ സ്രഷ്ടാവിനോടുള്ള വിധേയത്വവും ആദരവും മതത്തിലൂടെ പ്രകടമാക്കുന്നു. പ്രകൃതിയും ബുദ്ധിയും അവനെ ഓർമ്മപ്പെടുത്തുന്നു, സൃഷ്ടിയായ താൻ തന്റെ സൃഷ്ടാവിനോടു കടപ്പെട്ടിരിക്കുന്നുവെന്ന്.

നേരിട്ടു വെളിപാടൊന്നും ലഭിച്ചില്ലെങ്കിൽത്തന്നെയും ദൈവത്തിന്റെ അസ്തിത്വത്തേയും അപദാനങ്ങളേയുംപറ്റി മനുഷ്യനു തന്റെ ബുദ്ധികൊണ്ടു കുറെയെല്ലാം മനസ്സിലാക്കാൻ കഴിയും. സഭയും ഇങ്ങനെ തന്നെ പഠിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. കാരണം, പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ച് അസ്തിത്വത്തിൽ നിലനിർത്തുന്ന ദൈവം അവയിലൂടെ തന്നെക്കുറിച്ചു സ്ഥായിയായ സാക്ഷ്യം നല്കിയിട്ടുണ്ട്. (cfr. DV.3; റോമാ 1:19-20). അപ്പസ്തോലികകാലംമുതലേ ഈ അവബോധം സഭയിലുണ്ടായിരുന്നു. "അവൻ ദൈവത്തെ അന്വേഷിക്കുകയും അവന്റെ സൃഷ്ടികളിൽനിന്ന് അവനെ കണ്ടെത്തുകയും ചെയ്യേണ്ടതിന് ദൈവം മനുഷ്യനെ സൃഷ്ടിക്കുകയും ലോകം വാസസ്ഥലമായി നല്കുകയും ചെയ്യുന്നു. ദൈവം മനുഷ്യനിൽ നിന്നകന്നിരിക്കുന്നവനുമല്ല. (അപ്പ 17:26-27).

ഇപ്രകാരം, പ്രപഞ്ചത്തെ സൃഷ്ടിച്ചവനും ഗ്രഹങ്ങ





ളേയും ഋതുക്കളേയും നയിക്കുന്നവനുമായ ദൈവത്തെപ്പറ്റിയുള്ള അറിവാണ് സ്വാഭാവികമതങ്ങളുടെ ഉത്ഭവത്തിനടിസ്ഥാനം. ഈ അറിവ് സ്രഷ്ടാവായ ദൈവത്തോടു തനിക്കുള്ള കടമകളെപ്പറ്റി മനുഷ്യനെ ബോധവാനാക്കുന്നു. ഇങ്ങനെ മതം ദൈവവും മനുഷ്യനും, സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വ്യക്ത്യന്തരബന്ധത്തിൽ നിന്നാണാരംഭിക്കുക. മതത്തിലൂടെ മനുഷ്യൻ, എല്ലാ പൂർണ്ണതകളുടെയും വിളനിലമായ ദൈവത്തിന് തന്നെതന്നെ സമർപ്പിക്കുന്നു. കാരണം, ദൈവവുമായി ഐക്യത്തിൽ ജീവിക്കാനും പരിപൂർണ്ണത പ്രാപിക്കാനും നിത്യരക്ഷ കരഗതമാക്കാനും പറ്റിയൊരുപാധിയാണു മതമെന്ന് അവനറിയാം.

എന്നാൽ, ദൈവവും മനുഷ്യനും തമ്മിലുള്ള സുഹൃദ്ബന്ധത്തിന്റെ, അല്ലെങ്കിൽ മതത്തിന്റെതന്നെ, പൂർണ്ണതയ്ക്ക് ദൈവവെളിപാട് അവശ്യാവശ്യകമാണ്. ദൈവിക ഇടപെടലുകളും ദർശനങ്ങളും ലഭിക്കാത്തതോ അല്ലെങ്കിൽ ലഭിച്ചിട്ടുണ്ടെന്ന് അവകാശപ്പെടാത്തതോ ആയ മതങ്ങൾ കാണുകയില്ല. ക്രിസ്തുമതത്തെ സംബന്ധിച്ചിടത്തോളം അതിന്റെ ആരംഭവും അടിസ്ഥാനവും ദൈവം തന്നെത്തന്നെ മനുഷ്യനു വെളിപ്പെടുത്തി എന്ന ചരിത്ര വസ്തുതയാണ്.

ദൈവത്തിന്റെ ആത്മാവിഷ്കരണം വാക്കുകളിലൂടെ മാത്രമല്ല, അടയാളങ്ങളിലൂടെയും പ്രവൃത്തികളിലൂടെയുമാണ് സംഭവിക്കുക. സൃഷ്ടികർമ്മത്തോടെ അരംഭംകുറിച്ച ദൈവാവിഷ്കരണം അതിന്റെ പൂർണ്ണതയിൽ പ്രത്യക്ഷപ്പെടുന്നതു മനുഷ്യാവതാരംചെയ്ത ക്രിസ്തുവിലാണ്. അവിടുന്നാണ് ദൈവിക വെളിപാടിന്റെ പൂർണ്ണത. ഇവിടെ ആവിഷ്കരണം അല്ലെങ്കിൽ വെളിപാട് എന്നതിനുപകരം ദൈവത്തിന്റെ സ്വയംദാനം (Self - communication of God) എന്നു പറയുകയായിരിക്കും കൂടുതൽ ശരി.

### ദൈവാവിഷ്കരണം അക്രൈസ്തവ മതങ്ങളിൽ

ദൈവാവിഷ്കരണം പ്രധാനമായി ഒരു ക്രിസ്തീയ യാഥാർത്ഥ്യമാണെന്നു നാം കണ്ടു. എങ്കിലും അതിസ്വാഭാവികവും വരപ്രസാദപൂരിതവുമായ പല ഘടകങ്ങളും ക്രൈസ്തവേതര മതങ്ങളിലുണ്ടെന്ന് സമ്മതിക്കണം. ആദിപാപത്താൽ മനുഷ്യന്റെ സ്വാഭാവിക ജ്ഞാനം വികലമായിത്തീർന്നെങ്കിലും ക്രിസ്തുവിലൂടെ അവനു ദാനമായി ലഭിച്ച പ്രസാദവരത്തിൽനിന്നുദ്ഭൂതമാകുന്ന അതിസ്വാഭാവികമായ പല ഘടകങ്ങളും പ്രസ്തുത മതങ്ങളിലുണ്ട്. എന്നാൽ ചരിത്രപരവും ദൈവികാടയാളങ്ങളാൽ സ്ഥിരീകൃതവുമായ ദൈവാവിഷ്കരണം അവയിലുണ്ടെന്ന് ഇതിൽനിന്നും അർത്ഥമാക്കുന്നില്ല. അപ്രകാരമൊന്നു ബൈബിളും സഭയുംമാത്രമേ അവകാശപ്പെടുന്നുള്ളൂ. വീണ്ടും, പ്രസ്തുത മതങ്ങളിലെ സകല തത്വങ്ങളും

ആചാരങ്ങളും സത്യമാണെന്നും ദൈവദത്തമാണെന്നും നാം ഗ്രഹിക്കേണ്ടതില്ല. അവയിൽ പലതും മനുഷ്യസഹജമായ അജ്ഞതയ്ക്കും ദൗർബ്ബല്യത്തിനും വശംവദമാകകൊണ്ട് തിരുത്തലുകൾക്കും നവീകരണങ്ങൾക്കും വിധേയമാകേണ്ടവയാണ്. അതിലേക്ക് മനുഷ്യവർഗ്ഗത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയിൽ നേരിട്ടുള്ള (Positive) ദൈവാവിഷ്കരണം കൂടിയെ തീരു.

ബൈബിളോ സഭയോ പാരമ്പര്യമോ യഹൂദേതര ക്രൈസ്തവേതര മതങ്ങളിൽ ദൃശ്യമാകുന്ന അതിസ്വാഭാവികവും വരപ്രസാദപൂർണ്ണവുമായ ഘടകങ്ങളെ ഒരിക്കലും വിസ്മരിക്കുന്നില്ല. ബൈബിളിന്റെ ആദ്യഭാഗത്ത് സ്ഥാനം പിടിച്ചിരിക്കുന്ന നോഹ, മെൽക്കീസെദേക്ക് തുടങ്ങിയവർ യഹൂദർപോലുമായിരുന്നില്ലല്ലോ. എങ്കിലും ദൈവം അവരിൽ സംപ്രീതനായെന്നു വി. ഗ്രന്ഥം വ്യക്തമാക്കുന്നു. ഇതിലേയ്ക്ക് അവർ ജീവിച്ച "മത"ത്തിന് ഒന്നും നല്കുവാനില്ലായിരുന്നെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാനാവില്ല. ആ "മതം" ദൈവത്തിന്റെ നേരിട്ടുള്ള ആവിഷ്കരണത്താൽ സമ്പന്നമായിരുന്നില്ലെന്നതു വാസ്തവംതന്നെ. ആദിമക്രൈസ്തവർ അന്നത്തെ പേഗൻ മതങ്ങളെ ആദരിക്കുകയും അവയുമായി സംസർഗ്ഗത്തിലേർപ്പെടുകയും ചെയ്യുന്നത് പുതിയനിയമത്തിൽ കാണാം.

സഭാപിതാക്കന്മാരുടെ കാലം മുതല്ക്കുതന്നെ ക്രൈസ്തവേതരമതങ്ങളിലെ സത്യത്തേയും മൂല്യങ്ങളേയും സഭ അംഗീകരിച്ചുപോന്നു. ആദിമ ക്രൈസ്തവർ സുവിശേഷഘോഷണത്തിന് അവയെ ഒരുപാധിയായി ഉപയോഗിക്കുകപോലും ചെയ്തു. ക്രൈസ്തവസഭയുടെ ആവിർഭാവത്തിനു മുമ്പുതന്നെ ലോകത്തിനുണ്ടായ നേട്ടങ്ങളേയും ആദ്ധ്യാത്മികാഭിമുഖ്യങ്ങളെയും ക്രിസ്തു കൊണ്ടു വന്ന സദ്വാർത്തയ്ക്കുള്ള ഒരുക്കമായും ദൈവപരിപാലനാപരമായ ഒരു പ്രബോധന രീതിയായും അവർ വിശദീകരിച്ചുപോന്നു.

രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ വീക്ഷണത്തെ സ്വീകരിക്കുകയും മറ്റുമതങ്ങളെയും അവയിലെ മൂല്യങ്ങളെയും ആദരവോടെ സ്വീകരിക്കണമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. ചിലപ്പോൾ "സത്യത്തിന്റേയും പ്രസാദവരത്തിന്റേയും അംശങ്ങൾ അക്രൈസ്തവമതങ്ങളിൽ കണ്ടെത്തും. വചനത്തിന്റെ ബീജങ്ങൾ അവയിൽ മറഞ്ഞുകിടക്കുന്നുണ്ട്. മനുഷ്യരെ മുഴുവൻ പ്രകാശിപ്പിക്കുന്ന ഏക സത്യത്തിന്റെ രശ്മികളായി കാണപ്പെടുന്ന സത്യവും വിശുദ്ധവുമായ കാര്യങ്ങൾ അവയിലുണ്ട്. അവയെല്ലാം ബഹുമാനപുരസ്സരം സഭ അംഗീകരിക്കുകയും സ്വീകരിച്ചേറ്റുപറയുകയും ചെയ്യുന്നു.





**ആവിഷ്കരണത്തിനുള്ള സാദ്ധ്യതകൾ**

വാക്കുകളിലൂടെയെന്നതിനേക്കാൾ പ്രവൃത്തികളിലൂടെ സകല ജനതയ്ക്കും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു. ദൈവം തന്റെ പരിപാലനയിലൂടെ എല്ലാ ജനങ്ങളിലുമെത്തുകയും അങ്ങനെ അവർ അവിടുത്തെ അറിയുകയും ചെയ്യുന്നു.

ഇതിനുപുറമേ മനുഷ്യരുടെ ധാർമ്മിക മനസാക്ഷി (moral conscience) യിലൂടെയും ദൈവം ആവിഷ്കൃതനാകുന്നു. 'വെളിപാടു ലഭിക്കാത്തവർക്ക് അവർ അനുസരിക്കേണ്ട നിയമം അവരുടെ ഹൃദയത്തിൽത്തന്നെയുണ്ട്' (റോമാ 2:14-15). ഈ വിധത്തിലും അക്രൈസ്തവ ജനതയ്ക്ക് ദൈവാവിഷ്കരണത്തിനുള്ള സാദ്ധ്യത തെളിഞ്ഞു കാണുന്നു.

സഭയ്ക്കു വെളിയിലും ദൈവം വരപ്രസാദം വർഷിക്കുന്നുണ്ടെന്ന് ഇന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസാദവരം വഴി ദൈവം എല്ലാ മനുഷ്യരിലും പ്രവർത്തിക്കുകയും തന്നെ അവർക്കു നല്കുകയും അങ്ങനെ തന്റെ പ്രകൃതിയിലും അറിവിലും അവരെ പങ്കുകാരാക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് വെളിപാടിലും സംഭവിക്കുക. ഈ വിധത്തിൽ ആന്തരികമായി ഓരോ വ്യക്തിക്കും ലഭിക്കുന്ന ദൈവികജ്ഞാനം അവൻ സാമൂഹികജീവികൂടെയാകാൻ അവനുൾപ്പെട്ട സമൂഹത്തിനും ലഭിക്കുന്നു.

ദൈവംതന്റെ സ്വഭാവഹിതങ്ങളെ മനുഷ്യനു നേരിട്ടു വെളിപ്പെടുത്തിക്കൊടുത്തു (positive revelation) കൊണ്ടും തന്നെത്തന്നെ അവനു പ്രദാനം ചെയ്യുന്നു. (self-communication), ചിലയവസരങ്ങളിൽ, എന്നാൽ, ഉത്ഭവപാപത്തിലൂടെ മനുഷ്യസ്വഭാവത്തിനും ജ്ഞാനത്തിനും ക്ഷതം പറ്റിയ സ്ഥിതിക്ക് അതിസ്വാഭാവികവും ദൈവികവുമായ സഹായംകൂടാതെ ഈ വെളിപാടിനെ അതിന്റെ പൂർണ്ണതയിൽ സ്വീകരിക്കാൻ അവനു കഴിയുകയില്ല. എങ്കിലും പ്രത്യേക ദൈവസഹായം കൂടാതെതന്നെ സ്വാഭാവികതലത്തിൽ ദൈവവുമായി സംഭാഷണത്തിലേർപ്പെടാൻ തത്വത്തിലെങ്കിലും (in principle) മനുഷ്യനു കഴിയും എന്നതു വാസ്തവമാണ്. സ്വാഭാവികമായതിനെ അതിന്റെ പൂർണ്ണതയിലേയ്ക്ക് നയിക്കുകയാണല്ലോ അതിസ്വാഭാവികമായവ ചെയ്യുക.

**ആവിഷ്കരണത്തിന്റ ആവശ്യകത**

എല്ലാ മനുഷ്യരും രക്ഷപെടണമെന്നും സത്യം ഗ്രഹിക്കണമെന്നും ആഗ്രഹിക്കുന്ന ദൈവം (1 തിമോ 2:4) അവർ ജീവിക്കുന്ന അവസ്ഥയിലും സാഹചര്യങ്ങളിലും അതിനുവേണ്ട സഹായങ്ങളും അനുഗ്രഹങ്ങളും അവർക്കു നല്കിയേ തീരൂ. പ്രസാദവരത്തിലൂ

ടെയും ഇതര മാർഗ്ഗങ്ങളിലൂടെയും ഇതവിടുന്നു സാധിക്കുന്നുണ്ട്. ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു സമാഗമമാണ് (encounter) പ്രസാദവരത്തിലൂടെയുള്ള ആവിഷ്കരണത്തിൽ സംഭവിക്കുക. ഓരോ മനുഷ്യനും അവനായിരിക്കുന്ന അവസ്ഥയിലും സാഹചര്യത്തിലും ദൈവം ഈ സഹവാസത്തിനു തയ്യാറാകുന്നു. ഇങ്ങനെ ഓരോ മനുഷ്യനും ദൈവത്തോടു പുലർത്തുന്ന വ്യക്തിപരമായ ബന്ധം മൂലമാണ് അവിടുത്തെ സാർവ്വത്രികരക്ഷാകരപദ്ധതി കാലദേശഭേദമെന്യേ മനുഷ്യകുലത്തിൽ കാര്യക്ഷമവും പ്രായോഗികവുമായി അനുഭവപ്പെടുന്നത്.

**ആവിഷ്ക്കരണം സമൂഹത്തിനുവേണ്ടി**

പ്രസാദവരം വ്യക്തിപരമായാണു നല്കപ്പെടുന്നതെങ്കിലും ദൈവാവിഷ്കരണത്തിന് ഒരു സാമൂഹ്യസ്വഭാവംകൂടിയുണ്ട്. പ്രകൃത്യാതന്നെ സാമൂഹ്യജീവിയാണു മനുഷ്യൻ. സമൂഹത്തെ സ്വാധീനിക്കാതെയോ സമൂഹത്താൽ സ്വാധീനിക്കപ്പെടാതെയോ ജീവിക്കുവാൻ ഒരു വ്യക്തിക്കും സാധ്യമല്ലതാനും. അതുകൊണ്ടു വ്യക്തികളുടെ മതചൈതന്യം സമൂഹത്തിലൂടെ ബഹിസ്ഫുരിച്ചേ തീരൂ. പരസ്പര ബന്ധമില്ലാത്ത വ്യക്തികളായല്ല ദൈവം മനുഷ്യരെ വിശുദ്ധീകരിക്കാനും രക്ഷിക്കാനും നിശ്ചയിച്ചത്. പ്രത്യുത, "സത്യത്തിൽ അവർ തന്നെ അറിയുകയും വിശുദ്ധിയിൽ തന്നെ ശുശ്രൂഷിക്കുകയും ചെയ്യുവാൻവേണ്ടി അവരെ ഒരു ജനപദമാക്കാൻ അവിടുന്നു തിരുമനസ്സായി" (സഭയെപ്പറ്റിയുള്ള പ്രമാണരേഖ, n. 8). വ്യക്തികൾക്കു നല്കപ്പെട്ടിരുന്ന വെളിപാട് സമൂഹത്തെ മുഴുവൻ പഠിപ്പിക്കുവാനും വിശുദ്ധീകരിക്കുവാനും വേണ്ടിയുള്ളതാണ്. ഇസ്രായേലിലെ നേതാക്കന്മാരായ മോശ, ജോഷ്വാ, ഏശയ്യ തുടങ്ങിയ പ്രവാചകർക്കു യഹ്‌വേ നല്കിയ വെളിപാട് ഇസ്രായേൽജനതയ്ക്കു മുഴുവൻവേണ്ടിയുള്ളതായിരുന്നു.

**പരിശുദ്ധാത്മാവിന്റെ പ്രവർത്തനം**

മനുഷ്യനെ രക്ഷിക്കുവാൻവേണ്ടി പാപമൊഴികെ മറ്റെല്ലാക്കാര്യങ്ങളിലും മനുഷ്യനോടു താദാത്മ്യം പ്രാപിച്ച ദൈവിക വ്യക്തിയാണ് ക്രിസ്തു. അവിടുന്നു മനുഷ്യസ്വഭാവത്തെ തന്നിലേയ്ക്ക് ആഗിരണം ചെയ്തുകൊണ്ട് മാനുഷ്യകത്തിന്റെ പ്രതിനിധിയായാണ് തന്റെ പെസഹാരഹസ്യത്തിലൂടെ (പീഡാസഹനം, കുരിശുമരണം, ഉയിർപ്പ്) മനുഷ്യരക്ഷ സാധിച്ചത്. അങ്ങനെ, തന്റെ രക്ഷാകരകൃത്യത്തിലൂടെ മനുഷ്യസ്വഭാവത്തെത്തന്നെ ദൈവികമായതിലേക്കു ക്രിസ്തുനാഥൻ യോജിപ്പിക്കുകയാണു ചെയ്തത്. ക്രിസ്തുവിൽ ഇടവിടാതെ വസിച്ചുകൊണ്ടു നേരിട്ടുപ്രവർത്തിച്ച പരിശുദ്ധാത്മാവു ക്രിസ്തുവിലൂടെ മനുഷ്യരാശിയിൽ മുഴുവൻ പ്രവർത്തിച്ചുകൊണ്ടാ





ണിരിക്കുന്നത്. അവിടുന്ന് ഓരോ വ്യക്തിയിലും എല്ലാ ജനവിഭാഗങ്ങളിലും തന്റെ ദാനങ്ങൾ വർഷിക്കുന്നുണ്ട്. ക്രിസ്തുവിലൂടെ പൂർണ്ണമാക്കപ്പെട്ട ദൈവാവിഷ്കരണം സ്വീകരിക്കുവാൻ എല്ലാ ജനവിഭാഗങ്ങളെയും ഇതുവഴി അവിടുന്നൊരുക്കുകയാണ്.

ക്രൈസ്തവേതരമതങ്ങളിൽക്കാണുന്ന സ്നേഹം, കാരുണ്യം, വിശ്വസ്തത തുടങ്ങിയ ആത്മാവിന്റെ ഫലങ്ങൾ (ഗല.5:22–23) വെറും മാനുഷികങ്ങളല്ല. അവ ക്രൈസ്തവികവും ദൈവാവിഷ്കരണത്തിൽനിന്നും പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളിൽനിന്നും പുറപ്പെടുന്നവയുമാണ്.

**സഭയും മിഷൻ പ്രവർത്തനവും**

ക്രൈസ്തവേതരമതങ്ങളിലും ദൈവാവിഷ്കരണം അപൂർണ്ണമായ തോതിലെങ്കിലുമുണ്ടെന്നിരിക്കേ, സ്വകുറ്റത്താലല്ലാതെ ക്രിസ്തുവിനെ അറിയാതിരിക്കുന്നവരും രക്ഷപ്രാപിക്കുമെന്നിരിക്കേ, പിന്നെ മിഷൻ പ്രവർത്തനമെന്തിനാണെന്ന ശങ്കയുണ്ടാകാം. എന്നാൽ എല്ലാവരും രക്ഷപെടണമെന്നാഗ്രഹിക്കുന്ന ദൈവം അതിനായി പ്രത്യേക മാർഗ്ഗവും നിർദ്ദേശിച്ചിട്ടുണ്ട്. - താനയച്ച ക്രിസ്തുവും അവിടുത്തെ സഭയും. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കുവാനും, (ലൂക്ക: 4;18) നഷ്ടപ്പെട്ടതിനെ കണ്ടുപിടിക്കുകയും രക്ഷിക്കുകയും (ലൂക്കാ 19:10) ചെയ്യുവാനും അവതീർണ്ണനായ ക്രിസ്തുനാഥന്റെ രക്ഷാകരദൗത്യം പരിശുദ്ധാരൂപിയുടെ പ്രവർത്തനത്താൽ സഭയിലൂടെയാണ് തുടർന്നുകൊണ്ടുപോകുന്നത്. രക്ഷയുടെ സാർവ്വത്രിക കൂദാശയാണല്ലോ സഭ (L.G. 1.).

സുകൃത ജീവിതത്തിനു സഹായകമായ കൂദാശകളിലൂടെ ലഭിക്കുന്ന അനേക അനുഗ്രഹങ്ങൾ സഭാതനയരല്ലാത്തവർക്കു നഷ്ടപ്പെടുകയുമാണ്. ക്രിസ്തുവിലൂടെ പ്രകടമാക്കപ്പെട്ട ദൈവത്തിന്റെ അനന്തസ്നേഹം വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും മറ്റുള്ളവർക്കു വ്യക്തമാക്കിക്കൊടുക്കുകയാണു മിഷൻപ്രവർത്തനം. ഓരോ ക്രൈസ്തവന്റേയും കടമയാണത്. "ലോകമെങ്ങും പോയി എന്റെ സുവിശേഷം പ്രസംഗിക്കുക" എന്നൊരു കല്പനയും അവനു കിട്ടിയിട്ടുണ്ട്. അതുകൊണ്ട്, സഭ മിഷൻപ്രവർത്തനം എന്നും അന്യൂനം തുടർന്നുകൊണ്ടിരിക്കും. എന്നാൽ മററു മതങ്ങളിലേ 'സത്യവും വിശുദ്ധവും ആവിഷ്കൃതവുമായ ഘടകങ്ങ'ളെ ആദരപൂർവ്വം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ അവളൊരിക്കലും വിമുഖത കാണിക്കുകയില്ല.

**ജോൺ മററപ്പിള്ളി,**
*മതവും ചിന്തയും*, ജൂലൈ 1970.

# 12

## യേശുക്രിസ്തു: ദൈവിക വെളിപാടിന്റെ പൂർണ്ണത

**ആമുഖം**

ദൈവിക രഹസ്യങ്ങളുടെ അനാവരണമാണ് വെളിപാട്. ദൈവം തന്നെത്തന്നെ മനുഷ്യമക്കൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്ന മഹനീയ സംഭവം. മനുഷ്യന് സ്വയം അപ്രാപ്യനായ ദൈവത്തെ പ്രാപ്യമാക്കിക്കൊടുക്കുവാൻവേണ്ടി ദൈവം തിരുമനസ്സാകുന്ന സംഭവമായതുകൊണ്ട് ഇത് ദൈവത്തിന്റെ ദാനമാണ്. ഈയർത്ഥത്തിൽ വെളിപാടിനെക്കുറിച്ചുള്ള പഠനം ദൈവികദാനത്തെക്കുറിച്ചുള്ള മനുഷ്യരോടുള്ള ദൈവത്തിന്റെ അളവറ്റ സ്നേഹത്തെക്കുറിച്ചുള്ള പഠനമാകുന്നു. വെളിപാട് പ്രഥമ ക്രൈസ്തവ യാഥാർത്ഥ്യമാണ്. ഇതിൽനിന്നാണ് രക്ഷാകരസംഭവങ്ങളുടെ തുടക്കം. അതുകൊണ്ട് ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള പഠനങ്ങൾ ദൈവിക വെളിപാടിനെ സംബന്ധിച്ച യഥാർത്ഥ അറിവിൽനിന്ന് തുടങ്ങേണ്ടിയിരിക്കുന്നു. ഇത്രയും പറഞ്ഞതിൽനിന്നും വെളിപാടിനെക്കുറിച്ച് വളരെ വിപുലവും, ഗഹനവുമായ ഒരു പഠനം ഇവിടെ നടത്താൻ ഉദ്ദേശിക്കുന്നു എന്ന് അർത്ഥമില്ല. മറിച്ച്





യേശുവിൽ പൂർണ്ണമാകുന്ന ദൈവിക വെളിപാടിനെക്കുറിച്ച് അറിവുണ്ടായിരിക്കുക എന്നതിന്റെ പ്രാധാന്യത്തെ കാണിക്കുവാൻ വേണ്ടിയാണ്. ഈ ലേഖനത്തിന്റെ കാതലായ ഉദ്ദേശ്യം അവ്‌റി ഡള്ളസ് അവതരിപ്പിച്ച നൂതനമായ ഒരു ദൈവശാസ്ത്ര ചിന്താരീതിയെ പരിചയപ്പെടുത്തുക എന്നതാണ്. വിവിധങ്ങളായ ദൈവശാസ്ത്ര ചിന്തകൾ യേശു വെളിപാടിന്റെ പൂർണ്ണതയാണെന്ന് വ്യത്യസ്തങ്ങളായ ഊന്നലുകൾ നല്കിക്കൊണ്ട് അവതരിപ്പിക്കുമ്പോൾ അവയെല്ലാം ഏകോപിപ്പിക്കാനുള്ള ശ്രമവും കൂടിയാണ് ഡള്ളസ് നടത്തുന്നത്. ഇത് വ്യക്തമായി മനസ്സിലാക്കണമെങ്കിൽ പഴയനിയമത്തിലും പുതിയനിയമത്തിലും അനാവൃതമാകുന്ന ദൈവിക പദ്ധതിയെയും യേശുവിലുള്ള അതിന്റെ പൂർത്തീകരണത്തെയുംകുറിച്ച് ദൈവശാസ്ത്രജ്ഞന്മാരുടെയിടയിൽ പൊതുവേ നിലനില്ക്കുന്ന ചിന്താരീതിയെക്കുറിച്ച് അല്പമൊന്ന് പ്രതിപാദിച്ചേ പറ്റൂ.

**പ്രതീക്ഷയുടെ സന്ദേശമായ വെളിപാട്**

പുതിയനിയമ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പഴയനിയമ വെളിപാടിനെക്കുറിച്ച് ചിന്തിക്കുമ്പോൾ പൂർണ്ണതയിലേക്കുള്ള ഒരു വളർച്ചയായേ അതിനെ കാണുവാൻ സാധിക്കൂ. യേശുവിൽ നിവർത്തിതമാകേണ്ട വെളിപാട് ചരിത്രത്തിലെ ദൈവത്തിന്റെ ചില പ്രത്യേക ഇടപെടലുകളിലൂടെ പൂർണ്ണതയിലേയ്ക്ക് വളരുന്നു. യേശുവിലുള്ള ദൈവികരക്ഷയുടെ പദ്ധതിയാണ് പഴയനിയമത്തിലെ വെളിപാടിന്റെ കാതൽ. ഇസ്രായേൽ ജനത്തിന് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുമ്പോഴും കൂടുതൽ ശ്രേഷ്ഠമായ ഒരു ദൈവിക ഇടപെടലിന്റെ പ്രതീക്ഷ നിലനിൽക്കുന്നു. അതുകൊണ്ടാണ് കാലത്തിന്റെ തികവിൽ പൂർണ്ണമാക്കപ്പെടേണ്ട ഒരു രക്ഷയുടെ സന്ദേശത്തെക്കുറിച്ച് പഴയനിയമം പ്രതിപാദിക്കുന്നത്. ഉൽപത്തി പുസ്തകത്തിന്റെ ആരംഭത്തിൽതന്നെ ഈ രക്ഷയുടെ വാഗ്ദാനം നമുക്ക് കാണുവാൻ സാധിക്കും. (ഉൽപ 3:15). വീണ്ടും ഇസ്രായേലിന്റെ അവിശ്വസ്തതയുടെ മുമ്പിൽ ദൈവം പ്രവാചകരിലൂടെ ഒരു പുതിയ ഉടമ്പടിയെക്കുറിച്ചും, പുതിയ രാജ്യത്തെക്കുറിച്ചും, പുതിയ രാജാവിനെക്കുറിച്ചും പ്രതിപാദിക്കുന്നു (ജെറ 11:13, 24:5-7, എസെ 11:19-20; ജോയേ 2:17, ഏശ 2:3). ചുരുക്കിപ്പറഞ്ഞാൽ പഴയനിയമത്തിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നതോടൊപ്പം, രക്ഷാകരപദ്ധതിയും കൂടിയാണ് വെളിപ്പെടുത്തുന്നത്. അത് യേശുവിൽ പൂർത്തീകരിക്കപ്പെടേണ്ട രക്ഷയാണ്. അപ്പോൾ വെളിപാടിന്റെ പൂർണ്ണതയെന്നത് യേശുവാകുന്നു.

## യേശുക്രിസ്തു വെളിപാടിന്റെ പൂർണ്ണത:വ്യത്യസ്ത ദൈവ ശാസ്ത്ര ഊന്നലുകൾ

ഹെബ്രായ ലേഖനം (1:1-4) വളരെ വ്യക്തമായി യേശുവിനെ ദൈവത്തിന്റെ രക്ഷാകരവെളിപ്പെടുത്തലിന്റെ മകുടമായി ചിത്രീക രിക്കുന്നു. പഴയ നിയമത്തിലെ അപൂർണ്ണത ഇവിടെ പൂർണ്ണ നേടു ന്നു. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പി ക്കുന്നത് "യേശുക്രിസ്തു വെളിപാട് പൂർത്തീകരിക്കുകയും പൂർണ്ണ മാക്കുകയും ചെയ്തു" എന്ന്. പക്ഷേ, ഇവിടെ ഒരു ചോദ്യം അവ ശേഷിക്കുന്നു. ഏതു വിധത്തിലാണ് അല്ലെങ്കിൽ എങ്ങനെയാണ് യേശു വെളിപാടിന്റെ പൂർണ്ണതയാകുന്നത്? ദൈവശാസ്ത്ര വിചി ന്തനങ്ങളിൽ യേശുവിൽ പൂർത്തീകരിക്കപ്പെട്ട വെളിപാടിനെ ചിത്രീ കരിക്കാൻ വിവിധ രീതികൾ ദൈവശാസ്ത്രജ്ഞന്മാർ അവലംബി ക്കുന്നു. തത്വപ്രധാനമായ വെളിപാട് സങ്കൽപത്തിൽ ബൈബിൾ വചനങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും, വെളിച്ചത്തിൽ യേശുവിനെ വെളിപാടിന്റെ പൂർണ്ണതയായി ചിത്രീകരിക്കാൻ ദൈവ ശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നു. യേശുവിനെ അദൃശ്യനായ ദൈവ ത്തിന്റെ പ്രതിരൂപമായും (കൊളോ 1:15) ദൈവത്തെ ദർശിച്ച ഏക വ്യക്തിയായും (യോഹ 1:18) ബൈബിൾ ചിത്രീകരിക്കുമ്പോൾ വെളിപാടിന്റെ മകുടമായ ക്രിസ്തുവിനെയാണ് നാം ദർശിക്കുക. ഇനിയും ചരിത്രപരമായ അന്വേഷണത്തിലൂടെ ദൈവത്തിന്റെ ഇട പെടലുകൾ ക്രിസ്തുവിൽ പൂർണ്ണത കൈവരിക്കുന്നതായും ദൈവ ശാസ്ത്രചിന്തകളിൽ നാം കാണുന്നു.

മറ്റൊരു ദൈവശാസ്ത്രചിന്താരീതിയിൽ വെളിപാടിന്റെ പൂർണ്ണത ക്രിസ്തുവിൽ ദർശിക്കാനുള്ള കാരണമായി കാണുന്നത് താൻ ദൈവപുത്രനാണെന്നുള്ള മനുഷ്യ അവബോധത്തിൽനിന്നുകൊണ്ട് യേശു ജീവിച്ചതും പ്രവർത്തിച്ചതുംകൊണ്ടാണ്. മനുഷ്യാവതാര മെടുത്ത് ദൈവവുമായുള്ള ബന്ധം നിലനിർത്തിയതുകൊണ്ടാണ് യേശുവിന് ദൈവിക രഹസ്യങ്ങളെ മാനുഷികമായി അല്ലെങ്കിൽ മനുഷ്യഭാഷയിൽ അവതരിപ്പിക്കാൻ സാധിച്ചത്. ഇവിടെയാണ് യേശുവും മറ്റ് മതസ്ഥാപകരും തമ്മിലുള്ള വ്യത്യാസം. ഉദാഹര ണമായി ബുദ്ധൻ "നിർവ്വാണ"യിലൂടെ മറ്റുള്ളവർക്ക് വഴികാട്ടിക്കൊ ടുക്കുന്നവനായെങ്കിൽ യേശു തന്റെ 'ആബാ' അനുഭവത്തിൽ നിന്നും വഴിയായി മാറുന്നു. (യോഹ 14:16). പ്രസിദ്ധ ദൈവശാ സ്ത്രജ്ഞനായ ഡ്യൂപ്പിയുടെ അഭിപ്രായത്തിൽ "യേശുവിൽ പൂർത്തീകൃതമായ ദൈവികവെളിപാട് ഒരിക്കലും മറ്റ് മതപ്രവാച കരിലൂടെ സംഭവിക്കുന്ന വെളിപാടുകൾക്ക് തടസ്സമാകില്ല. പക്ഷേ,





അവ ഒരിക്കലും യേശുവിൽ വെളിപ്പെട്ട സത്യത്തോട് തുല്യമാകു കയോ, ശ്രേഷ്ഠമാവുകയോ ഇല്ല"

## യേശു: വെളിപാടിന്റെ പൂർണ്ണത; അവ്റി ഡള്ളസ്സിന്റെ വീക്ഷണ ത്തിൽ

### വെളിപാട് : പ്രതീകാത്മക സന്ദേശം

യേശു വെളിപാടിന്റെ പൂർണ്ണതയാണെന്ന് വ്യത്യസ്തമായ രീതി കളിലൂടെ ദൈവശാസ്ത്രജ്ഞന്മാർ അവതരിപ്പിക്കാറുണ്ട് എന്ന് സംക്ഷിപ്തമായി ഈ ലേഖനത്തിന്റെ ആദ്യഭാഗത്ത് പ്രതിപാദിച്ചി രുന്നു. എന്നാൽ അവയിലൊക്കെ ചില ന്യൂനതകൾ കണ്ടെത്താ നാവും. ഉദാഹരണമായി തത്വപ്രധാനമായ വെളിപാട് സങ്കൽപ്പം എടുക്കുമ്പോൾ അപര്യാപ്തതകൾ നമുക്ക് ദർശിക്കാനാകും. യഥാർത്ഥത്തിൽ, വെളിപാടിന്റെ പൂർണ്ണതയെന്നത് പുതിയ നിയമ ത്തിൽ എഴുതപ്പെട്ട വാക്കുകൾ മാത്രമല്ല. പുതിയ നിയമവാക്കു കൾ ദൈവത്തിന് മനുഷ്യനോട് പറയാനുള്ളവയുടെ പൂർണതയെ ന്നോണം കരുതാൻ പറ്റില്ല. കാരണം പുതിയനിയമം തന്നെ സാക്ഷ്യ പ്പെടുത്തുന്നുണ്ട് ഇവ യേശു സംഭവത്തിന്റെ അപൂർണ്ണമായ ചിത്രീ കരണമാണെന്ന് (യോഹ 2:25). അപ്പോൾ പുതിയനിയമവാക്കുകളെ യഥാർത്ഥ യേശുസംഭവത്തിൽനിന്നും വ്യത്യസ്തമായി കാണേണ്ടി യിരിക്കുന്നു. വേറൊരു വാക്കിൽ പറഞ്ഞാൽ പുതിയനിയമ വാക്കു കൾ ഈ യഥാർത്ഥ യേശുസംഭവത്തിന്റെ സാക്ഷ്യവും വ്യാഖ്യാന വുമാണ്. അപ്പോൾ വെളിപാടിന്റെ പൂർണ്ണത എന്നു പറയുന്നത് യേശുവെന്ന വ്യക്തിയാണ്; അവിടുത്തെ വാക്കുകളെ യഥാർത്ഥ യേശുസംഭവത്തിൽനിന്നും വ്യത്യസ്തമായി കാണേണ്ടിയിരിക്കു ന്നു. വേറൊരു വാക്കിൽ പറഞ്ഞാൽ പുതിയനിയമ വാക്കുകൾ ഈ യഥാർത്ഥ യേശുസംഭവത്തിന്റെ സാക്ഷ്യവും വ്യാഖ്യാനവുമാണ്. അപ്പോൾ വെളിപാടിന്റെ പൂർണ്ണത എന്നു പറയുന്നത് യേശുവെന്ന വ്യക്തിയാണ്; അവിടുത്തെ വാക്കുകളും, പ്രവൃത്തികളും, ജീവിത വും, മരണവും, ഉത്ഥാനവുമെല്ലാം ഉൾച്ചേരുന്ന യേശു സംഭവമാ ണ്. അവനിലൂടെയാണ് ദൈവം യഥാർത്ഥത്തിൽ വെളിപ്പെടുത്തി യത്. അപ്പോൾ വെളിപാടിന്റെ പൂർണ്ണത യേശു ദൈവപുത്രനാ ണെന്നുള്ള യാഥാർത്ഥ്യത്തിലാകുന്നു. അല്ലെങ്കിൽ യേശുവിന്റെ അനന്യതയിലാകുന്നു (identity of Jesus).

സാധാരണ ദൈവശാസ്ത്ര ചിന്തകളിൽ യേശുവിനെ വെളിപാ ടിന്റെ പൂർണ്ണതയായി ചിത്രീകരിക്കാൻ ഉണ്ടാകുന്ന ഇത്തരം പ്രതി സന്ധികളെ പരിഹരിക്കുവാൻ അവ്റി ഡള്ളസ്സ് നടത്തുന്ന ശ്രമ

ത്തിൽ അദ്ദേഹം വെളിപാടിനെ പ്രതീകാത്മക സന്ദേശമായി ചിത്രീകരിക്കുന്നു (revelation as symbolic cmmunication). അപ്പോൾ, യേശു എന്ന വ്യക്തി അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വെളിപാടിന്റെ പൂർണ്ണത യേശു എന്ന വ്യക്തിയാണെങ്കിൽ അത് മനസ്സിലാക്കാൻ ഏറ്റവും നല്ല രീതി ഇതാണ് എന്ന് ഡള്ളസ് പറയുന്നു. ഇവിടെ പ്രതീകത്തെക്കുറിച്ച് ഒരു വ്യക്തമായ കാഴ്ചപ്പാട് അനിവാര്യമായി വരുന്നു.

**പ്രതീകങ്ങൾ മിഥ്യയോ?**

ഒരു കാലഘട്ടത്തിൽ പ്രതീകങ്ങളെ മിഥ്യയായി ചിത്രീകരിക്കുന്ന പ്രവണത നിലനിന്നിരുന്നു. എന്നാൽ ഇന്ന് ആ ചിന്താഗതിക്ക് പ്രസക്തിയില്ല. അടയാളങ്ങളും പ്രതീകങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. അടയാളങ്ങൾ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുക മാത്രമേ ചെയ്യാറുള്ളൂ. എന്നാൽ പ്രതീകങ്ങൾക്ക് യാഥാർത്ഥ്യത്തെ സംവഹിക്കാനുള്ള കഴിവുണ്ട്. പ്രതീകങ്ങൾ പ്രതീകാത്മക വസ്തുവിൽനിന്നും തീർത്തും ഭിന്നമാണ് എന്ന ചിന്ത പൂർണ്ണമായി അംഗീകരിക്കാനും ഡള്ളസ് തയ്യാറല്ല. പ്രതീകങ്ങൾ രണ്ട് തരത്തിൽ ഉള്ളവയുണ്ട് പ്രതിനിധീകരിക്കുന്ന പ്രതീകങ്ങളും (representative symbols) യാഥാർത്ഥ്യവൽക്കരിക്കുന്ന പ്രതീകങ്ങളും (realizing symbols). സ്മാരകശില (tombstone) ആദ്യത്തെ ഗണത്തിൽപ്പെടുന്നവയ്ക്ക് ഒരു ഉദാഹരണമായി എടുക്കാവുന്നതാണ്. ഇത് മരിച്ച വ്യക്തിയെ യഥാർത്ഥത്തിൽ സന്നിഹിതനാക്കുന്നില്ലെങ്കിലും അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾ നൽകുന്നു. എന്നാൽ രണ്ടാമത്തെ ഗണത്തിലുള്ള പ്രതീകങ്ങൾ പ്രതിനിധീകരിക്കുന്ന യാഥാർത്ഥ്യത്തിന്റെ സാന്നിദ്ധ്യം സാധ്യമാക്കാൻ സാധിക്കുന്നവയാണ്. ഉദാഹരണമായി കാൾറാണറിന്റെ ചിന്തയെ അനുകരിച്ചുകൊണ്ട് മനുഷ്യ ശരീരത്തെ മനുഷ്യ വ്യക്തികളുടെ പ്രതീകമായി ഡള്ളസ്സ് കാണുന്നു. ഇതു കൂടാതെ പരിശുദ്ധ കുർബ്ബാനയിൽ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം നാം കാണുന്നു.

പ്രതീകങ്ങളെ വേറൊരു വിധത്തിലും ആധുനിക ക്രിസ്തുവിജ്ഞാനീയം കാണാറുണ്ട്. കലയുടെയും, സാഹിത്യത്തിന്റെയും സ്വാധീനത്താൽ ദൈവശാസ്ത്രജ്ഞന്മാർ പ്രതീകത്തെ മനുഷ്യസാധ്യതകളുടെ ഭാവനാപൂർണ്ണമായ പ്രതിഫലനമായി ചിത്രീകരിക്കുന്നു. ഇത്തരത്തിലുള്ള പ്രതീകങ്ങൾ തെറ്റായിരിക്കണമെന്നില്ല. കല്പനാസൃഷ്ടമാണെങ്കിലും പ്രതീകാത്മകമല്ലാതെ മനസ്സിലാക്കാൻ പറ്റാത്ത യഥാർത്ഥ സാധ്യതകളെ അവയ്ക്ക് വെളിപ്പെടുത്തുവാ





നാകും. അതുകൊണ്ട് ഡള്ളസ് പറയുന്നു: വെളിപാട് ഉണ്ടാകുന്നത് യഥാർത്ഥ സംഭവങ്ങളിലൂടെ മാത്രമല്ല. ഈശ്വര പ്രേരിതമായ മനഷ്യഭാവനകളിലൂടെയുമാണ്. ബൈബിളിൽ ഇതിന് വ്യക്തമായ തെളിവുകൾ കാണാം. പ്രവാചകന്മാർ പരിശുദ്ധാത്മ ശക്തിയാൽ ദർശനങ്ങൾ കാണുന്നതും, മനുഷ്യന് കാണാൻ സാധിക്കാത്തവയെ വിശദീകരിക്കുന്നതും, യേശുവിന്റെ ദൈവരാജ്യ പ്രഘോഷണവുമെല്ലാം പ്രതീകാത്മകമായ വെളിപ്പെടുത്തലുകളാണ്. ചുരുക്കത്തിൽ, പ്രതീകങ്ങൾ മിഥ്യയല്ല, മറിച്ച് അനന്തമായ സാധ്യതകളേയും, യാഥാർത്ഥ്യങ്ങളേയും അവതരിപ്പിക്കാൻ ശക്തിയുള്ള പ്രതിബിംബങ്ങളാണ്.

**ക്രിസ്തു: വെളിപ്പെടുത്തുന്ന പ്രതീകം**

പൗരാണിക ക്രിസ്തുവിജ്ഞാനീയം യേശുവിനെ പ്രതീകമായി ചിത്രീകരിച്ചിരുന്നില്ല. കാരണം പ്രതീകങ്ങളെക്കുറിച്ച് തെറ്റായ ധാരണകൾ പലതും നിലനിന്നിരുന്നു. എന്നാൽ ഡള്ളസ്സിന്റെ വീക്ഷണത്തിൽ പ്രതീകങ്ങൾ മിഥ്യയല്ലെങ്കിൽ, യാഥാർത്ഥ്യത്തെ സംവഹിക്കാനുള്ള കഴിവുള്ളവയാണെങ്കിൽ യേശുവിൽ പൂർണ്ണമാകുന്ന വെളിപാടിനെ മനസ്സിലാക്കാൻ ക്രിസ്തുവിനെ പ്രതീകമായി ചിത്രീകരിക്കുകയാണ് നല്ലത്. എഴുതപ്പെട്ട ദൈവവചനം വെളിപാടിന്റെ സത്യങ്ങൾ മുഴുവൻ ഉൾക്കൊള്ളുന്നില്ല (യോഹ. 21:25). അപ്പോൾ യേശു എന്ന പ്രതീകത്തിന് എഴുതപ്പെട്ട യാഥാർത്ഥ്യങ്ങൾക്കുമപ്പുറമുള്ള ദൈവരഹസ്യത്തെ കൂടുതൽ ശ്രേഷ്ഠമായി അവതരിപ്പിക്കുവാൻ സാധിക്കും.

ക്രിസ്തുവിനെ കൂദാശയായി ചിത്രീകരിക്കുന്നത് ദൈവശാസ്ത്ര രചനകളിൽ സർവ്വസാധാരണമായി കഴിഞ്ഞു. സാധാരണ വിശ്വാസികൾ അതിന്റെ അർത്ഥം മനസ്സിലാക്കി സ്വീകരിച്ചു കഴിഞ്ഞു. ഇതുപോലെതന്നെ അർത്ഥസമ്പുഷ്ടവും സ്വീകാര്യവുമായ ഒരു പദമായിട്ടാണ് 'പ്രതീക' ത്തെ ഡള്ളസ്സ് കാണുക. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വെളിപാടിനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ക്രിസ്തുവിനെ ചിത്രീകരിക്കാൻ കൂദാശ എന്ന പദത്തേക്കാളും അനുയോജ്യമായത് പ്രതീകം എന്നതാണ്. ക്രിസ്തു യഥാർത്ഥത്തിൽ ദൈവത്തിന്റെ പ്രതീകമാണ്. അവനിൽ വെളിപാടും വെളിപ്പെടുത്തപ്പെട്ടതും സത്താപരമായി ഒന്നിക്കുന്നു. മനുഷ്യനായ യേശു ഒരേസമയം പ്രതീകവും മാംസം ധരിച്ച നിത്യവചനവുമാണ്. കാരണം എല്ലാ പ്രതീകങ്ങളും യാഥാർത്ഥ്യത്തെ രണ്ടുതലത്തിൽ ഉൾക്കൊള്ളുന്നു. ഉദാഹരണമായി ശരീരം വ്യക്തിയുടെ പ്രതീകമാണ് എന്ന് പറയുമ്പോൾ വ്യക്തി വെറും ശരീരമല്ല എന്നും അർത്ഥ

മാക്കുന്നു. ഇതുപോലെതന്നെ യേശുവിന്റെ മനുഷ്യത്വം വെറും ഒരു മുഖംമൂടിയല്ല. യേശുവിനോട് യഥാർത്ഥത്തിൽ അനുരൂപപ്പെട്ടതാണ്. പക്ഷേ, യേശു മനുഷ്യൻ മാത്രമല്ല, ദൈവവുമാണ്.

ചുരുക്കിപ്പറഞ്ഞാൽ, ബൈബിൾ തത്വങ്ങൾക്കും സഭാപ്രബോധനങ്ങൾക്കും മുകളിൽ നിൽക്കുന്ന യേശുസംഭവത്തെ മനസ്സിലാക്കാൻ യേശുവെന്ന പ്രതീകത്തെ ചിത്രീകരിക്കുകയാണ് ഡള്ളസ് ചെയ്യുന്നത്. യേശുവിൽ പൂർണ്ണമാകുന്ന വെളിപാടിനെ മനസ്സിലാക്കാൻ അത് ഏറെ സഹായിക്കും. പ്രതീകം അറിവ് നൽകുന്നവയാണ്, ചിന്തയെ ഉദ്ദീപിപ്പിക്കുന്നവയാണ്. യേശു വെളിപാടിന്റെ പൂർണ്ണതയാണെന്നുള്ളത് വെറും ബൗദ്ധികതലത്തിൽനിന്നുകൊണ്ടുമാത്രം മനസ്സിലാക്കാൻ സാധിക്കുന്ന ഒന്നല്ല. ഒരു ചരിത്രാന്വേഷിക്ക് ഒരിക്കലും തന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ട് മാത്രം ക്രിസ്തുവിനെ വെളിപാടിന്റെ പൂർണ്ണതയായി കാണാൻ സാധിക്കില്ല. ചരിത്ര സംഭവങ്ങളിൽ ദൈവത്തിന്റെ കരം ദർശിക്കാൻ സാധിക്കുന്ന, കൃപാവരത്താൽ വെളിപ്പെടുത്തപ്പെട്ടവനുമായി ബന്ധം സ്ഥാപിച്ചിരിക്കുന്ന ഒരു വ്യക്തിക്കു മാത്രമേ വെളിപാടിന്റെ പൂർണ്ണതയെ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ഇവിടെ വിശ്വാസിക്ക് ക്രിസ്തു ചരിത്രപുരുഷൻ എന്നതിലുപരി വെളിപാടിന്റെ പ്രതീകമാണ്. ഈ പ്രതീകം വിശ്വാസ സമൂഹത്തിന്റെ സൃഷ്ടിയല്ല; ഈ സമൂഹത്തെ സൃഷ്ടിച്ച യഥാർത്ഥ സംഭവമാണ്.

ദൈവശാസ്ത്രപരമായി അല്പം ഗഹനമെങ്കിലും ഡള്ളസിന്റെ വെളിപാടിനെക്കുറിച്ചുള്ള സങ്കൽപത്തിൽ നൂതനത്വം നിറഞ്ഞു നിൽക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഏത് പ്രതീകാത്മകയാഥാർത്ഥ്യവും പ്രതിനിധീകരിക്കുന്ന വസ്തുതയെക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള ഉൾക്കാഴ്ച നൽകുന്നതുപോലെ യേശുവിനെ വെളിപാടിന്റെ പൂർണ്ണതയായി ചിത്രീകരിക്കുവാൻ ബൈബിൾ തത്വങ്ങളും ചരിത്രാന്വേഷണങ്ങളും അപര്യാപ്തമായി വരുമ്പോൾ യേശുവെന്ന പ്രതീകത്തെക്കുറിച്ചുള്ള ചിന്ത സത്യാന്വേഷിക്ക് സഹായമായി വരും എന്നത് നിസ്തർക്കമാണ്. പ്രതീകത്തെക്കുറിച്ചുള്ള യഥാർത്ഥ സങ്കൽപത്തിൽനിന്നും യേശുവെന്ന പ്രതീകത്തെക്കുറിച്ച് ചിന്തിക്കാൻ ഡള്ളസ്സ് സത്യാന്വേഷണകനെ ഉപദേശിക്കുകയാണ് ചെയ്യുന്നത്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യം യേശു ചരിത്രപുരുഷനാണെന്നുള്ള വസ്തുത ഒരു തരത്തിലും കുറച്ചുകാണാൻ ഇടവരരുത് എന്നുള്ളതാണ്. യേശു വെളിപാടിന്റെ പ്രതീകമാണ് എന്ന് പറയുമ്പോൾ കല്പനാസൃഷ്ടമായ ഒരു വ്യക്തിയെക്കുറിച്ച് അല്ല





പറയുക' മാംസം ധരിച്ച വചനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. യേശു തന്റെ ജീവിതം മുഴുവനിലും ദൈവത്തെ യാഥാർത്ഥ്യവൽക്കരിക്കുന്ന പ്രതീകമായിരുന്നു. (realizing symbol of God) അപ്പോൾ അവിടുത്തെ വാക്കുകളും പ്രവൃത്തികളും ജീവിതം മുഴുവനും ദൈവത്തെ വെളിപ്പെടുത്തിക്കൊടുക്കുന്നതായിരുന്നു.

യേശു ദൈവത്തെ വെളിപ്പെടുത്തുന്ന പ്രതീകമെന്നതുപോലെ തന്നെ മനുഷ്യജീവിതത്തിന്റെ അർത്ഥത്തെ വെളിപ്പെടുത്തുന്ന പ്രതീകവുംകൂടിയാണ്. അപ്പോൾ മനുഷ്യജീവിതത്തിന്റെ യഥാർത്ഥ ദൈവിക അടിത്തറ യേശു എന്ന വ്യക്തിയിലൂടെ വെളിവാക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ പൂർണ്ണത യേശുവിൽ ദർശിക്കാൻ യേശുവെന്ന പ്രതീകത്തെക്കുറിച്ചുള്ള ചിന്ത നമ്മെ സഹായിക്കും.

വെളിപാടിനെക്കുറിച്ചുള്ള ക്രൈസ്തവ പഠനങ്ങൾ യേശുവിൽ പൂർണ്ണത കണ്ടെത്തുന്ന രക്ഷാകര പദ്ധതിയെ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇതിനായി വ്യത്യസ്തങ്ങളായ മാതൃകകൾ അന്വേഷിക്കുമ്പോൾ സാധാരണ വിശ്വാസികൾക്ക് തെറ്റിദ്ധാരണകൾ ഉണ്ടാകാനിടയുണ്ട്. ബൈബിളിൽ പറയുന്ന സത്യങ്ങൾക്കപ്പുറത്തേയ്ക്കുള്ള അന്വേഷണങ്ങളെ ചിലപ്പോൾ സംശയദൃഷ്ടിയോടെ അവൻ നോക്കിക്കണ്ടേന്നും വരും. തിരുവചനങ്ങൾ ഏതുവിധത്തിൽ മനസ്സിലാക്കണമെന്നും സഭാപഠനങ്ങളെ എത്രമാത്രം വിലമതിക്കണമെന്നുമുള്ള ചോദ്യങ്ങളും ഉയരാം. ഇവിടെ മനസ്സിലാക്കേണ്ട ഒരു പ്രധാന കാര്യം ബൈബിൾ'ഭാഷ'യെക്കുറിച്ചാണ്.
അത് വിശ്വാസത്തിന്റെ ഭാഷയാണ് സംസാരിക്കുന്നത്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ വേണം അവയെ മനസ്സിലാക്കാൻ സഭ പഠിപ്പിക്കുന്നു: "മനുഷ്യാവതാരംചെയ്ത ദൈവപുത്രനായ, വഴിയും സത്യവും ജീവനുമായ (യോഹ 14:16) യേശുക്രിസ്തു എന്ന രഹസ്യത്തിൽ ദൈവിക സത്യത്തിന്റെ പൂർണ്ണമായ വെളിപ്പെടുത്തലുകൾ നൽകപ്പെട്ടിട്ടുണ്ട്. കാരണം യേശുവിനെ കാണുകയെന്നത് പിതാവിനെ കാണുന്നതുതന്നെയാണ്. (യോഹ 14:9). ഇവിടെ ഒരു ചോദ്യം പ്രസക്തമായി വരും. യേശുവിനെ വെളിപാടിന്റെ പൂർണ്ണതയായി തിരുവചനത്തിലൂടെ കാണുവാൻ സാധിക്കുമെങ്കിൽ വെളിപാടിന്റെ പൂർണ്ണത യേശുവിലാണെന്ന് കാണിക്കുവാൻ എന്തിന് മറ്റ് മാതൃകകൾ വേണം? ബൈബിൾ വചനങ്ങൾ വിശ്വാസത്തിന്റെ ഭാഷയിലൂടെ മനസ്സിലാക്കുമ്പോൾതന്നെ ആ വചനങ്ങൾ വിശ്വാസ വ്യാഖ്യാനവുംകൂടിയാണ് എന്ന വസ്തുത നാം വിസ്മരിക്കരുത്. വിശ്വാസം ജീവിച്ച മനുഷ്യരുടെ സാക്ഷ്യങ്ങളും കൂടിയാണ് അത്. സാക്ഷ്യങ്ങൾക്കും, വ്യാഖ്യാനങ്ങൾക്കും അനന്തസ

ത്തയെ (reality) പൂർണ്ണമായി ഉൾക്കൊള്ളാനാവില്ല. ഇവിടെ വ്യത്യസ്തങ്ങളായ ദൈവശാസ്ത്ര ചിന്താരീതികൾ അനിവാര്യമായി വരുന്നു. എന്നാൽ വെളിപാടിനെക്കുറിച്ച് പഠിക്കുമ്പോൾ ഏറ്റവും പ്രധാനമായിട്ടുള്ളത് "ദൈവികവെളിപാടിനോടുള്ള യഥാർത്ഥമായ പ്രത്യുത്തരം വിശ്വാസത്തിന്റെ അനുസരണമാണ്" എന്നുള്ള കാര്യം മനസ്സിലാക്കുകയാണ്. ഇത് പരിശുദ്ധാത്മാവിന്റെ സഹായത്താൽ വിശ്വാസിക്ക് ലഭിക്കുന്ന ദാനമാണ്. ക്രിസ്തുവിൽ വെളിപാടിന്റെ പൂർണ്ണത കണ്ടെത്തുവാൻ ഈ വിശ്വാസം ഒരുവനെ സഹായിക്കും.

**ഉപസംഹാരം**

വെളിപാടിനെക്കുറിച്ചുള്ള ക്രൈസ്തവ സങ്കൽപങ്ങൾക്ക് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു എന്നത് ആധുനിക ദൈവശാസ്ത്രജ്ഞന്മാരുടെ രചനകളിൽനിന്നും വ്യക്തമാണ്. യേശുവിൽ പൂർണ്ണത നേടുന്ന വെളിപാടിനെ യഥാർത്ഥത്തിൽ അവതരിപ്പിക്കുവാൻ ഏതെങ്കിലും ഒരു പ്രത്യേക രീതി അവലംബിക്കുക എന്നതിനേക്കാൾ എല്ലാത്തിനേയും കോർത്തിണക്കാൻ സാധിക്കുന്ന ഒരു ദൈവശാസ്ത്ര ചിന്താരീതി സ്വീകരിക്കുകയാണ് നല്ലത്. അതിനുള്ള ഒരു ശ്രമമാണ് അവ്‌റി ഡള്ളസ്സ് നടത്തുന്നത്. അതിൽ അദ്ദേഹം പൂർണ്ണമായി വിജയിച്ചു എന്ന് പറയുവാൻ സാധിക്കുകയില്ല, കാരണം, യേശുവിനെ വെളിപാടിന്റെ പ്രതീകമായി അവതരിപ്പിക്കുമ്പോഴും വെളിപാടിന്റെ പൂർണ്ണത യേശുവിലാണെന്ന സത്യത്തെ വ്യക്തമായി അവതരിപ്പിക്കാൻ അദ്ദേഹത്തിന് പൂർണ്ണമായും സാധിച്ചിട്ടില്ല. എന്നാൽ തത്വപ്രധാനമായ വെളിപാട് സങ്കൽപ്പത്തേയും ചരിത്രപരമായ വെളിപാട് സങ്കല്പത്തേയും മറ്റ് വെളിപാട് സങ്കല്പരീതികളേയും അവഗണിക്കാതെ അവയുടെ വെളിച്ചത്തിൽ നിന്നുകൊണ്ട് യേശുവിനെ വെളിപാടിന്റെ പ്രതീകമായി, വെളിപ്പെടുത്തുന്ന പ്രതീകമായി അവതരിപ്പിച്ച് തന്റെ ചിന്തയ്ക്ക് അദ്ദേഹം നൂതനത്വം നല്കുന്നുണ്ട്. സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ജീവന്റേയും മരണത്തിന്റേയും പ്രതീകമായി യേശുവിനെ ദർശിക്കുമ്പോൾ അവനിൽ പൂർണ്ണമാക്കപ്പെടുന്ന രക്ഷാകര രഹസ്യത്തെയാണ് നാം മനസ്സിലാക്കുക. യോഹന്നാൻ പ്രസ്താവിക്കുന്നതുപോലെ "തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16).

**ഡോ. സിബി പുളിക്കൽ,**
*മതവും ചിന്തയും*, ജനുവരി-ഫെബ്രുവരി, 2004.